വാല്യം 141

തളിപ്പറമ്പ് ബ്ലോക്ക്

(കണ്ണൂർ ജില്ല)

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

പട്ടുവം ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണം



വികസന റിപ്പോർട്ട്

1996

പട്ടുവം ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം

വികസന റിപ്പോർട്ട് – '96

സമാനീവ ആകൂതി:
സമാനാ ഹൃദയാനി വ
സമാനമസ്തു വൊ മനോ
യഥാവ സുസഹാസതി
-ഋഗ്വേദം-

(നിങ്ങളുടെ അഭിലാഷങ്ങളൊന്നാകട്ടെ.
നിങ്ങളുടെ ഹൃദയവും മനസ്സുമൊന്നായിത്തീരട്ടെ.
അങ്ങനെ നിങ്ങളിൽ സംഘശക്തി വളരട്ടെ)

പട്ടുവം ഗ്രാമ പഞ്ചായത്ത്.

ഭരണസമിതി

1996 – 2000

1. കെ. കമലാക്ഷി (പ്രസിഡണ്ട്)
2. എം. ചന്ദ്രൻ മാസ്റ്റർ (വൈസ് പ്രസിഡണ്ട്)
3. വി.വി. ചന്ദ്രൻ (സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)
4. കെ.കെ. മുസ്തഫ
5. പി.പി. യശോദ
6. യു. കുഞ്ഞിരാമൻ
7. കെ. ജാനകി
8. കെ. ആലിക്കുഞ്ഞി

എഡിറ്റോറിയൽ ബോർഡ്

1. ഒ.വി. ഗോപാലൻ (എഡിറ്റർ)
2. സി.എച്ച് കുഞ്ഞിരാമൻ മാസ്റ്റർ
3. ആർ. ബാലകൃഷ്ണൻ നമ്പ്യാർ
4. പി. രമാദേവി
5. പി.കെ. ദിവാകരൻ
6. വി.വി.ബാലകൃഷ്ണൻ (മുതുകുട)
7. വി.വി. ബാലകൃഷ്ണൻ(മുള്ളൂൽ)
8. പി. വിശ്വനാഥൻ
9. പി.ഗോവിന്ദൻ
10. പി. കുഞ്ഞിക്കണ്ണൻ മാസ്റ്റർ(ജി.എച്ച്.എസ്)
11. പി.പി. രാജീവൻ
12. പി.കെ. സുധാകരൻ
13. എം.പി. രാജേഷ്
14. കെ. കമലാക്ഷി
    (പഞ്ചായത്ത് പ്രസിഡണ്ട്)
15. എം. ചന്ദ്രൻ മാസ്റ്റർ
    (പ: വൈസ് പ്രസിഡണ്ട്)
16. തോമസ് ജോസഫ്
    (പഞ്ചായത്ത് സിക്രട്ടറി)

കവർ ഡിസൈനിംഗ്

ടൈപ്പ് സെറ്റിംഗ്

ടൈം ഡി.ടി.പി.സെൻറർ

പ്രിൻറിംഗ്

ടൈം ഓഫ്സെറ്റ് പ്രസ്, തളിപ്പറമ്പ്

ഫോൺ : 202225

വികസന റിപ്പോർട്ട് തയ്യാറാക്കിയവർ:

1. സി.എച്ച് കുഞ്ഞിരാമൻ മാസ്റ്റർ (ഡി.ആർ.പി)
2. ആർ. ബാലകൃഷ്ണൻ നമ്പ്യാർ ,,
3. ഒ.വി. ഗോപാലൻ ,,
4. പി. രമാദേവി ,,
5. പി.കെ. ദിവാകരൻ ,,
6. വി.വി. ബാലകൃഷ്ണൻ(മുതുകുട) ,,
7. വി.വി. ബാലകൃഷ്ണൻ(മുള്ളൂൽ) ,,
8. കെ.വി. നാരായണൻ നമ്പ്യാർ
9. പി. വിശ്വനാഥൻ
10. കെ.കെ. ബാലകൃഷ്ണൻ
11. പി. ഗോവിന്ദൻ
12. തുളസി. സി (കൃഷി ഓഫീസർ)
13. കെ.വി. മോഹനൻ
    (ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ)
14. വി.വി. ചന്ദ്രൻ (പഞ്ചായത്ത് മെമ്പർ)
15. കെ. കുഞ്ഞയമ്മദ്
16. പി.പി. ഗോപാലൻ
17. ഡി. ഹരിദാസൻ (കെ.എസ്.ഇ.ബി)
18. പി.പി. കരുണൻ
19. പി. ബാബുരാജ്
20. പി.പി. പുരുഷോത്തമൻ
21. എം. ഹരിദാസൻ
22. കെ. ആലിക്കുഞ്ഞി(പഞ്ചായത്ത് മെമ്പർ)
23. സി. പത്മിനി (എച്ച്.എം., ജി.എച്ച്.എസ്)
24. ഇ. യശോദ (എച്ച്.എം., പി.യു.പി)
25. കെ.വി. കാർത്ത്യായനി (എൽ.പി.എസ്.എ)
26. ബി. ചന്തുക്കുട്ടി മാസ്റ്റർ
    (എച്ച്.എം., മുതുകുട എൽ.പി.)
27. പി. ഗോവിന്ദൻ മാസ്റ്റർ (പറപ്പൂൽ)
28. എം.കെ. അയമ്മദ് മുൻഷി
29. കെ.വി. സുരേഷ്
30. പി.വി. രഘുനാഥൻ
31. കെ. ജനാർദ്ദനൻ
32. പി.പി. രാജീവൻ
33. ഒ.സി. രാമകൃഷ്ണൻ
34. എം.ടി. ദാമോദരൻ
35. പി.കെ. സതീദേവി(എൽ.വി.ഇ.ഒ)
36. പി.കെ. സുധാകരൻ
37. പി. ഡൊമിനിക്
38. എ. ബാലകൃഷ്ണൻ
39. പി.പി. ശശികുമാർ
40. പി.പി. യശോദ(പഞ്ചായത്ത് മെമ്പർ)
41. കെ. ജാനകി (പഞ്ചായത്ത് മെമ്പർ)
42. ഉഷ. സി.

വിഷയവിവരം

ആമുഖം

ചരിത്രം

ഭൂപ്രകൃതി–ജനപ്രകൃതി

സാമൂഹിക–സാമ്പത്തിക–മേഖലകൾ

1. കൃഷി, ജലസേചനം
2. മൃഗസംരക്ഷണം, മത്സ്യബന്ധനം
3. വ്യവസായം
4. വിദ്യാഭ്യാസം
5. കുടിവെള്ളം, പൊതുജനാരോഗ്യം, പരിസര ശുചിത്വം
6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
7. പാർപ്പിടം, സാമൂഹ്യക്ഷേമം
8. സംസ്കാരം, കായികം
9. വനിതാക്ഷേമം
10. സഹകരണം
11. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
12. വിഭവ സമാഹരണം

ആമുഖം.....

സ്വാതന്ത്ര്യ ലബ്ധിയെ തുടർന്ന് ഇന്ത്യയിൽ എട്ട് പഞ്ചവത്സര പദ്ധതികൾ ഇതിനകം നടപ്പാക്കിക്കഴിഞ്ഞു. ജനപങ്കാളിത്തത്തിന്റെ അഭാവവും ഉദ്യോഗസ്ഥ മേധാവിത്വപരമായ സമീപനവും കാരണം ഒരു പദ്ധതിയും ലക്ഷ്യം നേടിയിട്ടില്ലെന്ന് അഖിലേന്ത്യാ പ്ലാനിംഗ് ബോർഡും ഇന്ത്യാ ഗവൺമെൻറും വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ടു തന്നെ മുൻഗണനാക്രമത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ നടക്കാത്തതുകൊണ്ട് അടിസ്ഥാന ആവശ്യങ്ങൾ പിൻതള്ളപ്പെട്ടുപോകുന്നു.

73,74 ഭരണഘടനാഭേദഗതികളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ പുതിയ പഞ്ചായത്ത് രാജ് നിയമം വന്നതുകൊണ്ട് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ കാലാകാലമായി തെരഞ്ഞെടുപ്പ് നടത്തുന്നതും മറ്റും ഭരണഘടനാ ബാദ്ധ്യതയായി മാറി. അതുവഴി പഞ്ചായത്ത്-നഗരസഭാ സ്ഥാപനങ്ങൾ ഇന്ത്യൻ ഭരണഘടനയുടെ അവിഭാജ്യഘടകമായിത്തീർന്നു. മണ്ഡലത്തിലെ എല്ലാ വോട്ടർമാർക്കും നേരിട്ടു പങ്കാളിത്തമുള്ള ഗ്രാമസഭകൾ, കൃത്യസമയത്ത് തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്ത് ഭരണ സമിതികൾ, സ്ത്രീകൾക്ക് മുന്നിലൊന്ന് സംവരണം തുടങ്ങിയ പ്രത്യേകതകൾ മേൽ ഭരണഘടനാ ഭേദഗതി മൂലമാണ് ഉണ്ടായത്.

1997 ഏപ്രിൽ ഒന്നുമുതൽ ഇന്ത്യയിൽ ആകെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായുള്ള വിവിധ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുകയാണല്ലോ. കഴിഞ്ഞ എട്ട് പഞ്ചവത്സര പദ്ധതികളും ലക്ഷ്യം പൂർത്തീകരിക്കപ്പെടാത്തതുകൊണ്ട് നമ്മുടെ നാട്ടിലെ ബഹുഭൂരിപക്ഷം വരുന്ന ദരിദ്രനാരായണന്മാരുടെ അടിസ്ഥാന ആവശ്യങ്ങളായ കുടിവെള്ളം, വൈദ്യുതി, ആരോഗ്യം, പാർപ്പിടം തുടങ്ങിയവ നിർവഹിക്കുവാനും സാധിച്ചില്ല. മുൻ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി പദ്ധതിയുടെ 85% എത്തേണ്ടിടത്ത് എത്തിയില്ല എന്ന് പ്രഖ്യാപിക്കുവാൻ ഇടയായത് ഈ വസ്തുതയുടെ അടിസ്ഥാനത്തിലാണ്.

കഴിഞ്ഞ എട്ടു പഞ്ചവത്സര പദ്ധതികളിലും അനുഭവപ്പെട്ട ദൗർബല്യം പരിഹരിക്കുന്നതിനു വേണ്ടിയാണ് കേരളത്തിൽ അധികാര വികേന്ദ്രീകരണം ലക്ഷ്യം വെച്ചുകൊണ്ടുള്ള ജനകീയാസൂത്രണപ്രസ്ഥാനത്തിന് രൂപം കൊടുത്തത്. ഒമ്പതാം പദ്ധതിയുടെ 40% ഫണ്ട് ത്രിതല പഞ്ചായത്തുകൾ മുഖേനയാണ് കേരളത്തിൽ ചെലവാക്കുന്നത്. ഓരോ പ്രദേശത്തെയും പ്രത്യേക പ്രശ്നങ്ങൾ മനസ്സിലാക്കി മുഴുവൻ ബഹുജനങ്ങളേയും ഉദ്യോഗസ്ഥന്മാരേയും വിദഗ്ധൻമാരെയും സഹകരിപ്പിച്ചുകൊണ്ടാണ് ഒമ്പതാം പദ്ധതി നടപ്പിലാക്കാൻ പോകുന്നത്. ഇതിന് വേണ്ടി അതിവിപുലമായ തോതിൽ ജനങ്ങളെ അണിനിരത്തേണ്ടതുണ്ട്. അധികാര വികേന്ദ്രീകരണത്തിന് തടസ്സം നിൽകുന്ന ഉദ്യോഗസ്ഥ മേധാവിത്വവും നിക്ഷിപ്ത താല്പര്യങ്ങളും തട്ടിമാറ്റുന്നതിനും ജനകീയാസൂത്രണ പ്രസ്ഥാനത്തിനും അതുവഴി ഉണ്ടാകുന്ന ജനമുന്നേറ്റത്തിനും സാധിക്കും.

കേരള സംസ്ഥാനത്ത് രൂപംകൊണ്ട പ്ലാനിംഗ് ബോർഡിന്റെയും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന അതിവിപുലമായ അഡ്വൈസറി ബോർഡിന്റെയും സുചിന്തിതമായ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനതല ശില്പശാലകളും ജില്ലാതല ശില്പശാലകളും പഞ്ചായത്ത് തല ശില്പശാലകളും രണ്ട് ഘട്ടങ്ങളിലായി നടന്നത്. ഇവയിൽ കൂടി പതനായിരക്കണക്കിന് സന്നദ്ധ പ്രവർത്തകരെ പരിശീലിപ്പിക്കുവാനും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുവാനും കഴിഞ്ഞിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിന്റെ എട്ടു മണ്ഡലങ്ങളിലും ഗ്രാമ സഭകൾ മോശമല്ലാത്ത പങ്കാളിത്തത്തോടുകൂടി നടക്കുകയുണ്ടായി. ചുരുങ്ങിയത് 69ഉം കൂടിയത് 191ഉം അടക്കം എട്ട് വിശേഷാൽ ഗ്രാമസഭകളിലായി 1056 വോട്ടർമാരെ പങ്കെടുപ്പിക്കുകയുണ്ടായി. 806 പുരുഷന്മാരും 250 സ്ത്രീകളും. അതിനുമുമ്പായി നടന്ന ഒന്നാംഘട്ട പരിശീലന ക്യാമ്പിൽ ഉദ്യാഗസ്ഥന്മാരടക്കം 87പേർ പങ്കെടുത്തുരുന്നു. വിശേഷാൽ ഗ്രാമസഭകൾ സപ്തംബർ 14ന് ആരംഭിച്ച് ഓക്ടോബർ 2ന് പൂർത്തിയാക്കി. ഓരോ ഗ്രാമസഭയിലും പന്ത്രണ്ട് വിഷയങ്ങളെ ആസ്പദമാക്കിയുള്ള ഗ്രൂപ്പ് ചർച്ചകൾ നടത്തുകയും ഓരോ മണ്ഡലത്തിലും നിലനിൽക്കുന്ന നീറുന്ന പ്രശ്നങ്ങൾക്ക് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പരിഹാരം നിർദ്ദേശിക്കപ്പെടുകയും ചെയ്തു. ഗ്രാമസഭയിൽനിന്ന് കിട്ടിയ വിവരങ്ങളും വിവിധ ഓഫീസുകളിൽനിന്ന് ശേഖരിച്ച ദ്വിദീയ വിവരങ്ങളും പഠന പര്യടനത്തിന്റെ അടിഥാനത്തിൽ മനസ്സിലാക്കിയ വസ്തുതകളും നാട്ടറിവുകളും അടിസ്ഥാനമാക്കി തയ്യാറാക്കിയ റിപ്പോർട്ടാണ് നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നത്.


പട്ടുവം ഗ്രാമ പഞ്ചായത്ത് പൊതുവിവരങ്ങൾ

1. പഞ്ചായത്തിന്റെ പേര് :	പട്ടുവം ഗ്രാമ പഞ്ചായത്ത്
2. ഉൾപ്പെടുന്ന റവന്യൂ വില്ലേജ് :	പട്ടുവം
3. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ :	പട്ടുവം
4. ബ്ലോക്ക് പഞ്ചായത്ത് :	തളിപ്പറമ്പ്
5. താലൂക്ക് :	തളിപ്പറമ്പ്
7. ജില്ല :	കണ്ണൂർ
8. അസംബ്ളി മണ്ഡലം :	തളിപ്പറമ്പ്
9. പാർലമെന്റ മണ്ഡലം :	കാസർകോഡ്
10. ജനസംഖ്യ :	14108 (പു:6598, സ്ത്രീ:7510)
11. വാർഡുകളുടെ എണ്ണം :	എട്ട്
12. പ്രസിഡണ്ട് :	കെ. കമലാക്ഷി
13. വൈസ് പ്രസിഡണ്ട് :	എം. ചന്ദ്രൻ മാസ്റ്റർ
14. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ :	ജയപുരം രാജു
15. ജില്ലാ പഞ്ചായത്ത് മെമ്പർ :	പി.കെ. ശ്രീമതി ടീച്ചർ

പട്ടുവം ഗ്രാമ പഞ്ചായത്ത് ഒറ്റനോട്ടത്തിൽ

വിസ്തീർണ്ണം :	16.85 ച.കി.മി
ആകെ ജനസംഖ്യ :	14108
	പു 6598
	സ്ത്രീ 7510
ജനസാന്ദ്രത	843.14/കി.മി. സ്കയർ
സ്ത്രീപുരുഷ അനുപാതം:	1000:1124
പട്ടികജാതി :	പു: 610
	സ്ത്രീ: 618
	ആകെ 1228
പട്ടികവർഗ്ഗം :	പു: ഇല്ല
	സ്ത്രീ 1
സാക്ഷരത :	പു: 93.45%
	സ്ത്രീ: 79.09%
	ശരാശരി: 85.8%
ആകെ വീടുകൾ :	2423
വൈദ്യുതീകരിച്ചവ :	1233. 51.67%
വൈദ്യസഹായസ്ഥാപനങ്ങൾ :	
1. അലോപ്പതി	1. ജി.ആർ.ഡി. 1
	2. കുടുംബക്ഷേമ കേന്ദ്രം 2
2. ആയുർവേദം 1	3. ഹോമിയോ ഇല്ല
സ്കൂളുകൾ :	എൽ.പി.: 6
	യു.പി.: 2
	ഹൈസ്കൂൾ : 1
റേഷൻ കടകൾ	6
അംഗൻവാടി	8

പട്ടുവം ഗ്രാമപഞ്ചായത്തിലെ വാർഡുകൾ



ഭരണപരമായ ചരിത്രം.....

1955ൽ പട്ടുവം റവന്യൂവില്ലേജ് അടിസ്ഥാനമാക്കിയ പട്ടുവം പഞ്ചായത്ത് നിലവിൽ വന്നു. കൈപൊക്കി വോട്ടടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്. ഭരണ സമിതി മെമ്പർമാരുടെ പേരുവിലാസം പട്ടികയായി കൊടുത്തിട്ടുണ്ട്.

1962ൽ പട്ടുവം റവന്യൂവില്ലേജും, തളിപ്പറമ്പ് റവന്യൂ വില്ലേജും ഉൾപ്പെടുത്തിക്കൊണ്ട് തളിപ്പറമ്പ് പഞ്ചായത്ത് നിലവിൽ വന്നു. 1978വരെ പ്രസ്തുത പഞ്ചായത്ത് നിലവിലുണ്ടായിരുന്നു. പ്രസ്തുത അവിഭക്ത തളിപ്പറമ്പ് പഞ്ചായത്ത് പതിനൊന്ന് വാർഡുകൾ ഉണ്ടായിരുന്നതിൽ മൂന്ന് വാർഡുകൾ പട്ടുവം റവന്യൂ വില്ലേജ് അതിർത്തിയിലായിരുന്നു. പ്രസിഡണ്ട്. ശ്രീ. എ.കെ. പൊതുവാൾ, വൈസ്പ്രസിഡണ്ട് ജനാബ്. കെ.പി. അബ്ദുസാഹിബ്, പട്ടുവം വില്ലേജിലെ അക്കാലത്തെ പഞ്ചായത്ത് മെമ്പർമാർ സർവശ്രീ: എം. കരുണാകരൻ നമ്പ്യാർ, കെ.എം. ദാമോദരൻനമ്പ്യാർ, കെ. കുഞ്ഞിക്കണ്ണൻ, പി.കെ. അബൂബക്കർ ഹാജി എന്നിവരായിരുന്നു. ശ്രീ. എം. കരുണാകരൻ നമ്പ്യാർ രാജിവെച്ച ഒഴിവിൽ ശ്രീ. കെ.എം. ദാമോദരൻ നമ്പ്യാർ തെരഞ്ഞെടുക്കപ്പെടുകയാണ് ഉണ്ടായത്.

G.O. Ms. 25/78 LASWD dated 30.1.78 പ്രകാരം നിലവിലുള്ള പട്ടുവം പഞ്ചായത്ത് രൂപീകൃതമായി. 1979ഒക്ടോബർ 1ന് പ്രസ്തുത പഞ്ചായത്ത് ഭരണ സമിതി നിലവിൽ വന്നു. ഭരണ സമിതി മെമ്പർമാരുടെ പേര് വിവരം പ്രത്യേകം കൊടുക്കുന്നുണ്ട്. 1979-84കാലത്തെ വൈസ് പ്രസിഡണ്ടായിരുന്ന ജനാബ്. പി. അസൈനാർ സാഹിബിന്റെ മരണത്തെ തുടർന്ന് കെ. ആലിക്കുഞ്ഞി വൈസ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. പ്രസിഡണ്ട് ശ്രീ. സി.എച്ച്. കുഞ്ഞിരാമൻ മാസ്റ്ററായിരുന്നു.

1984 ഒക്ടോബർ 1മുതൽ 1988 ജനുവിരി 31വരെ സ്പെഷ്യൽ ഓഫീസറുടെ ഭരണമായിരുന്നു. 1988 ജനുവരി 28ന് നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന് ശ്രീ. സി.എച്ച് കുഞ്ഞിരാമൻ മാസ്റ്റർ പ്രസിഡണ്ടായ രണ്ടാമത്തെ ഭരണസമിതി നിലവിൽ വന്നു.1995 സെപ്തംബർ 30വരെ പ്രസ്തുത ഭരണസമിതി തുടർന്നു.

1995 സെപ്തംബർ 25ന് നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന് പഞ്ചായത്ത്രാജ് നിയമപ്രകാരമുള്ള പുതിയ പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നു. പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ശ്രീമതി. പി.വി. അജിത രാജിവെച്ചതിനെ തുടർന്ന് 13.2.96 ന് ശ്രീമതി കെ. കമലാക്ഷി പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. മൂന്നാം മണ്ഡലത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. കൊയോൻ പ്രസാദ് മെമ്പർസ്ഥാനം രാജിവെച്ച ഒഴിവിൽ ശ്രീ. യു. കുഞ്ഞിരാമനും, ശ്രീ. പി.വി. അജിത രാജിവെച്ച ഒഴിവിൽ രണ്ടാം മണ്ഡലത്തിൽ പി.പി. യശോദയും തെരഞ്ഞെടുക്കപ്പെട്ടു.

പട്ടുവം പഞ്ചായത്ത് ഭരണസമിതി (1955 - 61)

1. പി.പി. നാരായണൻ നമ്പ്യാർ പ്രസിഡണ്ട്
2. പി. കൃഷ്ണൻ നായർ വൈസ് പ്രസിഡണ്ട്
3. എടക്കാടൻ കുഞ്ഞിരാമൻ വൈദ്യർ മെമ്പർ
4. കെ. മായിൻ കുഞ്ഞി ,,
5. കപ്പച്ചേരി കണ്ണൻ ,,
6. മാടത്തിൽ രാമൻ ,,
7. പി.പി.ഇ.ഹരിജയന്തൻ നമ്പൂതിരി ,,
8. കളരിക്കൽ നാരായണൻ നമ്പ്യാർ ,,

പട്ടുവം പഞ്ചായത്ത് ഭരണസമിതി (1979 - 84)

1. സി.എച്ച് കുഞ്ഞിരാമൻ മാസ്റ്റർ പ്രസിഡണ്ട്
2. പി. അസൈനാർ സാഹിബ് വൈസ്പ്രസിഡണ്ട്
3. കെ. ആലിക്കുഞ്ഞി വൈസ് പ്രസിഡണ്ട്
4. എം. കുഞ്ഞിരാമൻ നായർ മെമ്പർ
5. കപ്പച്ചേരി നാരായണൻ ,,
6. കെ. വേലായുധൻ ,,
7. ബി.വി. കൃഷ്ണൻ നമ്പ്യാർ ,,
8. പി. രാതിയമ്മ ,,

പട്ടുവം പഞ്ചായത്ത് ഭരണസമിതി (1988-95)

1. സി.എച്ച്. കുഞ്ഞിരാമൻ മാസ്റ്റർ. പ്രസിഡണ്ട്
2. എം.വി. ഗോപാലൻ. വൈസ് പ്രസിഡണ്ട്
3. കെ. ആലിക്കുഞ്ഞി മെമ്പർ
4. ഒ.വി. ഗോപാലൻ മാസ്റ്ററർ ,,

5. കെ.വി. രാമൻ പെരുമലയൻ ,,
6. പി.വി. രാഘവൻ നമ്പ്യാർ ,,
7. കെ.കെ. സൈനബ ,,
8. കെ.സി. ശാന്ത. ,,

നിലിവിലുള്ള അതിരുകൾ

കിഴക്ക് : തളിപ്പറമ്പ് നഗരസഭ
വടക്ക് : കുപ്പം പുഴ
പടിഞ്ഞാറ് : പട്ടുവം പുഴ
തെക്ക് : കുറ്റിക്കോൽ പുഴ

പഞ്ചായത്ത് അതിർത്തിയിലുള്ള സർക്കാർ ഓഫീസുകൾ:

പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്,കൃഷിഭവൻ, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസ്, ഗോ സംവർദ്ധക ഉപകേന്ദ്രം, കുടുംബക്ഷേമ കേന്ദ്രങ്ങൾ, ജി.ആർ.ഡി., ജി.എ.ഡി.

പട്ടുവം പഞ്ചായത്ത് അന്നും ഇന്നും.

പട്ടുവത്തിന് ചിരപുരാതനമായ ഒരു സംസ്കാരം ഉണ്ടായിരുന്നു. പ്രാചീനകാലത്ത് ഏഴിമല ആസ്ഥാനമായി രാജ്യം ഭരിച്ച മൂഷിക രാജവംശത്തിന്റെ കീഴിലായിരുന്നു പട്ടുവമെന്ന് പറയുന്നു. അന്ന് ധാരാളം പട്ടുനൂൽപുഴു വളർത്തൽ കേന്ദ്രങ്ങളും, പട്ടുനൂലും പട്ടും ഉണ്ടാക്കിയിരുന്നതിനാലാണ് ഈ വില്ലേജിന് പട്ടുവം എന്ന് പേർകിട്ടിയതെന്ന് അഭിപ്രായമുണ്ട്. പരശുരാമനുമായി ബന്ധപ്പെട്ട് മറ്റൊരു അഭിപ്രായവുമുണ്ട്. അത് താഴെ പറയും പ്രകാരമാണ്. പരശുരാമൻ കേരളത്തെ അറുപത്തിനാല് ഗ്രാമങ്ങളായി വിഭജിച്ച് ബ്രാഹ്മണരെ വാഴിച്ച കാലത്ത് പട്ടുവം പെരിഞ്ചല്ലൂർ ഗ്രാമാതിർത്തിയിൽ വരുന്ന പ്രദേശമായിരുന്നു ഇന്നത്തെ തളിപ്പറമ്പ് നഗരസഭ ഉൾപ്പെടുന്ന പ്രദേശം. മംഗലശ്ശേരിയിലെ കൂളൂൽ കുന്നിൽനിന്നും പടിഞ്ഞാറോട്ട് നോക്കിയവർ കണ്ടത് പട്ടുപോകുന്ന (പൂണ്ടുപോകുന്ന) പ്രദേശത്തെ ആണത്രെ. അതുകൊണ്ട് പട്ടുപോകുന്ന പ്രദേശത്തിന് "പട്ടുവം" എന്ന് പേർ വിളിച്ചുവെന്നാണ് പറയപ്പെടുന്നത്. എന്തായാലും പട്ടുനൂലും പട്ടുവസ്ത്രങ്ങളും ഇന്ന് പട്ടുവത്ത് ഓർമ്മയിൽ മാത്രമായി സൂക്ഷിക്കുന്നു. പൂഴിപ്രദേശമായതുകൊണ്ടാണ് പട്ടുവമെന്ന് പേർവന്നതെന്നും പറയപ്പെടുന്നു.

കോലസ്വരൂപത്തിന്റെ ഭാഗമായാണ് ഈ പ്രദേശം അറിയപ്പെട്ടിരുന്നത് ഇവിടുത്തെ അമ്പലങ്ങളിൽ ഭൂരിഭാഗവും അവരുടെ അധീനതയിലായിരുന്നുതാനും. കിഴക്ക് കൂളൂൽ കുന്നിൽ പണ്ട് ഒരുസാമാന്ത രാജാവ് വാണിരുന്നതായും കുടുംബക്കാർ തമ്മിൽ കലഹിച്ച് മുടിഞ്ഞതാണെന്നും പറയപ്പെടുന്നു. അതിന്റെ അവശിഷ്ടങ്ങൾ ഇന്നും ഇവിടെ കാണാനുണ്ട്. ചില പ്രദേശങ്ങളിൽ കാണുന്ന ശാസ്താവിന്റെ അമ്പലങ്ങളും അവശിഷ്ടങ്ങളും ഇവിടം ഒരു കാലത്ത് ബുദ്ധമതത്തിന് സ്വാധീനമുള്ള പ്രദേശമാണെന്നതിന്റെ തെളിവാണ്. ഇവിടെ എല്ലാ പ്രബല സമുദായങ്ങൾക്കും സ്വന്തമായ കുലദൈവങ്ങളും ആരാധനാലയങ്ങളുമുണ്ട്. തീണ്ടൽ ജാതിക്കാർക്കുവരെ പ്രത്യേകമായ ആരാധനാലയങ്ങൾ അനുവദിച്ചത് ഈ പ്രദേശത്തിന്റെ ഒരു പ്രത്യേകതയായി കണക്കാക്കപ്പെടുന്നു.

ഒരുകാലത്ത് ഈ പ്രദേശം ഉന്നതരായ നാട്ടെഴത്തശ്ശന്മാരുടെ വിഹാരകേന്ദ്രമായിരുന്നു. പട്ടുവത്തിന്റെ തെക്കുഭാഗത്തുള്ള മുള്ളൂൽ പ്രദേശം അക്കാര്യത്തിൽ മുമ്പന്തിയിൽ നിൽക്കുന്നു, കോത്തില അപ്പ എഴുത്തശ്ശൻ പൂരക്കളിക്കവിതയുടെ കർത്താവായി അറിയപ്പെടുന്നു. അതുപോലെ കോലത്ത് സ്വരൂപത്തിലെ പടനായകനായിരുന്ന കോത്തിലചെമ്മൻ ഉപയോഗിച്ച പള്ളിവാളും പരിചയും ഈ അടുത്തകാലംവരെ സൂക്ഷിച്ചിരുന്നു. ആയോധനകലയിലും ഈ പ്രദേശം മുൻപന്തിയിലായിരുന്നുവെന്ന് വിളിച്ചോതുന്ന വസ്തുതകളാണിതൊക്കെ. തച്ചുശാസ്ത്രത്തിൽ പണ്ടുകാലം മുതൽതന്നെ വടക്കെ മലബാറിൽ പുകൾപെറ്റ സ്ഥലമായിരുന്നു മുള്ളൂൽ. തച്ചുശാസ്ത്രം പഠിപ്പിക്കുന്ന ഒരു കേന്ദ്രംതന്നെ ഇവിടെ ഉണ്ടായിരുന്നതായി പറയപ്പെടുന്നു. കേരളത്തിൽ "രാമായണം കൊത്തുവള" ഉണ്ടാക്കാനറിയുന്ന ചുരുക്കം ചില വിദഗ്ധൻമാരുടെ ആവാസകേന്ദ്രമായി അറിയപ്പെടുന്നത് മുള്ളൂൽ പ്രദേശമാണ്.

കേരളത്തിലെ ഏഴു പ്രധാന നാഗക്ഷേത്രങ്ങളിലൊന്നായ കയ്യത്ത് നാഗം ഈ പഞ്ചായത്തിലാണ്. മുപ്പത് ഏക്രയോളം വിസ്തീർണ്ണമുള്ളതും അത്യപൂർവവുമായ ഔഷധച്ചെടികൾ നിറഞ്ഞുനിൽക്കുന്നതുമായ ഒരു വനപ്രദേശമാണ് ക്ഷേത്ര പരിസരം. മണത്തണയിൽ നിന്നും കാളികാട്ടു തന്ത്രി ആവാഹിച്ചുകൊണ്ടുവന്ന നാല് ഭഗവതികളിൽ രണ്ടു ഭഗവതികളുമായി ബന്ധപ്പെട്ട പ്രദേശങ്ങളാണ് പറപ്പുൽ പുറത്തേകാവ്, കൂളൂൽകുന്ന്, കാഞ്ഞിരത്തറ, മുടവൻ പാലക്കുന്ന്, കാവുങ്കൽ, വലിയമതിലകം മുതലായവ. പഞ്ചുള്ളി ഭഗവതി, കുഞ്ഞിമതിലകം ക്ഷേത്രം, ഐവർ കൊല്ലിക്കെട്ട് തുടങ്ങിയ നിരവധി ക്ഷേത്രങ്ങളിലെ ദൈവങ്ങളുമായി ബന്ധപ്പെട്ട നിരവധി ഐതിഹ്യങ്ങളുണ്ട്.

പഴയ നാടുവാഴി രാജാക്കൻമാർക്ക് വിരോധം തോന്നിയിരുന്ന നാട്ടുകാരെ കൊല്ലാൻവേണ്ടി അധികാരമുണ്ടായിരുന്നതിന്റെ സൂചനയായി "ഐവർകൊല്ലിക്കെട്ട്"

പ്രദേശം ഇന്നും നിലനിൽക്കുന്നു.

1930 കാലത്ത് വടക്കെ മലബാറിൽ സിദ്ധസമാജ സ്ഥാപകനായ സ്വാമി ശിവാനന്ദ പരമഹംസരുടെ പ്രവർത്തനഫലമായി ജാതി ചിന്തകൾക്കും വിഗ്രഹാരാധനകൾക്കുമെതിരായി ചെറിയ തോതിലുള്ള പ്രവർത്തനങ്ങൾ മുള്ളൂൽ പ്രദേശത്ത് നടന്നിരുന്നു. എന്നാൽ വിപുലമായ ജനസ്വാധീനം പ്രസ്തുത ചിന്താഗതിക്ക് നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല.

ദേശീയസ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് ത്യാഗോജ്വലമായ പ്രവർത്തനം നടത്തിയവർ ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. തൊട്ടടുത്ത പഞ്ചായത്തുകളിൽ അലയടിച്ചുയർന്നിരുന്ന സ്വാതന്ത്ര്യ സമരവാഞ്ഛ ഈ പ്രദേശത്തുകാരിൽ വേണ്ടത്ര ഉണ്ടായിട്ടില്ല. അതു കൊണ്ടുതന്നെ ദേശീയ സ്വാതന്ത്ര്യസമരത്തിലും തുടർന്നുനടന്ന കുടിയായ്മ നിയമത്തിനും മറ്റും വേണ്ടിയുള്ള പ്രക്ഷോഭങ്ങളിലും ഈ പഞ്ചായത്തിലെ ജനങ്ങളുടെ പങ്കാളിത്തം തുലോം വിരളമായിരുന്നു. അതുകൊണ്ടു തന്നെ പൊതുതാൽപര്യത്തിനു വേണ്ടിയുള്ള കൂട്ടായ്മാ പ്രവർത്തനത്തിന്റെ അഭാവവും ഇവിടെ നിഴലിച്ചുകാണുന്നുണ്ട്. ഇത് വികസന പ്രവർത്തനങ്ങളുടെ വിജയകരമായ പൂർത്തീകരണത്തിന് തടസ്സമായി നിലനില്ക്കുന്നു.

1980കളിലാണ് ഈ പഞ്ചായത്തിൽ കാര്യമായ വികസന പ്രവർത്തനങ്ങൾക്ക് നാന്ദി കുറിച്ചത്. 1950-80കാലഘട്ടത്തിൽ "പട്ടുവം ഗ്രാമസേവാസംഘ''ത്തിന്റെ നേതൃത്വത്തിൽ പൊതുകിണർനിർമ്മാണം, കുടുംബക്ഷേമകേന്ദ്രം, ആയുർവേദ ആശുപത്രി എന്നിവക്കുള്ള കെട്ടിട നിർമ്മാണം, തളിപ്പറമ്പ്-പട്ടുവം റോഡിന്റെ പ്രാരംഭ പ്രവർത്തനം എന്നിവ നടത്തിയിരുന്നു. മറ്റു ചില പ്രദേശങ്ങളിലും റോഡുനിർമ്മാണങ്ങളുടെ പ്രാരംഭപ്രവർത്തനം ഈ കാലഘട്ടത്തിൽ നടത്തിയിരുന്നു. പട്ടുവം ഗ്രാമ സേവാ സംഘമാണ് ഗവ:ഹൈസ്കൂളിന് ആവശ്യമായ സ്ഥലവും ഗവ:റൂറൽ ഡിസ്പെൻസറിക്ക് ആവശ്യമായ സ്ഥലത്തിന്റെ ഭൂരിഭാഗവും സർക്കാരിലേക്ക് സൗജന്യമായി നല്കിയത്. പട്ടുവം കേന്ദ്രമായി പ്രവർത്തിക്കുന്ന "ദീനസേവന സഭ''യും ഫാദർ സുകോളും നൽകിയ സംഭാവനയും എടുത്തുപറയത്തക്കതാണ്.

ഇവിടെ ഹൈസ്കൂളോ, ആശുപത്രിയോ ഉണ്ടായിരുന്നില്ല. ഹൈസ്കൂളിനു വേണ്ടിയുള്ള നീണ്ടകാലത്തെ മുറവിളി '80വരെ വെറും വനരോദനമായി കലാശിച്ചു. ഗതാഗതത്തിന്റെ കാര്യത്തിൽ വളരെ ശോചനീയമായ അവസ്ഥയായിരുന്നു. ഒരു കറുത്ത റോഡ് കാണാൻ ജനങ്ങൾ 1981വരെ കാത്തിരിക്കേണ്ടിവന്നു. ആവശ്യത്തിന് റോഡുകൾ ഉണ്ടായിരുന്നില്ല. ഉള്ള റോഡുകൾ കുണ്ടും കുഴിയും നിറഞ്ഞവയായിരുന്നു. മൂന്നു ഭാഗവും പുഴകളാൽ ചുറ്റപ്പെട്ട ഈ പഞ്ചായത്ത് കുടിവെള്ളത്തിന്റെ കാര്യത്തിൽതികച്ചും ദരിദ്രമായിരുന്നു. വൈദ്യുതി പേരിന് പട്ടുവം പ്രദേശത്ത് മാത്രമായി ഒതുങ്ങി നിൽക്കുന്നു. പൊതുവിൽ 1980വരെ പഞ്ചവത്സര പദ്ധതികളുടെ നേട്ടങ്ങൾ ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് കാര്യമായി അനുഭവപ്പെട്ടിരുന്നില്ല.

1950-80 കാലഘട്ടത്തിൽ ഈ പഞ്ചായത്തിൽ നടപ്പിലാക്കിയ ഏതാനും ചില പദ്ധതികൾ കുന്നരു, മുതുകുട ശുദ്ധജലവിതരണ പദ്ധതികൾ, പട്ടുവം കുടുംബക്ഷേമകേന്ദ്രം, ഗവ:ആയുർവേദ ആശുപത്രി എന്നിവയാണ്.

ചുരുക്കത്തിൽ 1979ൽ പഞ്ചായത്ത് ഭരണസമിതി നിലവിൽ വരുമ്പോൾ വികസനത്തിന്റെ കാര്യത്തിൽ മിക്കവാറും ഒരു ശൂന്യതയാണ് നിലനിന്നിരുന്നത്. ഹൈസ്കൂൾ, ആശുപത്രി, റോഡുകൾ, വിദ്യുച്ഛക്തി, കുടിവെള്ളം, പട്ടികജാതി വികസനപ്രവർത്തനം തുടങ്ങി എല്ലാ ആവശ്യങ്ങൾക്കും തുല്യ പിരഗണന നല്കിക്കൊണ്ടു മാത്രമേ പഞ്ചായത്ത് ഭരണസമിതിക്കു പ്രവർത്തിക്കാൻ കഴിഞ്ഞുള്ളൂ. ഏതെങ്കിലും ഒരു പ്രശ്നം മാത്രം ഏറ്റെടുത്തു മുന്നോട്ടുപോയാൽ മറ്റു പ്രശ്നങ്ങളിൽ പിറകോട്ടു തള്ളപ്പെടുമെന്ന് ജനങ്ങൾ പരാതിപ്പെടാൻ ഇടയാകുമെന്നതുകൊണ്ടാണ് ഇങ്ങനെ വേണ്ടിവന്നത്.

പഞ്ചായത്തിലെ ജനങ്ങളുടെ എല്ലാ തലത്തിലുമുള്ള പിന്നോക്കാവസ്ഥ കാരണം തുടങ്ങിയ വികസന പ്രവർത്തനങ്ങൾ വളരെ മന്ദഗതിയിലാണ് നീങ്ങിയിരുന്നത്. ഉദാഹരണമായി പട്ടുവത്തെ ജനങ്ങളുടെ ചിരകാലാഭിലാഷമായിരുന്ന പട്ടുവം ഗവ: ഹൈസ്കൂൾ കെട്ടിട നിർമ്മാണ പ്രവർത്തനത്തിന് അതിന്റെ പ്രാധാന്യത്തിനനുസരിച്ച് ജനങ്ങളുടെ കൂട്ടായ്മ ഉണ്ടായി എന്ന് പറഞ്ഞുകൂടാ. ഇന്നും ഹൈസ്കൂളിന്റെ ബാലാരിഷ്ടതകൾ നീങ്ങിക്കഴിഞ്ഞിട്ടില്ല. അതു പരിഹരിക്കുന്നതിന് വേണ്ടി പി.ടി.എ.യും പഞ്ചായത്ത് ഭരണസമിതിയും കൈകൊള്ളുന്ന നടപടികൾ പൂർത്തീകരിക്കപ്പെടാതെ കിടക്കുകയാണ്.

സ്വാതന്ത്ര്യലബ്ധിയെ തുടർന്ന് ഇന്ത്യയിലും കേരളത്തിലും വന്നിച്ച മാറ്റങ്ങളാണ് ഉണ്ടായത്. ഭൂപരിഷ്കരണ നിയമം നടപ്പിൽ വരുത്തുന്നതിനു വേണ്ടിയുള്ള പ്രവർത്തനം, അയിത്തവും ജന്മിമേധാവിത്വവും, കൊളോണിയൽ ഭരണവും അവസാനിപ്പിച്ചതിന്റെ ഫലമായി ജീവിതത്തിന്റെ എല്ലാ തുറകളിലും പുതിയ മാറ്റങ്ങൾക്കുവേണ്ടിയുള്ള കൂട്ടായ പ്രവർത്തനങ്ങളും

നമ്മുടെ പഞ്ചായത്തിലും നടക്കുകയുണ്ടായി.

1979-84കാലത്ത് പഞ്ചായത്ത് ഭരണസമിതിയും കേരള സർക്കാരും കൈക്കൊണ്ട നടപടികളുടെ ഫലമായി നമ്മുടെ പഞ്ചായത്തിന്റെ പന്നോക്കാവസ്ഥ ഒരളവോളം പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഹൈസ്കൂൾ, ജി.ആർ.ഡി., സർവീസ് സഹകരണസംഘം ബാങ്കായി ഉയർത്തിയത്, പട്ടികജാതി കളിമൺ സഹകരണ സംഘം പ്രവർത്തനമാരംഭിച്ചത്, പഞ്ചായത്തിലെ പകുതിയിലധികം വീടുകൾ വൈദ്യുതീ കരിക്കപ്പെട്ടത്, പ്രധാനപ്പെട്ട മൂന്ന് റോഡുകൾ(24കി.മി) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് താർ ചെയ്തത്, പുതിയ റോഡുകൾ നിർമ്മിച്ച് ഗതാഗത യോഗ്യമാക്കിയത്, ജലസേചനത്തിനു ബണ്ടും ക്രോസ്ബാറും മറ്റും നിർമ്മിച്ചത്, പട്ടികജാതി കുടുംബങ്ങൾക്കു പരമാവധി വീടുകൾ നിർമ്മിച്ചുകൊടുത്തത് എന്നിവ 1980നു ശേഷം ഈ പഞ്ചായത്തിൽ നടന്ന എടുത്തുപറയത്തക്ക വികസന പ്രവർത്തനങ്ങളാണ്.

നേട്ടങ്ങളുടെ പട്ടിക നിരത്തുമ്പോൾ കോട്ടങ്ങളെ ചൂണ്ടിക്കാണിക്കാതിരുന്നുകൂടാ. ഒരുകാലത്ത് ചിറക്കൽ താലൂക്കിന്റെ "അക്യാബ്" എന്നറിയപ്പെട്ടിരുന്ന ഈ പഞ്ചായത്തിൽ കാർഷിക രംഗത്ത് മുരടിപ്പ് അനുഭവ പ്പെടുകയാണ്. നെൽവയലുകൾ തരിശിടുകയാണ്. ഉൽപാദനക്ഷമത കുറഞ്ഞുവരുന്നു. ഉള്ള വ്യവസായം തന്നെ മുരടിപ്പു നേരിട്ടുകൊണ്ടിരിക്കുകയാണ്, സേവനരംഗത്ത് ഗുണനിലവാരം കുറഞ്ഞുവരുന്നു. ഈ വെല്ലുവിളികളികൾ കണ്ടറിഞ്ഞ് മുഴുവൻ ജനങ്ങളേയും യോജിപ്പിച്ച് കൂട്ടായ്മയിലൂടെ ഒരു പുതിയ വികസന സംസ്കാരത്തിൽ ഊന്നിനിന്നുകൊണ്ട് ഈ വെല്ലുവിളികളെ നേരിടാൻ ജനകീയാസൂത്രണ പ്രസ്ഥാനം വഴി സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

ഭൂപ്രകൃതി - ജനപ്രകൃതി

മൂന്ന് ഭാഗവും പുഴയാൽ ചുറ്റപ്പെട്ട പട്ടുവം പഞ്ചായത്ത് കുന്നുകളും, താഴ്വരകളും, വയലുകളും ഉപ്പുവെള്ളം കയറുന്ന ചതുപ്പ് നിലങ്ങളും നിറഞ്ഞ പ്രദേശമാണ്. കരയുടെ മൂന്നു ഭാഗവും കുന്നുകളാണ്. പൊതുവേ കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ചരിഞ്ഞു കിടക്കുന്നു. കുന്നുകളും, ചരൽമണ്ണ് നിറഞ്ഞ ഉയർന്ന സമതലവും താഴ്വരകളും ആകെ വിസ്തീർണ്ണത്തിന്റെ 2/3ഭാഗവും വയലും ചതുപ്പുനിലവും 1/3ഭാഗവും ആണ്. ഈ പഞ്ചായത്തിന് 12.കി.മി. പുഴയോരം ഉണ്ട്.

പഞ്ചായത്തിലെ ഭൂവിഭാഗങ്ങളെ താഴെ പറയും പ്രകാരം ആറായി തരം തിരിക്കാം.

1. പുഴയോടു ചേർന്ന ചതുപ്പ് നിലം
2. എക്കൽമണ്ണുള്ള വയൽ പ്രദേശം
3. വയലിനോടു ചേർന്നുകിടക്കുന്ന താഴ്വരകൾ
4. ഇടത്തരം ചെരിവുകൾ
5. ഉയർന്ന സമതലത്തിലെ ചരൽനിറഞ്ഞ ഭൂമി
6. വനപ്രദേശം

80 മീറ്ററിൽ കൂടുതൽ ഉയരമുള്ള കുന്നുകൾ ഈ പഞ്ചായത്തിൽ ഇല്ല. പ്രധാന കുന്നുകൾ താഴെ പറയുന്നവയാണ്.

1. പാടിക്കുന്ന്
2. കക്കറക്കാവ് തട്ട്
3. മൈതാനിക്കുന്ന്
4. മേലെ പറപ്പുൽ പാറ
5. നരിമടച്ചാൽ
6. ആന്ത്രമൊട്ട
7. കൂത്താട്കുന്ന്
8. ചങ്ങത്തട്ട കുന്ന്.
9. മൊടൊം പാലക്കുന്ന്
10. കാഞ്ഞിരത്തറ
11. കാമനാർതടം
12. കരിക്കാപാറ
13. കൂളുൽകുന്ന്
14. മുതുകുടക്കുന്ന്

കാലാവസ്ഥ

പതിമൂന്ന് കാർഷിക കാലാവസ്ഥ പ്രദേശങ്ങളായി കേരളത്തെ തരം തിരിച്ചിട്ടുണ്ട്. ഇവയിൽ അഞ്ചാമത്തെ വടക്കൻ ഇടനാട് കാർഷിക കാലാവസ്ഥ പ്രദേശത്താണ് പട്ടുവം ഗ്രാമ പഞ്ചായത്ത്. കണ്ണൂർ ജില്ലയിലെ ആറുമാസത്തെ മഴയുടെ ലഭ്യത 3400 മി.മിറ്ററാണ്. അത് മിക്കവാറും നമ്മുടെ പഞ്ചായത്തിൽ ലഭ്യമാണ്. സംസ്ഥാന ശരാശരി3062 മി.മീറ്ററാണ്.പട്ടുവത്തിന്റെത്3488 മി.മീറ്ററും. ജൂൺ, ജൂലായ്, ആഗസ്ത് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴലഭിക്കുന്നത്. ഈ കാലത്ത് വെള്ളപ്പൊക്കവും നീർകെട്ടും മണ്ണൊലിപ്പും അനുഭവപ്പെടുന്നു. ബാക്കി മാസങ്ങളിൽ രൂക്ഷമായ വരൾച്ച അനുഭവപ്പെടുന്നു. സംസ്ഥാന ശരാശരിയേക്കാൾ, കൂടുതൽ മഴ ലഭിക്കുന്നുണ്ടെങ്കിലും, അതുകൊണ്ടുള്ള ഗുണം അനുഭവപ്പെടുന്നില്ല. പെയ്തമഴ നിർബാധം പുഴയിലേക്കും കടലിലേക്കും ഒഴുകിപ്പോകുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ അതിരൂക്ഷമായ വരൾച്ച അനുഭവപ്പെടുന്നു. കിണറുകളും കുളങ്ങളും തോടുകളും വറ്റിവരളുന്നു.

ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ കൂടുതൽ ചൂടും നവംബർ, ഡിസംബർ. ജനുവരി, ജൂൺ, ജൂലായ് മാസങ്ങളിൽ തണുപ്പും അനുഭവപ്പെടുന്നു.

സസ്യ സമ്പത്ത്

പട്ടുവം പഞ്ചായത്ത് വടക്കൻ ഇടനാട് കാർഷിക കാലാവസ്ഥാ പ്രദേശത്ത് സ്ഥിതി ചെയ്യുന്നതുകൊണ്ട് അതിന് അനുയോജ്യമായ കൃഷിയാണ് ചെയ്തുവരുന്നത്. പ്രധാന കൃഷികൾ നെല്ല്, തെങ്ങ്, കവുങ്ങ്, കശുമാവ്,

വാഴ, പയർ വർഗ്ഗങ്ങൾ എന്നിവയാണ്. വർഷകാലത്ത് പച്ചക്കറി കൃഷിയും ചെയ്തുവരുന്നു. കൃഷിഭൂമി വർഷംതൊറും കുറഞ്ഞുവരുന്നു. നിലം തരിശിടുന്ന പ്രവണതയും ഉണ്ട്. മുതിര, എള്ള്, മുളക്, വെറ്റില, മധുരിക്കിഴങ്ങ്, കപ്പ എന്നിവ മുൻകാലങ്ങളിൽ വ്യാപകമായി കൃഷി ചെയ്തിരുന്നുവെങ്കിലും ഇപ്പോൾ പേരിനുമാത്രമാണ്. കൃഷിസ്ഥലം തരിശിടുന്നത് സസ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നു. 4153.71 ഏക്കർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ 1416.75 ഏക്കർ തരിശായി കിടക്കുകയാണ്. ജലലഭ്യതയുണ്ടെങ്കിൽ ഇവയിൽ നല്ലൊരു ഭാഗവും കൃഷിയോഗ്യമാക്കാവുന്നതാണ്.

മനുഷ്യവിഭവം

1981ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിലെ ജനസംഖ്യ 12488ഉം 1971ൽ 10358ഉം ആയിരുന്നു. 1991ലെ സെൻസസ് പ്രകാരം 14108ഉം ആയിരുന്നു. സ്ത്രീ 7510 പുരുഷൻ 6598. സംസ്ഥാനതലത്തിൽ 1000ത്തിന് 1036ഉം കണ്ണൂർ ജില്ലയിൽ 1049ഉം ആണ് സ്ത്രീ പുരുഷ അനുപാതം. ഈ പഞ്ചായത്തിൽ അത് 1000ന് 1124 ആണ്.

പഞ്ചായത്തിലെ കുടുംബങ്ങൾ


1. ആകെ വാർഡ് 8

കുടുംബം 3336


ശരാശരി കുടുബാംഗങ്ങൾ 4.22

1	269
2.	401
3.	782
4.	314
5.	564
6.	413
7.	309
8.	285
	3336

പഠനപദ്ധതിയുടെ



1 മിശ്രപരിണാമം കരിങ്കൽപാറ – പട്ടുവംപുഴ



2. ഗതി - വാതം തൃക്കുവൻപാറ – മണിപുഴ – ഉള്ളാൽപുഴ

കൃഷിയും ജലസേചനവും

കാർഷിക ഗ്രാമമായ പട്ടുവം പഞ്ചായത്ത് തളിപ്പറമ്പ് താലൂക്കിന്റെ പടിഞ്ഞാറെ അറ്റത്ത് കുപ്പം പുഴയും കുറ്റിക്കോൽപുഴയും ചേർന്ന് പഴയങ്ങാടി പുഴയായിത്തീരുന്ന സംഗമസ്ഥാനത്ത്നിന്ന് ആരംഭിച്ച് കിഴക്ക് തളിപ്പറമ്പ് നഗരസഭാ അതിർത്തിവരെ നീണ്ടുകിടക്കുന്നു. വടക്ക് കുപ്പം പുഴയാലും തെക്ക് കുറ്റിക്കോൽ പുഴയാലും ചുറ്റപ്പെട്ട് ഏതാണ്ട് അർദ്ധ വൃത്താകൃതിയിൽ സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്ത് കണ്ണൂർ ജില്ലയിലെ നെല്ലറകളിലൊന്നായി കരുതപ്പെടുന്നു. ചതുപ്പുകൾ, തീര സമതലങ്ങൾ, ചെരിവുകൾ, ഉയർന്ന സമതലങ്ങൾ അടങ്ങിയതാണ് ഭൂ പ്രകൃതി. അതിർത്തിയിൽ വടക്ക് കുപ്പം പുഴയോട് ചേർന്ന് ഏഴോം പഞ്ചായത്തും, തെക്ക് കുറ്റിക്കോൽ പുഴയോട് ചേർന്ന് ചെറുകുന്ന്, കണ്ണപുരം, ആന്തൂർ പഞ്ചായത്തുകളും കിഴക്ക് തളിപ്പറമ്പ് നഗരസഭ യും കിടക്കുന്നു.

പുഴയോരങ്ങളിലെ കൈപ്പാട്(ചതുപ്പ്) പ്രദേശത്ത് നെല്ലും തീരസമതലങ്ങളിൽ നെല്ലും, തെങ്ങും കൃഷി ചെയ്തുവരുന്നു. ചെരിവുകളിലെ താഴ്ന്ന പ്രദേശങ്ങൾ പുരയിടങ്ങളാണ്. തെങ്ങ്, കവുങ്ങ്, വാഴ, കുരുമുളക് എന്നിവ ഇടകലർന്ന് കൃഷിചെയ്യുന്നു. മാവും പ്ലാവും വളരുന്നുണ്ട്. ചെരിവുകളിൽ കശുമാവ്, മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും പടുമരങ്ങളും കുറ്റിക്കാടുകളും വളർന്നിരിക്കുന്നു. ഉയർന്ന സമതലങ്ങളിൽ കശുമാവും തെങ്ങും കൃഷിചെയ്യുന്നു. പാറയുള്ള ഭാഗങ്ങൾ തരിശായി ക്കിടക്കുന്നു. അറിയപ്പെടുന്ന നൂറിൽപരം പച്ചമരുന്നുകൾ ഈ പഞ്ചായത്തിന്റെ കുന്നിൻ ചെരിവുകളിലും വയൽ വരമ്പുകളിലും കണ്ടുവരുന്നു. പഞ്ചായത്തിന്റെ വിസ്തീർണ്ണം 4153.71 ഏക്കറാണ്.(1681.484 ഹെക്ടർ).

ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ

തരം	വിസ്തീർണ്ണം
വില്ലേജ്	4153.71
പുറംപോക്ക്	491.5

ചതുപ്പ് പ്രദേശം കറുത്ത പശിമയുള്ള ഏക്കൽ മണ്ണും വയലുകളിൽ പുഴികലർന്ന പശിമരാശിമണ്ണും



ചെരിവുകളിലും ഉയർന്ന സമതലങ്ങളിലും ചാര കലർന്ന ചെമ്മണ്ണുമാണ്. സമതലങ്ങളിൽ കുറേഭാഗം പുഴി പ്രദേശമാണ്.കൈപ്പാട് പ്രദേശം വളക്കൂറുള്ളതാണെങ്കിലും വയൽ പ്രദേശം പുളിരസം കലർന്ന മണ്ണാണ്.

പണ്ടുകാലത്ത് ഭൂമിയുടെ ജന്മാവകാശം ചിറക്കൽ കോവിലകം വക ദേവസ്വങ്ങളുടേയും തളിപ്പറമ്പ് ദേവസ്വത്തിന്റെയും നമ്പൂതിരി ജന്മിമാരുടേയും ആയിരുന്നു. മുസ്ലിം പള്ളിക്കും മറ്റു സ്വകാര്യ വ്യക്തികൾക്കും ജന്മാവകാശം ഉണ്ടായിരുന്നു.

ഭൂമിയിൽ കൈവശക്കാരന് സ്ഥിരാവകാശം ഉണ്ടായിരുന്നില്ല. ജന്മിയോട് കൃഷിക്കാരൻ മറുപാട്ട പ്രകാരം ഭൂമിഏറ്റുവാങ്ങുകയാണ് പതിവ്. മറുപാട്ടം സബ്‌രജിസ്ട്രാർ ആഫീസിൽ രജിസ്റ്റർ ചെയ്ത് കൂടിയാൻ ജന്മിയെ ഏൽപ്പിക്കുന്നു. രേഖയുടെ ശരിപ്പകർപ്പിൽ ജന്മി ഒപ്പിട്ട് കുടിയാന് കൊടുക്കുകയും അസ്സൽ രേഖ ജന്മി സൂക്ഷിക്കുകയും ചെയ്യുന്നു. രജിസ്റ്റർ ചെയ്താലും ജന്മി പകർപ്പിൽ ഒപ്പിട്ടില്ലെങ്കിൽ ആ രേഖയ്ക്ക് സാധുതയുണ്ടായിരുന്നില്ല. മറുപാട്ടം പന്ത്രണ്ട് വർഷത്തേക്കാണ്. മറുപാട്ടത്തിൽ രേഖപ്പെടുത്താതെ ജന്മി മാനുഷമായി പണം വാങ്ങിയിരുന്നു. പന്ത്രണ്ട് വർഷത്തിന് ശേഷം വീണ്ടും പുതുക്കിയില്ലെങ്കിൽ കൃഷിക്കാരന് ഭൂമി നഷ്ടപ്പെടും. പുതുക്കുമ്പോൾ വീണ്ടും പണം വാങ്ങുകയും പുറപ്പാട്(പാട്ടം) പുതുക്കി നിശ്ചയിക്കുകയും ചെയ്യും. കൈവശക്കാരനറിയാതെ മറ്റൊരാൾക്ക് ചാർത്ത് കൊടുക്കാൻ ജന്മിക്ക് അവകാശം ഉണ്ടായിരുന്നു. വയലുകൾ വെറും കൊഴുക്കാണമായും പറമ്പുകൾ കുഴിക്കണമായും കൈവശം വെച്ചുവന്നിരുന്നു. പറമ്പുകളിൽ നിലവിലുള്ള മരങ്ങളും അനുഭവങ്ങളും ജന്മിയുടെതായി രേഖപ്പെടുത്തിയിരിക്കും. കുഴിക്കൂർ ഉണ്ടാക്കാൻ ജന്മിയുടെ അനുവാദം ആവശ്യമാണ്. കൃഷിക്കാരൻ ഉണ്ടാക്കിയ അനുഭവങ്ങൾ മുറിച്ചെടുക്കാൻ ജന്മിയുടെ അനുവാദം ആവശ്യമായിരുന്നു.

ഈ കാരണത്താൽ സ്ഥിരാനുഭവങ്ങൾ നട്ടു പിടിപ്പിക്കുന്നതിൽ കൃഷിക്കാരൻ താല്പര്യം കാണിച്ചിരുന്നില്ല. അതുകൊണ്ട് ധാരാളം തരിശുഭൂമി അന്നുണ്ടായിരുന്നു. ജന്മിക്ക് പുറപ്പാടും(ഒരുനിശ്ചിത സംഖ്യ)വാരവും (പാട്ടം)കൊടുക്കാൻ കൈവശക്കാരൻ ബാധ്യസ്ഥനാണ്. കൂടിയാൻ പാട്ടമായി നെല്ലോ, തേങ്ങയോ, വെളിച്ചെണ്ണയോ കൊടുക്കണമെന്ന് നിശ്ചയമുണ്ട്. ഹിന്ദു ജന്മിമാർക്ക് വിശേഷ ദിവസങ്ങളിൽ നേന്ത്രക്കുലയും പച്ചക്കറിയും കാഴ്ചവെച്ചിരിക്കണം. മുസ്ലിം ജന്മിമാർക്ക് നോമ്പ (റംസാൻ)കാലത്ത് പശുവിൻ നെയ്യ്, പിടിക്കോഴി, ആട്, കുഞ്ഞിനെല്ല് എന്നിവ കൊടുക്കാൻ നിശ്ചയിക്കാറുണ്ട്. ദേവസ്വങ്ങളിലെ നിവേദ്യത്തിന് അരികൊടുക്കാനും തീരുമാനിക്കാറുണ്ട്. ഇതെല്ലാം മറുപാട്ടത്തിൽ രേഖപ്പെടുത്തിയിരിക്കും. അന്ന് തോണിവഴിയാണ് സാധനങ്ങൾ ദൂരസ്ഥലത്തേക്ക് കൊണ്ടുപോയിരുന്നത്. വാരം(പാട്ടം)ഇത്ര ഇടങ്ങഴി ഇന്ന കടവിൽ തോണിക്കളളിയിൽ എത്തിക്കണം എന്നുപോലും രേഖപ്പെടുത്തിക്കാണുന്നുണ്ട്.

ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള കൈവശക്കാരന്റെ മേൽ ദേവസ്വത്തിന് വലിയ സ്വാധീനമുണ്ടായിരുന്നു. ചിറക്കൽ ദേവസ്വത്തിൽപെട്ട 14ക്ഷേത്രങ്ങളിൽ രണ്ടെണ്ണമായ പട്ടുവം കുഞ്ഞിമതിലകം, വലിയ മതിലകം ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾക്കും മറ്റടിയന്തിരങ്ങൾക്കും താഴെ പറയും പ്രകാരം സാധനസാമഗ്രികൾ നൽകണമായിരുന്നു. ഒരു ദേവസ്വം പറമ്പിൽനിന്നും നിർബന്ധമായും കളിയാട്ടം, പൂരം, മണ്ഡലം ഇവയ്ക്ക് യഥാക്രമം 6,3,3 തേങ്ങ, വട്ടപ്പന്തൽ നിർമ്മിക്കുന്നതിന് 33 മടൽ പച്ചോല, 3 ചക്ക, ഒരു കായ്ക്കുല, രണ്ട് കവുങ്ങിൻപൂക്കുല.

വാരം കൊടുക്കുന്നതിനുപുറമേ വാശി, നൂരി എന്നീ സമ്പ്രദായങ്ങളും നിലവിൽ ഉണ്ടായിരുന്നു. എട്ടേകാൽ ഇടങ്ങഴിയുളള പറക്ക് അളക്കുമ്പോൾ എട്ട് മാത്രമേ കണക്കാക്കുകയുള്ളൂ. ജന്മിയുടെ കാര്യസ്ഥനാണ് പറകൊണ്ടുവന്നിരുന്നത്. ആ പറയ്ക്ക് മാത്രമേ അളക്കാൻ അനുവാദമുണ്ടായിരുന്നുള്ളൂ. പത്തു പറയളന്നാൽ നെൽക്കൂനയിൽനിന്ന് കാര്യസ്ഥൻ രണ്ടുകൈകൾകൊണ്ടും കോരി നൂരിയിടുന്നു. അങ്ങിനെയുളള നൂരിയണ്ണിയാണ് പറയുടെ എണ്ണം കണക്കാക്കുന്നത്. ഒരു നൂരി മൂക്കാൽ ഇടങ്ങഴിയെങ്കിലും കാണും. അത് കാര്യസ്ഥനുള്ളതാണ്.

1929ലെ മലബാർ കുടിയായ്മ നിയമമനുസരിച്ചാണ് കൈവശക്കാരന് ആദ്യമായി ഭൂമിയിൽ അവകാശം ലഭിച്ചത്. അങ്ങനെ കൂടിയാൻ അറിയാതെ മേൽചാർത്ത് കൊടുക്കുന്നത് ഒഴിവായി. എങ്കിലും ഏതു സമയത്തും ഒഴിപ്പിക്കാൻ ജന്മിക്ക് അവകാശം ഉണ്ടായിരുന്നു.

1952ലെ മലബാർ കുടിയായ്മ നിയമപ്രകാരം മര്യാദ പാട്ടം നിജപ്പെടുത്താനുള്ള അവസരം ഉണ്ടായി. 1956 നവംബർ ഒന്നിന് കേരള സംസ്ഥാനം രൂപീകൃതമായതിനുശേഷം 57 ൽ അധികാരത്തിൽ വന്ന ആദ്യത്തെ കേരള മന്ത്രിസഭ ഒഴിപ്പിക്കൽ തടഞ്ഞുകൊണ്ടുള്ള ഓർഡിനൻസ് പാസാക്കി. 1958 ആഗസ്തിൽ

കൈവശഭൂമിയുടെ വിസ്തീർണ്ണം പട്ടിക 2

നാമമാത്ര കർഷകർ	ചെറുകിട കർഷകർ	വൻകിട കർഷകർ
1 ഹെക്ടറിൽ താഴെ	1-2 ഹെക്ടർ	2 ഹെക്ടറിന് മുകളിൽ
1540	480	200

പട്ടുവം പഞ്ചായത്തിൽ ആളോഹരി ഭൂമി 29 സെൻറ്, സംസ്ഥാന ആളോഹരി ഭൂമി 22 സെൻറ്

കൃഷിക്കാരന്റെയും കുടികിടപ്പുകാരന്റെയും താല്പര്യം സംരക്ഷിക്കാനായി ഭൂപരിഷ്കരണ നിയമം അസംബ്ലിയിൽ കൊണ്ടുവന്നു. ആ നിയമത്തിൽ ഭൂമിക്ക് പരിധി നിശ്ചയിച്ചിരുന്നു. നിയമം പാസ്സാക്കാൻ കഴിഞ്ഞില്ല. എന്നാൽ അതിനുശേഷം വ്യാപകമായ ഭാഗംവെക്കലും കൈമാറ്റങ്ങളും നടന്നുവന്നു. 60ൽ ഭൂപരിഷ്കരണ നിയമം വീണ്ടും കൊണ്ടുവന്നു. 61ൽ നടപ്പിലാക്കിയെങ്കിലും നിയമം മൗലികാവകാശം നിഷേധിക്കുന്നുവെന്ന പേരിൽ കോടതി റദ്ദാക്കി.1964ൽ ഭൂപരിഷ്കരണ നിയമം വീണ്ടു പാസാക്കി ഭരണഘടനയുടെ ഒമ്പതാം പട്ടികയിൽ ഉൾപെടുത്തി. എങ്കിലും കൃഷിക്കാരുടെ താൽപര്യങ്ങൾ വേണ്ടത്ര പരിരക്ഷിക്കാൻ പര്യാപ്തമായില്ല. 1969ൽ '64 ലെ നിയമം സമഗ്രമായി ഭേദഗതി ചെയ്ത് പാസാക്കി. 1970 ജനുവരി ഒന്നിന് ജന്മിത്തം അവസാനിപ്പിച്ചുകൊണ്ട് ഭൂപരിഷ്കരണ നിയമം നടപ്പിലായി. നിയമം വരുന്നതിനു മുമ്പ് തന്നെ അധിക ഭൂമി ജന്മിമാർ കൈമാറിക്കഴിഞ്ഞിരുന്നു. നിയമം നടപ്പിലായതോടെ കുടികിടപ്പുകാരനും കൈവശക്കാരനും ഭൂവുടമയായി. ഭൂമിയിൽ വ്യാപകമായ അനുഭവങ്ങൾ വെച്ചുപിടിപ്പിച്ചു. ഉയർന്ന സമതലങ്ങളിൽ കശുമാവ് വളർന്നു. തരിശുഭൂമിയുടെ അളവ് കുറഞ്ഞുവന്നു. നെൽക്കൃഷിയേക്കാൾ ലാഭകരമായി കൃഷിചെയ്യാവുന്ന തെങ്ങ്, കവുങ്ങ്, വ്യാപകമായി. തോട്ടു വരമ്പിൽ തെങ്ങും കവുങ്ങും വളർന്നു. കൈതക്കാടുകൾ നശിച്ചു. തോടിന്റെ വീതി കുറഞ്ഞു. വയലുകൾ മണ്ണിട്ട നികത്തി വീടുകളും പറമ്പുകളും ആയി. നെൽക്കൃഷിയുടെ വിസ്തീർണ്ണം കുറഞ്ഞു.

കാലാവസ്ഥയെ മാത്രം ആശ്രയിച്ചാണ് ഇവിടെ കൃഷി നടത്തുന്നത്. കൈപ്പാട്ട് പ്രദേശത്ത് വർഷകാലത്ത് മാത്രം കൃഷി നടത്തുന്നു. വെള്ളം കയറിയാൽ കൃഷി നശിച്ചുപോകാറ് പതിവുണ്ട്. വയലുകളിൽ രണ്ടാംവിളയ്ക്ക് വരൾച്ച അനുഭവപ്പെടാറുണ്ട്. രണ്ടാംവിള മുഴുവൻ ഉണങ്ങിപ്പോയ കാലവും ഉണ്ട്. ശക്തമായ വേലിയേറ്റത്തിൽ ഉപ്പുവെള്ളം കയറി ഓര്(ഉപ്പ്)വന്ന് കൃഷി നശിക്കുക പതിവാണ്.

കൃഷിക്കാർ അനുഭവങ്ങളിലൂടെ കാലാവസ്ഥക്ക് അനുയോജ്യമായ വിത്തുകൾ തെരഞ്ഞെടുത്തു. ഉപ്പുവെള്ളം കയറുന്ന കൈപ്പാട് പ്രദേശങ്ങളിൽകുതിര്, ഓർത്തഡൻ, ചൊകീര്യൻ എന്നിവ കൃഷി ചെയ്തിരുന്നു. വിത്തുകൾ വിതയ്ക്കുകയാണ് പതിവ്. ചില കാലങ്ങളിൽ ഉണ്ടാകുന്ന വ്യാപകമായ കൃഷിനാശഅനുഭവത്തിന്റെ ഫലമായി ഓർക്കഴമ എന്ന നാടൻവിത്ത് വ്യാപകമായി രംഗത്ത് വന്നു. മലവെള്ളത്തെ(വെള്ളപ്പൊക്കം) ഒരു പരിധിവരെ അതിജീവിക്കാൻ അതിനുകഴിഞ്ഞു. ഞാറ്റടിയിൽ വിത്തിട്ട് പറിച്ചുനടുകയാണ് ചെയ്യുന്നത്. ഓർക്കഴമക്കൃഷി മറ്റു വിത്തുകളേക്കാൾ ലാഭകരമായിരുന്നു. തീരസമതലങ്ങളിലെ വയലുകളിൽ വെളുത്തരിക്കഴമ, ഓടക്കഴമ, തവളക്കണ്ണൻ, കീരിപ്പാല, കരിഞ്ചൻ, വടക്കൻ, തോട്ടക്കഴമ, ചെറുമണി (കൊത്ത മ്പാലരിക്കഴമ) എന്നീ വിത്തുകളാണ് ഉപയോഗിച്ചിരുന്നത്. രണ്ടാവിളയ്ക്ക് (പുഞ്ച) അരിക്കീരായി, കൊളക്ക, ചിറ്റേനി എന്നിവയും കൃഷി ചെയ്തിരുന്നു.

നവരക്കിഴങ്ങുപയോഗിക്കുന്ന നവരപ്പുഞ്ച ഒരുപൂർവവസ്തുവായി മാറി. കുഞ്ഞിനെല്ല്, ഓക്ക കുഞ്ഞിനെല്ല്, ജീരകശാല എന്നീ സുഗന്ധനെല്ലുകളും പുഴിപ്രദേശങ്ങളിൽ പള്ളിയാരൽ എന്ന നെല്ലും കൃഷി ചെയ്തിരുന്നു. 100ൽപരം പഴയവിത്തുകൾ ഉണ്ടായിരുന്നതായി പഴമക്കാർ പറയപ്പെടുന്നു.

കൈപ്പാടുകളിൽ നാടൻ വിത്തിനങ്ങളായ ഓർക്കഴമയും കുതിരും തന്നെയാണ് ഇന്നും കൃഷി ചെയ്തുവരുന്നത്. ആധുനിക വിത്തുകളൊന്നും കൈപ്പാടുകളിൽ കൃഷിചെയ്യാൻ തുടങ്ങിയിട്ടില്ല. വയലുകളിൽ ഭൂരിഭാഗം പ്രദേശങ്ങളിലും ആധുനിക വിത്തിനങ്ങളായ ജയ, ജ്യോതി, ത്രിവേണി, ആതിര, മസൂരി, കൾച്ചർ 28, പവിഴം, കേശവൻ എന്നിവ ഉപയോഗിക്കുന്നു. ഐ.ആർ8 ഉപയോഗിച്ചിരുന്നുവെങ്കിലും ഇന്നാവിത്ത് കൃഷി ചെയ്യുന്നില്ല.

വിളവിസ്തീർണ്ണവും ഉല്പാദനവും പട്ടിക 3

വിള	വിസ്തീർണം	മൊത്തം ഉല്പാദനം	ഉല്പാദക്ഷമത ഹെക്ടറിൽ
നെല്ല് ഒന്നാംവിള	500 ഹെക്ടർ	11,00,000കി	1,600–3000/ഹെക്ടർ
,, രണ്ടാംവിള	110 ഹെക്ടർ	1,98,000 കി.	2,200/ഹെക്ടർ
പയർ	80 ,,	12,800 ,,	160 കി.
പച്ചക്കറികൾ	39 ,,	23,400 ,,	600 കി
തെങ്ങ്	107.58 ,,	6,48,888 എണ്ണം	6000 എണ്ണം

വാഴ	17 „	1,02,000 കി	60,000
മരച്ചീനി	9 „	18,000 „	–
കുരുമുളക്	34 „	18,700 „	–
കശുമാവ്	121.6 „	38,912 „	320 കി
റബ്ബർ	1 „	–	ഉല്പാദനമായില്ല
കവുങ്ങ്	78 „	1,71,600 കി.	2,200 കി
മഞ്ഞൾ	2	2,400 കി	1,200 കി.

മംഗലശ്ശേരി, മുതുകുട, പട്ടുവം, കൂത്താട് ഭാഗങ്ങളിൽ ഒന്നാം വിളക്ക് ശേഷം ഉഴുന്ന്, ചെറുപയർ കൃഷി ചെയ്തുവരുന്നു. വെള്ളം ലഭിക്കുന്ന പ്രദേശങ്ങളിൽ രണ്ടാവിളയായി നെൽകൃഷി ചെയ്യുന്നു. മൂന്നാം വിളയായി നെൽകൃഷി ചെയ്യുന്നില്ല. രണ്ടാവിളയ്ക്ക് ശേഷം വ്യാപകമായ പച്ചക്കറി(വെള്ളരി, കുമ്പളം, കയ്പ)കൃഷി നടത്തിയിരുന്നു. വില്പനയ്ക്ക് അല്ല, സ്വന്തം ആവശ്യത്തിനായി. ചിങ്ങം അവസാനം വരെ അന്നത്തെ വെള്ളരിക്ക വീടുകളുടെ തട്ടിൽ തൂങ്ങിക്കിടക്കുന്നത് അന്നത്തെ കാഴ്ചയാണ്. ഉച്ചാരയ്ക്ക് നടുന്ന വെള്ളരിയെ "ഉച്ചാരവെള്ളരി എന്ന് പറയുന്നു. കണിവെള്ളരിക്ക നാട്ടിൽതന്നെ ഉല്പാദിപ്പിക്കുകയും ഇല്ലാത്തവർക്ക് വിതരണം ചെയ്യുകയും ചെയ്തിരുന്നു. കണികാണാൻ ചക്ക, മാങ്ങ, തേങ്ങ എന്നീ ഫലങ്ങൾ അന്യോന്യം നൽകിയിരുന്നു.

ഉയർന്ന സമതലങ്ങളിലെ പുരയിടങ്ങളിൽ കശുമാവും ചെരിവിലെ താഴ്ന്ന പ്രദേശങ്ങളിൽ തെങ്ങ്, കുരുമുളക്, വാഴ, നേന്ത്രവാഴ(ഏത്തവാഴ)യും കൃഷി ചെയ്യുന്നു. ഉയർന്ന സമതലങ്ങളിൽ പറങ്കിയും(മുളക്) ചക്കരക്കിഴങ്ങും(മധുരക്കിഴങ്ങ്)മോഡേൺ കൃഷി എന്ന പേരിൽ തവര, ചോമൻ എന്നിവ കൃഷി ചെയ്തുവരുന്നു. കൊയ്തിന്ശേഷം എള്ളും മുതിരയും അപൂർവമായി ഇപ്പോൾ ചെയ്തുവരുന്നു.

വർഷകാലത്ത് കക്കിരി, വെള്ളരി, മത്തൻ, കുമ്പളം, കയ്പ എന്നീ പച്ചക്കറികൾ നട്ടിരുന്നു. വിൽക്കാനല്ല, സ്വന്തം ആവശ്യത്തിന്. കാലം മാറി, കൃഷിയിടങ്ങൾ പുരയിടങ്ങളായി, തെങ്ങും കശുമാവും വളർന്നു. പറങ്കിയും എള്ളും മതിരിയും ഇല്ലാതായി. ഇന്ന് പച്ചക്കറി കൃഷി വില്പനക്കായി ഉല്പാദിപ്പിക്കുന്നുണ്ട്. അതിന്റെ കൃഷി പോലും അടുത്തകാലങ്ങളിൽ ഇല്ലാതായി ത്തീർന്നേക്കാം. പറങ്കിക്കൃഷിയില്ലെന്ന് തന്നെ പറയാം. ഉള്ളതിനുതന്നെ കുറുനാമ്പും മുരടിപ്പും വന്ന കായ്ഫലം ഇല്ലാത്ത അവസ്ഥയാണ്. ഒരുകാലത്ത് മംഗലശ്ശേരി, കുന്നരു, മുതുകുട എന്നീ സ്ഥലങ്ങളിൽ വെറ്റിലകൃഷി വ്യാപകമായി ഉണ്ടായിരുന്നു.

കൃഷിക്കാർക്ക് ചില ആചാരങ്ങളുണ്ട്. വയലിൽ കന്നിനെ ഇറക്കുന്നതിന് സമയവും പക്കവും നോക്കണം. പുഞ്ചക്കൃഷിക്കാണ് കന്നിനെ ഇറക്കാറ് പതിവ്. മേടം ഒന്നിന് വിഷുക്കണികണ്ട് കൈനീട്ടം നല്കിയതിന്ശേഷം വിത്തും കൈകോട്ടും ചൂട്ടും, ഇളനീരും വിളക്കും കൊണ്ട് പ്രഭാതത്തിൽ കൃഷിക്കാരൻ വയലിൽ ചെല്ലുന്നു, വിളക്ക് കത്തിച്ച് ചൂട്ടുവീശി കണ്ടത്തിന്റെ കന്നിമൂലയിൽ കിഴക്കോട്ട് തിരിഞ്ഞ്കൈവിത്തിടുന്നു. ഇളനീർവെള്ളം തളിക്കുന്നു. കർഷകനെ സംബന്ധിച്ചിടത്തോളം വളരെ ഭക്തിപൂർവം ചെയ്യുന്ന കാര്യമാണിത്. വിഷുക്കണി കുടുംബക്കാരെ മാത്രമല്ല, കന്നിനേയും കാണിക്കാറുണ്ട്. വയലിൽ കതിര് കാണുമ്പോൾ കർക്കിടകം 16ന്ശേഷം 'നറുക്കുക' എന്നൊരു ചടങ്ങുണ്ട്. അടുത്തുള്ള ക്ഷേത്രത്തിൽ നറുക്കുന്ന ദിവസമാണ് വീട്ടിലും നറുക്കാറ് പതിവ്. നൊറോലം(ചിലപച്ചിലകൾ) പത്തും വിരിഞ്ഞ കതിരും ചേർത്ത് പൂജിച്ച് ഭക്തിയോടെ വീടിനും ഫലവൃക്ഷങ്ങൾക്കും ആലക്കും കെട്ടുന്നു. കൊയ്യുന്നതും നല്ല സമയം നോക്കിവേണം. വിളഞ്ഞനെല്ല് "പെരുക്കി'' കാഞ്ഞിരത്തിന്റെ ഇലയിൽ കൂട്ടിക്കെട്ടി വീട്ടിൽ നിറവിളക്കിന് മുമ്പിൽ കതിർകൊണ്ടുവെക്കുന്നു. പുന്നെല്ല് പുഴുങ്ങാനും സമയം നോക്കണം. പുഴുങ്ങുന്ന പാത്രത്തിന് "പൊലൂവളളി'' കെട്ടാറുണ്ട്. പുതിയരി ഭക്ഷിക്കാൻ പുത്തരിസദ്യയുണ്ട്. അതിനുനല്ല സമയം നോക്കണം. സദ്യയ്ക്ക് അടുത്ത വീട്ടുകാരെ ക്ഷണിക്കും. സദ്യവിഭവ സമൃദ്ധമാണ്. എല്ലാറ്റിനും ദൈവീക പരിവേഷം നിർകിയിരുന്നു. നെല്ല് മഹാലക്ഷ്മിയാണ്. ആ പരിശുദ്ധി നിലനിർത്താൻ പരമാവധി ശ്രമിക്കുന്നു. വിത്തിട്ട വലയിൽ ചെരിപ്പുപയോഗിച്ച് നടക്കാറില്ലായിരുന്നു. കളത്തിലും ഇറങ്ങാറ് പതിവില്ല.

വിത്ത്കെട്ടാനും(സൂക്ഷിക്കാനും) പത്തായത്തിൽ നിറക്കാനും പക്കവും കരണവും നോക്കാറുണ്ട്. മകരമാസത്തിൽ വിത്തോ, നെല്ലോ കെട്ടിവെക്കാറില്ല. കുത്തിപ്പോകും(നെല്ലിനെ തിന്നുന്ന കറുത്ത പ്രാണി)എന്നുപറയുന്നു. മകരത്തിൽ നെല്ല് നിറച്ച പത്തായം തുറക്കാറില്ല. വിത്ത് വൈക്കോൽ ഉപയോഗിച്ച്

പ്പൊതിയായി കെട്ടി അട്ടിയിടുകയും പതിവുണ്ട്. പൊതികെട്ടാൻ അറിയുന്നവർ ഇന്ന് അപൂർവമാണ്. ഇന്ന് ചാക്കിൽ കെട്ടിയാണ് സൂക്ഷിക്കുന്നത്.

കാൽ നൂറ്റാണ്ടിനു മുമ്പ്വരെ ഓരോ കൃഷിക്കാരനും ചുരുങ്ങിയത് ഒരു ഏറ്(ജോടി) കാലി ഉണ്ടായിരുന്നു. കന്ന് പൂട്ടിയാൽ കുളിപ്പിച്ച് തരിശുപ്രദേശത്തേക്കോ കൊയ്ത്ത് കഴിഞ്ഞ പാടത്തേക്കോ അഴിച്ചുവിട്ടാൽ വൈകുന്നേരം ആലയിലേക്ക് തിരിച്ചുവരും. രാത്രിയിൽ [illegible] വൈക്കോലോ കൊടുത്താൽ മതി. നൂറുക്കണ [illegible] പശുക്കളേയും മുക്രയിട്ടുനടക്കുന്ന കാളകളേയും പറമ്പുകളിലും വയലുകളിലും കാണാൻ കഴിഞ്ഞിരുന്നു. വൃശ്ചികം, ധനു, മകരമാസങ്ങളിൽ കാലികൾ രാത്രിയിലും പറമ്പുകളിൽതന്നെ കഴിഞ്ഞിരുന്നു. ഭൂമി സ്വന്തമായപ്പോൾ മതിലുകൾ ഉയർന്നു. സ്ഥിരാനുവേങ്ങൾ വളർന്നു, തരിശുഭൂമി ഇല്ലാതായി, കന്നുവളർത്തൽ പ്രയാസകരമായി, കന്നുകാലികൾ കുറഞ്ഞുവന്നു. നാടൻ കന്നുകാലികൾ കുറ്റിയറ്റുവരുന്നു. പുതിയ ഇനം രംഗത്തുവന്നു. കന്നുപൂട്ടൽ പ്രയാസകരമായി. മരക്കലപ്പകൾ കുറഞ്ഞു വന്നു. ടില്ലറുകൾ രംഗത്തുവന്നു.

പുഞ്ചപ്പാടത്ത് കന്ന്പൂട്ടൽ കൃഷിക്കാർക്കും നാട്ടുകാർക്കും ഒരു ഹരമായിരുന്നു. പരസ്പരം സഹകരിച്ചുകൊണ്ടായിരുന്നു കന്നുപൂട്ടിയിരുന്നത്. വിത്ത് വിതയ്ക്കാൻ പാകമാക്കുന്നതിനായി കണ്ടം കലക്കുന്നതിനായി അഞ്ചും ആറും ഏറ്(ജോഡി) കാലികൾ ഉണ്ടാകും. കന്നുപൂട്ടുന്നത് നീട്ടിപ്പാടിയാണ്. മരം(കണ്ടം നിരപ്പാക്കാനുള്ള ഉപകരണം)ഇട്ട് നിലം നിരപ്പാക്കുമ്പോൾ കന്നുകളെ വെള്ളത്തിലൂടെ ഓടിക്കുന്നതിൽ കഴിവ് പ്രകടിപ്പിക്കുന്നത് കൃഷിക്കാരുടെ പതിവാണ്. കുട്ടികൾ വയൽവരമ്പുകളിലും പറമ്പുകളിലും ഈ കാഴ്ച നോക്കിനിൽക്കാനുണ്ടാവും.

സ്ത്രീ തൊഴിലാളികൾ ഞാറുപറിച്ചുനടുമ്പോൾ നാട്ടിപ്പാട്ടുകൾ പാടാറ് പതിവുണ്ട്. വടക്കൻ പാട്ടുകളാണ് പ്രധാനമായും പാടാറുള്ളത്. ഒരാൾ പാടുമ്പോൾ മറ്റുള്ളവർ ഏറ്റുപാടുന്നു. ഞാറു പറിക്കുന്നതിനും നിരപിടിച്ചു പണിയുക എന്നൊരു രീതിയുണ്ട്. തൊഴിലാളികൾ ഞാറ്റോടിയുടെ രണ്ട്ഭാഗത്തായി നിൽക്കുന്നു. ഞാറ് പറിച്ചുമുന്നോട്ട് നീങ്ങി മറ്റുള്ളവരുടെ നിരയിലേക്ക് കടന്നുകയറാൻ ശ്രമിക്കുന്നു. ജയപരാജയത്തിന്റെ പേരിൽ വഴക്കുകൂടുകയും ചെയ്യും.

കൊയ്ത്ത് കാലത്ത് ചെറുജന്മാവകാശികൾ പാടത്ത് കറ്റക്ക് വരാറുണ്ട്. വണ്ണാൻ, മലയൻ, കണിയാൻ എന്നിവർ കൊയ്ത്തു പാടത്തുവന്ന് കറ്റ വാങ്ങിപ്പോകും. അതുപോലെ തന്നെ പുള്ളുവൻപാട്ടും ഉണ്ട്. വീണയുമെടുത്ത് പാടിക്കൊണ്ട് പാടത്തെ വരമ്പുകളിൽവന്ന് പുള്ളുവൻകറ്റവാങ്ങുന്നു. അത്തരം ആചാരങ്ങളെല്ലാം ഇന്ന് വളരെ കുറഞ്ഞിരിക്കുന്നു.

വർഷങ്ങൾക്ക് മുമ്പ് തോല്(പച്ചില)ചപ്പ്(കരിയില) വെണ്ണീറ്(ചാരം) മുതലായവയാണ് വളങ്ങളായി ഉപയോഗിച്ചിരുന്നത്. രണ്ടാംവളിയ്ക്ക് പയർ വർഗ്ഗങ്ങൾ വിതയ്ക്കുമ്പോൾ കൊയ്ച്ചിൽ വിതച്ച് വളമായി ഉപയോഗിക്കാറുണ്ട്. കൊയച്ചിൽ വളർത്തിയാൽ കണ്ടം കുഴിക്കാൻ(താഴ്ത്താൻ) സാധിക്കുമെന്ന് വിശ്വസിക്കുന്നു. ഉഴുന്നുചണ്ടിയും വളമായി ഉപയോഗിക്കുന്നു.

പുഴയിലെ ചേറ്(ചെളി) തോണിയിൽകൊണ്ടുവന്ന് പുഴയോരങ്ങളിൽ ഉണക്കാൻ ഇടുന്നു. ഉണങ്ങിയ കട്ടകൾ വളമായി പുഴിപ്രദേശങ്ങളിൽ ഉപയോഗിക്കുന്നു. മണ്ണിന്റെ ഘടന മാറ്റാൻ സാധിക്കും എന്നാണ് പറയുന്നത്. പിണ്ണാക്ക്, ചെമ്മീൻപൊടി, മത്സ്യപ്പൊടി എന്നിവ വളമായി ഉപയോഗിച്ചിരുന്നു.

ഭൂവുടമ ബന്ധത്തിൽ മാറ്റംവന്നതോടെ ഭൂവിനിയോഗം വർദ്ധിച്ചു. തരിശുഭൂമികൾ ഇല്ലാതായി. വേലിപ്പടർപ്പുകൾ മതിലുകളായി. പച്ചിലവളം ഇല്ലാതായി. തെങ്ങ് കൃഷി വർദ്ധിച്ചതോടെ നെൽകൃഷിക്ക് വെണ്ണീറ് കിട്ടാതായി. കരിയിലയും ഇല്ല. തിരിശുഭൂമി ഇല്ലാതായതിനാൽ മേച്ചിൽ സ്ഥലങ്ങൾ അപ്രത്യക്ഷമായി. കന്നുകാലികളെ അഴിച്ചുവിട്ട് വളർത്താൻ പറ്റാതായി. കാലികളുടെ എണ്ണം ചുരുങ്ങി. ചാണകം ദുർലഭമായി, നെൽകൃഷി ലാഭകരമല്ലാതായി. പുതിയ തലമുറക്ക് കൃഷിയോട് താല്പര്യം കുറഞ്ഞു. മണ്ണുപുരളുന്നത് മാന്യത ഇല്ലാത്ത ജോലിയായി. കർഷകത്തൊഴിലാളികളെ

ഉല്പാദന ക്ഷമത

ഇനം	കേരളം	കണ്ണൂർ	പട്ടുവം
നെല്ല്	2018 കി	1546 കി	2300 കി
തെങ്ങ്	5843 എണ്ണം	5247 എണ്ണം	6000 എണ്ണം
കശുമാവ്	877 കി	840 കി	320 കി
കുരുമുളക്	271 കി	121 കി	114 കി.

നെല്ലിൻരെയും നാളികേരത്തിന്റെയും കാര്യത്തിൽ മെച്ചമാണെങ്കിലും കശുവണ്ടി വളരെ പിറകിലാണ്. കശുമാവ് വികസനം അത്യാവശ്യമാണ്.

യഥാസമയം കിട്ടാതായി.

പുരുഷത്തൊഴിലാളിക്ക് ശരാശരി 80രൂപയും ക്ഷേണവും സ്ത്രീത്തൊഴിലാളിക്ക് 35 രൂപയം ക്ഷേണവും കൂലിയായി, രാസവളം എളുപ്പത്തിൽ പ്രയോഗിക്കാം എന്നുവന്നു. പുതിയ വിത്തിനങ്ങൾക്ക് രാസവളം അനിവാര്യമായി. മണ്ണറിയാതെ വളം ചേർത്തുതുടങ്ങി. മണ്ണിന്റെ രാസഘടന മാറി. ഫലഭൂയിഷ്ഠത കുറഞ്ഞു. ഭൂമി തരിശിടുന്ന പ്രവണത പുനരാരംഭിച്ചു. നെൽക്കൃഷി ലാഭകരമല്ലാത്തതിനാൽ ഭൂമി പാട്ടത്തിന് എൽപ്പിക്കുവാൻ തുടങ്ങി. പുതിയ രീതിയിൽ പാട്ടവ്യവസ്ഥ രൂപം കൊണ്ടുവരുന്നു.

രോഗപ്രതിരോധശക്തി കുറഞ്ഞ പുതിയ വിത്തിനങ്ങൾ രംഗത്തുവന്നു. രാസകീടനാശിനികളുടെ ഉപയോഗം കൂടി. കീടനാശിനികളുടെ അമിതോപയോഗം ജൈവ സന്തുലിതാവസ്ഥ തകിടം മറിച്ചു. കീടങ്ങൾ കീടനാശിനികളെ അതിജീവിച്ചു. ചാഴി(വണ്ട്)പെരുകി. പച്ചക്കറികൾക്ക് വ്യാപകമായ തണ്ട് ചീയൽവന്നു. തെങ്ങിന് ചെന്നീരൊലിപ്പും കൂമ്പുചീയലും ഉണ്ടായി. കുരുമുളകിന് ദ്രുതവാട്ടം മൂലം ഭൂരിഭാഗവും നശിച്ചു. കവുങ്ങിന് ചില കാലങ്ങളിൽ മഹാളി പിടിപെടാറുണ്ട്. കശുമാവിന് പുകരിച്ചിലും(തേയിലക്കൊതു)തണ്ടു തുരപ്പനും ഉണ്ട്. കൃഷിയിൽ താല്പര്യം കുറഞ്ഞുവരുന്നു.

പഴശ്ശി പ്രൊജ്ക്ടിന്റെ ആരംഭത്തിൽ പട്ടുവം വില്ലേജ് മുഴുവനും പദ്ധതിയിൽ ഉൾപ്പെടുത്തുയുരുന്നു. പിന്നീട് ഉപേക്ഷിച്ചതായിട്ടാണ് പറയപ്പെടുന്നത്. നെൽകൃഷി മഴയെ ആശ്രയിച്ചാണ് നടത്തുന്നത്. ജൂൺ മുതൽ ആഗസ്ത് വരെയുള്ള കാലവർഷവും സെപ്തംബർ മുതൽ നവംബർ വരെയുള്ള തുലാവർഷവും ആശ്രയിച്ചാണ് കൃഷി നടത്തിവരുന്നത്. കുംഭത്തിൽ ഇടമഴ ലഭിക്കാറുണ്ടായിരുന്നു. ഇപ്പോൾ കുറെ വർഷങ്ങളായി ഇടമഴ ലഭിക്കാറില്ല. കുംഭത്തിൽ മഴപെയ്താൽ കുപ്പയിലും ചോറ്, മീനത്തിൽ മഴപെയ്താൽ മീനും ഇരയില്ല എന്നൊരു പഴമൊഴിയുണ്ട്. വാർഷിക വർഷപാതം 3488 മി.മി. .ആണ്.

കുപ്പം പുഴയിൽ പതിക്കുന്ന പ്രധാനപ്പെട്ട എട്ട് തോടുകളും കുറ്റിക്കോൽ പുഴയിൽ പതിക്കുന്ന 5 തോടുകളും കൂടാതെ കൈത്തോടുകളും ചെറുതോടുകളും ഉണ്ട്.

പട്ടിക 4 തോടിന്റെ പേർ

1. ഇടത്തോട്	ചെറുതോടും കൈതോടും
2. പളളിത്തോട്	1. കണ്ണാമ്പട്ടിത്തോട്
3. എടമുട്ട്തോട്	2. മണക്കിൽതോട്
4. പോത്തടമഞ്ച ക്കണ്ടിത്തോട്	3. കപ്പച്ചേരിതോട്
5. കിഴക്കേചാൽ കുഞ്ഞിത്തോട്	4. അധികാരിത്തോട്
6. കുളവയൽ മാണുക്കരത്തോട്	5. മേലേവയൽതോട്
7. മാണിയാട്ട് മുട്ടുകണ്ടിത്തോട്	6. ശേരില്ലാതാഴെതോട്
8. കരിക്കാച്ചിറത്തോട്ട്	7. പറപ്പുൽതോട്
9. പാറാത്തോട്	8. ചെറുകുളക്കാട്തോട്
10. തച്ചൻതോട്	9. പേത്തടം തോട്
11. ചരൽതോട്	10. കുളക്കാട് മുറിയാത്തോട്
12. പരണൂൽത്തോട്	11. താഫീക്കാൽതോട്
13. കയ്യാവലിയതോട്	12. കോടേശ്വരം തോട്
	13. പടാച്ചാൽ തോട്.

ജലസേചനത്തിനായി പഞ്ചായത്തിൽ ഏഴ് ക്രോസ്ബാറുകളും നാല് കുളവും ആണ് ഉളളത്. ക്രോസ് ബാറുകൾ ഉപ്പുവെളളം കയറുന്നത് തടയുകയും ശുദ്ധ ജലം തടഞ്ഞുനിർത്തുകയും ചെയ്യുന്നു. യഥാസമയം പലകയിടാത്തതിനാൽ ഉപ്പുവെളളം കയറി കൃഷി നശിക്കുന്നു.

ജലസേചന സംവിധാനങ്ങൾ

1. കുളവയൽ തോടിന് ക്രോസ്ബാർ-3ക്രോസ്ബാർ
2. കരിക്കാച്ചിറ തോട്ടിനുളള ക്രോസ്ബാറും കനാലും
3. എടമുട്ടിൽ ഉളള ക്രോസ്ബാർ
4. മുട്ടുകണ്ടി ക്രോസ്ബാർ
5. തച്ചൻതോടിന് പണിതുകൊണ്ടിരിക്കുന്ന ക്രോസ് ബാർ
6. പാണിച്ചാൽ തോടിന് ക്രോസ്ബാർ
7. കരിക്കാച്ചിറ
8. മുതുകുടപൊതുകുളം
9. കയ്യത്ത് പഞ്ചായത്ത് ചിറ
10 പത്മപുഷ്കരണി കുളം, പറപ്പുൽ

മൂന്ന്ഭാഗവും പുഴയാൽ ചുറ്റപ്പെട്ടു കിടക്കുന്നതുകൊണ്ട് തീര സമതലങ്ങളിൽ ഉപ്പുവെളളം കയറുന്നു. തുലാവർഷത്തിൽ കൃഷിക്കാർ ചിറ(ബണ്ട്)കിളച്ച് ചെളി കൊണ്ട് പൊതിഞ്ഞ് ഉപ്പുവെളളം കയറുന്നത് തടഞ്ഞിരുന്നു. ഇന്ന് കൃഷിക്കാരുടെ കൃഷിയോടുളള താല്പര്യക്കുറവും സഹകരണമില്ലായ്മയും മൂലം ബണ്ട് പ്രവർത്തനം നടക്കുന്നില്ല. അതുകൊണ്ട് തന്നെ കൃഷി നശിക്കുന്നു.

ബണ്ടിന്റെ പേരുകൾ

1. വെളളിക്കീൽ പഞ്ചളായി ബണ്ട്

2. വെളളിക്കീൽ കണ്ണിമംഗലം ബണ്ട്
3. പോത്തട മുട്ടുകണ്ടി ബണ്ട്
4. ഇടനംഗംലം ബണ്ട്, മുളളുൽ
5. ഈറ്റിശ്ശേരി കൈബണ്ട്, മുളളുൽ
6. മഞ്ചക്കണ്ടി ബണ്ട്.

കുന്നിൻചെരിവുകളിൽ മരങ്ങളും കാടുകളും വളർന്നുനിൽക്കുന്നതിനാൽ പ്രകൃത്യാതന്നെ മണ്ണ് സംരക്ഷണം നടന്നിരുന്നു. "മോഡോൻ" കൃഷിയിടങ്ങളിൽ ചെറുവരമ്പുകൾ ഇട്ടും കളകൾ പറിച്ച് വരമ്പിൽ നിക്ഷേപിച്ചും മണ്ണൊലിപ്പ് തടഞ്ഞിരുനു. ഇന്ന് കാണുന്ന തട്ടുകൾ രൂപംകണ്ടത് അങ്ങനെയാണ്.

കുന്നിൻചെരിവുകളിലെ റോഡുകളുടെ ഓടകൾ മഴവെളളത്തിൽ കുത്തിയൊലിക്കുകയും കൃഷിസ്ഥലത്ത് മണ്ണ് വീണ് വയലുകൾ നികന്നുവരികയും ചെയ്യുന്നു. കുന്നുകൾ ഇടിയുകയും ചെയ്യുന്നു. കൂത്താട്, അരിയിൽ, മുതുകുട കിഴക്ക്, മംഗലശ്ശേരി എന്നീ സ്ഥലങ്ങളിൽ കുന്നിടിഞ്ഞ് വർദ്ധിച്ചതോതിൽ മണ്ണൊലിപ്പ് ഉണ്ടാകുന്നുണ്ട്.

കൃഷിഭവനിലൂടെ വിത്തുകളും നടീൽവസ്തുക്കളും വിതരണം നടത്തുന്നുണ്ട്. വിത്തുകളും നടീൽ വസ്തുക്കളും യഥാസമയം ലഭ്യമാക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കണം. വേണ്ടത്ര നടീൽ വസ്തുക്കളും വിത്തുകളും ലഭിക്കുന്നില്ല. സ്വകാര്യ നേഴ്സറികളിലും ഗവ:നേഴ്സറികളിലും നടീൽ വസ്തുക്കൾ വിതരണം നടത്തുന്നുണ്ട്. കൃഷിവകുപ്പ് മുഖേനയും റൂറൽ ഡവല്പ്മെൻറ് മുഖേനയുമാണ് നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നത്.

പട്ടിക 6 നടീൽവസ്തു വിതരണം

ഇനം	എണ്ണം		
	1993-94	1994-95	1995-96
തെങ്ങ്	565	600	265
കശുമാവ്	-	-	-
കുരുമുളക്	2,000	4,000	7,000
കവുങ്ങ്	-	-	-
മാവ്	150	50	-
മറ്റുളളവ	100	100	100

ആറ് പാടശേഖര കമ്മിറ്റികൾ പഞ്ചായത്തിൽ നിലവിലുണ്ട്. വാർഡ് തല കേരസമിതികൾ ഉണ്ടായിരുന്നു. പഞ്ചായത്ത് തല കേരസമിതി നിലവിൽവന്നതിനാൽ വാർഡ് സമിതി പ്രവർത്തിക്കുന്നില്ല. പഞ്ചായത്ത് കേര സമിതി പ്രവർത്തനം ഇല്ലെന്ന് തന്നെ പറയാം. നാല് പാടശേഖര സമിതികളിൽ അഞ്ച് ടില്ലറുകൾ പ്രവർത്തിക്കുന്നു.

പട്ടിക 7 പാടശേഖര സമിതികൾ

1.	കിഴക്കേച്ചാൽ	പാടശേഖര സമിതി
2.	കുന്നരു	,,
3.	മുതുകുടപടിഞ്ഞാറെഭാഗം	,,
4.	മുതുകുടകിഴക്കെഭാഗം - മംഗലശ്ശേരി	,,
5.	മുളളൂൽ- കൂത്താട്	,,
6.	കയ്യം	,,

പ്രശ്നങ്ങൾ

1. മണ്ണിൻെറ ഫലപുഷ്ടി കുറഞ്ഞുവരുന്നു
2. ഉപ്പുവെളളം കയറി കൃഷി നശിക്കുന്നു.
3. ജലസേചന സൗകര്യം ഇല്ലാത്തതിനാൽ രണ്ടാംവിള ഉണങ്ങുന്നു
4. മണ്ണിൻെറ വ്യാപകമായ പുളിരസം
5. കീടബാധ വ്യാപകമായി ഉണ്ടാകുന്നു.
6. കർഷകത്തൊഴിലാളികളെ യഥാസമയം കിട്ടുന്നില്ല
7. ഉല്പന്ന സംസ്കരണത്തിനുളള സൗകര്യം ഇല്ല
8. ജൈവവളങ്ങൾ ആവശ്യത്തിന് ലഭിക്കുന്നില്ല
9. പലസ്ഥലങ്ങളിലും പാടങ്ങളിൽ നീർക്കെട്ടുണ്ട്
10. പാടങ്ങൾ നികത്തി തോട്ടങ്ങളും വീടുകളും പണിയുന്നു. ഇത് പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
11. പാടങ്ങൾ തരിശിടാനുളള പ്രവണത വളർന്നുവരുന്നു.
12. ഉല്പന്നങ്ങൾക്ക് വിലക്കുറവ് - നെൽകൃഷി നഷ്ടത്തിലാക്കുന്നു.
13. കൃഷിഭവനിൽനിന്ന് വേണ്ടത്ര സഹായം ലഭിക്കുന്നില്ല.
14. നിലം ഉഴുവാനും കീടനാശിനി തളിക്കാനും യന്ത്രോപകരണങ്ങൾ വേണ്ടത്രയില്ല
15. മണ്ണെടുക്കുന്നത് മൂലവും റോഡുവെട്ടുന്നത്മൂലവും മണ്ണൊലിപ്പുണ്ടാകുന്നു.
16. വിള ഇൻഷുറൻസ് ആനുകൂല്യം കീടബാധമൂലം നശിക്കുന്ന വിളകൾക്ക് ലഭിക്കുന്നില്ല.
17. ഉല്പന്നങ്ങൾ വിൽക്കാനുളള മാർകറ്റിംഗ് സൗകര്യം ഇല്ല
18. വായ്പ ലഭിക്കാനുളള സൗകര്യക്കുറവ്
19. നല്ല നടീൽ വസ്തുക്കൾ വേണ്ടത്ര ലഭിക്കുന്നില്ല
20. പരമ്പരാഗത വിത്തുകൾ നാശോന്മുഖമാകുന്നു.
21. ഭൂമിയുടെ തുണ്ടവൽകരണം കൃഷിപ്പണി ചെയ്യാൻ പ്രയാസം നേരിടുന്നു.

22. ആധുനിക കൃഷിയേയും കൃഷി സമ്പ്രദായ ത്തേയും പറ്റി കൃഷിക്കാർക്ക് ബോധമില്ല.

സാധ്യതകൾ

1. ഉപ്പുവെള്ളം കയറുന്നത് തടഞ്ഞുനിർത്താൻ സ്ഥിരം ബണ്ട് ഉണ്ടാക്കുകയും നിലവിലുള്ള ബണ്ട് സംരക്ഷിക്കാൻ കൂട്ടായ്മ പ്രോത്സാഹിപ്പിക്കുകയും 'വേണം
2. നിലവിലുള്ള തോടുകൾക്ക് ചെക്ക്ഡാംകെട്ടിയും, പഴയ കുളങ്ങൾ നന്നാക്കിയും ജലസേചന സൗകര്യം ഉണ്ടാക്കണം.
3. പുതിയ കിണറുകളും കുളങ്ങളും കുഴിപ്പിക്കണം
4. പച്ചിലവളകൃഷി പ്രോത്സാഹിപ്പിക്കണം
5. കുമ്മായം വ്യാപകമായി വിതരണം ചെയ്യണം
6. ശാസ്ത്രീയമായ കീടനാശിനി ഉപയോഗത്തെ പറ്റികൃഷിക്കാരെ ബോധവാന്മാരാക്കുക.
7. ഏകീകൃത സേവന വേതന വ്യവസ്ഥ നടപ്പാക്കുക
8. ഉല്പന്ന സംസ്കരണത്തിനുള്ള സൗകര്യം ഉണ്ടാക്കുക.
9. തോടുകളുടെ ആഴവും വീതിയും കൂട്ടുക
10. മണ്ണ് പരിശോധനക്കുള്ള സൗകര്യം ഉണ്ടാക്കുക.
11. ശാസ്ത്രീയമായ രാസവളപ്രയോഗം നടപ്പിലാക്കുക
12. ജൈവവളങ്ങൾ പ്രോത്സാഹിപ്പിക്കുക.
13. പാടങ്ങൾ നികത്തുന്നതിനെതിരെ നിയന്ത്രണം കൊണ്ടുവരിക.സാമൂഹ്യസമ്മർദ്ധമുയർത്തി ക്കൊണ്ടുവരിക
14. തരിശിടുന്നതിനെ നിരുത്സാഹപ്പെടുത്തുക.
15. മണ്ണിൽ പണിയെടുക്കുന്നവനു സമൂഹത്തിൽ മാന്യതയും ഭാവിഭദ്രതയും ഉണ്ടെന്ന് ഉറപ്പു വരുത്തുക.
16. തീരപ്രദേശമടക്കമുള്ള പ്രദേശങ്ങളിൽ മണ്ണൊലിപ്പ് ഫലപ്രദമായി തടയുക.
17. എല്ലാ കീടരോഗബാധകൾക്ക് എതിരായും പ്രകൃതി ക്ഷോഭം മൂലമുള്ള നാശത്തിനും വിള ഇൻഷൂറൻസ് ഏർപ്പെടുത്തുക,
18. പാടശേഖരസമിതികൾ ഉണ്ടാക്കാൻ പ്രോത്സാഹി പ്പിക്കുകയും കൂടുതൽ ടില്ലറുകൾ ലഭ്യമാക്കുകയും ചെയ്യുക
19. കാർഷിക മേഖലയിൽ യന്ത്രവല്കരണം വിപുലമാക്കുക
20. കാർഷിക ഉല്പന്നങ്ങൾക്ക് വില കിട്ടാനുള്ള സംവിധാനമുണ്ടാക്കുക.
21. കൃഷിഭവന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക
22. നല്ല നടീൽ വസ്തുക്കളുടെ നഴ്സറികൾ ആരംഭിക്കുക.
23. പച്ചക്കറിക്കൃഷി വ്യാപകമാക്കണം. കൃഷിക്കാരിൽനിന്ന് പച്ചക്കറി സംഭരിക്കാനുള്ള ആവശ്യമായ സംവിധാനം ഉണ്ടാക്കണം
24. പരമ്പരാഗത വിത്തുകൾ സംരക്ഷിക്കണം.
25. ജൈവവൈവിദ്ധ്യം നിലനിർത്തുക
26. ഔഷധക്കൃഷിയും കുൺകൃഷിയും പുഷ്പകൃഷിയും പ്രോത്സാഹിപ്പിക്കുക.
27. കർഷകന് ക്ഷേമനിധിയും പെൻഷനും ഏർപ്പെടു ത്തുക.
28. പട്ടുനൂൽ വളർത്തൽ പ്രോത്സാഹിപ്പിക്കണം.
29. കൃഷിക്കാവശ്യമായ വൈദ്യുതി സൗജന്യമായി ലഭ്യമാക്കുക.
30. പാടശേഖരങ്ങളിലേക്ക് ഗതാഗത സൗകര്യ മുണ്ടാക്കുക.
31. ഉല്പാദന ബോണസ് വർദ്ധിപ്പിക്കുക.
32. വായ്പാസൗകര്യം കൂടുതൽ ഉദാരവൽകരിക്കുക.
33. രാസവളങ്ങളും ജൈവവളങ്ങളും സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.
34. റൈസോബിയം കൾച്ചർ വിതരണം ചെയ്യുക.
35. വ്യാപകമായ ബോധവൽകരണം നൽകുക.
36. അടുക്കളത്തോട്ടവും പുരയിടക്കൃഷിയും പ്രോത്സാഹിപ്പിക്കുക.
37. നീർമറിയടിസ്ഥാനത്തിൽ പദ്ധതികളാവിഷ്കരിക്കുക
38. എലി തുടങ്ങിയ ക്ഷുദ്ര ജീവികളെ നശിപ്പിക്കുന്ന തിന് പദ്ധതിയാവിഷ്കരിക്കുക.

മൃഗസംരക്ഷണം, മത്സ്യബന്ധനം



പട്ടുവം കാർഷിക ഗ്രാമമായതുകൊണ്ടു തന്നെ വിസ്തൃതമായ നെൽവയലുകളുടെ നാടാണ്. അതു കൊണ്ടു തന്നെ കന്നുകാലി വളർത്തൽ പണ്ടുമുതൽക്കേ സജീവമായിരുന്നു. ഓരോ കൃഷിക്കാരന്റെ വീട്ടിലും ഒന്നോ രണ്ടോ ജോഡി കാലികളും കുറെ പശുക്കളും കന്നുകുട്ടികളും ഉണ്ടാവും. ജൈവവളം കൃഷിക്ക് ഉപയോഗിക്കുന്ന കാലം ചാണകം കൃഷിക്ക് അത്യാവശ്യമായിരുന്നു. അതുകൊണ്ടതന്നെ കന്നുകാലി വളർത്തൽ പട്ടുവത്ത് സജീവമായി നിന്നിരുന്നു.

വൻകിട ഭൂവുടമകൾക്കും കൃഷിക്കാർക്കും ധാരാളം കന്നുകാലികൾ ഉണ്ടാവും. പാലും പാൽ ഉല്പന്നങ്ങളും സമ്പന്നരുടെ അടുത്ത് മാത്രമായിരുന്നു. നൂറുക്കണക്കിന് കാലികളുള്ള വീടുകളിൽ കാലിക്കാരൻ ഉണ്ട്. വലിയ ആലകൾ, ചാണകക്കുഴികൾ എന്നിവ സമ്പന്നരുടെ വീടുകളിൽ കാണാൻ കഴിയുമായിരുന്നു. കന്നുകാലികൾ കൂടുതലാണെങ്കിലും പാൽ ഉല്പാദനം കുറവായിരുന്നു. പാലിനോടൊപ്പം വളവും എന്നായിരുന്നു കൃഷിക്കാരൻ കണക്കാക്കിയിരുന്നത്.

മൊടോൻ പാലക്കുന്നു മുതൽ തളിപ്പറമ്പ് ടൗൺ വരെ ഉള്ള ഉയർന്ന കുന്നിൻ പ്രദേശങ്ങൾ മേച്ചിൽ സ്ഥലമായിരുന്നു. കൊയ്ത്തിനു ശേഷം വിശാലമായ വയലും ലഭ്യമാണ്. രാവിലെ തുറന്നുവിട്ടാൽ വൈകു ന്നേരം കന്നുകാലികൾ തിരിച്ചുവരും. രാത്രിയിൽ അല്പം വൈക്കോൽ കൊടുക്കും. കറവപ്പശുക്കളേയും പുട്ടു കാളകളേയും നല്ല നിലയിൽ പരിപാലിച്ചിരുന്നു. തവിടും വെള്ളവുമാണ് പ്രധാനമായും കൊടുത്തുവന്നിരുന്നത്. പഴയകാലത്ത് കന്നുകുട്ടികളെ പോറ്റാൻ കൊടുക്കുന്ന പതിവുണ്ട്. ആദ്യത്തെ കറവയും കന്നുകുട്ടിയും പോറ്റുകാരന് രണ്ടാമത്തെ പ്രസവത്തിൽ പശുവിനേയും കന്നുകുട്ടിയേയും ഉടമസ്ഥനും തിരിച്ചു നല്കുന്നു.

കർഷകത്തൊഴിലാളികളുടെ വീട്ടിൽ പാൽ ഉപയോഗിക്കൽ ഇല്ലെന്ന് തന്നെ പറയാം. എന്നാൽ കന്നുകാലി വളർത്തുന്നവരുടെ വീടുകളിൽ ധാരാളം മോർ ലഭിക്കുമായിരുന്നു. മോര് വാങ്ങാൻ കൊണ്ടുപോകുന്ന പാത്രത്തിൽ ഒരുപിടി അരികൊണ്ടുപോകുന്ന പതിവുണ്ട്. മോരിനും പാലിനും പാത്രം കൊണ്ടുപോകണമെന്ന് നിർബന്ധമാണ്. അതായത് കാലിക്കാരന്റെ വീട്ടിലെ പാത്രങ്ങളിൽ മോരും പാലും കൊടുക്കാറില്ല.

ഭൂപരിഷ്കരണ നിയമങ്ങൾ ഭൂവിനിയോഗം വർദ്ധിപ്പിച്ചു. തരിശുഭൂമികൾ കശുമാവിൻ തോട്ടങ്ങളും പുരയിടങ്ങളുമായി. മേച്ചിൽസ്ഥലങ്ങൾ ഇല്ലാതായി. കന്നുകാലികളുടെ എണ്ണം കുറഞ്ഞു. സങ്കരയിനം വന്നു.

പട്ടിക 1

പഞ്ചായത്തിലെ കന്നുകാലികണക്ക്

പഞ്ചായത്തിന്റെ പേര്	കന്നുകാലികൾ						എരുമകൾ			പെൺമരിയാട്	ആടുകൾ			പന്നി	നായ	കോഴി		താറാവ്	
	സങ്കരയിനം			നാടൻ ഇനം															
	കാളകൾ	പശുക്കൾ	പ്രായപൂർത്തിയാകാത്തവ	കാളകൾ	പശുക്കൾ	പ്രായപൂർത്തിയാകാത്തവ					ആൺ	പെൺ	കുഞ്ഞ്			നാടൻ	സങ്കരം		
പട്ടുവം	35	279	155	295	1380	819	11	8	5	3	25	86	111	7	189	4587	639	52	

പാൽ ഉല്പാദനം വർദ്ധിച്ചു. വില്പന വർദ്ധിച്ചു. ഉപയോഗം വർദ്ധിച്ചു. എന്നാൽ മോരിന്റെയും നെയ്യിന്റെയും ഉല്പാദനം കുറഞ്ഞു.

കന്നുകാലികളെ വളർത്തൽ ഇന്ന് പ്രയാസമേറിയതാണ്. പുല്ലിന്റെ ദൗർലഭ്യം, വൈക്കോലിന്റെ വിലക്കൂടുതൽ, മേച്ചിൽ സ്ഥലങ്ങളുടെ അഭാവം, കാലിത്തീറ്റകളുടെ വിലവർദ്ധനവ്, പാൽ വിൽക്കാനുള്ള വിഷമത, സാംസ്കാരിക വ്യതിയാനം കന്നുവളർത്തിലിനോട് ആഭിമുഖ്യം കുറയാൻ ഇടവരുത്തി. പട്ടുവം പഞ്ചായത്തിൽ കന്നുകാലി വളർത്തലുമായി ബന്ധപ്പെട്ട താഴെ പറയുന്ന പട്ടിക-1 പരിശോധിച്ചാൽ ഈ കാര്യം വ്യക്തമാവും. നാടൻ പശുക്കൾ രോഗപ്രതിരോധശേഷി ഉള്ളവയായി കാണുന്നു. അന്നുകാണുന്ന പ്രധാന രോഗം കുളമ്പ് പനിയാണ്. കുളമ്പിൽ പുഴുവരാതിരിക്കാൻ ജാതിക്കാ(ജാതിമരത്തിന്റെ കാതൽ കൊത്തിയെടുത്ത് മൺകുടത്തിൽഇട്ട് തീ ഇട്ട് ഊറ്റിയെടുക്കുന്ന എണ്ണ) ഉപയോഗിച്ചിരുന്നു.

പശുക്കൾ പ്രസവിച്ചാൽ പാരോത്തിന് ഇല കൊടുക്കാറുണ്ട്. നെല്ല് പുഴുക്കിയും കൊടുക്കാറുണ്ട്. മറുപിള്ള വീഴാൻ ഇത് നല്ലതാണെന്ന വിശ്വാസം ഉണ്ട്.

പണ്ടുകാലത്ത് എല്ലാ വീടുകളിലും ഒന്നോ രണ്ടോ കോഴികൾ ഉണ്ടാകും. അന്ന് കോഴികളെ വിരിയിച്ച് വിൽക്കാറാണു പതിവ്. കോഴിമുട്ടകൾ ദരിദ്രർക്ക് ഉപയോഗിക്കാൻ സാധിക്കാറില്ല. കടയിൽവിറ്റ് പകരം സാധനങ്ങൾ വാങ്ങുകയാണ് പതിവ്. അന്ന് കോഴിക്കുള്ള പ്രധാനരോഗം കോഴിവസന്തയാണ്. കോഴികളെ വളർത്തുന്ന വീടുകൾ ഇന്ന് കുറഞ്ഞുവരുന്നു. മുട്ടയും ഇറച്ചിയും മാർക്കറ്റുകളിൽനിന്ന് ഗ്രാമങ്ങളിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. മുട്ടയുടേയും ഇറച്ചിയുടേയും ഉപയോഗം വർദ്ധിച്ചു.

ആടുവളർത്തൽ പാവപ്പെട്ട മുസ്ലിം വീടുകളിലെ പ്രധാന ജോലി ആയിരുന്നു. ആടിനെ അഴിച്ചുവിട്ടാണ് വളർത്തിയിരുന്നത്. ഇന്ന് കെട്ടിയിട്ട് വളർത്തണമെന്ന് വന്നു. ആടുവളർത്തൽ അപൂർവമായി.

അവലംബം 1991ലെ കന്നുകാലി സെൻസസ്

പട്ടുവം പഞ്ചായത്തിൽ പാൽ സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്. പറപ്പുൽ, വെള്ളിക്കൈ, കയ്യം, അരിയിൽ, മുള്ളൂൽ എന്നീ പ്രദേശങ്ങളിൽ വില്പന സൗകര്യം ഇല്ലാത്തതിനാൽ തളിപറമ്പ് പാൽ സൊസൈറ്റിയിലാണ് വിൽക്കുന്നത്. കോഴി വളർത്തലിന് ഏഴ് യൂനിറ്റ്

പട്ടിക 2

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തു മൃഗം	ആകെ എണ്ണം	കൃത്രിമബീജ സങ്കലനം നടത്തിയത്	ഗർഭധാരണത്തിന് രണ്ടിലധികം ബീജങ്ങൾ സങ്കലനം നടത്തിയത്.
പശു	265	262	3
കിടാരി	110	107	3
എരുമ	-	-	-

പ്രവർത്തിക്കുന്നുണ്ട്. ഇറച്ചിക്കോഴികൾക്ക് മാർക്കറ്റിംഗ് സൗകര്യം ഇല്ലാത്തതിനാൽ കോഴിവളർത്തലിൽ പ്രയാസമനുഭവപ്പെടുന്നു.

1990 ഏപ്രിൽ മുതൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ഒരു ഊർജ്ജിത കന്നുകാലി വികസന കേന്ദ്രം പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രാഥമിക ചികിത്സക്കുള്ള മരുന്നുകൾ പോകട്ടെ, വിരമരുന്നുപോലും ലഭ്യമല്ല. വർഗ്ഗഗുണം കുറഞ്ഞ ബീജമാണ് കൃത്രിമ ബീജാധാനത്തിന് ഉപയോഗിക്കുന്നത് എന്ന പരാതിയുണ്ട്. കന്നുകാലികൾക്ക് രോഗം പിടിപെട്ടാൽ എട്ട് കിലോമീറ്റർ അകലെയുള്ള മൃഗാശുപത്രിയെ സമീപിക്കേണ്ടി വരുന്നതുകൊണ്ട് ചികിത്സ ചെലവേറിയതാകുന്നു.

സങ്കരയിനം കന്നുകാലികളെ വളർത്തുന്നതിന് വിവിധ പ്രശ്നങ്ങളുള്ളതിനാൽ കാർഷിക പ്രദേശമായ പട്ടുവം പഞ്ചായത്തിൽ സങ്കരയിനം വളർത്തുന്നതിൽ, ജനങ്ങൾ വളരെ പിറകോട്ടാണെന്ന് താഴെകൊടുത്ത പട്ടികയിൽനിന്ന് വ്യക്തമാവും.

മൃഗ സംരക്ഷണ മേഖല ഇന്ന് ഒരു പ്രതിസന്ധി നേരിടുകയാണ്. സമഗ്രമായ പ്രജനന നയം

ആവിഷ്കരിക്കണം.

സമഗ്ര പേവിഷ നിർമ്മാർജ്ജന പദ്ധതി കടലാസിൽ ഒതുങ്ങുകയാണ് ഉണ്ടായത്. അലഞ്ഞു തിരിയുന്ന പട്ടികളും കുറുക്കന്മാരും ജനങ്ങളുടേയും വളർത്തു മൃഗങ്ങളുടേയും ജീവന് ഭീഷണിയായിത്തീർന്നിട്ടുണ്ട്.

പഞ്ചായത്തിൽ അഞ്ച് ഗോബർഗ്യാസ് പ്ലാൻറുകൾ ഉണ്ടെങ്കിലും മൂന്നെണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.

പ്രശ്നങ്ങൾ

1. കാലിത്തീറ്റ വിലവർദ്ധനവ്
2. വൈക്കോലിൻെറയും പച്ചപ്പുല്ലിൻെറയും ക്ഷാമം.
3. മൃഗാശുപത്രിയില്ല
4. പാലിൻെറ വിപണനത്തിനുള്ള പ്രയാസം
5. സങ്കരയിനം പശുക്കളുടെ അഭാവം
6. സബ് സെൻററിൽ "ഇടക്കണ്ണ"യില്ല
7. വർഗ്ഗഗുണം കുറഞ്ഞ ബീജമാണ് കുത്തിവെക്കുന്നത്
8. സബ്സെൻററുകളിൽ മരുന്നുകൾ ലഭ്യമല്ല
9. സബ്സിഡി നിരക്കിൽ പശു, ആട്, കോഴി എന്നിവ വിതരണം ചെയ്യുന്ന യാതൊരു പദ്ധതിയും നിലവിലില്ല.
10. പാലിൻെറ വില ആദായകരമല്ല.
11. കൃത്രിമ ബീജസങ്കലനം ചെലവേറിയതായിരിക്കുന്നു.
12. ആടുവളർത്തൽ കുറഞ്ഞുവരുന്നു.
13. പേപ്പട്ടി ശല്യം, കുറുക്കൻെറ ശല്യം

സാധ്യതകൾ

1. കുറഞ്ഞവിലക്ക് കാലിത്തീറ്റയും വൈക്കോലും ലഭിക്കുന്നതിൽ പഞ്ചായത്ത് തലത്തിൽ സംവിധാനം വേണം
2. പാലിന് പരമാവധി വില ലഭിക്കുന്നതിന് മിൽക്ക് സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.
3. പഞ്ചായത്തിൽ മൃഗാശുപത്രി സ്ഥാപിക്കുകയും മരുന്ന് ലഭ്യമാക്കുകയും വേണം.
4. കന്നുകാലികൾക്ക് സമഗ്ര ഇൻഷൂറൻസ് പദ്ധതി നടപ്പാക്കുക.
5. കന്നുകുട്ടികൾക്ക് സബ്സിഡിനിരക്കിൽ തീറ്റ നല്കുന്ന പദ്ധതി പഞ്ചായത്തിൽ മുഴുവൻ വിപുലീകരിക്കുക.
6. ക്ഷീരകർഷകന് പെൻഷനും ക്ഷേമനിധിയും നടപ്പാക്കുക.
7. കാലിത്തൊഴുത്ത് നിർമ്മാണത്തിന് ധനസഹായം നല്കുക
8. കൃത്രീമ ബീജസങ്കലനം സൗജന്യമാക്കണം
9. മോഡേൺ ഡയറി നടത്തുന്നതിനാവശ്യമായ ധനസഹായം ലഭിക്കണം.
10. ധാതുമിശ്രിതം, മീനെണ്ണ എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം.
11. പന്നി വളർത്തൽ പ്രോത്സാഹിപ്പിക്കണം.
12. കാലിത്തീറ്റ പ്രാദേശികമായി ഉണ്ടാക്കുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാക്കണം.
13. വളർത്തുനായ്ക്കൾക്ക് നിർബന്ധമായും ലൈസൻസ് ഏർപ്പെടുത്തുകയും പ്രതിരോധ കുത്തിവെയ്പ്പ് നടത്തുകയും വേണം.
14. മുയൽ വളർത്തുന്നതിന് ആവശ്യമായ സഹായം അനുവദിക്കണം.
15. കോഴിവളർത്തലിനും കന്നുകാലി വളർത്തലിനും ആവശ്യമായ പരിശാലനം നല്കണം.
16. കോഴിവളർത്തലുമായി ബന്ധപ്പെട്ട സഹകരണ സംഘത്തിൻെറ അപ്പെക്സ് ബോഡി രൂപീകരിക്കണം
17. എല്ലാ മണ്ഡലങ്ങളിലും പാൽ സംഭരണ കേന്ദ്രം സ്ഥാപിക്കണം.
18. നല്ലയിനം തീറ്റപ്പുൽ വിത്ത് വിതരണം ചെയ്യണം
19. ആടു കൃഷി പ്രോത്സാഹിപ്പിക്കണം.

മത്സ്യബന്ധനം

പഞ്ചായത്തിന്റെ മുന്ന് ഭാഗം പുഴയാണ്. ഏകദേശം 12.കി.മി. പുഴയോരമുണ്ട്. വിപുലമായ കൈപ്പാട് പ്രദേശവുമുണ്ട്. കാലാകാലങ്ങളിൽ മത്സ്യബന്ധനത്തിനുവേണ്ടി ഈ പ്രദേശങ്ങളേയാണ് ആശ്രയിച്ചു വരുന്നത്. പഴയങ്ങാടിപ്പുഴയും, കുപ്പം പുഴ, കുറ്റിക്കോൽ പുഴ, വളപട്ടണം പുഴ എന്നിവ മത്സ്യബന്ധനത്തിന് ഉപയോഗിക്കാറുണ്ട്. പരമ്പരാഗതമായി മത്സ്യം പിടിക്കുന്നവർ പട്ടികജാതിയിൽപെട്ട വള്ളുവ സമുദായക്കാരും പുലയ സമുദായക്കാരുമാണ്. മുസ്ലിം സമുദായത്തിൽപെട്ട പാവപ്പെട്ട ചിലർ മത്സ്യം പിടിക്കൽ തൊഴിലാക്കിയിരുന്നു.

വള്ളുവ സമുദായക്കാർ ചെറുതോണിയും വലയും ഉപയോഗിക്കുന്നു. വലയുടെ കയറിൽ പച്ചോലകൾ കെട്ടി രണ്ടുപേർ തോണിയിൽ കയറുന്നു. ഓരാൾ തോണി തുഴയുന്നു, മറ്റേയാൾ വല 'ഇറക്കുന്നു'. വലയിറക്കിയതിനുശേഷം തോണിയുടെ ഇരുവശത്തും വടികൊണ്ട് കൊട്ടി ശബ്ദമുണ്ടാക്കുന്നു. മത്സ്യങ്ങളെ ഓടിച്ച് വലയിൽ കുടുക്കുക എന്നതാണ് ഇതുകൊണ്ട് സാധിക്കുന്നത്. കുറെ കഴിഞ്ഞാൽ വല വലിച്ചെടുത്ത് മത്സ്യം പിടിച്ചെടുക്കുന്നു. മത്സ്യം പിടിക്കാൻചൂണ്ടൽ(ഒറ്റൽ) ഉപയോഗിക്കുന്നു. കയറിൽ ചൂണ്ടൽ ഘടിപ്പിച്ച് ഇരകോർത്ത് മത്സ്യം പിടിക്കുന്നു. മറ്റു സമുദായക്കാരുടെ വീടുകളിൽ തെങ്ങോലയുടെ ഈർക്കിളിൽ കോർത്ത് വിറ്റിരുന്നു. പകരം അരിയും നെല്ലും മറ്റു സാധനങ്ങളും വാങ്ങുകയാണ് പതിവ്. നല്ല മത്സ്യം കിട്ടിയാൽ സമ്പന്നരുടെ വീടുകളിൽ കാഴ്ചദ്രവ്യമായും കൊണ്ടുക്കൊടുക്കാറുണ്ട്.

'ചെമ്മീൻ പിടിക്കുന്നതിൽ പുലയ സമുദായത്തിലെ സ്ത്രീകളാണ വിദഗ്ധകൾ. ആഴംകുറഞ്ഞ ചെളി പ്രദേശത്ത് നിന്ന് കൈകൾ കൊണ്ട് തപ്പിയാണ് ചെമ്മീൻ പിടിക്കുന്നത്. കഴുത്തറ്റം വെള്ളത്തിലിരുന്ന് തപ്പിക്കിട്ടുന്ന ചെമ്മീൻ വായിൽ കടിച്ചുപിടിച്ചിരിക്കുന്ന കുരിയയിൽ (പുല്ലുകൊണ്ടുണ്ടാക്കുന്ന കൊട്ട) നിക്ഷേപിക്കുന്നു. വേലിയേറ്റത്തിന് തിരിച്ചുവരുന്നു. കൈപ്പാട് പ്രദേശത്തെ തോടുകളിൽ മാട്(കൈപ്പാടിലെ മതോട്ടിൽ ആഴം കുറഞ്ഞ സ്ഥലം)പ്രദേശത്ത് വേലിയിറക്കത്തിൽ ചെളികൊണ്ട് വരമ്പ് നിർമ്മിച്ച് വെള്ളം കെട്ടിനിർത്തുന്നു. പെടൽ (ഈർക്കിലുകൾകൊണ്ട് മെടഞ്ഞുണ്ടാക്കുന്ന ഉപകരണം) ഉപയോഗിച്ച് ചെറിയ ചെമ്മീനുകളെ പിടിക്കുന്നു. ഈ സമ്പ്രദായത്തിന് "തെരക്കൽ" എന്നാണ് പറയുന്നത്. ഇങ്ങനെ കിട്ടുന്ന ചെമ്മീൻ നെല്ലിനും അരിക്കുവേണ്ടി വീടുകളിൽ എത്തിക്കുന്നു. എന്നാൽ ഇന്ന് വെയിലത്ത് ഇട്ട് ഉണക്കി വിൽക്കുകയാണ്.

ചേവ്(ഓട, മുള എന്നിവകൊണ്ട് ഉണ്ടാക്കുന്ന ഉപകരണം)കൊണ്ട് വേലിയേറ്റ സമയത്ത് പുഴയിലെ ആഴം കുറഞ്ഞ പ്രദേശവും കൈപ്പാടും ഉൾപ്പെടുത്തി വേലികെട്ടിയതുപോലെ തടവ് സൃഷ്ടിക്കുന്നു. അതുകൊണ്ട് തന്നെ ചില സ്ഥലത്ത് കൂടും ഉണ്ടാക്കുന്നു. വേലിയിറക്ക സമയത്ത് വെള്ളം ചേവിലൂടെ ഊർന്നിറങ്ങിപ്പോകും. മത്സ്യം കൂടിനകത്തും തടവിനകത്തുമുള്ള പുഴയോരത്തും തങ്ങിനിൽക്കും. ഇങ്ങനെ ശേഖരിച്ച മത്സ്യം നാട്ടിലും തളിപ്പറമ്പ് മാർക്കറ്റിലും വില്ക്കുന്നു. പുഴയോരത്ത് താമസിക്കുന്നവരുടെ പ്രധാന വരുമാന മാർഗ്ഗം മത്സ്യം പിടിക്കലാണ്.

ഇന്ന് എല്ലാ സമുദായങ്ങളിലുള്ളവരും മത്സ്യ പിടിക്കാറുണ്ട്. വിദ്യാഭ്യാസം ലഭിച്ച പുതിയ തലമുറ രംഗത്ത് നിന്ന്മാറി, വിവിധ ആളുകൾ ഈരംഗത്ത് വന്നു. പല പുതിയ രീതികളും ഉണ്ടായി. എന്നാലും ചെമ്മീൻ തപ്പിപ്പിടിക്കാനും പെടലുപയോഗിച്ച് "തെരച്ച്" പിടിക്കാനും പുലയ സമുദായ സ്ത്രീകൾക്കാണ് വൈദഗ്ധ്യം.

മത്സ്യം പിടിക്കാൻ സാധാരണയായി വിവിധയിനം വലകളും രീതികളും ഉപയോഗിച്ചുവരുന്നു.

1. ഒഴുക്കുവല(വേപ്പിടൽ)
2. വീത്വല
3. കോരുവല
4. കുത്തൂട്(മുളകൊണ്ടുണ്ടാക്കിയ ഉപകരണം)
5. തടവ്(ചേവ് ഉപയോഗിച്ച്)
6. വലിക്കുന്ന വല
7. അടക്കംകൊല്ലി വല(കുടുക്കുവല)
8. ചെമ്പല്ലിക്കൂട്
9. കൊത്തിപ്പിടിക്കൽ
10. തുളളിക്കൽ
11. പെടൽ(ഈർക്കിൽകൊണ്ട് മെടഞ്ഞത്)
12. ഞണ്ട് വല

ഇന്ന് നൈലോൺവലകൾ രംഗത്ത്വന്നു. വീത് വല ഉപയോഗിച്ച് ചെമ്മീൻ വേനൽകാലത്ത് വ്യാപകമായി പിടിക്കുന്നുണ്ട്. പണ്ട് ഞണ്ട് പാവപ്പെട്ടവന്റെ കറിയായി രുന്നു. അതിന് വിലകൊടുക്കേണ്ടതില്ല. ഇന്ന് ഞണ്ട് വിദേശ മാർക്കറ്റിലേക്ക് കയറ്റുമതി തുടങ്ങി. ഞണ്ടു പിടുത്തം വർദ്ധിച്ചു. നാട്ടുകാർക്ക് ഞണ്ട് കിട്ടാതായി.

കൈപ്പാട് പ്രദേശങ്ങളും മാട് പ്രദേശവും(കൈപ്പാടിൽ വേലിയിറക്കത്തിന് ഉയർന്നുകാണുന്ന കര) ചേർത്തു ബണ്ട് കെട്ടി ചെമ്മീൻ പിടിക്കുന്ന രീതിയുണ്ട്. മുതുകുട, മുളളൂൽ, അരിയിൽ, പരണൂൽ പ്രദേശങ്ങളിൽ ഇത്തരം ചെമ്മീൻ കണ്ടികളുണ്ട്. വേലിയേറ്റ സമയത്ത് മഞ്ച (കണ്ടിയിലേക്ക് പുഴയിലെ വെളളം കടത്തിവിടുന്ന വാതിൽ - ഷട്ടർ)യിലൂടെ വെളളം കടത്തിവിടുന്നു. സീസണിൽ ഈ വെളളം കയറാലിലൂടെ കടലിൽ നിന്നും വരുന്ന ചെമ്മീൻ കുഞ്ഞുങ്ങൾ കൈപ്പാട്ടിലെ തോടുകളിൽ എത്തുന്നു. നവംബർ മാസത്തിലെ വലിയ വേലിയേറ്റത്തിന് കടലിൽനിന്നും ചെമ്മീൻ കുഞ്ഞുങ്ങൾ വ്യാപകമായി കൈപ്പാടിലെ തോടുകളിൽ എത്തുന്നു. ഇവ അവിടെ വളരുന്നു. ഇതോടൊപ്പം വരുന്ന വലിയ ചെമ്മീനുകൾ പുഴയിൽതന്നെ തങ്ങുന്നു. അവയെ ചെമ്മീൻ വല ഉപയോഗിച്ച് മത്സ്യത്തൊഴിലാളികൾ പിടിക്കുന്നു.

ചെമ്മീൻ കണ്ടികളിൽ നിന്നും ഡിസംബർ-ഏപ്രീൽ മാസംവരെയാണ് ചെമ്മീൻ വലിയ തോതിൽ കിട്ടുന്നത്. നല്ല വേലിയിറക്കമുളള സന്ധ്യാസമയത്താണ് മഞ്ചയ്ക്ക് വലകെട്ടി വെളളം ഇറക്കുന്നത്. ഇറക്കത്തിന്റെ ശക്തി കൂടുമ്പോൾ ചെമ്മീനുകളും ഇറങ്ങിവരുന്നു. ഇതിനെ ആകർഷിക്കാൻ മഞ്ചയ്ക്ക് സമീപം ശരറാന്തൽ കെട്ടിത്തൂക്കുന്നു. വെളളം ഒഴുകിപ്പോകുമ്പോൾ ചെമ്മീനുകൾ വലയിൽ കുടുങ്ങിനിൽക്കുന്നു. മാസത്തിൽ 15-20 ദിവസം ഇതുപോലെ വെളളം ഇറക്കി ചെമ്മീൻ പിടിക്കുന്നു.

പുറമ്പോക്കിൽ പഞ്ചായത്തുവക ഒരു ചെമ്മീൻ കണ്ടിയുണ്ട്. പഞ്ചായത്തിന്റെ പ്രധാനമായ ധനാഗമ മാർഗ്ഗമാണ്. ഈ പഞ്ചായത്തിൽ ഇനിയും കൂടുതൽ ചെമ്മീൻ കണ്ടിയുണ്ടാക്കാൻ സാദ്ധ്യതയുണ്ട്.

പ്രധാനമായും ലഭിക്കുന്ന മത്സ്യങ്ങൾ താഴെ പറയുന്നവയാണ്.

1.പരൽ 2. ഇരുമീൻ(കരിമീൻ) 3. കൊറപ്പാൻ
4. പയത്തി 5. കടുമൻ 6. ഏട്ട 7. കച്ചായി
8. കടുവ 9. കൊയല 10. കല്ലകീരൻ'
11. തിരുത 12. ചെമ്പല്ലി 13. മാങ്ങാത്തോടി'
14. നംഗ് 15. മഞ്ഞച്ചൂടാച്ചി.

മേൽപറഞ്ഞവയ്ക്ക് പുറമേ അപൂർവം തിരണ്ടി മത്സ്യവും ലഭിക്കാറുണ്ട്. ചെമ്മീൻ, പ്രാധാനമായും ലഭിക്കുന്നത് താഴെ പറയുന്നവയാണ്.

1. കാര 2. വെളള 3. ചൂടൻ
4. കാലൻചെമ്മീൻ(നീണ്ടകാലുകൾ ഉളളത്)
5. മുട്ടച്ചെമ്മീൻ 6. പൊടിച്ചെമ്മീൻ

കാരയും വെളളയും കയറ്റി അയക്കപ്പെടുന്നു. എളമ്പക്കയും കൂർക്കയും(കക്ക)ചില വർഷങ്ങളിൽ വേനൽ കാലത്ത് ലഭിക്കാറുണ്ട്. ഒഴുക്ക് വല, അടക്കംകൊല്ലി വല എന്നിവയുടെ വ്യാപകമായ ഉപയോഗം മൂലം മത്സ്യക്കുഞ്ഞുങ്ങൾക്ക് നാശമുണ്ടാകുന്നു. പണ്ടുകാലത്തെപ്പോലെ വലിയ മത്സ്യങ്ങൾ ഇപ്പോൾ കിട്ടുന്നില്ല. പുഴയോര പ്രദേശത്ത് സ്വകാര്യ വ്യക്തികളുടെ വ്യാപകമായ ചെമ്മീൻ വളർത്തൽ പരിപാടി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം പിടിക്കാൻ സ്ഥലം ഇല്ലാതാക്കുന്നു. ഇത്തരം ചെമ്മീൻ വളർത്തു കേന്ദ്രങ്ങളിൽനിന്നും പുറത്തേക്ക് തളളുന്ന രാസവസ്തുക്കൾ അടങ്ങിയ മലിനജലം മറ്റുമത്സ്യങ്ങളെ നശിപ്പിക്കുന്നു.

നാടൻ കുളങ്ങളിലും തോടുകളിലും ബ്രാൽ വർഗ്ഗത്തിൽപെട്ട കയിച്ചലുകൾ ഉണ്ടായിരുന്നു. രാസകീടനാശനികളുടെ ഉപയോഗം മൂലം അതും കുറ്റിയറ്റുവരുന്നു. മുശു എന്നൊരിനവും ധാരാളം പഴയ കുളങ്ങളിലുണ്ട്. ഗ്രാമീണരിൽ വളരെ കുറച്ചുപേർ മാത്രമേ ഇവ ഉപയോഗിക്കുന്നുളളൂ.

മത്സ്യത്തിന് വർഷകാലത്ത് വ്രണങ്ങൾ കണ്ടുവരുന്നുണ്ട്. വെളളത്തിൽ ഒലിച്ചെത്തുന്ന രാസ പദാർത്ഥങ്ങളാണ് ഇതിന് കാരണമെന്ന് കരുതുന്നു. തളിപ്പറമ്പ് നഗരസഭയിൽനിന്നും പുറംതളളപ്പെടുന്ന മാലിന്യങ്ങൾ കുറ്റിക്കുൽ പുഴയിൽ പതിക്കുന്നുണ്ട്. അതും ഈ പ്രദേശത്തെ മത്സ്യസമ്പത്തിന്റെ നാശത്തിന് വഴി വെക്കുന്നു.

രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾ

നമ്പർ	എണ്ണം		ആകെ
	പു.	സ്ത്രീ	
1	160	25	185

ഇതിനു പുറമേ രജിസ്റ്റർ ചെയ്യാത്ത മത്സ്യത്തൊഴിലാളികളുമുണ്ട്. ശാസ്ത്രീയമായി ചെമ്മീൻ കൃഷി ചെയ്തിരുന്നത് നിർത്തിവെച്ചിരിക്കയാണ്.

പ്രശ്നങ്ങൾ

1. അടക്കംകൊല്ലി, ഒഴുക്കുവല മുതലായവ ഉപയോഗിക്കുന്നതുമൂലം മത്സ്യസമ്പത്ത് നശിക്കുന്നു.

2. മത്സ്യങ്ങൾക്ക് വ്രണങ്ങൾ കാണുന്നു. ഇത്തരം രോഗം മത്സ്യത്തിന്റെ നാശത്തിന് ഇടയാക്കുന്നു.

3. രാസകീടനാശിനികളുടെ അമിതമായ ഉപയോഗം മൂലം മത്സ്യ സമ്പത്ത് നശിക്കുന്നു.

4. പുഴയോരപ്രദേശങ്ങളിൽചെമ്മീൻ വളർത്തു കേന്ദ്രങ്ങൾ ഉണ്ടാക്കുക വഴി പരമ്പരാഗത മത്സ്യ ത്തൊഴിലാളികൾക്ക് മീൻ പിടിക്കാൻ ഇടം കുറയുന്നു.

5. ചെമ്മീൻ വളർത്തു കേന്ദ്രങ്ങളിൽനിന്നും പുറം തള്ളുന്ന മലിനജലം പുഴയിലെ മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നു.

6. മത്സ്യം സംഭരിച്ച് കേടുകൂടാതെ സൂക്ഷിക്കാൻ മതിയായ ഐസ് ലഭിക്കുന്നില്ല.

7. മത്സ്യമാർക്കറ്റില്ല.

8. മത്സ്യബന്ധനസ്ഥലങ്ങളിൽ ജെട്ടികളില്ല.

9. പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ജോലിയില്ലാതാവുന്നു.

10. പഞ്ചായത്തിലെ മത്സ്യസമ്പത്ത് പൂർണ്ണമായും ചൂഷണം ചെയ്യപ്പെട്ടിട്ടില്ല.

സാധ്യതകൾ

1. അടക്കംകൊല്ലിവല, ഒഴുകുവല ഇവ ഉപയോഗിച്ച് മത്സ്യം പിടിക്കുന്നത് പൂർണ്ണമായും തടയുക

2. പരമ്പരാഗത മത്സ്യബന്ധനം നടക്കുന്ന പുഴയോങ്ങളിലെങ്കിലും ചെമ്മീൻ വളർത്തുകേന്ദ്രങ്ങൾ നിരുത്സാഹപ്പെടുത്തുക

3. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ രൂപീകരിക്കുക

4. പുറമ്പോക്ക് ഭൂമി ഉപയോഗിച്ച് പഞ്ചായത്ത് ചെമ്മീൻകണ്ടി വിപുലപ്പെടുത്തുക. ഇത്തരം കണ്ടികളിൽ മത്സ്യത്തൊഴിലാളികൾക്ക് വർഷകാലത്ത് പ്രവേശം നൽകുക

5. വളളവും വലയും സൗജന്യമായി നൽകുക

6. പഞ്ചായത്തിൽ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുക

7. മത്സ്യസംസ്കരണത്തിന് ഐസ് പ്ലാന്റുകൾ സ്ഥാപിക്കുക

8. ചെമ്മീൻ അടിസ്ഥാനമാക്കി ചെറുകിട വ്യവസായം ആരംഭിക്കുക

9. ശാസ്ത്രീയമായ മത്സ്യക്കൃഷി പരിശീലനം നൽകുക

10. മത്സ്യ ഇനങ്ങളുടെ വംശനാശം വരാത്തവിധം കൃഷിക്കുളള കീടനാശിനി പ്രയോഗം ക്രമീകരിക്കുക

11. ശുദ്ധജലമത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കുക

12. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുളള വിദ്യാഭ്യാസ ഗ്രാൻറ് വർദ്ധിപ്പിക്കുക.

13. അലങ്കാര മത്സ്യക്കൃഷി യൂനിറ്റുകൾ സ്ഥാപിക്കുക

14. പഞ്ഞ മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ അനുവദിക്കുക

15. മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധിയും പെൻഷനും നൽകാനുളള സംവിധാനം വിപുലപ്പെടുത്തുക

16. മത്സ്യത്തൊഴിലാളികളിൽ – വീടില്ലാതവർക്ക് വീടും, ഉളളവർക്ക് അറ്റകുറ്റപ്പണികൾക്ക് സഹായവും നൽകുക.

വ്യവസായം

ഗ്രാമത്തിൽ തുടങ്ങണം രാഷ്ട്രനിർമ്മാണം, ഗ്രാമങ്ങൾ നന്നായാൽ രാഷ്ട്രം നന്നായി. ഇവിടെ വേണ്ടുവോളം വിഭവശേഷിയുണ്ട്. സാങ്കേതിക നൈപുണ്യമുള്ളവരുണ്ട്. പിന്നെ നാം എന്തിന് നിരാശരാവണം? ഇവിടെ നമുക്കുവേണ്ടത് മറ്റെല്ലാം മറന്നുകൊണ്ടുള്ള കൂട്ടായമയിലൂടെയുള്ള പ്രവർത്തനമാണ്. നമുക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ നമുക്ക് തന്നെ ഉല്പാദിപ്പിക്കാൻ കഴിഞ്ഞാൽ അന്യസ്ഥലങ്ങളിലെ ഉല്പന്നങ്ങളെ നമുക്ക് അമിതമായി ആശ്രയിക്കേണ്ടിവരില്ല. ബഹുരാഷ്ട്രകുത്തകകളേയും അവരുടെ ഉല്പന്നങ്ങളേയും നമുക്ക് ആശ്രയിക്കേണ്ടിവരില്ല. ഈയൊരു ചിന്താഗതി വളർത്തിയാൽ മാത്രമേ സ്വയം സംരംഭവ്യവസായ സ്ഥാപനങ്ങൾ തുടങ്ങാൻ കഴിയുകയുള്ളൂ. ഇതോടൊപ്പം നമ്മുടെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിൽ കണ്ടെത്തുവാനും ഒപ്പം നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ ഗണ്യമായ മാറ്റം വരുത്തുന്നതിനും സാധിക്കും. നമുക്ക് വേണ്ടത് നമ്മുടെ വ്യവസായ വികസന ആവശ്യങ്ങൾക്കും സ്വയം പര്യാപ്തതക്കും നമുക്ക് സുലഭമായി കിട്ടുന്ന അസംസ്കൃത പദാർത്ഥങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള വ്യവസായ സംരംഭങ്ങളാണ്.

വ്യവസായ രംഗത്ത് നമ്മുടെ പഞ്ചായതത്തിന് കാര്യമായ പുരോഗതിയൊന്നും ഇല്ലെന്നതന്നെ പറയാം.



ഈ സംസ്ഥാനത്തിന്റെ രൂപീകരണത്തിന്ശേഷം പട്ടുവത്തിന്റെ ചില ഭാഗങ്ങളിൽ പരമ്പരാഗത വ്യവസായമായ കൈത്തറിയിൽ സ്വകാര്യമേഖലയിലായി കുറച്ച് തൊഴിലാളികൾ പ്രവർത്തിച്ചിരുന്നുവെങ്കിലും കൈത്തറി പേരിന് മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ.

പരമ്പരാഗത വ്യവസായമായ കളിമൺപാത്ര നിർമ്മാണം മുമ്പ് തന്നെ കുറെ കുടുംബങ്ങൾ ജീവിത മാർഗ്ഗമായി സ്വീകരിച്ചിരുന്നു. തുച്ഛമായ വേതനം മാത്രമേ ലഭിക്കുന്നുള്ളൂ എന്നതു കൊണ്ട് ഇപ്പോൾ ഈ രംഗത്തുനിന്ന് പലരും പിൻവാങ്ങി ക്കൊണ്ടിരിക്കുകയാണ്.

കരകൗശലരംഗത്ത് വളരെ പഴയകാലം മുതൽ തന്നെ തനതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ പട്ടുവം ഗ്രാമത്തിലെ സ്വർണ്ണപ്പണിക്കാർക്ക് സാധിച്ചിരുന്നു. "രാമായണം കൊത്തുവളകൾ" നിർമ്മിക്കുന്നതിൽ കഴിവ് പ്രകടിപ്പിച്ചവരുണ്ടായിരുന്നു. ഈ രംഗത്ത് ഇന്നും കഴിവുള്ളവരുണ്ട്.

കൂടാതെ തച്ചുശാസ്ത്ര വിദ്യയിൽ അപാര സിദ്ധികൾ പ്രകടിപ്പിച്ചവർ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. മുൻകാലങ്ങളിൽ ചൂടിപിരിക്കൽ - പ്രത്യേകിച്ച് മുസ്ലിം വീടുകളിൽ നടത്തിയിരുന്നു. നെല്ലിടി/ഓലക്കുട/കൂട്ട എന്നിവയും പഴയകാലത്ത് ഉണ്ടായിരുന്നെങ്കിലും അവയൊക്കെ ഇന്ന് ഏറെക്കുറെ നാശോന്മുഖമാണ്. കുരിയ മടയൽ, പായമെടയൽ, ഓലക്കുട, കൂട്ടമെടയൽ, ഓലമെടയൽ എന്നീ കുടിൽ വ്യവസായങ്ങൾ നിലനിന്നിരുന്നു. കൊല്ലപ്പണി കുടിൽ വ്യവസായമായുണ്ട്. കൂടാതെ മൺപാത്ര നിർമ്മാണം പ്രധാനപ്പെട്ടകുടിൽ വ്യവസായമാണ്. പുതിയ തലമുറ ഈ വ്യവസായത്തിൽനിന്നും മാറി മറ്റ് തൊഴിൽതേടിപ്പോകുകയാണ്. അന്തസില്ലാത്ത തൊഴിലായി പരിഗണിക്കപ്പെടുന്നതിനാലാണ് ഈ സ്ഥിതി വന്നത്.

16.85സ്കയർ മൈൽ(6.51 സ്കയർകി.മി) വിസ്തീർണ്ണവും 14108 ജനസംഖ്യയും 2423 വീടുകളും ഉള്ള ഈ പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങളുടെ നല്ല വിപണിയുണ്ടായിട്ടും പ്രസ്തുത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ യൂനിറ്റുകൾ വരാത്തത് ഗൗരവതരമായ പ്രശ്നമാണെന്ന് പറയാം.

ഈ പഞ്ചായത്തിൽ വ്യവസായ വളർച്ചക്ക് അനുകൂലമായ ഘടകങ്ങളായ സാക്ഷരത, ഗതാഗത സൗകര്യങ്ങൾ, ഉയർന്ന ഉപഭോഗ നിലവാരം, ആധുനിക സുഖസൗകര്യങ്ങളോടെ ജീവിക്കാനുള്ള താല്പര്യം എന്നിവയുണ്ട്.

തളിപ്പറമ്പ് താലൂക്കിൽ വിദ്യാസമ്പന്നരായ യുവതീയുവാക്കളിൽന്നേറെക്കുറെമുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ പഞ്ചായത്തിൽ നല്ലൊരു ശതമാനം അഭ്യസ്തവിദ്യർക്കും തൊഴിലില്ല എന്നത് ഒരു വസ്തുതയാണ്. ഈ പഞ്ചായത്തിൽ 2500പേർ മറ്റു സംസ്ഥാനത്തും 1050പേർ വിദേശത്തും ജോലിചെയ്യുന്നു. വിദേശത്ത് ജോലിചെയ്യുന്നവരുടെ സാമ്പാദ്യം ചെറിയതോതിൽ വ്യവസായമേഖലയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ ഈ പഞ്ചായത്തിൽ വ്യവസായരംഗം പരിപോഷിപ്പിക്കുവാൻ കഴിയുമെന്നതാണ് വസ്തുത

പരമ്പരാഗത മേഖലയിൽ ജോലിചെയ്യുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്. പൊതുവെ കൂലിനിരക്ക് കുറഞ്ഞ മേഖലയായതിനാലാണ് ഈ രംഗത്ത് തുടരാൻ ആളുകൾ വൈമുഖ്യം കാണിക്കുന്നത്. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് കെട്ടിട നിർമ്മാണ രംഗത്തേക്ക് പോയാൽ നല്ല കൂലി കിട്ടുന്നതിനാൽ ആ രംഗത്തേക്ക് കടന്നുപോയിക്കൊണ്ടിരിക്കുന്നു.

ഈ പഞ്ചായത്തിൽ ധാരാളം നാളികേരം ഉൽപാദിപ്പിക്കുന്നുണ്ടെങ്കിലും അതുപയോഗിച്ചുള്ള വ്യവസായം ഇല്ല. തേങ്ങ, ചിരട്ട, ചകിരി എന്നിവ ഉപയോഗിച്ചുള്ള വിവിധ വ്യവസായങ്ങൾ തുടങ്ങാൻ ബോധവല്കരണം നടത്തുകയാണെങ്കിൽ ഈ മേഖലയിലേക്ക് ആളുകളെ ആകർഷിക്കാൻ പറ്റും,

ഈ പഞ്ചായത്തിന്റെ 6, 7, 8 വാർഡുകളിലായി സർക്കാർ ഏറ്റെടുത്ത മിച്ചഭൂമിയുണ്ട്. അത് വ്യവസായ പ്ലോട്ട് ആക്കാനായി ഏറ്റെടുക്കുകയാണെങ്കിൽ വ്യവസായം തുടങ്ങാൻ താല്പര്യമുള്ളവർക്ക് അനുഗ്രഹമായിരിക്കും. ആയതിനാൽ മിച്ചഭൂമി മുഴുവനും പഞ്ചായത്ത് ഏറ്റെടുക്കണം. പഞ്ചായത്ത് ഏറ്റെടുക്കുന്ന സ്ഥലത്ത് മിനി എസ്റ്റേറ്റ് ഉണ്ടാക്കി ഹയർ പർച്ചേസ് അടിസ്ഥാനത്തിൽ സംരംഭകർക്ക് യൂനിറ്റ് നടത്താൻ കൊടുക്കുന്ന പദ്ധതി നടപ്പിലാക്കണം. വ്യവസായ പ്ലോട്ട് ഏറ്റെടുക്കാവുന്ന വിധത്തിൽ സ്ഥലം റിസർവ് ചെയ്യണം.

ഈ പഞ്ചായത്തിൽ പൊതുമേഖലയിലോ സഹകരണമേഖലയിലോ വൻകിടവ്യവസായ യൂനിറ്റുകളില്ല. സഹകരണമായി 24 ചെറുകിട വ്യവസായ യൂനിറ്റുകളും സഹകരണ മേഖലയിൽ നാല് വ്യസായ യൂനിറ്റുകളുമുണ്ട്. ആകെ വ്യവസായ തൊഴിലാളികൾ 287

നിലവിലുള്ള സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും പട്ടികയായിക്കൊടുത്തിരിക്കുന്നു.

വ്യവസായ മേഖലയിലെ സ്ത്രീ പങ്കാളിത്തം

വ്യവസായ മേഖലകളിലുള്ള തൊഴിലിൽ പുരുഷന്മാർ വളരെ മുമ്പിൽനിൽക്കുന്നു. വ്യവസായത്തൊഴിലിൽ

131 സ്ത്രീകൾ മാത്രമേ പണിയെടുക്കുന്നുള്ളൂ. അത് മൊത്തം തൊഴിലാളികളുടെ ചെറിയ ശതമാനം മാത്രമാണ്.

പട്ടിക 1

പട്ടുവം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായങ്ങളും തൊഴിലാളികളുടെ എണ്ണവും

നമ്പർ	വിഭാഗം	പുരു	സ്ത്രീ
1	സഹകരണമേഖല	3	31
2	സഹകാര്യമേഖല(ചെറുകിടവ്യവസായം)	24	45
3	പരമ്പരാഗത വ്യവസായം		
	1. തഴപ്പായ നിർമാണം	–	40
	2. കളിമൺ പാത്രനിർമാണം	15	15

പട്ടിക 2

ചെറുകിട വ്യവസായ യൂനിറ്റുകൾ

നമ്പർ	ഇനം	എണ്ണം
1	എഞ്ചിനീയറിംഗ്	1
2.	ഫർണിച്ചർ	6
3.	റൈസ്, ഫ്ലോർമില്ല്	11
4.	മെഴുകുതിരി യൂനിറ്റ്	1
5.	നോട്ട്ബുക്ക്	1
6	ക്ളേ	1
7	കുമ്മായച്ചൂള	1
8.	ചെരിപ്പ് നിർമ്മാണം	1
9.	പെയിൻറിംഗ്	1

പട്ടിക 4

പരമ്പരാഗത വ്യവസായങ്ങൾ

നമ്പർ	ഇനം	തൊഴിലാളികൾ		
		പു	സ്ത്രീ	ആകെ
1	തഴപ്പായ, കൂട്ട, കുരിയ	–	40	40
2.	മൺപാത്ര നിർമ്മാണം	15	15	30

പട്ടിക 5

കളള് ചെത്ത്വ്യവസായങ്ങൾ

നമ്പർ	ഇനം	ആകെ തൊഴിലാളികൾ
1	കളള്ചെത്ത്	116

പട്ടിക 3

വ്യവസായ സഹകരണ സംഘങ്ങൾ

നമ്പർ	പേര്	ഇനം	മെമ്പർമാർ	തൊഴിലാളികൾ		
				പു	സ്ത്രീ	ആകെ
1	തളിപ്പറമ്പ് പട്ടികജാതി കളിമൺ വ്യവസായ സഹകരണസംഘം	ഇഷ്ടിക നിർമാണം	77	3	6	9
2.	പട്ടുവം പേട്രാ വനിതാ വസ്ത്രനിർമ്മാണ വ്യവസായ സഹകരണം സംഘം	വസ്ത്രനിർമാണം	15		15	15
3.	പട്ടുവം പോട്ടറി വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ.ഓപ്പ് സൊസൈറ്റി ലിമിറ്റഡ്(ഈ സൊസൈറ്റി ഇപ്പോൾ ഭാഗികമായി മാത്രമേ പ്രവർത്തിക്കുന്നുള്ളൂ)	കളിമൺ പാത്ര നിർമാണം	400	-	-	
4.	ഡി.ഡബ്ല്യു.സി.ആർ.എ. റൂണാ ചപ്പൽസ് കുഞ്ഞിമൂറ്റം	ചെരിപ്പ് നിർമാണം	10		10	10

പട്ടിക 6

വ്യവസായ മേഖലയിലെ തൊഴിലാളികളുടെ എണ്ണവും കൂലിനിരക്കും

നമ്പർ	ഇനം	തൊഴിലാളികൾ		ദിവസക്കൂലി		മറ്റിനങ്ങൾ
		പു	സ്ത്രീ	പു	സ്ത്രീ	
	സഹകരണ മേഖല					
1	പട്ടുവം പോട്ടറി വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ.ഓപ്പ് സൊസൈറ്റി		-	-	-	ഭാഗികമായി മാത്രമേ -ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ
2	പട്ടുവം പേട്രാ വനിതാ വസ്ത്രനിർമ്മാണ വ്യവസായ സഹകരണസംഘം	-	15	-	25	-
3	തളിപ്പറമ്പ് പട്ടികജാതി കളിമൺ വ്യവസായ സഹകരണ സംഘം	3	6	50	30	-
4.	ഡി.ഡബ്ല്യു.സി.ആർ.എ. യൂനിറ്റ് റൂണാ ചപ്പൽസ് കുഞ്ഞിമുറ്റം	-	10	-	15	
	സ്വകാര്യ മേഖല					
1.	എഞ്ചിനീയറിംഗ്	2	-	100	-	-
2	ക്ലേ	2	20	80	35	-
3.	ഫർണിച്ചർ	6	-	150	-	-
4.	റൈസ്/ഫ്ലവർ മിൽ	11	-	50	-	-
5	മെഴുകുതിരി	1	1	40	20	-
6	നോട്ട്ബുക്ക്	-	4	-	15	-
7.	കുമ്മായച്ചൂള	2	1	70	40	-
8.	ചെരുപ്പ് നിർമ്മാണം	-	10	-	15	-
9	പെയിന്റിംഗ്	-	9	-	15	-
	പരമ്പരാഗത വ്യവസായം					
1.	തഴപ്പായ	-	40	-	15	-
2	കളിമൺ പാത്രം	15	15	50	30	-

പട്ടിക 7

തൊഴിൽ പരിശീലനം നേടിയവരുടെ എണ്ണം

വാർഡ് നമ്പർ	പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയംതൊഴിൽ കണ്ടെത്തിയ വരുടെ എണ്ണം	ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ	അവശേഷിക്കുന്നവർ
1	-	-	-	-	-
2	എംബ്രോയ്ഡറി ഗാർമെന്റ് മേക്കിംഗ്	1	-	-	1
3	ടൈലറിംഗ്	1		-	-1
4	ടെയ്ലറിംഗ് വയറിംഗ്	2	-	-	2
5	-	-	-	-	-
6	-	-	-	-	-
7	-	-	-	-	-
8	ടെയ്ലറിംഗ്	1	-	-	1

പ്രശ്നങ്ങൾ

1. പ്രധാനകാർഷികോല്പന്നങ്ങൾ വ്യസായമേഖലയിൽ ഉൾപെടുത്തുന്നില്ല.
2. സാങ്കേതിക പരിജ്ഞാനമില്ലായ്മ
3. വ്യവസായമേഖലയുമായുള്ള സമ്പർക്കമില്ലായ്മ
4. വിപണന സാധ്യതക്കുറവ്
5. അഭ്യസ്ത വിദ്യാർക്ക് തൊഴിലവസരം കുറവ്
6. സാങ്കേതിക വിജ്ഞാനം നേടാനുള്ള യുവതീ-യുവാക്കളുടെ താത്പര്യക്കുറവ്. സാങ്കേതിക പരിശീലന സ്ഥാപനങ്ങളുടെ അഭാവം
7. വ്യവസായ സംരംഭകർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ തയ്യാറെടുപ്പുകളുടെ പ്രേരണയില്ലായ്മ
8. വ്യവസായ വികസനവുമായി ബന്ധപ്പെട്ട് ശാസ്ത്രീയ ബോധവൽക്കരണക്കുറവ്
9. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ കുറവായ കൂലിനിരക്ക്
10. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾക്കും കൈത്തൊഴിലാളികൾക്കും പരിശീലനം ലഭിക്കാനുള്ള സാധ്യതയില്ലായ്മ
11. സഹകരണരംഗത്തുള്ള കൂട്ടായ്മക്കുറവ്
12. ധനസഹായം കിട്ടാനുള്ള ബുദ്ധിമുട്ട്
13. അസംസ്കൃത സാധനങ്ങളുടെ ലഭ്യത യില്ലായ്മ
14. വിദഗ്ധ തൊഴിലാളികളുടെ അഭാവം
15. വൈദ്യുതി ലഭ്യതയില്ലായ്മ

സാദ്ധ്യകൾ

1. പട്ടുവം പഞ്ചായത്തിലെ മിച്ചഭൂമി പഞ്ചായത്ത് ഏറ്റെടുക്കുക. മിനി എസ്റ്റേറ്റ് നിർമ്മിക്കുക.
2. നാളികേരം അടിസ്ഥാനമാക്കിയുള്ള വിവാധിഷ്ഠിത വ്യവസായ യൂനിറ്റുകൾ
    1. ചകിരിനാര് നിർമ്മാണം.
    2. ചൂടി നിർമ്മാണം
    3. ചകിരിനാരിന്റെ കിടക്ക, തലയണ നിർമ്മാണം
    4. ചികരിച്ചവറ് ഉപയോഗിച്ച്ജൈവവളം
    5. തെങ്ങിൻതടികൊണ്ട് കെട്ടിനിർമ്മാണ സാമഗ്രികളും ഫർണ്ണിച്ചറുകളും
    6. ചിരട്ടപ്പൊടി
    7. തേങ്ങാപൗഡർക്രീം/വെളിച്ചെണ്ണ
    8. തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതള പാനീയം ചിർക്കോൾ/ഹെയർ ഓയിൽ
    9. തേങ്ങാച്ചിരട്ട ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ
3. അച്ചാറുകൾ(മാങ്ങ, നാരങ്ങ മുതലായവ ഉപയോഗിച്ച് (വനിതകൾക്ക്)
4. അവിൽമിൽ
5. ബേക്കറി
6. വാഴനാര് ഉപയോഗിച്ച് ഫാൻസി
7. പിണ്ണാക്ക്, കാലിത്തീറ്റ നിർമ്മാണം
8. കോഴിത്തീറ്റഫാക്ടറി
9. കശുവണ്ടി സംസ്കരണ യൂനിറ്റ്
10. അടക്കസംസ്കരണ യൂനിറ്റ്
11. പഴം സംസ്കരണ യൂനിറ്റ്(സ്കാഷ്, ജാം)
12. കോഴിവളർത്തൽ
13. ഫർണിച്ചർ
14. ഹവായ്ചെരിപ്പ്
15. ക്ലീനിംഗ്പൗഡർ (വനിതകൾക്ക്)
16. ചെമ്മീൻ സംസ്കരണം / അച്ചാർ
17. ക്ലേ വ്യവസായം
18. കൈത്തറി വ്യവസായം
19. ആധുനിക രീതിയിലുള്ള റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ് യൂനിറ്റുകൾ(ചുരിദാർ, മിഡി കയറ്റുമതിക്കും ആഭ്യന്തര ഉപയോഗത്തിനും)
20. ഇലക്ട്രോണിക് അനുബന്ധ വ്യവസായ യൂനിറ്റുകൾ
21. നാളികേര സംഭരണ സംസ്കരണ വിപണന കേന്ദ്രം
22. തയ്യൽ ഇൻസ്റ്റിറ്റ്യൂട്ട്
23. ഐസ് ഫാക്ടറി
24. സോപ്പ് ഫാക്ടറി
25. പേപ്പർ കവർ നിർമ്മാണം
26. കറി പൗഡർ
27. സിമൻറ് ഇഷ്ടിക നിർമ്മാണം
28. പി.എം.ആർ.വൈ.സ്കീമിൽ തൊഴിൽ സംരംഭകരെ കണ്ടെത്തി ഒരു വർഷം 25പേർക്ക് എന്നതോതിൽ വ്യവസായ/സർവീസ്/കച്ചവട യൂനിറ്റ്
29. വ്യവസായ സംരംഭകർക്കുള്ള പരിശീലന പരിപാടികൾ ആരംഭിക്കുക.

വിദ്യാഭ്യാസം

ഇന്ത്യൻ നവോത്ഥാനത്തോടൊപ്പം അലടയിച്ച വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കേരളസംസ്ഥാനത്തിന്റെ ഉത്തരഭാഗത്ത് സ്ഥിതിചെയ്യുന്ന ഈ കൊച്ചുകൂട്ടനാട്ടിലും പ്രതിഫലിച്ചു. മൂമ്പ് തളിപ്പറമ്പ് പഞ്ചായത്തിന്റെ ഭാഗമായിരുന്ന ഈ പ്രദേശ ത്തിന്റെ വിദ്യാഭ്യാസ വികസനത്തിന് തദ്ദേശീയരും അല്ലാത്തവരുമായ വ്യക്തികൾ നൽകിയ സേവനങ്ങൾ മഹത്തരമാണ്



പഞ്ചായത്തിൽ ആദ്യകാലത്ത് പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾ മാത്രമാണുണ്ടായിരുന്നത്. അതൊടൊപ്പം കുടിപ്പള്ളിക്കൂടങ്ങളിലും മറ്റ് കേന്ദ്രങ്ങിളിലും പോയി വിദ്യ അഭ്യസിക്കുന്നവരും ഉണ്ടായിരുന്നു. ഗുരുക്കന്മാരുടെ നേതൃത്വത്തിൻ ഓലഗ്രന്ഥങ്ങൾ വായിപ്പിക്കുകയും എഴുതിക്കുകയും ചെയ്തിരുന്നു. മണലിലെഴുത്തു വിദ്യാഭ്യാസവും ഉണ്ടായിരുന്നു. പിന്നീട് സ്കൂളിലേക്ക് മാറിയ വിദ്യാഭ്യാസം ഔപചാരികമായിത്തീർന്നു,

സ്കൂളിൽ ചേർക്കുന്നതിനുമുമ്പായി അരിയിലെഴുത്ത് എന്ന സമ്പ്രദായം ഉണ്ടായിരുന്നു. വിദ്യാലയങ്ങളിലും മറ്റും നവരാത്രികാലത്താണ് വിദ്യാരംഭം കുറിച്ചിരുന്നത്. അരിയിലെഴുത്ത് കഴിഞ്ഞാൽ തൊട്ടടുത്ത ദിവസം മുതൽ കുട്ടിയെ സ്കൂളിൽ ചേർത്തുപഠിപ്പിക്കുന്ന പതിവും ഉണ്ട്. പഴയകാലത്ത് സ്കൂളിൽ കുട്ടിയെ എത്തിക്കുകയെന്നത് അധ്യാപകരുടെ വിഷമകരമായ ജോലിയായിരുന്നു. അധ്യാപകർക്ക് കിട്ടിയിരുന്ന വേതനം പരിതാപകര മായിരുന്നുവല്ലോ.

മാനേജ്മെൻറ് സ്കൂളിൽ വാർഷിക ഗ്രാൻറിൽനിന്നും ലഭിക്കുന്ന തുകയിൽനിന്ന് മാനേജർക്ക് ഇഷ്ടമുള്ള തുക മാത്രമാണത്രെ അധ്യാപകർക്ക് ലഭിച്ചിരുന്നത്. ഈ പഴയകഥകൾ പട്ടുവം പഞ്ചായത്തിലെ അധ്യാപകർക്കും അന്യമായിരുന്നില്ല.

1902ൽ ചെറുകുന്ന് ഒതയമ്മാടത്ത് ശ്രീ. കൃഷ്ണൻ നമ്പ്യാർ സ്ഥാപിച്ച എലിമൻററി സ്കൂൾ ആണ്

പഞ്ചായത്തിലെ പ്രഥമ വിദ്യാഭ്യാസ സ്ഥാപനം. സ്ത്രീ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ സംരഭത്തിന് തുടക്കം കുറിച്ചത്. ഈ വിദ്യാലയമാണ് ഇന്നറിയപ്പെടുന്ന പട്ടുവം യു.പി. സ്കൂൾ. ആ കാലത്ത് ഹൈ സ്കൂൾ വിദ്യാഭ്യാത്തിന് വളരെ അകലെ കിടക്കുന്ന ചെറുകുന്ന്, മാടായി, തളിപ്പറമ്പ് എന്നിവടങ്ങളിലേക്ക് പൂഴകടന്നും നടന്നും ചെല്ലേണ്ടിയിരുന്നു.

1918ൽ കയ്യം തടത്തിൽ ശ്രീ. ഓതേനൻ നമ്പ്യാർ സ്ഥാപിച്ചതാണ് രണ്ടാമത്തെ സ്കൂൾ. ശ്രീ. കെ. ചാത്തുക്കുട്ടി നമ്പ്യാർ സ്കൂൾ ഏറെറടുക്കുകയും 1920മുതൽ അംഗീകാരത്തോടെ അരിയിൽ ഈസ്റ്റ് എൽ.പി.സ്കൂൾ എന്ന പേരിൽ പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

ഇതേവർഷം തന്നെയാണ്(1918)മുള്ളൂൽ കേന്ദ്രമായി ഒരു എൽ.പി.സ്കൂൾ സ്ഥാപിതമാകുന്നത്. ശ്രീ. പികുഞ്ഞിരാമൻ മാസ്റ്ററാണ് സ്ഥാപകൻ.

പട്ടികജാതിക്കാർക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പട്ടുവം കച്ചേരിക്ക് തെക്കുള്ള ഒരു സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിൽ ആരംഭിച്ച വിദ്യാലയമാണ് ഗവ:ഹരിജൻ വെൽഫെയർ എൽ.പി.സ്കൂൾ എന്ന പേരിൽ എടമൂട്ടിൽ പ്രവർത്തിക്കുന്നത്

പട്ടുവംകടവ് ഭാഗത്തുള്ള മുസ്ലിം ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമാക്കി 1926ൽ സ്ഥാപിച്ചതാണ് പട്ടുവം കടവിലുള്ള ഗവ:എൽ.പി. സ്കൂൾ. ഇത് സ്വകാര്യ വ്യക്തിയുടെ കെട്ടിത്തിലാണ് പ്രവർത്തിക്കുന്നത്. രക്ഷിതാക്കളുടെ അശ്രദ്ധകൊണ്ട് സ്കൂളിന്റെ നിലനിൽപ്പ് തന്നെ അപകടത്തിലായ അവസരവുമുണ്ടായിട്ടുണ്ട്.

1957 മാർച്ച് നോയിരുന്ന മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചുകൊണ്ട് ഇന്നത്തെ അരിയിൽ ഗവ:എൽ.പി. സ്കൂൾ നിലവിൽ വന്നത്. ഡിസ്ട്രിക്ട് ബോർഡിന്റെ അംഗീകാരം നഷ്ടപ്പെട്ടതിനെ തുടർന്ന് കുറേക്കാലം അടച്ചിട്ട ഈ സ്കൂൾ പിന്നീട് ശ്രീ. കുഞ്ഞാൻകുട്ടിമാസ്റ്റർ അദ്ധ്യാപകനായി "ഏകാധ്യാപക വിദ്യാലയമായി പ്രവർത്തിച്ചു. ഇത് ഒരു വാടകക്കെട്ടിടത്തലാണ് പ്രവർത്തിക്കുന്നത്.

1950 ഫിബ്രവരിയിൽ മുതുകുട ആസ്ഥാനമായി തുടങ്ങിയ നാട്ടുവായന എന്ന വിദ്യാകേന്ദ്രം പിന്നീട് ശ്രീമാൻ. പി.പി.ഇ. ഹരിജയന്തൻ നമ്പൂതിരി കറസ്പോണ്ടൻറായുള്ള കമ്മറ്റിയുടെ നേതൃത്വത്തിൽ ഒരു എലിമെൻററി സ്കൂളിനുവേണ്ടി ശ്രമിച്ചതിന്റെ ഫലമായാണ് 1.6.1950ന് ഇന്നത്തെ മുതുകുട എൽ.പി. സ്കൂൾ തുറന്ന് പ്രവർത്തനം ആരംഭിച്ചത്.

മൊറാഴ വെളളിക്കീൽ മഞ്ഞേരി കൃഷ്ണൻ നമ്പ്യാരുടെ നേതൃത്വത്തിൽ ആരംഭിച്ച എൽ.പി.സ്കൂൾ അരിയിൽ നാലാംതടം കേന്ദ്രീകരിച്ച് വളരെ മുമ്പ്തന്നെ പ്രവർത്തിച്ചിരുന്നു. പിന്നീട് ഇതിന് കുഞ്ഞിമുറ്റം എന്ന പ്രദേശത്ത് ഉണ്ടായിരുന്നകാർത്യാനി സ്മാരക ഹയർ എലിമെൻററി സ്കൂ(അന്ന് 6 മുതൽ 8-ാം തരംവരെ) ളുമായി യോജിച്ച് പ്രവർത്തിച്ചിരുന്നു. കൂടാതെ മംഗലശ്ശേരി കിഴക്കു ഭാഗത്ത് വളരെ പണ്ട് ഒരു എഴുത്തു പളളിക്കൂടവും ഉണ്ടായിരുന്നു. ആ എഴുത്തുപളളിക്കൂടം കൊല്ല വർഷം 1016ലെ വെളളപ്പൊക്കത്തിൽ നാമാവശേഷമാവുകയാണുണ്ടായത്.

പട്ടുവം ഗ്രാമവാസികളുടെ ചിരകാലാഭിലാഷമായ ഒരു ഗവ:ഹൈസ്കൂളിന് തുടക്കം കുറിച്ചത്1981, ഡിസംബർ 29നാണ്. സ്നേഹ നികേതൻ വകയായുള്ള കമ്മ്യൂനിറ്റി ഹാളിൽ ശ്രീ. പി. കുഞ്ഞിക്കണ്ണൻ മാസ്റ്ററുടെ നേതൃത്വത്തിലായിരുന്നു സ്കൂൾ പ്രവർത്തിച്ചിരുന്നത്. പിന്നീട് 1983ൽ സ്വന്തമായി കെട്ടിടം നിർമ്മിച്ച് പ്രവർത്തിച്ചുവരുന്ന ഈ സ്കൂളിന്റെ സ്ഥിതി ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. 1980-ലെ കേരളാ സർക്കാറിന്റെ ഒരു പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ എന്ന നയത്തിന്റെ ഭാഗമായാണ് സ്കൂൾ അനുവദിക്കപ്പെട്ടത്. ഇതിനായി പട്ടുവം ഗ്രാമ സംഘം മൂന്ന് ഏക്കർ സ്ഥലം സംഭാവനയായി നൽകി. കൂടാതെ നാട്ടുകാരുടേയും പഞ്ചായത്തിന്റെയും സഹായത്തോടെ അഞ്ച് മുറികൾക്കുളള ഒരു കോൺക്രീറ്റ് കെട്ടിടവും നിർമ്മിച്ചുകൊടുത്തു. ഹൈസ്കൂൾ സ്ഥാപിക്കുന്നതിന് മുഖ്യപങ്ക് വഹിച്ചത് ശ്രീ. സി.എച്ച്. കുഞ്ഞിരാമൻ മാസ്റ്റർ പ്രസിഡണ്ടും ശ്രീ. വി.ആർ. പട്ടുവം സെക്രട്ടറിയുമായ സ്പോൺസറിംഗ് കമ്മിറ്റിയാണ്. സ്പോൺസറിംഗ് കമ്മിറ്റി നിർമ്മിച്ച രണ്ട് ഓലഷെഡ്ഡുകളിൽ ഒന്ന് 1985 സെപ്തംബറിലും മറ്റേത് ഡിസംബറിലും സാമൂഹ്യ വിരുദ്ധർ തീവെച്ച് നശിപ്പിച്ചു. സ്കൂൾ വിജനമായ സ്ഥലത്ത് സ്ഥിതി ചെയ്യുന്നതിനാൽ അക്ഷവൈരികളുടെ വിളായാട്ടം ഇന്നും തുടരുന്നു.

ഇന്ന് പട്ടുവം പഞ്ചായത്തിൽ ആകെ ഒമ്പത്(എൽ.പി. 6, യു.പി. 2., ഹൈസ്കൂൾ 1)സ്കൂളുകളാണുളളത്.(പട്ടിക 1 ഭൂപടം കാണുക). കഴിഞ്ഞ ഏഴ് വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം ഗണ്യമായി കുറയുന്നതായി കാണാം. വിദ്യാലയങ്ങളുടെ വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിട്ടുളള (പട്ടിക 1 എ) പരിശോധിക്കുക. പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതിനുളള കാരണങ്ങൾ പലതാണ്. ജനന നിരക്കിലുളള കുറവും ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കുളള തളളിക്കയറ്റവും, പലസ്കൂളുകളുടേയും ഭൗതിക

സാഹചര്യങ്ങളുടെ അപര്യാപ്തതയും യാത്രാ സൗകര്യങ്ങളുടെ അപര്യാപ്തതയും പൊതുവിദ്യാലയങ്ങളിൽ നിന്നും കുട്ടികളെ പിറകോട്ട് വലിക്കുന്നുണ്ട്. കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ കുറയാൻ സാമ്പത്തികമായ അസന്തുലിതാവസ്ഥയും പ്രധാന പങ്ക് വഹിക്കുന്നുണ്ട്. മധ്യവർഗ്ഗസമ്പന്നരും മറ്റ് വിദ്യാഭ്യാസം നേടിയവരും തങ്ങളുടെ കുട്ടികളെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ചേർക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി കാണാം. എന്നാൽ ലാഭകരമല്ലാത്തതിന്റെ പേരിൽ സ്കൂളുകൾ അടച്ചുപൂട്ടേണ്ടിവന്നിട്ടില്ല.

വിദ്യാലയങ്ങളുടെ വിവരങ്ങൾ പട്ടിക 1 എ

നമ്പർ	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം			അദ്ധ്യാപകയോഗ്യത		
			88-89	91-92	95-96	ആൺ	പെൺ	ആകെ	ബി. എഡ്	ടി.ടി. സി	മറ്റുള്ളവ
1	ഗവ:എൽ.പി.സ്കൂൾ, പട്ടുവം	സർക്കാർ	94	90	79	4	1	5	-	3	2
2	ഗവ:എൽ.പി.സ്കൂൾ, അരിയിൽ	"	262	213	182	2	4	6	1	4	1
3	ഗവ:ഹരി. വെൽ.എൽ.പി.സ്കൂൾ, പട്ടുവം	"	120	100	95	2	2	4	1	2	1
4	അരിയിൽ ഈസ്റ്റ് എൽ.പി.സ്കൂൾ	എയ്ഡഡ്	256	221	193	4	3	7	1	5	1
5	മുതുകുട എൽ.പി.സ്കൂൾ	"	317	293	270	3	8	11	5	5	1
6	മുള്ളൂൽ എൽ.പി. സ്കൂൾ	"	181	172	130	2	4	6	-	4	2
7	അരിയിൽ യു.പി.സ്കൂൾ	"	650	689	606	8	14	22	6	9	7
8	പട്ടുവം യു.പു.സ്കൂൾ	"	625	594	567	6	13	19	8	6	5
9	ഗവ:ഹൈസ്കൂൾ, പട്ടുവം	സർക്കാർ	433	493	451	7	13	20	16	-	4

ഗവ:ഹൈസ്കൂൾ അടക്കം മിക്ക വിദ്യാലയങ്ങളിലും എത്തിച്ചേരാൻ യാത്രാ സൗകര്യങ്ങൾ കുറവാണ്. (പട്ടിക 2)ഭൗതിക സാഹചര്യങ്ങളാണെങ്കിൽ മിക്ക സ്കൂളുകളിലും വളരെ കുറവാണ്(പട്ടിക 3) മാനേജ്മെന്റ് സ്കൂളുകളുടെ നടത്തിപ്പ്, ഗവ:സ്കൂൾ കെട്ടിടങ്ങളുടെ ദൗർലഭ്യം എന്നിവ ഇതിനുള്ള കാരണമാണ്. ആവശ്യത്തിന് കളിസ്ഥലം മിക്ക സ്കൂളുകളിലും ഇല്ലാത്തത് കലാകായിക മേഖലകളിലും മറ്റും പഞ്ചായത്തിലെ കുട്ടികൾക്ക് അർഹമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് തടസ്സമാകുന്നു. മോണിംഗ് അസംബ്ലി, യൂനിഫോം, സ്കൂൾ പാർലമെന്റ് എന്നീ ചിട്ടയായ പ്രവർത്തനം പല സ്കൂളുകളിലും നടക്കുന്നുണ്ടെങ്കിലും അതിന് പ്രയാസം നേരിടുന്ന സ്കൂളുകളും ഉണ്ട്. പി.ടി.എ., മദർ പി.ടി.എ. എന്നിവ മിക്ക സ്കൂളുകളിലും രൂപീകരിച്ചിട്ടുണ്ട്. പ്രൈമറി വിദ്യാലയങ്ങളിൽ ഉച്ചക്ഷേണ പരിപാടികൾ നടന്നുവരുന്നുവെങ്കിലും ഗൃഹകുലം പദ്ധതിയുടെ പ്രവർത്തനം ഫലപ്രദമായ രീതിയിൽ നടക്കുന്നില്ല. പഞ്ചായത്തിലെ എസ്.എസ്,എൽ.സി. വിജയശതമാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നുവെന്ന് മുൻകാല കണക്കുകൾ സൂചിപ്പിക്കുന്നു. (പട്ടിക 4)

സ്കൂളുകളിലേക്കുള്ള ശരാശരി യാത്രാ ദൂരം പട്ടിക 2

സ്കൂളിന്റെ പേര്	ശരാശരി ദൂരം കി.മി.	പരമാവധി ദൂരം കി.മി.
ലോവർ പ്രൈമറി സ്കൂൾ	.5 കി.മി	1.5 കിമി.
അപ്പർ പ്രൈമറി സ്കൂൾ	1.5. കി.മി	2.5. കി.മി
ഹൈസ്കൂൾ	2. കി.മി	3.5. കി.മി.


വിദ്യാലയ സൗകര്യങ്ങൾ പട്ടിക 3

നമ്പർ	സ്കൂളിന്റെ പേര്	വിസ്തീർണ്ണം	ഓഫീസ് മുറി	സ്റ്റാഫ് മുറി	ലബോറട്ടറി	ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം	മൂത്രപ്പുര	കക്കൂസ്	പാചകമുറി	വൈദ്യുതി	കളിസ്ഥലം	കിണർ
1	ഗവ:എൽ.പി.സ്കൂൾ, പട്ടുവം	20സെ	ഉണ്ട്	ഇല്ല	ഇല്ല	137	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
2.	ഗവ:എൽ.പി.സ്കൂൾ, അരിയിൽ	7സെ	ഇല്ല	"	"	110	ഇല്ല	"	ഇല്ല	"	"	"
3	ഗവ:ഹരി.വെൽ.എൽ.പി.സ്കൂൾ, പട്ടുവം	25സെ	ഉണ്ട്	"	"	100	"	ഉണ്ട്	"	ഉണ്ട്	"	"
4	അരിയിൽ ഈസ്റ്റ് എൽ.പി.സ്കൂൾ	1ഏക്ര	"	"	"	321	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
5	മുതുകുട എൽ.പി.സ്കൂൾ	11 1/2	"	"	"	160	"	ഉണ്ട്	ഉണ്ട്	"	ഇല്ല	"
6	മുളളൂൽ എൽ.പി.സ്കൂൾ	35സെ	"	ഉണ്ട്	"	83	"	ഇല്ല	"	ഉണ്ട്	ഉണ്ട്	"
7	അരിയിൽ യു.പി.സ്കൂൾ	3 3/4 ഏക്ര	"	"	"	250	"	ഉണ്ട്	"	"	"	"
8	പട്ടുവം യു.പി.സ്കൂൾ	25സെ	"	"	"	200	"	"	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
9	ഗവ:ഹൈസ്കൂൾ, പട്ടുവം	3ഏക്ര	"	"	"	910	"	"	ഇല്ല	ഇല്ല	ഉണ്ട്	"

എസ്.എസ്.എൽ.സി. വിജയ ശതമാനം പട്ടിക 4

വർഷം	പരീക്ഷക്കിരുന്ന വിദ്യാർത്ഥികൾ			വിജയിച്ചവർ	ശതമാനം
	ആൺ	പെൺ	ആകെ		
1990-91	41	55	96	35	36
1991-92	45	41	86	45	52
1992-93	51	62	113	50	44
1993-94	59	73	132	60	45
1994-95	71	72	143	60	42
1995-96	61	64	124	45	36

എസ്.എസ്.എൽ.സി. വിജയനിലവാരം



പഞ്ചായത്തിൽ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനം തുടരുന്നതിനായുളള ജനവിദ്യാകേന്ദ്രങ്ങൾ തുറന്നതല്ലാതെ അവയുടെ പ്രവർത്തനങ്ങൾ നടന്നിട്ടില്ല. സാക്ഷരതാ പ്രവർത്തനം നൂറുശതമാനവും വിജയിച്ച ഈ ഗ്രാമത്തിൽ തുടർ പ്രവർത്തനം നടക്കാതിരിക്കുന്നത് പരിശോധിച്ച് പ്രസ്തുത പരിപാടി കൂടുതൽ ഊർജ്ജിതപ്പെടുത്തിയാൽ നാട്ടിലെ വിദ്യാഭ്യാസ പുരോഗതിക്ക് ആക്കം കൂടും.

പ്രശ്നങ്ങൾ

1. പലസ്കൂളുകളിലേയും ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല

2. കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ഡിവിഷൻ കുറയാനുളള സാധ്യത മിക്ക വിദ്യാലയങ്ങളിലും നിലനിൽക്കുന്നു.

3. നഗരങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്നു.

4. സ്കൂളുകളിൽ കൃത്യസമയത്ത് പാഠപുസ്തകങ്ങൾ എത്താത്ത അവസ്ഥ നിലനിൽക്കുന്നു.

5. മിക്ക വിദ്യാലയങ്ങളിലും ആവശ്യത്തിന് കളിസ്ഥല ങ്ങളില്ല.

6. സ്കൂൾ വിദ്യാർത്ഥികളിൽ നിരക്ഷരത നില നിൽക്കുന്ന അവസ്ഥ.

7. കലാ-കായിക വിദ്യാഭ്യാസത്തിന് പഞ്ചായത്തിൽ വേണ്ടത്ര കസൗകര്യമില്ല,

8. പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല.

9. ഗുരുകുലം പരിപാടികൾ വേണ്ടത്ര നടക്കുന്നില്ല

10. പഞ്ചായത്തിൽനിന്ന് മറ്റു ഹൈസ്കൂളു കളിലേക്ക് കുട്ടികൾ പോകുന്ന അവസ്ഥയുണ്ട്.

11. മിക്ക സ്കൂളിലേയും പി.ടി.എ. പ്രവർത്തനം തൃപ്തികരമല്ല.

12. പഞ്ചായത്തിലെ സ്കൂളുകളിലെ മദർ പി.ടി.എ. സജീവമല്ല

13. മിക്ക സ്കൂളുകളിലും പെൺകുട്ടുകൾക്കായി മൂത്ര പ്പുരയില്ല

14. തുടർ സാക്ഷരതാ പരിപാടികളൊന്നും നടക്കുന്നില്ല

15. ഹൈസ്കൂളിലെ എസ്.എസ്.എൽ.സി. വിജയ ശതമാനം താരതമ്യേന കുറവാണ്.

16. ഹൈസ്കൂളിലേക്ക് യാത്രാ സൗകര്യങ്ങൾ പര്യാപതമല്ല

17. ഹൈസ്കൂളിന് വൈദ്യുതി, കളിസ്ഥലം, ശുദ്ധജലം എന്നീ സൗകര്യങ്ങൾ ഇല്ല.

18. ഹൈസ്കൂളിന് ആവശ്യമായ ലൈബ്രറി, ലബോറട്ടറി കെട്ടിട സൗകര്യങ്ങൾ നിലവിലില്ല.

19. ചില അംഗൻവാടികൾക്ക് സ്വന്തമായ കെട്ടിടമോ ആവശ്യത്തിന് പഠനോപകരണങ്ങളോ ഇല്ല.

സാധ്യതകൾ

മാറാലയും പൊടിയും പിടിച്ചുനിൽക്കുന്ന വിദ്യാഭ്യാസ രംഗത്ത് പുതിയ പരിവർത്തനങ്ങൾ ആവശ്യമാണ് എന്ന് ഗ്രാമസഭായോഗങ്ങളിൽ നടന്ന ചർച്ചകളിൽ ഉയർന്നു വന്നിട്ടുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് വിദ്യാഭ്യാസ നിലവാരവും സാമൂഹ്യപ്രതിബദ്ധതയും വളർത്തുന്നതിന് വരുന്ന അഞ്ചുവർഷത്തേക്കുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ രൂപരേഖ താഴെ ചേർക്കുന്നു.

1. പഞ്ചായത്ത്, വാർഡ് തലങ്ങളിൽ വികസന സമിതിയുടെ ഭാഗമായി വിദ്യാഭ്യാസ സമിതികൾ രൂപീകരിക്കണം

2. വാർഡ്തലത്തിൽ ഗുരുകുലത്തിന്റെ ഭാഗമായി രൂപീകരിക്കപ്പെട്ട അയൽക്കൂട്ടത്തിന്റെ പ്രവർത്തനം സജീവമാക്കണം.

3. സ്കൂളുകളിൽ ടെക്സ്റ്റ് ബുക്കുകൾ യഥാസമയം എത്തിക്കുവാനുള്ള നടപടി സ്വീകരിക്കുക.

4. ഗവ:സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുക.

5. സ്കൂളിലെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുക.

6. പട്ടുവം ഗവ:ഹൈസ്കൂൾ ഹയർ സെക്കൻററിയായി ഉയർത്തുക

7. ഹൈസ്കൂളിലെ എസ്.എസ്.എൽ.സി. വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് സ്പെഷ്യൽ കോച്ചിംഗ് ക്ലാസുകൾ സംഘടിപ്പിക്കണം.

8. പി.ടി.എ.യും മദർ പി.ടി.എ.യും സജീവമാക്കണം.


9. ഗവ:സ്കൂളിലേക്കുള്ള യാത്രാ സൗകര്യം മെച്ചപ്പെടുത്തുക

10. ടി.വി. പോലുള്ള വിനോദ മാധ്യമങ്ങളുടെ അതിപ്രസരം കാരണം കുട്ടികളിൽ പഠനത്തോടുള്ള ആഭിമുഖ്യം കുറഞ്ഞുവരുന്നതിനെതിരെ രക്ഷാതാക്കളെ ബോധവാന്മാരാക്കുക

11. വിദ്യാർത്ഥികളിൽകർമ്മോത്സുകതയും സാമൂഹിക പ്രതിബദ്ധതയും വളർത്തുന്നതിന് പരിപാടികൾ സംഘടിപ്പിക്കണം.

12. മാസാന്ത പരീക്ഷകളും ക്ലാസ് പി.ടി.എയും സംഘടിപ്പിക്കുക.

> അക്ഷരജ്ഞാനം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമല്ല; ആരംഭവുമല്ല. അക്ഷരജ്ഞാനം തനിച്ചെടുത്താൽ വിദ്യാഭ്യാസമേയല്ല. അതുകൊണ്ട് എന്തെങ്കിലും ഉപയോഗപ്രദമായ കൈത്തൊഴിൽ പഠിപ്പിച്ചുകൊണ്ടാണ് ഞാനൊരു കുട്ടിയുടെ വിദ്യാഭ്യാസമാരംഭിക്കുക. അഭ്യസനമാരംഭിക്കുന്നതോടൊപ്പം ഉല്പാദനവും ആരംഭിക്കാനുള്ള കഴിവ് അയാൾക്കുണ്ടാവും.
>
> -ഗാന്ധിജി



1 .ഗവ:ഹൈസ്കൂൾ പട്ടുവം
2 .പട്ടുവം യു.പി സ്കൂൾ
3 .അരിയിൽ യു.പി.സ്കൂൾ
4 .മുതുകുട എൽ.പി.സ്കൂൾ
5 .മുള്ളൂൽ എൽ.പി.സ്കൂൾ
6 .ഗവ: വെൽഫേർ എൽ.പി.സ്കൂൾപട്ടുവം
7 .ഗവ: എൽ.പി.സ്കൂൾ പട്ടുവം
8 .അരിയിൽ ഗവ:എൽ.പി.സ്കൂൾ.
9 .അരിയിൽ ഈസ്റ്റ് എൽ.പി.സ്കൂൾ.

പൊതുജനാരോഗ്യം

''ശാരീരികവും മാനസികവും സാമൂഹിക വുമായ സുസ്ഥിതിയുടെ പരിപൂർണ്ണാവസ്ഥ യാണ് ആരോഗ്യം'' ആരോഗ്യത്തിന്റെ മഗ്നാകാർട്ടയെന്ന് വിശേഷിപ്പിക്കാവുന്ന ലോകാരോഗ്യ സംഘടനയുടെ രേണഘടനയിൽ ആരോഗ്യത്തിന് നൽകിയിരിക്കുന്ന നിർവ്വചനമാണിത്. പ്രതിരോധം ചികിൽസയേക്കാളും ചെലവ് കുറഞ്ഞതാണല്ലോ. എന്നാൽ ഇന്നത്തെ നമ്മുടെ ആരോഗ്യസങ്കൽപ്പം പ്രതിരോധത്തിന് പ്രാധാന്യം കൽപ്പിക്കാതെ ചികിത്സയിലൂന്നിയിട്ടുള്ളതാണ്

മാരകമായ പല പല അസുഖങ്ങളും ചിട്ടപ്പെടുത്തിയ ജീവിതചര്യ കൊണ്ടും പ്രതിരോധ മാർഗ്ഗങ്ങളും വഴിയും നിയന്ത്രിക്കാൻ കഴിയും. പൊതു ഉടമയിലുള്ള ആരോഗ്യ സേവന സംവിധാനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ജനകീയമാക്കുകയും ചെയ്യുന്നതിൽ പ്രാദേശിക രേണകൂടങ്ങൾക്ക് പ്രധാന പങ്ക് വഹിക്കാൻ കഴിയും.

പാരമ്പര്യ ചികിത്സക്കും നാട്ടുവൈദ്യത്തിനും വളരെ മുമ്പുതന്നെ ഈ പ്രദേശം പ്രസിദ്ധമായിരുന്നു. പുള്ളുവൻ വൈദ്യർ പരണൂൽ അപ്പക്കുട്ടിവൈദ്യർ, കേളപ്പൽ വൈദ്യർ: രാമപൊരുവണ്ണാൻ, എടക്കാടൻ കുഞ്ഞിരാമൻവൈദ്യർ തുടങ്ങി നിരവധിപേർഈരംഗത്ത് പ്രശസ്തരായിരുന്നു കല്ലിങ്കീൽ കണ്ണൻവൈദ്യർ, പിപിഅമ്പുവൈദ്യർഎന്നിവർ വിഷചികിത്സാരംഗത്ത് പ്രാഗൽഭ്യം സിദ്ധിച്ചിരുന്നവരാണ്. ഇവരൊക്കെ തന്നെയും പ്രതിഫലം പറയാതെയാണ് അക്കാലത്ത് ചികിത്സിച്ചിരുന്നത്. പ്രതിഫലം വാങ്ങിയാൽ ചികിത്സ ഫലിക്കുകയില്ല എന്നായിരുന്നു അവരുടെവിശ്വാസം. അതിനാൽ ചികിത്സ നേടിയവർ വീട്ടാവശ്യങ്ങൾക്കുള്ള സാധനങ്ങളും ഇവരുടെ വീടുകളിൽ എത്തിക്കുകയാണ് പതിവ് വാതരോഗ ചികിത്സക്ക് പ്രസിദ്ധനായ പുള്ളുവൻ വൈദ്യരെ അന്വേഷിച്ച് ഇന്നും പുറംനാടുകളിൽ നിന്നും ആളുകളും വരുന്നുണ്ട്. ഇത്തരം ചികിത്സാരീതികളും പുതിയ തലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടാത്തതും പലപച്ചമരുന്നുകളും നമുക്ക് അന്യമായിപ്പോയതും പാരമ്പര്യ നാട്ടു ചികിത്സാരീതികളുടെ തകർച്ചക്ക് കാരണമായി.

ചികിൽസാ സൗകര്യങ്ങൾ വളരെ കുറവായിരുന്ന കാലഘട്ടങ്ങളിൽ ആ രംഗത്ത് ത്യാഗ മനോഭാവത്തോടെ പ്രവർത്തിച്ചിരുന്ന ചില സ്വകാര്യ ഡോക്ടർമാരുടെ പേരുകൾ എടുത്തു പറയേണ്ടതാണ്. 25 വർഷങ്ങൾക്ക് മുമ്പ് വെള്ളിക്കീൽ പ്രവർത്തിച്ചിരുന്ന ഡോ. പത്മനാഭന്റെ നമ്പ്യാർ പല രോഗങ്ങളിലും കാൽനടയായി പോയി ചികിൽസിച്ചിരുന്നു. 1956ൽ വ്യാപകമായി ഇൻഫ്ലുവൻസ പിടിപ്പെട്ട കാലത്ത് അദ്ദേഹം നടത്തിയ സേവനം എടുത്തു പറയത്തക്കതാണ്. അതിനു ശേഷം തളിപ്പറമ്പിൽ നിന്നും ഡോ. ടി. അബ്ദുൾ അസീസ് ഈ നാട്ടുകാരൻ തന്നെയായിരുന്ന റിട്ട. ക്യാപ്റ്റൻ ഡോ. പി. കുഞ്ഞമ്പു സർജൻ എന്നിവരും ഇവിടെ വീടുകളിൽ വന്ന് ചികിൽസ നടത്തുക പതിവായിരുന്നു. പ്രസവ കേസുകളും അക്കാലത്ത് കൈകാര്യം ചെയ്തിരുന്നത് പേറിച്ചി (വയറാട്ടി) മാരായിരുന്നു.

പാപ്പിനിശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ പട്ടുവത്ത് സ്ഥാപിതമായ കുടുംബക്ഷേമകേന്ദ്രവും 1962-ൽ പട്ടുവത്ത് സ്ഥാപിതമായ ഗ്രാമീണ ആയുർവ്വേദ ഡിസ്പൻസറിയും ആണ് പഞ്ചായത്തിലെ ആദ്യത്തെ പൊതുജനാരോഗ്യ കേന്ദ്രങ്ങൾ. 1981ലാണ് ഏഴോം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ ഗവ: റൂറൽ ഡിസ്പെൻസറി നിലവിൽ വന്നത്. മേൽ പരാമർശിക്കപ്പെട്ടസ്ഥാപനങ്ങളും മുള്ളൂലിൽ സ്ഥിതി ചെയ്യുന്ന കുടുംബക്ഷേമ സബ്സ് സെന്ററും അടക്കം നാല് സ്ഥാപനങ്ങൾ മാത്രമേ ഗവൺമെന്റ് ഉടമസ്ഥതയിലായി നമ്മുടെ പഞ്ചായത്തിൽ ഉള്ളൂ. ഇത് ഈ രംഗത്തുള്ള നമ്മുടെ ശോചനീയാവസ്ഥ വെളിവാക്കുന്നു. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള 8 അംഗൻവാടികളും അവയോടനുബന്ധിച്ച് 8 മഹിളാ സമിതി സംഘങ്ങളും പ്രവർത്തിച്ചുവരുന്നു. പട്ടുവം ദിനസേവനസമിതി നടത്തുന്ന സെന്റ് ലൂക്സ് ആശുപത്രി മാത്രമേ സ്വകാര്യ മേഖലയിൽ ഉള്ളൂ. അവരുടെതന്നെ ഒരു കുഷ്ഠരോഗ നിവാരണകേന്ദ്രവും ഉണ്ട്. പറപ്പൂ ഒരു സ്വകാര്യ ഹോമിയോ ഡോക്ടറുടെ സേവനം ലഭ്യമാണ്. പൊതുജനാരോഗ്യ സ്ഥാപനങ്ങളൊന്നും തന്നെ സ്വന്തമായ കെട്ടിടങ്ങളിലല്ല പ്രവർത്തിക്കുന്നത്. ഉള്ള സ്ഥാപനങ്ങൾ മുഴുവൻ പഞ്ചായത്തിന്റെ ഒരു ഭാഗത്ത് മാത്രം കേന്ദ്രീകരിച്ചിരിക്കുന്നതിനാലും അവിടങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തതിനാലും ചികിത്സാവശ്യങ്ങൾക്കുവേണ്ടി മിക്കവരും തളിപ്പറമ്പിൽസ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്ന സ്ഥിതിയാണ്

ഇന്ന് നിലവിലുള്ളത്

പഞ്ചായത്തിലെ ആരോഗ്യ കേന്ദ്രങ്ങൾ

No	സ്ഥാപനം	വാർഡ്	ജീവന ക്കാർ	സ്ഥാ പിച്ച വർഷം	കെട്ടിടം സ്വന്തം/ വാടക.
1	ഗവ.റൂറൽ ഡി സ്പൻസറി പട്ടുവം	1	6	29 3 81	താൽക്കാ ലികം
2	കുടുംബ ക്ഷേ മകേന്ദ്രം പട്ടുവം	1	2		വാടക ഇല്ല.
3	കുടുംബ ക്ഷേ മകേന്ദ്രം മുള്ളൂൽ	3	2	1992	വാടക
4	ഗവ.ആയുർവേദ ഡിസ്പൻസറി, പട്ടുവം.	1	4	1962	വാടക

ഗവ: റൂറൽ ഡിസ്പൻസറി പരിമിതമായ സൗകര്യങ്ങളോടു കൂടിയ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിന്റെ കെട്ടിടംപണി ഇനിയും പൂർത്തിയായിട്ടില്ല. കെട്ടിടം പണിയുടെ പൂർത്തീകരണം, അടിയന്തിര പ്രാധാന്യം അർഹിക്കുന്നു. അത്യാവശ്യ മരുന്നുകളും പലപ്പോഴും ലഭ്യമല്ല. ശിതികരണ സംവിധാനം ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങളും ഒന്നും തന്നെയില്ല.

ജി. ആർ. ഡിയിൽ ഒരു മെഡിക്കൽ ഓഫീസറും ഒരു J P H ഉം ഒരു ഫാർമസിസ്റ്റും ഒരു നഴ്സിങ്ങ് അസിസ്റ്റന്റും ഉൾപ്പെടെ 6 ജീവനക്കാരുണ്ട്. വാർഡടിസ്ഥാനത്തിൽ രണ്ട് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെയും രണ്ട് ജൂനിയർഹെൽത്ത്ഇൻസ്പെക്ടർമാരുടെയും സേവനം ലഭിക്കുന്നുണ്ട്. കൂടാതെ ഏഴോം പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറുടെ സേവനവും ലഭ്യമാണ്.

1995-96 വർഷത്തിൽ പഞ്ചായത്തിൽ 554 ജലജന്യ രോഗങ്ങളും 794 വായുജന്യരോഗങ്ങളും 105 പ്രാണിജന്യ രോഗങ്ങളും 5838 മറ്റു രോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷങ്ങളിലെ പകർച്ചവ്യാധികളെ സംബന്ധിച്ചുള്ള വിവരങ്ങൾ പട്ടികയിൽ നിന്നും മനസ്സിലാക്കാം.

1995-96 വർഷത്തിൽ ആയുർവ്വേദ ഡിസ്പെൻസറിയിലും റൂറൽ ഡിസ്പെൻസറിയിലും എത്തിയ ഔട്ട് പേർഷ്യൻസിൽ 629 പേർ കടുത്ത രോഗമുള്ളവരും 359 പേർ വാത സംബന്ധമായ അസുഖമുള്ളവരും 2455 പേർ പകർച്ചവ്യാധി പിടിപെട്ടവരും 4379 പേർ മറ്റുരോഗങ്ങളും ബാധിച്ചവരാണ്, രണ്ട് സ്ഥാപനങ്ങളിലുമായി ചികിൽസക്കെത്തിയവരുടെ പൊതുവിവരം പട്ടികയിൽ കൊടുത്തിരിക്കുന്നു.

വർഷം	വിഭാഗം	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	ജലജന്യരോഗങ്ങൾ	മറ്റുള്ളവ	ആകെ
	അലോപ്പതി	22	38	889	4294	
1993 94	ആയുർവ്വേദം	25	35	10	-	
	ആകെ	47	73	899	4294	5313
	അലോപ്പതി	682	-	612	4137	
1994 95	ആയുർവ്വേദം	60	85	25	-	
	ആകെ	742	85	637	4137	5601
	അലോപ്പതി	724	-	519	5838	
1995 96	ആയുർവ്വേദം	70	105	35		
	ആകെ	794	105	554	5838	7291

വർഷം	വിഭാഗം	ഒ.പി	ത്വക്ക്‌രോഗം	വാതരോഗം	പകർച്ചവ്യാധി	മറ്റുള്ളവ
	അലോപ്പതി	5347	98	21	2691	2537
1992-93	ആയുർവ്വേദം	613	330	225	15	35
	ആകെ	5960	428	246	2706	2572
	അലോപ്പതി	5243	100	7	2877	2259
1993-94	ആയുർവ്വേദം	567	300	200	24	30
	ആകെ	5810	400	207	2894	2289
	അലോപ്പതി	5431	207	—	2548	2676
1994-95	ആയുർവ്വേദം	767	400	300	19	38
	ആകെ	6198	607	300	2567	2714
	അലോപ്പതി	7081	309	—	2438	4334
1995-96	ആയുർവ്വേദം	741	320	350	17	45
	ആകെ	7822	629	350	2455	4379

ഏഴോം പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ കണക്കുകൾ പ്രകാരം പഞ്ചായത്തിലെ ജനനനിരക്ക് 14.64ഉം (സംസ്ഥാന ശരാശരി 17) മരണനിരക്ക് 5.24 (സംസ്ഥാന ശരാശരി 5.9)ഉം ആണ്. 1995-96 വർഷത്തിൽ ഗർഭ സംബന്ധമായ അസുഖം കാരണമുള്ള ഒരു മരണവും ഒരു ചാപ്പിള്ള ജനനവും മൂന്ന് ശിശു മരണവും ഉണ്ടായിട്ടുണ്ട്.

ഏഴോം പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ വികലാംഗ സർവ്വെയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ വികലാംഗരുടെ എണ്ണം വാർഡടിസ്ഥാനത്തിൽ ചുവടെ കൊടുക്കുന്നു.

വാർഡ്	ചലനവൈകല്യം	മറ്റുള്ളവ	ആകെ
I	9	24	33
II	6	15	21
III	6	20	26
IV	28	41	69
V	7	5	12
VI	14	21	35
VII	12	15	27
VIII	26	42	68
ആകെ	108	183	291

ഈ വിഭാഗങ്ങളോടുള്ള അവഗണന ഉയർത്തുന്ന സാമൂഹ്യപ്രശ്നങ്ങൾ വലുതാണ്. ഈ വീഭാഗങ്ങൾക്ക് തൊഴിൽ നേടാനും ചെയ്യാനുമുള്ള സംവിധാനം ഉണ്ടാവേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ കേൻസർ രോഗം മൂലമുള്ള മരണം ഏറിവരുന്നതു പഠന വിധേയമാക്കേണ്ടിയിരിക്കുന്നു. തിരുവനന്തപുരം റീജണൽ കേൻസർ സെൻറിന്റെയും മലബാർ കേൻസർ കേർ സൊസൈറ്റിയുടെയും സഹായത്തോടെ പട്ടുവം പഞ്ചായത്തിൽ സമഗ്ര കേൻസർ നിയന്ത്രണ പദ്ധതി നടത്തിവരുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി കേൻസർ രോഗ നിർണ്ണയത്തിന് സഹായിക്കുന്ന മെഡിക്കൽ കേമ്പ് അടിയന്തിരമായി നടത്തേണ്ടിയിരിക്കുന്നു. ഗ്രാമസഭയിൽ നിന്നുയർന്നുവന്ന പ്രശ്നങ്ങളും സാധ്യതകളും താഴെ പറയും പ്രകാരം ക്രോഡീകരിക്കാം.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ പൊതുജനാരോഗ്യ കേന്ദ്രങ്ങളുടെ എണ്ണം പരിമിതമാണ്.
2. പഞ്ചായത്തിലുള്ള പൊതുജനാരോഗ്യ സംവിധാനത്തിന് ഗണ്യമായ സംഭാനകൾ നൽകാൻ സാധിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രം പട്ടുവം പഞ്ചായത്തിലില്ല.
3. പഞ്ചായത്തിലെ പൊതുജനാരോഗ്യ കേന്ദ്രങ്ങൾ മിക്കവയും ഒരു ഭാഗത്തായതിനാൽ മറ്റുഭാഗങ്ങളിലുള്ള ആളുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല.
4. പഞ്ചായത്തിലെ നല്ല ശതമാനം ആളുകൾക്കും ചികിത്സക്കായി തളിപ്പറമ്പിലെ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്ന സ്ഥിതിയുണ്ട്.
5. 5, 6, 7, 8 വാർഡുകളിൽ നിന്നും ജി.ആർ.ഡി ഏകദേശം 6-7 കിലോമീറ്റർ ദൂരത്താണ് സ്ഥിതി ചെയ്യുന്നത്.
6. 2, 4, 5, 6, 7, 8 വാർഡുകളിൽ കുടുംബക്ഷേമ സബ്സെൻറുകളില്ല.
7. ഹോമിയോ ആശുപത്രികൾ പഞ്ചായത്തിലില്ല.
8. കുടുംബ ക്ഷേമ സബ്സെൻറുകൾക്ക് സ്വന്തമായ കെട്ടിടമില്ല.
9. റൂറൽ ഡിസ്പെൻസറിയുടെ കെട്ടിടം പണി ഇനിയും പൂർത്തിയായിട്ടില്ല.
10. റൂറൽ ഡിസ്പെൻസറിയിൽ മരുന്നുകൾ സൂക്ഷിക്കാനുള്ള സൗകര്യമില്ല.
11. പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യത്തിനു

മരുന്നുകൾ ലഭിക്കാറില്ല.

12. റൂറൽ ഡിസ്പെൻസറിയിൽ സ്ഥിരം പ്രതിരോധ വാക്സിനുകൾ സൂക്ഷിക്കുന്നതിന് ശീതീകരണ സംവിധാനമില്ല.
13. കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം പഞ്ചായത്തിലില്ല. ഇതിന്വേണ്ടി 8 കി.മീ ദൂരം സഞ്ചരിക്കേണ്ടി വരുന്നു.
14. ആരോഗ്യ പ്രവർത്തകർക്ക് സ്ഥിരതാമസത്തിന് സൗകര്യമില്ല.
15. റൂറൽ ഡിസ്പെൻസറിയുമായി ബന്ധപ്പെട്ട് മാലിന്യ സംസ്കരണ സംവിധാനമില്ല.
16. ഒ.പി. ടിക്കറ്റ് സംവിധാനമില്ല. ഒ.പി. സമയം ജനങ്ങൾക്ക് സൗകര്യപ്രദമല്ല.
17. എല്ലാ വാർഡുകളിലും അംഗൻവാടികളില്ല. അവയുടെ എണ്ണം ജനസംഖ്യാനുപാതികമല്ല.
18. ആയുർവ്വേദ ആശുപത്രയുടെ കെട്ടിടം ശോചനീയാവസ്ഥയിലാണ്.
19. ആയുർവ്വേദ ആശുപത്രി ജനങ്ങൾ വേണ്ടത്ര ഉപയോഗപ്പെടുത്തുന്നില്ല.
20. ആരോഗ്യ ബോധവൽക്കരണ ക്ലാസുകളിൽ ജനപങ്കാളിത്തം കുറഞ്ഞുവരുന്നു.
21. പാരമ്പര്യ ചികിത്സാ രീതികൾ കൈമാറ്റം ചെയ്യപ്പെടുന്നില്ല.
22. പച്ചമരുന്നുകൾ സംരക്ഷിക്കപ്പെടുന്നില്ല. അവ തിരിച്ചറയാനുള്ള ശേഷി പുതിയ തലമുറയ്ക്കില്ല.


സാധ്യതകൾ

1. റൂറൽ ഡിസ്പെൻസറിയുടെ കെട്ടിടം പണി പൂർത്തിയാക്കുക.
2. റൂറൽ ഡിസ്പെൻസറിയെ പ്രാഥമികാരോഗ്യ കേന്ദ്രമായി ഉയർത്തണം. കൂടാതെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യമുണ്ടാക്കണം.
3. മുഴുവൻ വാർഡുകളിലും കുടുംബ ക്ഷേമ സബ് സെൻററുകൾ സ്ഥാപിക്കണം.
4. ആവശ്യമായ സ്ഥലങ്ങളിൽ ഹോമിയോ, യുനാനി ആശുപത്രി സ്ഥാപിക്കണം.
5. ആയുർവ്വേദ ആശുപത്രിയുടെ ഒരു സബ്സെൻറർ സ്ഥാപിക്കണം.
6. റൂറൽ ഡിസ്പെൻസറിയിൽ ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കുകയും അവ സൂക്ഷിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.
7. ജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് മുഴുവൻ ആളുകൾക്കും ഹെൽത്ത് കാർഡ് ഏർപ്പെടുത്തുക.
8. ആരോഗ്യപ്രവർത്തകരുടെ ഗൃഹസന്ദർശനം കൂറേക്കൂടി ഫലപ്രദമാക്കുകയും അവരുടെ എണ്ണം ജനസംഖ്യാനുപാതികമായി മൂവായിരത്തിന് ഒന്ന് എന്ന തോതിലാക്കുകയും ചെയ്യുക.
9. ആരോഗ്യക്ലാസുകളിൽ ജനപങ്കാളിത്തം വളരെ കുറവാണ്. താഴെ തട്ടിലുള്ള ജനങ്ങളെ ആകർഷിക്കത്തക്കരീതിയിൽ ഇവ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.
10. പ്രതിരോധകുത്തിവെപ്പുകൾ മുഴുവൻ കുട്ടികൾക്കും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.
11. പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് നടപടികൾ വേണം. പച്ചക്കറി കൃഷി, അടുക്കളത്തോട്ടം മുതലായവപ്രോത്സാഹിപ്പിക്കണം.
12. വാർഡുകൾതോറും സാമൂഹ്യസേവനസന്നദ്ധ സംഘടനകളുടെ സഹായത്തോടെ ഹെൽത്ത് ക്ലബ്ബുകൾ രൂപികരിക്കണം.
13. ജനങ്ങളുടെ ശാരിരികവും മാനസികവുമായ ആരോഗ്യ സംരക്ഷണത്തിന് സഹായകരമായ യോഗാസനം, സ്പോർട്സ് തുടങ്ങിയവ പ്രോത്സാഹിപ്പിക്കണം.
14. വയോജന ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കണം.
15. പാരമ്പര്യ ചികിൽസാരീതികൾ നിലനിർത്താൻ സംവിധാനം വേണം.
16. പച്ചമരുന്നുകൾ വെച്ചുപിടിപ്പിക്കുകയും പുതിയ തലമുറയ്ക്ക് അവ തിരിച്ചറയാനുള്ള പരിശീലനം നൽകുകയും വേണം.
17. വികലാംഗരെ പുനരധിവസിപ്പിക്കുവാൻ നടപടി വേണം.
18. കേരളത്തിൽ ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കണം.

പരിസര ശുചിത്വം

ശുചിത്വ ബോധമുള്ള ജനതയ്ക്ക് മാത്രമെ തങ്ങളുടെ ആരോഗ്യം സംരക്ഷിക്കാൻ കഴിയുകയുള്ളു. പൂർണ്ണമായ ഒരു കാർഷിക ഗ്രാമമായതിനാലും മലിനീകരണം സൃഷ്ടിക്കുന്ന വ്യവസായങ്ങൾ തീരെ ഇല്ലാത്തതിനാലും പരിസര മലിനീകരണം ഗുരുതരമല്ല. എങ്കിലും വിശേഷാൽ ഗ്രാമസഭകളിൽ ശുചീകരണ രംഗത്തെ പ്രശ്നങ്ങളും സാധ്യതകളും വളരെയധികം ഉയർന്നുവന്നിട്ടുണ്ട്.

മനുഷ്യമലം സൃഷ്ടിക്കുന്ന പരിസര മലിനീകരണങ്ങളും ആരോഗ്യ പ്രശ്നങ്ങളും വളരെ വലുതാണ്. മനുഷ്യമലം ക്ഷേണത്തിൽ കലരുന്നത് തടഞ്ഞാൽത്തന്നെ നമ്മെ ബാധിക്കുന്ന മിക്ക വാറും രോഗങ്ങളും തടയാൻ സാധിക്കും. മലം എങ്ങനെയാണ് പുതിയ രോഗിയെ സൃഷ്ടിക്കുന്നത് എന്ന ചാർട്ടിൽ നിന്നു മനസിലാക്കാം.



ഇത് തടയാനുള്ള ഒറ്റമൂലി കക്കൂസ് മാത്രമാണ്. നമ്മുടെ വഞ്ചായത്തിൽ 1549 വീടുകളിൽ മാത്രമെ കക്കൂസുള്ളു. 874 വീടുകളിൽ കക്കൂസ്സില്ല. ഇത് നമ്മുടെ ആരോഗ്യ രംഗത്ത് സൃഷ്ടിക്കുന്ന പ്രശ്നം എത്ര വലുതായിരിക്കുമെന്ന് ഊഹിക്കാമല്ലോ. കക്കൂസീന്റെ എണ്ണം സംബന്ധിച്ച് വാർഡു തിരിച്ചുള്ള കണക്കുകൾ പട്ടികയിൽ നിന്നു മനസിലാക്കാം.

വാർഡ്	ആകെ വീട്	കക്കൂസ് ഉള്ളത്	കക്കൂസ് ഇല്ലാത്തത്
1	173	154	19
2	280	191	89
3	243	138	104
4	361	246	115
5	330	198	132
6	393	236	157
7	283	169	114
8	360	216	144
ആകെ	2423	1549	874

അവലംബം : P. H. C രേഖകൾ.

കക്കൂസ് നിർമ്മാണത്തിന് അനുവേപ്പെടുന്ന പ്രധാന പ്രയാസങ്ങളായി ഗ്രാമസഭയിൽ ചർച്ച ചെയ്യപ്പെട്ടത് സാമ്പത്തിക പരാധീനത, സ്ഥല പരിമിതി, ആവശ്യകതയെക്കുറിച്ചുള്ള ബോധക്കുറവ് എന്നിവയാണ്. സർക്കാർ തലത്തിലുള്ള സാമ്പത്തിക സഹായം വഴിയും പൊതുവായി സെപ്റ്റിക് ടാങ്കുകളുള്ള കക്കൂസ് നിർമ്മിച്ചും ആരോഗ്യ ബോധവൽക്കരണം വിപുലമാക്കിയും മേൽ പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്. മുഴുവൻ വീടുകളിലും കക്കൂസ് എന്നതിലാവട്ടെ നമ്മുടെ അടിയന്തിര ശ്രദ്ധ.

പട്ടുവം പ്രദേശം വളരെ താഴ്ന്ന് കിടക്കുന്നതിനാൽ മലിനജലം കെട്ടിക്കിടക്കുകയും കൊതുകു ശല്യം രൂക്ഷമായി അനുഭവപ്പെടുകയും ചെയ്യുന്നു. റോഡരികിൽ മലിനജലം ഒഴുകിപ്പോകുന്നതിന് ഫലപ്രദമായ ഓടകൾ ഇല്ലാത്തത് പ്രശ്നം രൂക്ഷമാക്കുന്നു. കൊതുകു നിവാരണത്തിന് ഫലപ്രദമായ രീതിയിൽ മരുന്ന് തളിക്കുന്ന സമ്പ്രദായവും നിലവിലില്ല. കൊതുകു നശീകരണ പ്രവർത്തനങ്ങളിൽ ആരോഗ്യ പ്രവർത്തകരോടൊപ്പം സന്നദ്ധ സേവകരെയും ഉപയോഗപ്പെടുത്തിയാൽ മാത്രമേ ഫലപ്രദമാവുകയുള്ളു.

എല്ലാ വീടുകളിലും കമ്പോസ്റ്റ് കുഴികൾ ഉണ്ടാക്കുകയാണെങ്കിൽ അടുക്കളത്തോട്ടത്തിനു വളമായി ഉപയോഗിക്കുന്നതിനും ഗൃഹപരിസരം

ശുചിയായി സൂക്ഷിക്കുന്നതിനും സഹായിക്കും. പൊതു മാർക്കറ്റ്, പൊതു അറവുശാല തുടങ്ങിയവയൊന്നും തന്നെ പഞ്ചായത്തിലില്ല. അഞ്ചാം വാർഡിൽ ഒരു പൊതു ശ്മശാനം പഞ്ചായത്തിലുണ്ട്. ഇവിടെ ശവസംസ്ക്കാരം നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ഇല്ല. ഏകദേശം മുപ്പതോളം സ്വകാര്യ സാമുദായിക ശ്മശാനങ്ങളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഉണ്ട്. ഇത് ഉയർത്തുന്ന പരിസ്ഥിതി പ്രശ്നം വളരെ രൂക്ഷമാണ്, ജാതി ചിന്തകളെ ഊട്ടിയുറപ്പിക്കുന്ന സാമുദായിക ശ്മശാനങ്ങളെ നിരുൽസാഹപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം ഗ്രാമസഭാചർച്ചകളിൽ ഉയർന്നു വന്നിട്ടുള്ളതാണ്. പരിപരിസര ശുചിത്വം പാലിക്കുന്നതിന് ആരോഗ്യ പ്രവർത്തകരും പൊതുജനങ്ങളും കൈകോർത്ത് പിടിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളിലൂടെ മാത്രമെ സാധിക്കുകയുള്ളൂ. വിശേഷാൽ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന ചർച്ചകളും, പ്രശ്നങ്ങളും സാധ്യതകളും രൂപേണ ക്രോഡീകരിക്കുന്നു.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ 36% വീടുകളിലും കക്കൂസ് ഇല്ല.
2. മലിന ജലം ഒഴുകിപ്പോകുന്നതിന് ഫലപ്രദ ഓടകളും ഇല്ല.
3. കൊതുക് നിവാരണ പ്രവർത്തനങ്ങളും പഞ്ചായത്തിൽ ഇല്ല.
4. പൊതുമാർക്കറ്റും അറവുശാലയുമില്ല.
5. പഞ്ചായത്ത് ശ്മശാനത്തിൽ ശവദാഹത്തിനാവശ്യമായ സാധന സാമഗ്രികളും ഇവ സൂക്ഷിക്കുന്നതിനാവശ്യമായ ഷെഡ്ഡുകളും ഇല്ല.
6. യാതൊരു നിയന്ത്രണവും ഇല്ലാത്തരീതിയിൽ സാമുദായിക സ്വകാര്യ ശ്മശാനങ്ങളും പ്രവർത്തിക്കുന്നതിനാലുള്ള പരിസ്ഥിതി പ്രശ്നം വളരെ വലുതാണ്.
7. ഗാർഹികഅവശിഷ്ടങ്ങളും കമ്പോസ്റ്റുകളും ക്ക് വേണ്ടി ഉപയോഗപ്പെടുത്തുന്നില്ല.
8. ജീർണ്ണിക്കാത്ത അവശിഷ്ടങ്ങളും (പോളിത്തീൻ ബാഗുകളും പോലുള്ളവ) പരിസ്ഥിതി പ്രശ്നങ്ങളും ഉയർത്തുന്നു.
9. നിലവിലുള്ള ബോധവൽക്കരണ പരിപാടികളും ഫലപ്രദമല്ല.

സാധ്യതകൾ:

1. മുഴുവൻ വീടുകളിലും കക്കൂസ് സ്ഥാപിക്കുക എന്നത് അടിയന്തിര ലക്ഷ്യമായെടുക്കുക.
2. പാവപ്പെട്ടവർക്ക് കക്കൂസ് നിർമ്മിക്കുന്നതിനാവശ്യമായ ധനസഹായം നൽകുക.
3. താഴ്ന്ന പ്രദേശങ്ങളിൽ മലിനജലം കെട്ടിക്കിടക്കുന്നതുതടയാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുക, റോഡിനിരുവശവും ഓടകൾ നിർമ്മിക്കുക.
4. കൊതുകുനിവാരണ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക.
5. മുഴുവൻ വീടുകളിലും കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കാൻ നടപടി എടുക്കുകയും ഒപ്പം അടുക്കളത്തോട്ടം പ്രോൽസാഹിപ്പിക്കുകയും ചെയ്യുക.
6. ശാസ്ത്രീയമായി നിർമ്മിച്ച അറവുശാല വേണം.
7. പൊതുമാർക്കറ്റ് സ്ഥാപിക്കുക.
8. പൊതു ശ്മശാനത്തിൽ ശവദാഹത്തിനാവശ്യമായ സാധന സാമഗ്രികളും ഷെഡ്ഡും വേണം. ശവദാഹം മൂലമുണ്ടാകുന്ന അന്തരീക്ഷമലിനീകരണം ഒഴിവാക്കുന്നതിന് ശാസ്ത്രീയ സംവിധാനങ്ങൾ ഏർപ്പെടുത്തുക.
9. സ്വകാര്യ സാമുദായിക ശ്മശാനങ്ങൾ നിരുൽസാഹപ്പെടുത്തുക.
10. ജീർണ്ണിക്കാത്ത പ്ലാസ്റ്റിക് പോലുള്ള വസ്തുക്കളുടെ ഉപയോഗം നിരുൽസാഹപ്പെടുത്തുക.
11. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ പൊതു കക്കൂസ്, പൊതു മൂത്രപ്പുര എന്നിവ സ്ഥാപിക്കുക.
12. മാലിന്യങ്ങൾ ശേഖരിച്ച് സംസ്ക്കരിക്കുന്നതിന് പ്ലാൻറുകൾ സ്ഥാപിക്കുക.
13. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ബോധവൽക്കരണ പരിപാടികൾ ജനങ്ങളെ ആകർഷിക്കുന്ന തരത്തിൽ നടത്തുക.

കുടിവെള്ളം, പൊതുജനാരോഗ്യം, പരിസര ശുചിത്വം

കുടിവെള്ളം

ശുദ്ധവായു, ശുദ്ധജലം ഇവയുടെ ലഭ്യത ജനതയുടെ ആരോഗ്യ സംരക്ഷണത്തിന് അത്യന്താപേക്ഷിതമാണ്. ഒരു കാലത്ത് സുലഭമായിരുന്ന പല പ്രകൃതി വിഭവങ്ങൾക്കും എന്ന പോലെ ശുദ്ധജലത്തിനും ഇന്ന് വളരെയധികം ദൗർലഭ്യം നേരിടുന്നു. മഴ ഒരൽപം കൂടിയാൽ നമുക്ക് വെള്ളപ്പൊക്കകെടുതിയും മഴ നിൽക്കുന്ന ഉടനെ വരൾച്ചാ ദുരിതവും പേറേണ്ടിവരുന്നു എന്നതാണ് നമ്മുടെ സ്ഥിതി.

നമ്മുടെ സംസ്ഥാനത്തിലും ജില്ലയിലും വർഷത്തിൽ ശരാശരി 3000 മി. മീറ്റർ മഴ ലഭിക്കുന്നുണ്ട്. പഞ്ചായത്തിൽ ഇത് 3408 മി. മീറ്റർ ആണ്. എന്നിട്ടും നമുക്കെന്തുകൊണ്ട് രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടേണ്ടി വരുന്നു? ലഭ്യമായ ജലസമ്പത്ത് ശാസ്ത്രീയമായി സംരക്ഷിക്കുന്നതിലും വിനിയോഗിക്കുന്നതിലും നാം കാണിക്കുന്ന വിമുഖതയും അറിവില്ലായ്മയും തന്നെ പ്രധാന കാരണം. കുളങ്ങളിലേയും കിണറുകളിലേയും ജലവിതാനം താഴുന്നതായും ഭൂഗർഭജലം കുറഞ്ഞു വരുന്നതായും പഠനങ്ങൾ വെളിപ്പെടുത്തുന്നു. ജനസംഖ്യാ വിസ്ഫോടനവും വർദ്ധിച്ചിരിക്കുന്ന ജല ഉപഭോഗവും വരും കാലങ്ങളിൽ പ്രശ്നം കൂടുതൽ രൂക്ഷമാക്കുകയേയുള്ളൂ.


നമ്മുടെ ജലസേചന ജലവിതരണ പദ്ധതികളും ജലസംരക്ഷണ പ്രവർത്തനങ്ങളും ഇന്ന് ജനകീയ തലത്തിലല്ല. ലഭ്യമായ ജലം ആസൂത്രിതമായി ഉപയോഗപ്പെടുത്തുക, ജലത്തിന്റെ പാഴ്ച്ചെലവ് ഒഴിവാക്കുക, വിനിയോഗ വിതരണ കാര്യങ്ങളിൽ ആസൂത്രിതമായ മാനേജ്മെന്റ് പ്ലാൻ നടപ്പിലാക്കുക തുടങ്ങിയ കാര്യങ്ങളോടൊപ്പം തന്നെ ജലസംരക്ഷണത്തിന്റെയും ശാസ്ത്രീയ വിനിയോഗത്തിന്റേയും പ്രാധാന്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്ന തരത്തിലുള്ള ബോധവൽക്കരണ പരിപാടികളും അനുബന്ധ പ്രവർത്തനങ്ങളും അടിയന്തിര പ്രാധാന്യം അർഹിക്കുന്നു. ഇത്തരത്തിൽ ജനകീയമായ ഇടപെടലോടുകൂടി മാത്രമേ നമ്മുടെ ജല സംരക്ഷണ വിതരണ പ്രവർത്തനങ്ങൾ ഫലപ്രദമാവുകയുള്ളൂ.

മൂന്നു ഭാഗവും പുഴയാൽ ചുറ്റപ്പെട്ടതാണ് നമ്മുടെ പഞ്ചായത്ത് ഏകദേശം 15 കി. മീറ്റർ നീളമുള്ള ഉപ്പ് വെള്ള ബാധിതമായ പുഴയോരം പഞ്ചായത്തിൽ ഉണ്ട്. കൂടാതെ പുഴയോടനുബന്ധമായിട്ടുള്ള പതിനൊന്നോളം തോടുകളും പഞ്ചായത്തിന്റെ ഉൾഭാഗങ്ങളിൽ പോലും ഓരു ജലക്കയറ്റത്തിന് കാരണമാകുന്നു.

വലിയ വിസ്തൃതിയുള്ളകൈപ്പാടി (ചതുപ്പ് നിലം)ന്റെ ഭൂരിഭാഗവും ചെമ്മീൻ കൃഷിക്കുവേണ്ടി ഉപ്പുവെള്ളം കെട്ടിനിർത്തുന്നു. മേൽപറഞ്ഞ കാരണങ്ങൾ കൊണ്ടു തന്നെ പഞ്ചായത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ എകദേശം പകുതിയോളം ഉപ്പുവെള്ള ബാധയേറിയും കുറഞ്ഞതുമുള്ള പ്രദേശമാകുന്നു.

പഞ്ചായത്തിലെ കുന്നിൻ പ്രദേശങ്ങളെ വേനൽക്കാലആരംഭത്തിൽ തന്നെ വരൾച്ച ബാധിക്കുന്നു. എന്നാൽ കുന്നിനോട് ചേർന്നു കിടക്കുന്ന ചില വയൽ പ്രദേശങ്ങൾ ജലസമ്പത്തിനാൽ സമ്പുഷ്ടമാണ്. ഇവിടങ്ങളിൽ രണ്ടാംവിള നെൽകൃഷി നടത്താറുണ്ട്. ഈ പ്രദേശത്തെമ്മിക്കവാറും വീട്ടുവളപ്പിൽ വേനൽക്കാലത്ത് പോലും ജലം കവിഞ്ഞൊഴുകുന്ന ചെറിയ കുണ്ട് കുളങ്ങളും ഉണ്ടായിരിന്നു. ഇവ സമൃദ്ധമായ ജലസ്രോതസ്സുകളും തന്നെയായിരുന്നു. എന്നാൽ ഇന്ന് ഇവ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ജലാധിക്യം മൂലം പണ്ട്കാലങ്ങളിൽ പലവയലുകളിലും 'അട്ട'യുടെ ശല്യം ഉണ്ടായിരിന്നതായി പഴമക്കാർ പറയുന്നു എന്നാലിന്ന് പഞ്ചായത്തിലെ മിക്കവാറും പ്രദേശങ്ങളിൽ വേനൽക്കാലആരംഭത്തിൽ തന്നെ കുടിവെള്ള ക്ഷാമം രൂക്ഷമാകുന്നു. കൂടാതെ ഉപ്പ് വെള്ള ബാധിത പ്രദേശങ്ങളും സ്ഥിരമായ കുടിവെള്ളക്ഷാമത്തിന്റെ പിടിയിലുമാണ്.

പഞ്ചായത്തിലെ 72.7% കുടുംബങ്ങളും കുടിവെള്ളത്തിനായി കിണറുകളെ ആശ്രയിക്കുന്നവരാണ് 21.7% കുടുംബങ്ങൾ പൈപ്പ് വെള്ളവും 5.4% കുടുംബങ്ങളും പൊതുകിണറുകളെയും 2% കുടുംബങ്ങൾ മറ്റ് സ്രോതസ്സുകളെയും ആശ്രയിക്കുന്നു. രൂക്ഷമായ വരൾച്ച അനുഭവപ്പെടുന്ന കൊടിയ വേനൽകാലങ്ങളിൽ മേൽപറഞ്ഞ ശതമാനക്കണക്കുകൾ അപ്രസക്തംതന്നെ. പഞ്ചായത്തിൽ 26 പൊതു കിണറുകളും 9 പൊതു കുഴൽ കിണറുകളും ഉണ്ട്. ചില പ്രദേശങ്ങളിൽ കിണറിന്റെ ആഴം 5–6 മീറ്ററിലധികം വർദ്ധിക്കുമ്പോൾ ഉപ്പുവെള്ളത്തിന്റെ സ്വാധീനം അനുഭവപ്പെടുന്നു



കേരള വാട്ടർ അതോറിറ്റിയുടെ രണ്ട് ജല വിതരണ പദ്ധതികളും പട്ടുവത്ത് പ്രവർത്തിക്കുന്നുണ്ട് കുന്നുരുവിലും, മുതുകുടയിലും. ശുദ്ധജല ലഭ്യത വളരെ ഉയർന്ന പ്രദേശങ്ങളായതിനാൽ വലിയ കിണറുകൾകുഴിച്ച് കുന്നിൻ മുകളിലുള്ള ടേങ്കുകളിൽ നിറച്ച് പൈപ്പ് വഴി വിതരണം ചെയ്യുകയാണ് ചെയ്യുന്നത്. രണ്ടു പദ്ധതി കളിലുമായി 86 സ്വകാര്യ ടാപ്പുകളും 55പൊതുടാപ്പുകളും കൂടി ആകെ 141 ടാപ്പുകളാണുള്ളത് കുന്നരു പദ്ധതി 1, 2, 3 വാർഡുകളിൽ ഭാഗീകമായും മുതുകുട പദ്ധതി 4ാം വാർഡിൽ ഭാഗീകമായും മാത്രമേ പ്രയോജനപ്പെടുന്നുള്ളു.

ടേപ്പുകൾ

കുന്നുരു		മുതുകുട		ആകെ		ആകെ
സ്വകാര്യ	പൊതു	സ്വകാര്യ	പാതു	സ്വകാര്യ	പൊതു	
77	33	9	22	86	55	14

1995-96 വർഷത്തിൽ 554 ജല ജന്യ രോഗങ്ങൾ പഞ്ചായത്തിൽ റിപ്പോർട്ട്ചെയ്യപ്പെട്ടിട്ടുണ്ട് കഴിഞ്ഞ കുറച്ചു വർഷങ്ങളായി ജല ജന്യ രോഗ ബാധാനീരക്ക് കുറഞ്ഞുവരുന്നതായി പട്ടികയിൽ നിന്നും മനസിലാകും. ജനങ്ങളുടെ ശുചിത്വബോധം ഉയരുന്നതായിഇതിൽനിന്നുംബോദ്ധ്യപ്പെടും

1992-93	'93-94	'94-95	'95-96
1015	899	637	554

ജലജന്യ രോഗങ്ങൾ

മുഴുവൻ കുടുംബങ്ങൾക്കും 200 മീറ്റർ ചുറ്റളവിനുള്ളിൽ കുടിവെള്ളം ലഭ്യമാക്കുകയാണ് ഗവൺമെന്റിന്റെ പ്രഖ്യാപിതലക്ഷ്യം എന്നാൽ നമ്മുടെ പഞ്ചായത്തിൽ കുടിവെള്ളത്തിനായി 1½മുതൽ 2 കി. മി. വരെ ദൂരം സഞ്ചരിക്കേണ്ടി വരുന്ന പ്രദേശം നിരവധിയാണ്

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ മുന്ന് ഭാഗവും ഉപ്പ്വെള്ള ബാധിതമായ പുഴയാൽ ചുറ്റപ്പെട്ട് കിടക്കുന്നു.
2. പുഴയോടനുബന്ധിച്ച് ഉൾപ്രദേശങ്ങളിലേക്ക് പോലും ഉപ്പുവെള്ളം കയറുന്ന 11 ഓളം തോടുകളുമുണ്ട്.
3. പ്രശ്നങ്ങൾ 1, 2 കാരണം പഞ്ചായത്തിന്റെ പകുതിയോളം വിസ്തൃതിയെ പൂർണ്ണമായോ, ഭാഗികമായോ ഉപ്പുവെള്ളത്തിന്റെ സ്വാധീനമുള്ളതാക്കുന്നു.
4. ബാക്കി പകുതി വിസ്തൃതിയിൽ ഭൂരിഭാഗവും എളുപ്പത്തിൽ വരൾച്ച ബാധിക്കുന്ന കുന്നിൻ പ്രദേശങ്ങളാണ്.
5. മിക്കവാറും പ്രദേശങ്ങളിൽ ഫിബ്രവരി, മാർച്ച്മാസം മുതൽ ജലക്ഷാമം അനുഭവപ്പെടാൻ തുടങ്ങുന്നു.
6. കുടിവെള്ളത്തിനായി 1½ കി. മീറ്റർ ദൂരം സഞ്ചരിക്കേണ്ടി വരുന്നു.
7. ജല – മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളും പഞ്ചായത്തിൽ നടത്താറില്ല.
8. തോടുകളിൽ ഓരു ജലക്കയറ്റം തടയാൻ ഫലപ്രദമായ ബണ്ടുകളും ഇല്ല.
9. ഓരു ജലക്കയറ്റം ഒരു പരിധിവരെ തടയാൻ സഹായിക്കുന്ന കണ്ടൽവനങ്ങളും സംരക്ഷിക്കുന്നതിനും പുതുതായി വെച്ച് പിടിപ്പിക്കുന്നതിനും തയ്യാറാകുന്നില്ല.
10. ചെമ്മീൻ കൃഷിക്കുവേണ്ടി ചതുപ്പു നിലങ്ങളിൽ (കൈപ്പാട്) ഏകദേശം 6 മാസക്കാലത്തോളം ഉപ്പുവെള്ളം കെട്ടിനിർത്താറുണ്ട്. ഇത് സമീപ പ്രദേശങ്ങളിൽ നഞ്ച് (ഓര്) വർദ്ധിപ്പിക്കുന്നു.
11. ചില പ്രദേശങ്ങളിൽ ഉപ്പ് വെള്ളത്തിന്റെ സ്വാധീനംകാരണം 5-6 മീറ്ററിലധികം കിണറുകൾക്ക് ആഴം വർദ്ധിപ്പിക്കാൻ കഴിയില്ല.
12. ഉപയോഗശൂന്യമായ കിണറുകൾ, കുഴൽക്കിണറുകൾ, (പൊതു- സ്വകാര്യ) പഞ്ചായത്തിലുണ്ട്.
13. ജല വിതരണത്തിനായി കേരള വാട്ടർഅതോറിറ്റിയുടെ രണ്ട് പദ്ധതികൾ (കുന്നരു, മുതുകുട) മാത്രമേ പഞ്ചായത്തിൽ ഉള്ളൂ.
14. ലഭ്യമായ ശുദ്ധജലം ആസൂത്രിതമായും ശാസ്ത്രീയമായും ഉപയോഗപ്പെടുത്തുന്നില്ല
15. കുന്നരു പദ്ധതികൊണ്ട് 1, 2, 3 വാർഡുകളിൽ ഭാഗികമായും മുതുകുട പദ്ധതികൊ

ണ്ട് 4-ാം വാർഡിൽ ഭാഗികമായും മാത്രമേ ജലവിതരണം സാധിക്കുന്നുള്ളൂ.

16. K. W. A. പദ്ധതികളിൽ പൈപ്പുകളുടെയും, ടാപ്പുകളുടെയും അറ്റകുറ്റപ്പണികൾ കൃത്യമായി നടത്താറില്ല. പഴകിയ പൈപ്പുകൾ പൊട്ടിപ്പൊളിഞ്ഞതു കാരണം വളരെയധികം ജല നഷ്ടം ഉണ്ടാകാറുണ്ട്.
17. കുടിവെള്ളക്ഷാമം രൂക്ഷമായ സമയങ്ങളിൽ ടാങ്കർ ലോറികളിൽ ജലവിതരണം വേണ്ടത്ര നടത്താറില്ല.
18. ഭൂഗർജലം വളരെ ചെറിയ അംശം മാത്രമേ ഉപയോഗപ്പെടുത്തുന്നുള്ളൂ. കുഴൽകിണറുകളുടെ എണ്ണം അംഗുലീപരിമിതമാണ്.
19. ജലം ക്ലോറിനേറ്റ് ചെയ്യുന്ന പതിവില്ല.
20. രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ.

വാർഡ് I. വാർഡിന്റെ തെക്കും ഉപ്പുവെള്ള ബാധിത പ്രദേശമാണ്. പട്ടുവം കടവ്, പടിഞ്ഞാറെച്ചാൽ, എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്.

വാർഡ് II : പട്ടുവം കടവ്- കുഞ്ഞിമതിലകം റോഡരികിലുള്ള പ്രദേശങ്ങളും ഒഴികെ വാർഡിന്റെ മിക്കവാറും ഭാഗങ്ങളും ഉപ്പുവെള്ള ബാധിത പ്രദേശമാണ്. പടിഞ്ഞാറേച്ചാൽ, ഇടമുട്ട്, പോത്തട പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷം തന്നെ.

വാർഡ് III : പോട്ടറി സൈറ്റിയുടെ സമീപ പ്രദേശം, കണിയാൻചാൽ, മൊടോൻ പാലക്കുന്ന് മുള്ളൂൽ ആലിൻതട്ട്, സമീപ പ്രദേശം, വണ്ണാൻചാൽ എന്നിവിടങ്ങളിൽ വരണ്ടകുന്നിൻപ്രദേശങ്ങളായതിനാലും കുത്താട്, കാവുംമുന്പ്, കാവുകൽ, മാണിയാട്ടുപാലം, തെക്കേ കുന്നരുവിൽ റോഡിന് വടക്കുഭാഗം, ഇടമുട്ട് എന്നിവിടങ്ങളിൽ ഉപ്പുവെള്ള ബാധകാരണവും, മുള്ളൂൽ നാൽപാടി വാസുറോഡിന് സമീപം വേനൽക്കാലത്ത് മിക്ക കിണറുകളിലും ഉപ്പുവെള്ളമായതിനാലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

വാർഡ് IV : വേനൽക്കാലത്ത് വാർഡിൽ 70% പ്രദേശത്തും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. മാണുക്കര അണക്കെട്ടിന് കിഴക്ക് തെക്ക് ഭാഗംമുതൽ തെക്കോട്ടോടിവരെയുള്ള പ്രദേശവും വാർഡിന്റെ വടക്കുഭാഗം മുഴുവനും

വാർഡ് V: മംഗലശ്ശേരി അംഗനവാടിക്ക് സമീപം നടമ്മൽ, കുഞ്ഞിമുറ്റം, ദേശപ്രിയ വായനശാലക്ക് സമീപം കുണ്ടം, മാണുക്കര എന്നിവിടങ്ങളിൽ വരൾച്ചമൂലവും മാണുക്കര അണക്കെട്ടിന് തെക്ക് കിഴക്ക് ഭാഗത്ത് ഉപ്പുവെള്ളത്തിന്റെ സ്വാധീനം കാരണവും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

വാർഡ് VI മുറിയാത്തോട്, കോടേശ്വരം, പറപ്പൂൽ പാലേരിപ്പറമ്പ്, കയ്യം-തടം, കുറച്ച്ഭാഗം, ചെറുകുളക്കാട്, രാജീവ് കോളനി എന്നിവിടങ്ങളിൽ വരൾച്ചമൂലം കുടിവെള്ളക്ഷാമമനുഭവപ്പെടുന്നു

വാർഡ് VII: കക്കരക്കാവ് പ്രദേശം, വെള്ളിക്കീൽ മദ്രസ്സക്ക് സമീപം, കയ്യം-തടം കുറച്ചുഭാഗം എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമവും രൂക്ഷമാണ്. വാർഡ് VIII: അരിയിൽ ഹരിജൻ കോളനി, നാലാംതടം, പേത്തടം, അരിയിൽ മില്ലിന്ന് സമീപം കുതിരപ്പുറം മേലേ എന്നിവിടങ്ങളിൽ വരൾച്ചമൂലവും കുതിരപ്പുറത്ത് ഓര്ജലം മൂലവും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

സാധ്യതകൾ


1. ലഭ്യമായ ശുദ്ധജലം ശാസ്ത്രീയമായി ഉപയോഗപ്പെടുത്തണം.
2. ശുദ്ധജലം ലഭ്യമായ പ്രദേശങ്ങളെ കേന്ദ്രീകരിച്ച് പുതിയ ജല വിതരണ പദ്ധതികൾ ആരംഭിക്കുക
3. സഹകാര്യവ്യക്തികൾ കിണർ കുഴിക്കുന്നതിന്ന് സ്ഥലം നൽകാൻ തയ്യാറാണ്. അത്ഏറ്റെടുത്ത്പൊതുകിണറുകൾസ്ഥാപിക്കുക
4. മോശമായിക്കിടക്കുന്ന സ്വകാര്യ കിണറുകൾ പഞ്ചായത്തിന് നൽകാൻ വ്യക്തികൾ തയ്യാറാണ് അവ ഏറ്റെടുത്ത് അറ്റകുറ്റപണികൾ നടത്തി ഉപയോഗയോഗ്യമാക്കുക.
5. നിലവിലുള്ള പൊതുകിണറുകളിൽ സാധ്യമായവയുടെ ആഴം വർദ്ധിപ്പിച്ചും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തിയും ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുക.
6. ഉപയോഗ ശൂന്യമായ കുഴൽക്കിണറുകൾക്ക് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുക
7. പരമ്പരാഗതമായ ചെറുകുണ്ടുകുളങ്ങൾ സംരക്ഷിക്കുക
8. മുതുകുട അമ്പലക്കുളവും കയ്യത്തുള്ളപഞ്ചായത്ത്കുളവും വൃത്തിയാക്കി ജലവിതരണം നടത്തിയാൽ അതാത് പ്രദേശത്തെ ജലക്ഷാമം പരിഹരിക്കാൻ കഴിയും.
9. KWAജലവിതരണപദ്ധതികൾ പഞ്ചായത്തിന്റെ നിയന്ത്രണത്തിലാക്കുകയും വിതരണ സംരക്ഷണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുകയും ചെയ്യുക.
10. കുന്നുരുവിലും മുതുകുടയിലും ഉള്ള KWA കിണറുകളുടെ ആഴം വർദ്ധിപ്പിക്കുകയും ഈ പദ്ധതികളിലുള്ള പൈപ്പ്കണക്ഷനു

കളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യുക


11. പൈപ്പുകളുടെ അറ്റകുറ്റപണികൾ യഥാസമയം നടത്തി ജലനഷ്ടം പരമാവധി കുറയ്ക്കുക.
12. ഓരോ പൊതു ടാപ്പിൽനിന്നും നിശ്ചിത ദൂരം പൈപ്പിൽനിന്നും സംരക്ഷണച്ചുമതല സമീപപ്രദേശങ്ങളിലുള്ള ഉപഭോക്താക്കളെതന്നെ ഏൽപ്പിക്കുക.
13. കുടിവെള്ളത്തിനുള്ള പൈപ്പ് കണക്ഷനിൽനിന്നും മറ്റ്ആശ്യങ്ങൾക്ക്വേണ്ടി ദുരുപയോഗംചെയ്യുന്നത് തടയുക.
14. ജലം ക്ലോറിനേറ്റ് ചെയ്യാൻ നടപടിവേണം
15. ഭൂഗർഭജലം അനുവദനീയമായ നിരക്കിൽ ഉപയോഗപ്പെടുത്തുന്നതിന്ന് അനുയോജ്യമായ സ്ഥലങ്ങളിൽ കുഴൽക്കിണറുകൾ സ്ഥാപിക്കുക.
16. കരിക്കാച്ചിറയിലേയും കുളക്കാട് വയലിലെയും ശുദ്ധജലം ഉപയോഗപ്പെടുത്തി പഞ്ചായത്തിലെ മിക്കവാറും ജലക്ഷാമം പരിഹരിക്കാൻ നടപടി കൈകൊള്ളുക.
17. ശുദ്ധജലം ലഭ്യമായസ്ഥലത്ത് ആവശ്യമായകിണറുകൾകുഴിച്ച് വെള്ളം പൊതുടാപ്പുകളിൽ ശേഖരിച്ച് വിവരണം ചെയ്യാവുന്നതാണ്
18. മുള്ളൂൽ ശാസ്താംകോട്ട പദ്ധതിപ്രവർത്തനം ത്വരിതപ്പെടുത്തുക. ഇതുപോലുള്ള നീരുറവകൾ കൂടുതലായി കണ്ടെത്തുകയും ചെയ്യുക.
19. പട്ടുവം ആൻഡ് അഡ്ജോയിനിംഗ് വില്ലേജസ് ശുദ്ധ ജല വിതരണ പദ്ധതിയുടെപ്രവർത്തനം ത്വരിതപ്പെടുത്തുക.
20. മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുക.
21. കുന്നിൻ ചെരിവുകളിൽ നീർമറികൾകണ്ടെത്തിതടയണകെട്ടി സംരക്ഷിക്കുക.
22. ഉപ്പുവെള്ളം കയറുന്നത് തടയാൻ തോടുകളിൽ ഫലപ്രദമായ റഗുലേറ്റർ കം ബ്രിഡ്ജുകൾവേണം
23. കണ്ടൽവനങ്ങൾ നട്ടുവളർത്തുകയും സംരക്ഷിക്കുകയും ചെയ്യുക.
24. ചെമ്മീൻകൃഷിക്ക്വേണ്ടി ഉപ്പുവെള്ളം കെട്ടിയിർത്തുന്നത് സമീപ പ്രദേശങ്ങളിൽ ദോഷകരമാകുന്നതിന്ന് പരിഹാരം കാണുക.
25. പട്ടുവം പഞ്ചായത്തിന്റെ പുഴയതിർഞ്ഞിയായ ഭാഗവും ബണ്ടുകെട്ടി സംരക്ഷിക്കുക.



പട്ടുവംഗ്രാമപഞ്ചായത്ത് വാർഡുകൾ



ഗതാഗതം



ഒരു പ്രദേശത്തിന്റെ പുരോഗതിയിൽ അവിടത്തെ ഗതാഗതത്തിന് ഏറെ പ്രാധാന്യമുണ്ട്. പുരോഗതിയും ഗതാഗതവും ഊടുംപാവും പോലെ ബന്ധപ്പെട്ടവയാണ്. മൂന്ന്ഭാഗവും പുഴയാൽ ചുറ്റപ്പെട്ട ഈ പ്രദേശം പഴയകാലത്ത് ജലഗതാഗതത്തെയാണ് പ്രധാനമായും ആശ്രയിച്ചിരുന്നത്. കാർഷിക ഗ്രാമമായ പട്ടുവം വിവിധതരം പരമ്പരാഗത കുടിൽ വ്യവസായ രംഗത്ത് അന്യനാടുകളിൽപോലും പ്രാധാന്യം സിദ്ധിച്ച പ്രദേശമായിരുന്നു. ഇവിടെ നിർമ്മിച്ചിരുന്ന നാനാതരം മൺപാത്രങ്ങൾ വിപണനത്തിനായി മാട്ടൂൽ, പഴയങ്ങാടി, ചെറുകുന്ന്, കൂവേരി മുതലായ പ്രദേശങ്ങളിലേക്ക് ബോട്ട്വഴിയും കടത്തുതോണി കടന്ന് തലച്ചുമടുമായാണ് കൊണ്ടുപോയിരുന്നത്. ഏഴോം, ചെറുകുന്ന്, കണ്ണപുരം, കീഴറ തുടങ്ങി നിരവധി സമീപപ്രദേശങ്ങളുമായി സമ്പർക്കം പുലർത്തിയിരുന്നത് കടവ് കടന്നായിരുന്നു. പഴയകാലത്ത് കണ്ണപുരം, പഴയങ്ങാടി തുടങ്ങിയ റെയിൽവേസ്റ്റേഷനുകളുമായി പട്ടുവം പ്രദേശത്തെ നല്ലൊരു വിഭാഗം ബന്ധപ്പെട്ടിരുന്നതും ഇതേ മാർഗ്ഗത്തിൽ കൂടിതന്നെയായിരുന്നു. ആ കാലത്ത് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ചെറുകുന്ന്, മാടായി ഹൈസ്കൂളുകളിൽ വിദ്യാർത്ഥികൾ പോയിരുന്നതും കടവ് താണ്ടിയായിരുന്നു. ഈ പഞ്ചായത്തിൽ ചെറുതും വലുതുമായ നിരവധി കടവുകളുണ്ട്. പ്രധാനപ്പെട്ട കടവുകൾ താഴെപറയുന്നവയാണ്.

നമ്പർ	കടവിന്റെ പേര്	നീളം
1	പട്ടുവം-കോട്ടക്കീൽകടവ്	400 മീറ്റർ
2	പട്ടുവം-കാവിൻമൂനമ്പ് കടവ്	1,200 ,,
3	വെളളിക്കീൽ കടവ്	200 ,,
4	കാങ്കോൽ കടവ്	150 ,,
5	പാറമ്മൽ കടവ്	300 ,,
6	കുറ്റിക്കോട്ട കടവ്	300 ,,
7	വളളുവൻ കടവ്	300 ,,
8	കുതിരപ്പുറം കടവ്	300 ,,

മേൽപറഞ്ഞ പല കടവുകളും പഴയകാലത്ത് പഞ്ചായത്ത് ലേലം ചെയ്തിരുന്നു. ഇതിൽ ഏറ്റവുമധികം വരുമാനമുള്ള പട്ടുവം-കോട്ടക്കീൽ കടവ് ലേലം ചെയ്തിരുന്നു അതിന്റെ വരുമാനം അനുഭവിച്ചുവരുന്നത് ഏഴോം പഞ്ചായത്താണ്. യാത്രക്കാരുടെ നല്ലൊരു ഭാഗം പട്ടുവം പഞ്ചായത്തിലുള്ളവരാണ്. അതുകൊണ്ടതന്നെ ലേലം ചെയ്തുകിട്ടുന്ന പണത്തിന്റെ ന്യായമായ വിഹിതം പട്ടുവം പഞ്ചായത്തിന് ലഭിക്കേണ്ടതാണ്.

പട്ടുവം പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്ത് സ്ഥിതിചെയ്യുന്ന പഴയങ്ങാടി പഴയകാലത്തെ ഒരു പ്രധാനപ്പെട്ട വാണിജ്യകേന്ദ്രമായിരുന്നു. പഴയങ്ങാടിയുമായി കുവേരി, കുപ്പം, പട്ടുവം, ഏഴോം, ചെറുകുന്ന്, താവം മുതലായ പ്രദേശങ്ങളെ ബന്ധിപ്പിച്ച് നിരവധി യന്ത്രബോട്ടുകൾ സർവീസ് നടത്തിയിരുന്നു. കാവിൻ മുനമ്പ് വഴി വെള്ളിക്കീൽ പുഴയിലൂടെയും ബോട്ട് സർവീസുണ്ടായിരുന്നു. റോഡ് ഗതാഗതം സാർവത്രികമായതിനെ തുടർന്ന് ബോട്ട് ഗതാഗതം കുറഞ്ഞു തുടങ്ങുകയും ഇപ്പോൾ നാമാവശേഷമാവുകയും ചെയ്തു.

പഴയകാലത്ത് പയ്യന്നൂർ ഭാഗത്ത്നിന്ന് കാൽനടയായി കണ്ണൂരിൽ പോയിരുന്നവർ വെള്ളിക്കീൽ കടവ് വഴിയായിരുന്നു യാത്ര ചെയ്തിരുന്നതെന്ന് പറയപ്പെടുന്നു.

ആറ് നാഴികയോളം വരുന്ന കാടുപിടിച്ചുകിടന്ന "കല്ല്, കരട്, കാഞ്ഞിരക്കുറ്റി, മുള്ള്, മൂരട്, മൂർക്കൻപാമ്പ്''ഇവയെ അതിജീവിച്ച് മണിക്കൂറുകൾ നടന്നുവേണം തളിപ്പറമ്പിൽ എത്തിച്ചേരാൻ. ഇക്കാലത്ത് രോഗികളേയും, മറ്റ് ഉന്നതരേയും ചുമലിലേറ്റി കൊണ്ടുപോയിരുന്ന മഞ്ചൽ സഞ്ചാരവുമുണ്ടായിരുന്നു. ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാർ ഔദ്യോഗിക ആവശ്യങ്ങൾക്ക് കുതിരപ്പുറത്തായിരുന്നു വന്നിരുന്നത്. ദുർഘടം പിടിച്ച ഈ വഴിയാണ് പട്ടുവം അധികാരിയായിരുന്ന പരേതനായ ശ്രീ.പി.പി.കൃഷ്ണൻ നമ്പ്യാർ മുൻകയ്യെടുത്ത് 1948ൽ കേന്ദ്ര ഗവ:സ്പെഷ്യൽ സ്കീം അനുസരിച്ച് പട്ടുവം കുഞ്ഞിമതിലകം മുതൽ തളിപ്പറമ്പ് ഹൈവേ വരെ റോഡാക്കി മാറ്റിയത്. ഈ റോഡ് നിർമ്മാണത്തിൽ നാട്ടുകാരുടെ പരിപൂർണ്ണ സഹകരണമുണ്ടായിതായും, റോഡ് നിർമ്മാണത്തിനശേഷം നാട്ടുകാർക്ക് പായസദാനം നൽകിയതായും പറയപ്പെടുന്നു. വളരെക്കാലത്തോളം ചിലപ്രദേശങ്ങളിലെല്ലാം ഇതിനെ "പായസറോഡ്'' എന്നാണ് വിളിച്ചിരുന്നത്.

1960വരെ പട്ടുവത്തേക്ക് മോട്ടോർ ഗതാഗതമൊന്നും തന്നെ ഉണ്ടായിരുന്നില്ല. അറുപതുകളുടെ അവസാനം കടന്നൽക്കൂടിനെ അനുസ്മരിപ്പിക്കുമാറ് ക്ലേശിച്ചായിരുന്നു ജനങ്ങൾ ജീപ്പുകളിൽ യാത്ര ചെയ്തിരുന്നത്. ചേടിപ്പൊടി പാറ്റിക്കൊണ്ട് പായുന്ന ജീപ്പിന്റെദൃശ്യം കൗതുകയും ഒപ്പംഭയവും തോന്നിക്കുംവിധമായിരുന്നു. 1979കാലഘട്ടമായപ്പോയേക്കും 28കി.മീറ്ററോളം റോഡുകൾ പഞ്ചായത്തിന്റെ വിവധഭാഗങ്ങളിലായി നിർമ്മിക്കപ്പെട്ടു. 1962മുതൽ 1979വരെ പട്ടുവം പഞ്ചായത്ത് തളിപ്പറമ്പ് പഞ്ചായത്തിന്റെ ഭാഗമായിരുന്നു. 1979ൽ അധികാരത്തിൽവന്ന പട്ടുവം പഞ്ചായത്ത് സമിതി ഗ്രാമ വികസനത്തിന്റെ ഭാഗമായി റോഡ് നിർമ്മാണപ്രക്രിയക്ക് പ്രാധാന്യംകൊടുത്തു പ്രവർത്തിച്ചു. തൽഫലമായി അഞ്ച് കിലോമീറ്റർ റോഡ് 1982ൽ ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കി. ഇന്ന് തളിപ്പറമ്പ് ദേശീയപാതയിൽനിന്നും പട്ടുവത്തിന്റെ പ്രധാനഭാഗങ്ങളായ മുള്ളൂൽ, വെള്ളിക്കീൽ, പട്ടുവം, കാവിൻമുനമ്പ്, മംഗലശ്ശേരി, മുതുകുട എന്നീ പ്രദേശങ്ങളിലേക്ക്(പ്രതിയായ സൗകര്യങ്ങളോടു കൂടിയതല്ലെങ്കിലും)റോഡുകളുണ്ട്. എന്നാൽ പഞ്ചായത്തിൽ ഒരിടത്തും ബസ്സ് പാർക്കിംഗ് സൗകര്യങ്ങളോ, മതിയായ ബസ്സ് ഷെൽട്ടറുകളോ ഇല്ല. ഇന്ന് ഈ പഞ്ചായത്തിൽ കാണുന്ന മിക്ക റോഡുകൾക്കും ശ്രമദാനമുണ്ടായിട്ടുണ്ട്. 16.85 ച.കി.മി. വിസ്തീർണ്ണവും 14108ജനസംഖ്യയുമുള്ള പട്ടുവം പഞ്ചായത്തിലെ നിലവിലുള്ള റോഡുകളിൽ 17. കി.മി.പി.ഡബ്ല്യു.ഡി. റോഡുകളാണ്. 15.040കി.മി. പക്കാ റോഡുകളും 2.885കി.മി. മെറ്റൽ റോഡുകളും 27.470 ചരൽ റോഡുകളുമുണ്ട്.

പട്ടുവം ഗ്രാമപഞ്ചായത്തിന്റെ ദൈർഘ്യവുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ റോഡുകൾ വളരെ കുറവാണെന്ന് പറയാൻ സാധിക്കുകയില്ല. പക്ഷേ, നാല് റോഡുകളൊഴിച്ച് ബാക്കിയെല്ലാം നിർമ്മാണത്തിന്റെ പ്രഥമദശയിലാണുള്ളത്. മേൽപറഞ്ഞ റോഡുകളിൽത്തന്നെ എല്ലാസ്ഥലത്തും ആവശ്യമായ വീതിയില്ല. റോഡുകളിലെ കുലുങ്കുകൾക്ക് ആവശ്യമായ വീതിയില്ല. അപകട സാദ്ധ്യതയുള്ള ധാരാളം വളവുകൾ ഈ റോഡിൽ പലയിടങ്ങളിലുമുണ്ട്. ഇവിടെയെല്ലാം റോഡിനാവശ്യമായ വീതി കൂട്ടുകയും വളവ് നിവർത്തേണ്ടതുമാണ്.

ഈ റോഡുകളുടെ ഇരുവശത്തും ഓടകൾ തീരെയില്ല. നിർബന്ധമായും ഓടകൾ നിർമ്മിക്കേണ്ടതാണ്. സാമ്പത്തിക പരാധീനതകൊണ്ട് ഘട്ടംഘട്ടങ്ങളായാണ് റോഡ് നിർമ്മാണം നടക്കുന്നത്. അവസാനഘട്ടം പണിയെടുക്കുമ്പോഴേക്കും ആദ്യഘട്ടങ്ങൾ വളരെ ശോചനീയമായിത്തീരും. വർഷകാലങ്ങളിൽ കാൽനട പോലും അസാദ്ധ്യമാകുന്ന രീതിയിലാണ് റോഡിന്റെ സ്ഥിതി. നിലവിലുള്ള റോഡുകളെല്ലാം ഗതാഗതയോഗ്യമാകണമെങ്കിൽ വമ്പിച്ച തുകതന്നെ മുതൽ

മുടക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്ത് റോഡുകളുടെ (പ്രത്യേകിച്ച് വയലുകളിൽ നിർമ്മിക്കുന്നവ) ഇരുവശങ്ങളിലും ഓടകൾ വേണമെന്ന ധാരണപോലുമില്ലാത്ത സ്ഥിതിയാണുള്ളത്. ഓടകൾ നിർമ്മിക്കാൻ സ്ഥലം വെക്കാതെ വയലുകൾ നികത്തുകയും പറമ്പുകൾക്ക് അതിർത്തികെട്ടുകയും ചെയ്യുന്ന പ്രവണത പല സാമൂഹ്യപ്രശ്നങ്ങളും ഉണ്ടാക്കിവെക്കുന്നുണ്ട്. ഇതിനു പരിഹാരം കാണേണ്ടതാണ്. മുതൽമുടക്കും സന്നദ്ധ സേവനംവഴിയും ഈ ദൗത്യം പൂർണ്ണമാക്കാവുന്നതാണ്.

തളിപ്പറമ്പ്-പട്ടുവം-കാവിൻമുനമ്പ്-ചെറുകുന്ന്റോഡ്, ചെറുകുന്ന് കൊവപ്പുറത്താണ് അവസാനിക്കുന്നത്. പട്ടുവത്തിനും ചെറുകുന്നിനും മദ്ധ്യേ ഏതാണ്ട് ഒരു കി.മി. നീളത്തിൽ പുഴഭാഗം ഒഴിച്ചുനിർത്തിയാണ് റോഡിന്റെ പ്രവർത്തനം പൂർത്തിയാക്കിയിരിക്കുന്നത്. ഒരു പാലത്തിന്റെ നിർദ്ദേശം ഈ റോഡുപണിയുമായി ഉൾപ്പെടുത്തുകയും ബഡ്ജറ്റിൽ ടോക്കൺ സംഖ്യ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പാലത്തിന് സുമാർ 300 മീറ്റർ നീളം മതിയാകും. ബാക്കിഭാഗം രണ്ടു ഭാഗത്തുമായി ആഴം കുറഞ്ഞ കൈപ്പാട്ടിൽ അപ്രോച്ച് റോഡ് നിർമ്മിക്കാവുന്നതാണ്. ഈ പാലം പൂർത്തിയായാൽ പട്ടുവക്കാരുടെ കണ്ണൂർയാത്രാ ദൈർഘ്യം കുറയും. കൂടാതെ കണ്ണപുരം റെയിൽവേ സ്റ്റേഷന്റെ വികസനം സാധ്യമാകും. തളിപ്പറമ്പിന്റെ മലയോര ഭാഗത്തുള്ള മലഞ്ചരക്കുകൾ കണ്ണപുരം റെയിൽവേ സ്റ്റേഷനിൽ എത്തിക്കുന്നതിന് ചെലവ് കുറഞ്ഞുകിട്ടും. ഈ കാര്യങ്ങളെല്ലാം സൂചിപ്പിച്ചുകൊണ്ട് പട്ടുവക്കാരും ചെറുകുന്നുകാരും ചേർന്ന് ആക്ഷൻ കമ്മിറ്റി രൂപീകരിക്കുകയും, അധികൃതർക്ക് നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അധികൃതരിൽനിന്ന് നടപടികൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ല.

പട്ടുവം പഞ്ചായത്തിലെ വെളളിക്കീൽ കടവിന് പാലം നിർമ്മിക്കുക എന്നത് പട്ടുവക്കാരുടെ വളരെ കാലമായുളള ആഗ്രഹമാണ്. ഇത് നിർമ്മിച്ചാൽ തളിപ്പറമ്പ് ടൗണുമായി ബന്ധപ്പെട്ട ദേശീയപാതയ്ക്ക് കുപ്പത്തുനിന്ന് കീച്ചേരിവരെ ഒരു ബൈപ്പാസ് റോഡ് ഉണ്ടാക്കാൻ സാധിക്കും. സുമാർ 150 മീറ്റർനിളത്തിൽ പാലവും ബാക്കി. അപ്രോച്ച്റോഡും മാത്രമേ നിർമ്മിക്കേണ്ടതുളളു. തളിപ്പറമ്പ് നഗരത്തിലെ ഗതാഗത ക്കുരുക്ക് ഒഴിവാക്കുന്നതിനും തദ്വാര തളിപ്പറമ്പ മുതൽ കീച്ചേരിവരെയുളള ദേശീയ പാതയുടെ ലോഡ് കുറക്കുന്നതിനും സാധിക്കും. മുളളൂലിൽ ഒരു ബ്രിഡ്ജ് കം റഗുലേറ്ററിന്റെ നിർദ്ദേശം നിലവിലുണ്ട്. എം.എൽ.എ. റോഡുമായി ബന്ധപ്പെട്ട് ഇത് നിർമ്മിച്ചാൽ ഉപ്പുവെളളം കയറുന്നത് തടയുന്നതിനും ഗതാഗത സൗകര്യം വർദ്ദിപ്പിക്കുന്നതിനും സഹായകമാകും.

പട്ടുവം കോട്ടക്കീൽ കടവിന് ഒരുപാലം നിർമ്മിക്കാവുന്നതാണ്. പട്ടുവം പഞ്ചായത്തിനെ ഏഴോം പഞ്ചായത്തുമായി ബന്ധിപ്പിക്കാൻ ഉതകുന്ന ഒന്നാണിത്. പഴയങ്ങാടി, പുതിയങ്ങാടി, മാട്ടൂൽ, മുട്ടം, എരിപുരം, പയ്യന്നൂർ മുതലായ സ്ഥലങ്ങളിലേക്കുളള യാത്രാ ദൈർഘ്യം കുറക്കുന്നതിനും ഈ പാലം പര്യാപ്തമാകും. ധാരാളം ആൾക്കാർ യാത്രചെയ്യുന്ന കോട്ടക്കീൽ കടവിൽ ഉപയോഗിക്കുന്ന കടത്തുതോണിയിൽ 'യമഹ' എഞ്ചിൻ ഘടിപ്പിക്കുവഴി യാത്രാസമയവും കടവുതോണിക്കുളള കാത്തിരിപ്പും ലാഭിക്കാവുന്നതാണ്.

വിശാലമായ വയലുളള പട്ടുവം പഞ്ചായത്തിൽ ഒരു കരയിൽനിന്ന് മറ്റൊരു കരയിലേക്ക് കാൽനട സഞ്ചാരത്തിന് നടപ്പാത നിർമ്മാണം ഏറെ പ്രയോജന പ്രദമാണെന്ന് അനുഭവം തെളിയിച്ചിട്ടുണ്ട്. സ്ഥലലാഭവും നിർമ്മാണ ചെലവു കുറവുമായ ഇത്തരം നടപ്പാതകൾ നീർക്കെട്ടില്ലാതെ നിർമ്മിക്കുക വഴി വയലുകളിലെ മണ്ണൊലിപ്പ് തടയുന്നതിനും വളക്കൂറ് നിലനിർത്തുന്നതിനും വയലുകളിലേക്ക് ടില്ലർ, വളം, ഞാറ തുടങ്ങിയവ കൊണ്ടു പോകുന്നതിനും സഹായകരമാകും. കുട്ടികൾക്ക് വിദ്യാലയങ്ങളിലേക്ക് പോകുന്നതിനുളള എളുപ്പവഴിയായും ഇവ പ്രയോജനപ്പെടുത്താവുന്നതാണ്.

പ്രശ്നങ്ങൾ

1. പി.ഡബ്ല്യൂ.ഡി.റോഡുകൾക്ക് സ്റ്റാൻഡേർഡ് അനുസരിച്ചുളള വീതി പലസ്ഥലങ്ങളിലും ഇല്ല
2. പി.ഡബ്ല്യൂ.ഡി.റോഡുകളിലെ ചില കുലുങ്കുകൾക്ക് റോഡിന്റെ വീതിയില്ല
3. പി.ഡബ്ല്യൂ.ഡി.റോഡുകളിലുളള ചിലസ്ഥലത്തെ വളവുകൾ ഗതാഗത തടസ്സം ഉണ്ടാക്കുന്നു.
4. പി.ഡബ്ല്യൂ.ഡി.റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യാത്തതുകൊണ്ട് റിപ്പേറിംഗിന് കൂടുതൽ തുക ചെലവഴിക്കേണ്ടിവരുന്നു.
5. ടാറിംഗ് നടന്ന ഉടനെ ടെലിഫോൺ കേബിൾ ഇടുവാൻ ആഴത്തിലുളള ചാൽ കീറുന്നതുകൊണ്ട് റോഡിന്റെ ഗുണനിലവാരം കുറയുന്നു.
6. റോഡിലേക്ക് തളളിനിൽക്കുന്ന വൃക്ഷശിഖിരങ്ങൾ യാത്രക്ക് അസൗകര്യം ഉണ്ടാക്കുന്നു.
7. പി.ഡബ്ല്യൂ.ഡി.റോഡിന്റെ ഇരുവശങ്ങളിലും ഓടകളില്ലാത്തത് റോഡിന്റെ ഭദ്രതക്ക് കോട്ടംവരുത്തുന്നു.

8. പഞ്ചായത്ത് റോഡുകൾ ഭൂരിഭാഗവും നിർമ്മാണത്തിന്റെ പ്രഥമഘട്ടത്തിലേ എത്തിയിട്ടുള്ളൂ.

9. പഞ്ചായത്ത് റോഡുകളുടെ പൂർത്തീകരണത്തിന് ആവശ്യമായ ഫണ്ടില്ലായ്മ.

10. റോഡുകൾക്ക് ആവശ്യമായ ഓടയില്ലാത്ത തിനാൽ ഉപരിതലം വേഗത്തിൽ മോശമാകുന്നു.

11. പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ ആവശ്യമായത്ര റോഡില്ലാത്തത് യാത്രാ പ്രശ്നം സൃഷ്ടിക്കുന്നു.

12. റോഡ് നിർമ്മാണത്തിലെ അശാസ്ത്രീയത കൊണ്ടുണ്ടാകുന്ന നീർക്കെട്ട്, വളവ്, കുത്തനെയുള്ള കയറ്റം ഇവ ഗതാഗതപ്രശ്നം സൃഷ്ടിക്കുന്നു

13. റോഡ് നിർമ്മാണത്തിൽ പ്രാദേശികമായ ഇടപെടലില്ലായ്മ ഫണ്ടിന്റെ ചോർച്ചയ്ക്കും റോഡിന്റെ ശോച്യാവസ്ഥയ്ക്കും കാരണമാകുന്നു.

14. ജെ.ആർവൈ.പദ്ധതിയനുസരിച്ച് റോഡുണ്ടാക്കുമ്പോൾ വടക്കേഇന്ത്യൻ നിബന്ധനകൾ കേരളത്തിലും ബാധകമാക്കുന്നതുകൊണ്ട് അത്യാവശ്യ സ്ഥലത്തു പോലും റോഡ് നിർമ്മാണത്തിന് ബുദ്ധിമുട്ടുവരുന്നു.

15. പ്രധാനപ്പെട്ട പല റോഡുകളും ടാർചെയ്തിട്ടില്ല

16. പഞ്ചായത്തിൽ ഒരിടത്തും വാഹനങ്ങൾക്ക് പാർക്ക് ചെയ്യാനുള്ള സൗകര്യമില്ല.

17. പഞ്ചായത്തിൽ പലയിടത്തും ബസ്ഷെൽട്ടറുകളില്ല.

18. റോഡ് നിർമ്മാണകാര്യത്തിൽ സന്നദ്ധസേവനം തൃപ്തികരമല്ല

19. തളിപ്പറമ്പ്, പട്ടുവം, ചെറുകുന്ന് പി.ഡബ്ല്യു.ഡി. റോഡിൽ കാവിൻമുനമ്പ് പുഴയക്ക് പാലം നിർമ്മിക്കാത്തത് പലതരം അസൗകര്യങ്ങൾ ഉണ്ടാക്കുന്നു.

20. വെള്ളിക്കീൽ കടവിന് പാലമില്ലാത്തതു കണ്ണൂരിലേക്കുള്ളയാത്രയുടെ ദൂരം വർദ്ധിപ്പിക്കുന്നു.

21. മുള്ളൂലിൽ ബ്രിഡ്ജ് കം റെഗുലേറ്റർ ഇല്ലാത്തതിനാൽ ഉപ്പ്വെള്ളം തടയാൻ കഴിയുന്നില്ല. ചെറുകുന്ന്, കണ്ണപുരം വഴിയുള്ള യാത്രാദൂരം വർദ്ധിപ്പിക്കുന്നു,

22. കോട്ടക്കീൽ കടവിന് പാലമില്ലാത്തതിനാൽ പഴയങ്ങാടി-പയ്യന്നൂർ പ്രദേശങ്ങളിലേക്കുള്ള യാത്രാദൂരം വർദ്ധിക്കുന്നു.

23. കടത്ത് തോണിയിൽ പരമ്പരാഗതരീതിയിലുള്ള തുഴയും തണ്ടും മാത്രമുപയോഗിക്കുന്നത് കാത്തിരിപ്പിനും യാത്രാസമയം കൂട്ടുന്നതിനും കാരണമാകുന്നു.

24. നിലവിലുള്ള നടപ്പാതകളുടെ അറ്റകുറ്റപ്പണികൾ വർഷംതോറും നടത്തുന്നില്ല.

25. ആവശ്യത്തിന് എല്ലാ സ്ഥലത്തും നടപ്പാതകളില്ല

26. രാത്രികാലങ്ങളിൽ ഗതാഗതം സുഗമമാക്കാൻ ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം സ്ട്രീറ്റ് ലൈറ്റുകൾ ഇല്ല.

27. കടവുതോണി അടുക്കുന്ന സ്ഥലത്ത് ആവശ്യമായ ജെട്ടികളില്ല.

28. പഞ്ചായത്ത് റോഡുകളുടെ ഇരുവശവും ഓടകൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഒഴിച്ചു വിടുന്നില്ല.

സാദ്ധ്യതകൾ

1. പി.ഡബ്ല്യു.ഡി.റോഡുകൾ സ്റ്റാൻഡേർഡ് അനുസരിച്ച് പരിഷ്കരിക്കുക

2. പി.ഡബ്ല്യു.ഡി.റോഡുകൾ യഥാസമയം റിപ്പേറിംഗ് നടത്തിയും ഉപരിതലം പുതിക്കിയും ചെലവ് ചുരുക്കുക

3. റോഡുകളിൽ മറ്റു ഡിപ്പാർട്ടുമെൻറുകളുടെ (ടെലിഫോൺ കേബിളിടാൻ ചാൽകീറുക) പ്രവർത്തനം ബന്ധപ്പെട്ട വകുപ്പുകൾ പരസ്പരധാരണയോടെ ചെയ്യുക

4. റോഡുകളുടെ ഇരുവശത്തും ഓടകൾ നിർബന്ധമാക്കുക,

5. വാഹനഗതാഗത സൗകര്യങ്ങൾ കൂടിയ റോഡുകൾ പി.ഡബ്ല്യു.ഡി.യോ ജില്ലാ പഞ്ചായത്തോ ഏറ്റെടുക്കുക.

6. എം.എൽ.എ റോഡ് പദ്ധതിയിൽ ഉൾപെടുത്തി പണി ആരംഭിച്ച കാവിൻമുനമ്പ്- മുള്ളൂൽ-വെള്ളിക്കീൽ-ഏഴാംമൈൽ-തൃച്ചംബരം-മുയ്യം-ബാവുപ്പറമ്പ്-കോൾമൊട്ട റോഡിൽ കാവിൻമുനമ്പ് മുതൽ മുള്ളൂൽവരെ വരുന്ന രണ്ടു കിലോമീറ്റർഭാഗം പരിഷ്കരിച്ച് ടാറിംഗു നടത്തി ഗതാഗതയോഗ്യമാക്കുക

7. തളിപ്പറമ്പ്-പട്ടുവം-ചെറുകുന്ന് റോഡിൽ

മുറിയാത്തോട്ടിലും പുതൻചാലിലുമുള്ള കുലുങ്കുകളുടെ വീതി കൂട്ടുക.

8. നിലവിലുള്ള പഞ്ചായത്ത് റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കി മുൻഗണനാക്രമത്തിൽ ടാർചെയ്ത് ഗതാഗതയോഗ്യമാക്കുക.

9. വാഹനഗതാഗത സൗകര്യമില്ലാത്ത പ്രദേശങ്ങളായ പട്ടുവം വില്ലേജ് ഓഫീസിന് തെക്കുവശം, മുള്ളൂൽ, കൂത്താട്, കാവുങ്കൽ പോട്ടറി സൊസൈറ്റി മുതൽ ഹൈസ്കൂൾ ഭാഗം, മുട്ടുകണ്ടി, മുതുകുട അണക്കെട്ട് പടിഞ്ഞാറുഭാഗം ഹരിജൻകോളനി, മുതുകുട മുസ്ലിം പള്ളിമുതൽ കുറ്റിക്കോട്ട കടവ് ഭാഗം, മംഗലശ്ശേരി കരിക്കാച്ചിറഭാഗം, മുറിയാത്തോട്, അരിയിൽ, പേത്തടം, ഹൈസ്കൂൾഭാഗം, കയ്യംതടം, വായനശാല കോടേശ്വരം റോഡുവരേയുള്ള ഭാഗം എന്നിവടങ്ങളിൽ മുൻഗണനാടിസ്ഥാനത്തിൽ പുതിയ റോഡുകൾ നിർമ്മിക്കേണ്ടതാണ്.

10. റോഡിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുക

11. എല്ലാ റോഡുകൾക്കും പ്രത്യേകം പ്രത്യേകം സംരക്ഷണ സമിതികൾ രൂപീകരിക്കണം

12. പഞ്ചായത്തിൽ സാദ്ധ്യതയുള്ള സ്ഥലങ്ങളിലെല്ലാം വാഹനങ്ങൾക്ക പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യവും ആവശ്യമായ ബസ് വെയറ്റിംഗ് ഷെൽട്ടറുകളും നിർമ്മിക്കുക.

13. റോഡ് പ്രവൃത്തികൾക്ക് സന്നദ്ധസേവനം ഉറപ്പ് വരുത്തുക,

14. കാവിൻമുനമ്പ് കടവിലും, വെള്ളിക്കീൽ കടവിലും, കോട്ടക്കീൽ കടവിലും പാലങ്ങൾ നിർമ്മിക്കുക

15. മുള്ളൂൽപുഴയ്ക്ക് ബ്രിഡ്ജ്-കം-റെഗുലേറ്റർ നിർമ്മിക്കുക

16. കടത്തുതോണികൾ യന്ത്രവത്കരിക്കുക

17. കടവുകളിൽ ജെട്ടി നിർമ്മിക്കുക

18. നിലവിലുള്ള നടപ്പാതകളുടെ അറ്റകുറ്റപ്പണിയും പരിഷ്കരണവും നടത്തുക

19. റോഡുകളുടെ വശങ്ങളിൽ അതിരുകെട്ടുമ്പോൾ ഓടകൾക്കാവശ്യമായ സ്ഥലം നിർബ്ബന്ധമായും ഒഴിച്ചുവിടുക

20. വൈദ്യുതിലൈൻ കടന്നുപോകുന്ന പഞ്ചായത്ത് റോഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കുക

21. നിലവിലുള്ള നടവഴികളും ഇടവഴികളും നടപ്പാതയായി വികസിപ്പിക്കുക

22. നടപ്പാതകൾ അത്യാവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ നടപ്പാതകൾ മുൻഗണനാ ക്രമത്തിൽ നിർമ്മിക്കുക

23. പഞ്ചായത്തിലെ നിലവിലുള്ള റോഡുകൾ, നടപ്പാതകൾ എന്നിവ അളന്ന് തിട്ടപ്പെടുത്തി പുതുക്കിയ റോഡ് രജിസ്റ്റർ ഉണ്ടാക്കി സൂക്ഷിക്കുക.


ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകൾ

നമ്പർ	റോഡിന്റെ പേര്	നീളം കി.മി	വീതി	നീളം			ബസ് സൗകര്യം
				താർ ചെയ്തത്	സോളിംഗ് ചെയ്തത്	മൺ റോഡ്	
1	കുഞ്ഞിമതിലകം പട്ടുവംകടവ് റോഡ്	0.900	6മീറ്റർ	0.900		-	ഉണ്ട്
2	മുതുകുട-മംഗലശ്ശേരിവയൽ പാറമ്മൽക്കടവ് റോഡ്	1.700	8 ,,	1.350	-	350	,,
3.	കാവുങ്കൽ-മുതുകുട ഹരിജൻകോളനി റോഡ്	1.800	8 ,,	1.000	800മി		,,
4.	പട്ടുവംകടവ്-പടിഞ്ഞാറേച്ചാൽഹരിജൻകോളനിറോഡ്	1.600	6 ,,	-	500മി	1100മി	ഇല്ല
5	പട്ടുവം യു.പി.സ്കൂൾ-വെളിച്ചാങ്കീൽ റോഡ്	0.285	6 ,,	-	285മി		,,
6.	പട്ടുവം കച്ചേരിപോത്തട ഹരിജൻകോളനി റോഡ്	0.600	6 ,,	-	-	600മി	,,
7	കാവുങ്കൽ-കുന്നരു-ഇടമുട്ട്റോഡ്	0.300	7 ,,	300 മി	-	-	,,
8	ഗവ:വെൽഫയർഎൽ.പി.സ്കൂൾ ഇടപ്പുറോഡ്(എം.എൽ.എ) റോഡ്)	0.550	6 ,,	-	-	550മി	,,
9	കാവുങ്കൽ-പട്ടുവം ഗവ:ഹൈസ്കൂൾ റോഡ്	0.300	4. ,,	--	--	300മി	,,
10	പട്ടുവം ഗവ:ഹൈസ്കൂൾ മുള്ളൂൽ റോഡ്	0.500	6 ,,		-	500മി	,,
11	മുതുകിടകിഴക്ക്-മുതുകുട എൽപി.സ്കൂൾറോഡ്	0.225	4 ,,	-		225മി	,,
12	മാണുക്കര വളവ്-മുതുകുട എൽ.പി.സ്കൂൾറോഡ്	0.550	6 ,,	-	100മി	400മി	,,


13	മുതുകുടമുസ്ലിംപള്ളി-മുതുകുട കിഴക്കേവലറോഡ്	1.200	6 ,,	-	200മി	1000മി	,,
14	മുതുകുട-തത്തെക്കൊടി-ഹരിജൻകോളനി റോഡ്	0.525	6 ,,	-	-	525	,,
15	ആശാരിവളവ് മുതുകുട എൽ.പിസ്കൂൾ മാണൂക്കരറോഡ്	1.00	6 ,,	-	-	1000മി	,,
16	മംഗലശ്ശേരി പാലോട്ട്ചാൽ വള്ളുവ കോളനി റോഡ്	0.600	4 ,,	-		600മി	,,
17	പട്ടുവം ഗവ: ഹൈസ്കൂൾജുപ്പ മുള്ളൂൽഹരിജൻ കോളനി റോഡ്	0.600	4 ,,	-	-	600മി	,,
18	പോട്ടറി സൊസൈറ്റി-കാഞ്ഞിരത്തറ റോഡ്	1.000	4 ,,	-	-	1000മി	,,
19	മുറിയാത്തോട്-മംഗലശ്ശേരി നമ്പികുളത്ത് കാവ് റോഡ്	1.000	8 ,,	-		1000മി	,,
20	കാഞ്ഞിരത്തറ-നമ്പിക്കുളത്ത്കാവ് മാണൂക്കരറോഡ്	0.660	6 ,,	-	-	660മി	,,
21	മുടവൻ പാലക്കുന്ന്-പട്ടുവം ഗവ:ഹൈസ്കൂൾറോഡ്	1.000	4 ,,	-	-	1000മി	,,
22	അരിയിൽ റോഡ്	1.000	6 ,,	-	-	1000മി	
23	കൊളക്കാട് മംഗലശ്ശേരി റോഡ്	1.400	6 ,,	-	-	1400മി	,,
24	കോടേശ്വരം അമ്പലം-പറപ്പുൽ റോഡ്	2.500	8 ,,	250മി	200മീ	2050	,,
25	പാലേരിപ്പറമ്പ്-കയ്യം അമ്പലം റോഡ്	1.000	7 ,,	-	-	1000	,,
26	പറപ്പുൽതടം കയ്യംറോഡ്	1.000	6 ,,	-	-	1000	,,
27	വെള്ളിക്കീൽ വളവ്(രാജീവ്ദശലക്ഷംകോളനി) പരണൂൽ റോഡ്	1.000	5 ,,	-	-	1000	,,
28	തടത്തിൽ കക്കരക്കാവ് വെള്ളിക്കീൽ റോഡ്	0.500	4 ,,	-	-	500	,,
29	പറപ്പുൽ-കിഴാറ്റൂർ റോഡ്	1.000	4 ,,		-	1000	,,
30	കയ്യംതടം-ഹരിജൻകോളനി റോഡ്	0.400	4 ,,	-	-	400	,,
31	മുറിയാത്തോട്-മംഗലശ്ശേരി ഹരിജൻകോളനി റോഡ്	0.900	8 ,,	-	-	900	,,
32	അരിയിൽ ധർമ്മക്കിണർ-കുതിരപ്പുറം റോഡ്	1.00	6 ,,	-	800മി	200മി	,,
33	ഭരണൂൽകോട്ടം-മുതുകുട മുസ്ലിം പള്ളി റോഡ്	0.300	6 ,,	-	-	300മി	,,
34	മുള്ളൂൽ എൽ.പി.സ്കൂൾ-ഇടനങ്കലം റോഡ്	0.620		-	-	620	,,
35	പറപ്പുൽ - കയ്യം റോഡ്	0.290	-	-	-	290മി	,,
36	അരിയിൽമന്ന-ഹരിജൻകോളനി റോഡ്	0.750	6 ,,	-	-	750	,,
	ആകെ	30.555		3.800	2.885	23.870	

പി.ഡബ്ല്യു.ഡി. റോഡുകൾ

നമ്പർ	റോഡിന്റെ പേര്	ആകെ നിളം	പട്ടുവം പഞ്ചായത്തിൽ ഉൾപ്പെടുന്ന ദൂരം	നിലവിലുള്ള സ്ഥിതി
1	തളിപ്പറമ്പ് പട്ടുവം ചെറുകുന്ന് റോഡ്	10.270	7.100	ടാറിംഗ് ചെയ്തത്
2	പുതംചാൽ-പറപ്പുൽ വെള്ളിക്കീൽകടവ് റോഡ്	3.240	3.240	,,
3	കാവിൻമൂനമ്പ് മുള്ളൂൽ വെള്ളിക്കീൽ ഏഴാംമൈൽ തൃച്ചംബരം മുയ്യം ബാവുപ്പറമ്പ് കോൾമൊട്ടറോഡ് (എം.എൽ.എ റോഡ്)	18.720	7.00	കാവിൻമൂമ്പ് മുതൽ മുള്ളൂൽ വരെ 2കി.മി ദൂരം പുനരുദ്ധാരണവും ടാറിംഗും ചെയ്തിട്ടില്ല.
4	കൊല്ലിച്ചാൽ അരിയിൽ ഹരിജൻകോളനി റോഡ്	1.500	1.500	മൺറോഡ്



പട്ടുവം ഗ്രാമപഞ്ചായത്ത് - റോഡുകൾ
N
I
II
III
IV
V
VI
VII
VIII
പട്ടുവം പുഴ
കവ്വായി പുഴ
കുറുമാത്തൂർ പുഴ
കുറുമാത്തൂർ പുഴ
പി. ഡബ്ലിയു. ഡി റോഡുകൾ
പഞ്ചായത്ത് റോഡുകൾ
വാർഡ് അതിരുകൾ

ഊർജ്ജം



ഒരു പ്രദേശത്തെ വികസന ആവശ്യങ്ങൾക്ക് പരമപ്രധാനമായ ഒന്നാണ് ഊർജ്ജം. ഊർജ്ജ ഉപഭോഗത്തിന്റെ അളവ് ആ പ്രദേശത്തിന്റെ വികസന നിലയുടെ സൂചകമായി കണക്കാക്കാം. നമ്മുടെ പഞ്ചായത്തിൽ ഊർജ്ജ ഉപഭോഗം പ്രധാനമായും ഗാർഹികം, വ്യാപാരം, ചെറുകിട വ്യവസായം, കൃഷി എന്നിങ്ങനെ തരംതിരിക്കാം. ഗാർഹിക ആവശ്യങ്ങളിൽ മുഖ്യമായും ആഹാരം പാകം ചെയ്യുന്നതിനാണ്. പ്രാചീനകാലം മുതൽ മൂന്ന് 'കല്ല്' ചേർത്തുവെച്ച് അതിൽ വിറക് കത്തിച്ചാണ് പാചകം ചെയ്തിരുന്നത്. അടുപ്പിന്റെ സ്ഥാനത്തിനും നിർമ്മാണ രീതിയിലും മാറ്റമുണ്ടായി എന്നതിൽ കവിഞ്ഞ് ഘടനയിൽ വലിയ മാറ്റമൊന്നുംകൂടാതെ ഇന്നും ആ രീതി തന്നെയാണ് തുടരുന്നത്. വിറക്, ഉണങ്ങിയ ഇലകൾ, തെങ്ങിൽ നിന്നും ലഭിക്കുന്ന ഓല, ചിരട്ട, ചികരി എന്നിവയാണ് പ്രധാനമായും ഉപയോഗിക്കുന്നത്. കൂടാതെ നെൽ കൃഷിയിൽ നിന്നും ലഭിക്കുന്ന അവശിഷ്ടങ്ങൾ, അടക്കാത്തോട്, ചാണക വരഡി എന്നിവയും ഉപയോഗക്കുന്നു. വാണിജ്യ ഇന്ധനങ്ങളായ മണ്ണെണ്ണ, ഗ്യാസ് എന്നിവ ഉപയോഗിക്കുവാനുള്ള പ്രവണതയും കൂടിവരുന്നുണ്ട്. മുൻകാലങ്ങളിൽ മൺകലങ്ങളും പാത്രങ്ങളും നിർമ്മിക്കുവാനുള്ള 'ചൂള വെക്കു'വാൻ കിഴക്കൻ പ്രദേശങ്ങളിൽ പോയി വിറക് ശേഖരിച്ച് വലിയ കെട്ടുകളാക്കി ഇവിടേക്ക് കൊണ്ടുവരുന്ന കാഴ്ച സർപ്പസാധാരണമായിരുന്നു. അതുപോലെ വേനൽ ക്കാലങ്ങളിൽ ലഭ്യമാകുന്ന ചാണകം പരത്തി ഉണക്കി വരടികളാക്കി മഴക്കാലത്തേക്ക് സൂക്ഷിച്ചുവെക്കുന്ന പതിവുണ്ടായിരുന്നു. വളത്തിനായി ഉപയോഗിക്കേണ്ട ചാണകം ഇങ്ങിനെ ചാരമായി പോകുന്നത് അഭികാമ്യമായ ഒരു രീതിയല്ല. അതുകൊണ്ട് പ്രോത്സഹനജനകവുമല്ല. മരമില്ലുകളിൽ നിന്നും ലഭിക്കുന്ന അറക്കപ്പൊടി മണ്ണിന്റെയോ, വാർപ്പിരിമ്പിന്റെയോ അടുപ്പുകളിൽ നിറച്ച് പാചകത്തിന് ഉപയോഗിച്ചിരുന്നു. എന്നാൽ ഇതിന്റെ ഉപയോഗം കുറഞ്ഞുവരികയാണ്.

വാണിജ്യ ഇന്ധനങ്ങളിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് മണ്ണെണ്ണയാണ്. മുൻകാലങ്ങളിൽ വിളക്ക് കത്തിക്കുന്നതിന് മണ്ണെണ്ണയാണ് മുഖ്യമായും ഉപയോഗിച്ചു കൊണ്ടിരുന്നത്. വിവാഹം, ഉത്സവം, തെയ്യം തുടങ്ങിയ വിശേഷാവസരങ്ങളിൽ മണ്ണെണ്ണ ഉപയോഗിച്ചുള്ള പെട്രോമാക്സുകളാണ് ഉപയോഗിച്ചു വന്നിരുന്നത്. അടുത്തകാലത്ത് മണ്ണെണ്ണയും പെട്രോളും ഉപയോഗിച്ചുള്ള ജനറേറ്ററുകൾ വ്യാപകമായതോടെ



മാക്കുകൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ചില സമ്പന്നകുടുംബങ്ങളിൽ വെളിച്ചെണ്ണ നിലവിളക്കുകളും ഉപയോഗിച്ചു വന്നിരുന്നു.

ഊർജം എന്നുകേൾക്കുമ്പോൾത്തന്നെ നമ്മുടെ മനസ്സിലേക്ക് വരിക വൈദ്യുതിയുടെ കാര്യമാണ്. നമ്മുടെ പഞ്ചായത്തിൽ ആദ്യമായി വൈദ്യുതിയെത്തിയത് 1960 കളിൽ ആണ്. പഴയങ്ങാടി സെക്ഷന് കീഴിൽ ഏഴോം പുഴകടത്തി ലൈൻ വലിച്ചാണ് ഇവിടെ എത്തിച്ചിരുന്നത്. വളരെ മുമ്പുതന്നെ വൈദ്യുതി എത്തിയിരുന്നുവെങ്കിലും പഞ്ചായത്തിന്റെ മറ്റു പ്രദേശങ്ങളിൽ സമീപകാലത്താണ് വൈദ്യുതീകരണം നടന്നത്. ഏതാണ്ട് 10 വർഷത്തിന് ശേഷം ഊർജ്ജിതമായ തോതിൽ ജനങ്ങളുടെ ഇടയിൽ നിന്നും ആവശ്യം ഉയർന്നുവരികയും ചിലസ്ഥലങ്ങളിൽ അവർ തന്നെ മുൻകൈയെടുത്ത് സന്നദ്ധ പ്രവർത്തനത്തിന് മുന്നോട്ട് വരികയും ചെയ്തതിന്റെ ഫലമായി പഞ്ചായത്തിന്റെ എല്ലാ വാർഡുകളും വൈദ്യുതീകരിച്ചുവെന്ന് പറയാം. എന്നാൽ പഞ്ചായത്തിലെ നിരവധി പ്രദേശങ്ങൾ ഇനിയും വൈദ്യുതി എത്താനുണ്ട്. പട്ടുവം പഞ്ചായത്തിന്റെ ശക്തമായ ശ്രമഫലമായി പട്ടുവം പ്രദേശം പഴയങ്ങാടി മേജർ സെക്ഷന്റെ പരിധിയിൽ നിന്നും തളിപ്പറമ്പ് ഇലക്ട്രിക്കൽ മേജർ സെക്ഷന്റെ പരിധിയിലേക്ക് മാറ്റാൻ കഴിഞ്ഞിട്ടുണ്ട്.

പടിഞ്ഞാറെച്ചാൽ, പട്ടുവം കടവ്, പട്ടുവം കുഞ്ഞിമതിലകം, കാവുങ്കൽ, മുതുകുട എന്നീ ട്രാൻസ്ഫോർമറുകൾ പയ്യന്നൂർ കാരോൽ സബ്സ്റ്റേഷനിൽ നിന്നും വരുന്ന 11കെ.വി. ലൈനിൽ നിന്നും കയ്യംതടം, അരിയിൽ, മുള്ളൂൽ എന്നീ ട്രാൻസ്ഫോർമറുകൾ മാങ്ങാട് സബ്സ്റ്റേഷനിൽ നിന്നും വരുന്ന 11കെ.വി. ലൈനുമായിട്ടാണ് ബന്ധപ്പിച്ചിരിക്കുന്നത്. പഞ്ചായത്തിലെ മൊത്തം 2423 വീടുകളിൽ 1283 വീടുകൾ മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ. 51.67% മാത്രം. നമ്മുടെ പഞ്ചായത്തിൽ ആകെ 8 ട്രാൻസ്ഫോർമറുകൾ ഉണ്ട്. ഈ പഞ്ചായത്തിലെ എല്ലാ അംഗീകൃത ഹരിജൻ കോളനികളും വൈദ്യുതീകരിച്ചവയാണ്. എന്നാൽ അവയിലെ എല്ലാ വീടുകളും വൈദ്യുതീകരിച്ചവയല്ല.

ഒരു സോഡിയംവേപ്പർലാമ്പ് ഉൾപ്പെടെ 104 തെരുവ് വിളക്കുകൾ ഈ പഞ്ചായത്തിലുണ്ട്. ഇതിലേക്കായി പ്രതിമാസം 1537 രൂപ ഇലക്ട്രിസിറ്റി ബോർഡിൽ അടക്കുന്നുണ്ട്. ഇത് മൊത്തം വരുമാനത്തിന്റെ 8% വരും. ഇവിടെ 35 ലധികം എൽ.പി.ജി. കണക്ഷനുകളുണ്ട്.

കൂടാതെ ധാരാളമായി മണ്ണെണ്ണ സ്റ്റൗവും ഉപയോഗിച്ചുവരുന്നു. 5 ഗാർഹിക മോഡൽ ഗ്യാസ് പ്ലാൻറുകളും ഒരു വൻകിട പ്ലാൻറും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതിൽ രണ്ടെണ്ണം മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ. ഇന്ന് നമ്മുടെ പഞ്ചായത്തിൽ 10% മാത്രം ദക്ഷതയുള്ള പരമ്പരാഗത രീതിയിലുള്ള വിറകടുപ്പുകളാണ് ഉപയോഗിക്കുന്നത്. അതുകൊണ്ട് കത്തിക്കാനുപയോഗിക്കുന്ന ഇന്ധനം ധാരാളമായി പാഴായി പോകുന്നു. ദക്ഷതകൂടിയ പരിഷ്കൃത അടുപ്പുകൾ ഉപയോഗിക്കുകയാണെങ്കിൽ ഇന്ധന ഉപഭോഗത്തിൽ 25-30% ത്തോളം കുറവ് വരുത്തുവാൻ കഴിയും.

വിറകിൻെറ പ്രതിദിന ഉപയോഗം

ആകെ അടുപ്പുകൾ	ദിവസം 10കിലോ വെച്ച് ആകെവിറക്	പരിഷ്കൃത അടുപ്പ് ഉപയോഗിച്ചാൽ
2500	25000കിലോ	17500-18750കിലോ

നമ്മുടെ പഞ്ചായത്തിൽ 140 പരിഷ്കൃത അടുപ്പുകളുണ്ട്. അതിൽ 30-35% എണ്ണം വേണ്ടത്ര ശ്രദ്ധ ഇല്ലാത്തതു കാരണം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. നമ്മുടെ പഞ്ചായത്തിൽ 2000 ത്തോളം കന്നുകാലികളുണ്ട്. ഒരു കന്നുകാലിയിൽ നിന്നും 8-10 കിലോ ഖര-ദ്രവ രൂപത്തിലുള്ള വിസർജ്യം കിട്ടുമെന്ന് കണക്കാക്കിയാൽ പ്രതിദിനം അത് ഏതാണ്ട് 16-20 ടൺ വരും. 40 കിലോ വിസർജ്യം ഉപയോഗിച്ചാൽ 4 പേരടങ്ങുന്ന ഒരു കുടുംബത്തിൻെറ പാചക ആവശ്യം നിറവേറ്റാം എന്ന് കണക്കാക്കിയാൽ 300, 400 പ്ലാൻറുകൾ ഇപ്പോൾ തന്നെ സ്ഥാപിക്കാം. ഇതു വഴി ഏതാണ്ട് 4-5 ടൺ വിറകെങ്കിലും ലാഭിക്കുവാൻ കഴിയും. 1996 മാർച്ച് മാസത്തെ കണക്കനുസരിച്ച് പുതിയ വൈദ്യുതി കണക്ഷനുകൾക്കുള്ള 54 അപേക്ഷകൾ നിലവിലുണ്ട്.

ഓർഡിനറി-31, ഒ.ടി.പി.-4. ഒ.വൈ.ഇ.സി.-19.

പ്രശ്നങ്ങൾ

1. വിറകിൻ ക്ഷാമം നേരിടുന്നു.
2. നിലവിലുള്ള അടുപ്പുകൾക്ക് ദക്ഷത കുറവാണ്.
3. വൈദ്യുതി രംഗത്ത് രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.
4. ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ് ഫോർമറുകൾ ഇല്ല.
5. ത്രീഫേസ് ലൈനുകളിൽ നിന്നും കണക്ഷൻ തുല്യമായിട്ടില്ലാത്തതിനാൽ ഉള്ള വൈദ്യുതിവിതരണത്തിൽ അസന്തുലിതാവസ്ഥ ഉണ്ടാകുന്നു.
6. ലൈനിൽ മരച്ചില്ലകളും വള്ളികളും പടരുന്നതിനാൽ വൈദ്യുതി പാഴായിപോകുന്നു.
7. ലൈനിൽ സ്റ്റെപ്പ്ട്രാൻസ്ഫോർമറുകൾ വൻ തോതിൽ ഉപയോഗിക്കുന്നത് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ.
8. വൈദ്യുതി ബൾബുകളും മറ്റും ഉപയോഗിക്കുന്നതിൽ കാണിക്കുന്ന ധാരാളിത്തം.
9. നിലവിലുള്ള തെരുവ് വിളക്കുകളുടെ ബൾബുകൾ നശിക്കുകയോ നശിപ്പിക്കപ്പെടുകയോ ചെയ്തിട്ടുണ്ട്.
10. മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്നവർക്ക് ആവശ്യമായ മണ്ണെണ്ണ ലഭിക്കുന്നില്ല.
11. നിലവിലുള്ള തളിപ്പറമ്പിലെ എൽ.പി.ജി ഏജൻസിയുടെ കീഴിൽ പട്ടുവം പഞ്ചായത്ത് ഉൾപ്പെടുത്താത്തത് മൂലം പുതിയ കണക്ഷൻ ലഭ്യമല്ല.
12. ഗോബർ ഗ്യാസ് പ്ലാൻറുകളെ സംബന്ധിച്ച് വേണ്ടത്ര ബോധവൽക്കരണം നടന്നിട്ടില്ല.

സാദ്ധ്യതകൾ

1. സ്വകാര്യ വ്യക്തികളുടെ പറമ്പുകളിലും, പഞ്ചായത്തിൽ ലഭ്യമായ 1400 ഏക്കറോളം വരുന്ന തരിശു ഭൂമിയിലും വേഗം വളരുന്നതരം മുളമരങ്ങൾ വെച്ചുപിടിപ്പിക്കാൻ പ്രോത്സാഹനം നൽകുക.
2. (എ). ദക്ഷത കൂടിയ അടുപ്പുകൾ അടുത്ത അഞ്ചു വർഷത്തിനിടയിൽ മുഴുവൻ വീടുകളിലും സ്ഥാപിക്കുക.
   (ബി). അടുപ്പ്,ഇഷ്ടിക തുടങ്ങിയ അനുബന്ധ വസ്തുക്കൾ നിർമിക്കുവാൻ പഞ്ചായത്തിൽ തന്നെ സൗകര്യമുണ്ടാക്കുക.
3. കൂടുതൽ ഹൈടെൻഷൻ ലൈനുകൾ വലിക്കുകയും, ട്രാൻസ്ഫോർമറുകളുടെ എണ്ണം കൂട്ടുകയും ചെയ്ത് പ്രസരണ നഷ്ടം കുറക്കുക.
4. നിലവിലുള്ള എല്ലാ ലൈനുകളും ത്രീഫേസാക്കുക.
5. ഊർജ്ജ ഉപഭോഗം കുറഞ്ഞ ഇലക്ട്രോണിക് ചോക്കുകൾ ഘടിപ്പിച്ച ട്യൂബ്ലൈറ്റുകൾ, കോമ്പാക്റ്റ് ഫ്ലൂറസൻറ് ലാമ്പുകൾ എന്നിവയ്ക്കും പമ്പുസെറ്റുകളിൽ ഘർഷണംകുറഞ്ഞ ഫൂട്ട് വാൾവുകൾ പിടിപ്പിക്കുന്നതിനും വേണ്ട പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുക.
6. ലൈനിൽ തട്ടിനിൽക്കുന്ന മരച്ചില്ലകളും വള്ളികളും നീക്കുന്നതിന് സ്ഥിരം സംവിധാനം കണ്ടെത്തുക.
7. ഇന്ധനച്ചെലവ് കുറക്കുന്ന പ്രഷർകുക്കർ, കച്ചിപ്പെട്ടി, എന്നിവ എല്ലാവീടുകളിലും ഉണ്ടാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
8. കാറ്റിൽ നിന്നും വൈദ്യുതി നിർമിക്കുവാൻ അനുയോജ്യമായ സ്ഥലങ്ങളുണ്ടോ എന്ന് സംബന്ധിച്ച സർവ്വേ നടത്തുക.
9. വൈദ്യുതി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ സൗര വിളക്കുകൾ ലഭ്യമാക്കാൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.
10. സൗരോർജ പമ്പുസെറ്റുകൾ, സോളാർഹീറ്റർ എന്നിവ ആവശ്യമായവർക്ക് സ്ഥാപിക്കുവാനുള്ള സാങ്കേതിക-സാമ്പത്തിക സഹായം എത്തിച്ചു കൊടുക്കുക.

11. മിനി ഹൈഡൽ പ്രൊജക്ടുകൾ തുടങ്ങുവാനാവശ്യമായ സ്ഥലങ്ങൾ പട്ടുവം പഞ്ചായത്തിലുണ്ട്. അതിന്റെ സാദ്ധ്യതാപഠനങ്ങൾ നടത്തി പ്രായോഗിക മാക്കുവാനുള്ളപദ്ധതി ആവിഷ്കരിക്കുക.
12. പട്ടുവം പഞ്ചായത്തിനെ തളിപ്പറമ്പിലെ എൽ.പി.ജി ഏജൻസിയുടെ പരിധിയിൽ ഉൾപ്പെടുത്തുകയോ പഞ്ചായത്തിൽ പുതിയ ഏജൻസി അനുവദിപ്പിക്കുകയോ ചെയ്യുക.
13. മണ്ണെണ്ണസ്റ്റൗ ഉപയോഗിക്കുന്നവർക്ക് ആവശ്യമായത്ര മണ്ണെണ്ണ ലഭ്യമാക്കുക.
14. നമ്മുടെ പഞ്ചായത്തിൽ 300-ഓളം ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുവാനാവശ്യമായ സാദ്ധ്യത കളുണ്ട്. അത് പരമാവധി പ്രയോജനപ്പെടുത്തുക.
15. പഞ്ചായത്തിൽ വൈദ്യുതീകരിക്കുവാൻ ബാക്കിയുള്ള മുഴുവൻ വീടുകളിലും വൈദ്യുതീകരിക്കുക.
16. ആവശ്യമായ എല്ലാസ്ഥലങ്ങളിലും തെരുവു വിളക്കുകൾ സ്ഥാപിക്കുക, അവയിൽ പരമാവധി സോഡിയം വേപ്പർ ലാമ്പുകളാക്കുക.
17. നിർദ്ദിഷ്ട 110 കെ.വി. കരിക്കാപ്പാറ സബ്സ്റ്റേഷൻ നിർമാണം പൂർത്തീകരിക്കുകയും ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക.
18. പയ്യന്നൂരിലെ കാങ്കോൽ സബ് സ്റ്റേഷനിൽ നിന്നും പട്ടുവത്തേക്ക് വരുന്ന 11 കെ.വി.ലൈനിന് പകരം നിർദ്ദിഷ്ട തളിപ്പറമ്പ സബ്സ്റ്റേഷനുമായി പട്ടുവത്തുള്ള എല്ലാ ട്രാൻസ്ഫോർമറുകളും, ലൈനുകളും ബന്ധപ്പെടുത്തുക.

മാർക്കറ്റ്

പഴയ കാലത്തെ ഗ്രാമങ്ങൾ മിക്കവാറും സ്വയം സമ്പൂർണ്ണങ്ങളായിരുന്നല്ലൊ. ഗ്രാമവാസികളുടെ ആവശ്യങ്ങൾ ഗ്രാമത്തിൽ തന്നെ ഉല്പാദിപ്പിക്കുകയും വിതരണം നടത്തുകയും ചെയ്യുന്ന ഗ്രാമീണഘടന കാർഷികോല്പന്നങ്ങൾ, കുടിൽ വ്യവസായോല്പന്നങ്ങൾ, ഇവ തലച്ചുമടായി ഗ്രാമത്തിനകത്തും ബാക്കിയുള്ളവ പുറത്തും വിപണനംചെയ്യുക പതിവാണ്. ഗ്രാമത്തിൽ ഭാഗികമായി മാത്രം ആവശ്യമുള്ളവ തലച്ചുമടായി പഴയങ്ങാടിയിലും തളിപ്പറമ്പിലും എത്തിക്കുകയാണ് പതിവ്. ഗ്രാമോത്സവങ്ങളിൽ പ്രധാനയിനം ചന്തകളാണ്. ഗ്രാമീണ ഉല്പന്നങ്ങൾ ചന്തയിലെത്തിക്കുകയും ഒരു വർഷത്തേക്ക് ആവശ്യമായവ (വീട്ടാവശ്യത്തിനുള്ള കൂട്ട, മുറം, തടുപ്പ, അമ്മി, ഉരൽ, ഉലക്ക, കയിൽ, ചൂത് മാച്ചി, അത്ത്, മൺപാത്രങ്ങൾ മുതലായവ) വാങ്ങി ശേഖരിച്ചിരുന്നു.

മത്സ്യം കൂട്ടയിലാക്കി സ്ത്രീകൾ വീടുകളിൽ വിൽക്കുകയും നിത്യോപയോഗസാധനങ്ങൾ പകരം വാങ്ങുകയും ചെയ്തിരുന്നു. ഇന്ന് മത്സ്യവിൽപന മക്കവാറും സ്ഥലങ്ങളിൽ നിരത്ത്വക്കിൽ വെച്ച് നടത്തുന്നു. മത്സ്യ-മാംസ മാർക്കറ്റ് പഞ്ചായത്തിലില്ല. പുഴയോരങ്ങളിൽവെച്ചു മൃഗങ്ങളെ അറുത്ത് മാംസവിൽപന നടത്തുന്ന രീതിയാണുള്ളത്. കാർഷികോൽപ്പന്നങ്ങൾ ചിലകച്ചവടക്കാർ കൃഷിക്കാരിൽ നിന്ന് നേരിട്ടുവാങ്ങി ടൗണിൽ വിൽക്കുന്ന ഏർപ്പാടാണ് ഇപ്പോഴുള്ളത്. നിത്യോപയോഗസാധനങ്ങൾ പഞ്ചായത്തിലെ സാധാരണ കടകളിൽ നിന്നു വാങ്ങാൻ സാധിക്കുന്നു. തുണി മറ്റ് ആഡംബര വസ്തുക്കൾ, ഇവ വാങ്ങാൻ പട്ടണങ്ങളെയാണ് ആശ്രയിക്കുന്നത്. പച്ചക്കറിയുടെ ഉപഭോഗം പൊതുവിൽ കൂടിയിരിക്കുന്നു. പട്ടണങ്ങളിൽ നിന്നു പച്ചക്കറി വാങ്ങിക്കുകയെന്നത് പതിവ് ശീലമായിരിക്കുന്നു. ഇതുപോലെ പഴവർഗ്ഗങ്ങളും.

സ്വയമായി പശുക്കളെ വളർത്തി സ്വന്തമാവ ശ്യത്തിനും അയൽവാസികൾ വില്ക്ക് വാങ്ങിയുമാണ് ഭൂരിപക്ഷം ആളുകളും പാലിന്റെ ഉപഭോഗം സാധ്യമാക്കു ന്നത്. ക്ഷീര സഹകരണ സംഘം പഞ്ചായത്തിലെ പാലു പഭോഗത്തിന്റെ വളരെചെറിയ അംശമേ നിർവ്വഹി ക്കുന്നുള്ളു. ചെറിയ വിഭാഗം ജനങ്ങൾ പാൽപ്പൊടി ഉപയോഗിക്കുന്നു.

പ്രശ്നങ്ങൾ

1. കാർഷികോല്പന്നങ്ങൾ വിറ്റഴിക്കാൻ സ്വകാര്യ വ്യക്തികളെ ആശ്രയിക്കുന്നതിനാൽ ന്യായമായ വില ലഭിക്കുന്നില്ല.
2. പച്ചക്കറികൾ ആവശ്യത്തിന് ഉല്പാദിപ്പിക്കുന്നില്ല.
3. നിത്യോപയോഗ സാധനങ്ങൾക്ക് വില കൂടുതൽ.
4. പാൽ ക്ഷാമം അനുഭവപ്പെടുന്നു.
5. വീട്ടാവശ്യത്തിനുള്ള പ്രത്യേക തരം സാധനങ്ങൾക്കും പട്ടണത്തെ ആശ്രയിക്കേണ്ടിവരുന്നു.
6. മത്സ്യ-മാംസ മാർക്കറ്റ് ഇല്ലാത്തത് ബുദ്ധിമുട്ടുണ്ടാ ക്കുന്നു.

സാധ്യതകൾ

1. കാർഷികോല്പന്നങ്ങൾ വിറ്റഴിക്കാൻ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
2. പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് പദ്ധതികളും വിൽക്കുന്നതിന് സംവിധാനവും ഉണ്ടാക്കുക.
3. പഞ്ചായത്തിൽ ഉല്പാദിപ്പീക്കാത്ത നിത്യോപയോഗ സാധനങ്ങൾ പൊതുവിതരണ ശൃംഖലകളിലൂടെ വിതരണം ഉറപ്പാക്കുക.
4. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത ദിവസങ്ങളിൽ ആഴ്ചചന്തകൾ ആരംഭിക്കുക.
5. മത്സ്യ-മാംസ മാർക്കറ്റുകൾ വിവിധ പ്രദേശങ്ങളിൽ സ്ഥാപിക്കുക.
6. നല്ലയിനം പശുക്കളെ വളർത്തുവാൻ പ്രോത്സാഹനം നൽകുക.
7. ഉത്സവ ചന്തകൾ പ്രോത്സാഹിപ്പിക്കുക.
8. പഞ്ചായത്തിൽ ബെയ്ക്കറികൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുക.
9. പട്ടുവം പഞ്ചായത്തിൽ ഷോപ്പിങ്ങ് കോംപ്ലക്സ് സ്ഥാപിക്കുക.

പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

മനുഷ്യജീവിതത്തിന് ഒഴിച്ചുകൂടാൻ കഴിയാത്ത മൂന്ന് കാര്യങ്ങളാണ് ആഹാരം, വസ്ത്രം, പാർപ്പിടം. മനുഷ്യൻ കാട്ടുമൃഗങ്ങളെപ്പോലെ അലഞ്ഞുനടന്നിരുന്ന കാലത്ത് പാർപ്പിട സൗകര്യങ്ങളെകുറിച്ച് ആലോചിച്ചിരുന്നില്ല. ആഹാരം കണ്ടെത്തുന്ന സ്ഥലത്തു തങ്ങുക, അവിടെയുള്ള വക നിശ്ശേഷം തീരുമ്പോൾ അന്വേഷിച്ചു പോകുക ഇതായിരുന്നു അവന്റെ ജീവിതചര്യ എന്നാൽ കാലാന്തരത്തിൽ മനുഷ്യന്റെ ജീവിതരീതിക്ക് സ്വാരമായ മാറ്റങ്ങൾസംഭവിച്ചു. കൃഷിയുടെ ഉപയോഗം മനസ്സിലാക്കി. മനുഷ്യൻ കൃഷിചെയ്യാൻ തുടങ്ങിയതോടുകൂടി ഒരിടത്ത് സ്ഥിരമായി പാർക്കുക അവന്റെ ആവശ്യമായിത്തീർന്നു. അങ്ങനെയാണ് സ്ഥിരമായ താവളങ്ങൾ ആവിർഭവിച്ചത്. മനുഷ്യരുടെ എണ്ണം വർദ്ധിച്ചപ്പോൾ ആനുപാതികമായി ഭൂമി വർദ്ധിക്കാത്തതും കൂട്ടുകുടുംബസമ്പ്രദായം മാറിവന്നതിനാലും പാർപ്പിടം ഒരു പ്രശ്നമായി മാറി.

താഴ്ന്ന വരുമാനക്കാർക്കുവേണ്ടി ഗവ:സബ്സിഡിയോടുകൂടി ആവിഷ്കരിച്ചിട്ടുള്ള ഭവനനിർമ്മാണ പദ്ധതികളായ സാമൂഹ്യ പാർപ്പിടപദ്ധതികൾ കേന്ദ്ര സംസ്ഥാന പരിധിയിൽവന്നിട്ട് വർഷങ്ങൾ ഏറെയായിട്ടും, പൊതുചെലവിന്റെ നല്ലൊരുഭോഗം ഭവനനിർമ്മാണത്തിനായി മാറ്റിവെച്ചിട്ടും, ഇന്നും പാർപ്പിടസൗകര്യത്തിൽ നാം പിറകോട്ടാണ്. ഇതിനുള്ള ഒരു പ്രധാന കാരണം പദ്ധതികൾ തയ്യാറാക്കുന്നതിൽ ജനകീയസ്വഭാവം വേണ്ടത്രഇല്ല എന്നതാണ്. പാർപ്പിട സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലൂടെ തൊഴിൽശക്തിയെ കൂടുതൽ പ്രയോജന പ്പെടുത്താനും അതുവഴി പ്രത്യേക വൈദഗ്ധ്യമില്ലാത്ത തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും, നിർദ്ധനരുടെ വരുമാനം വർദ്ധിപ്പിക്കാനും സാധിക്കും.

പട്ടുവം പഞ്ചായത്തിൽ ആകെ 3461 കെട്ടിടങ്ങളാണ് ഉള്ളത്. ഇതിൽ പരിവർത്തിത ക്രൈസ്തവർക്കും മറ്റു നിർദ്ധനർക്കുമായി മിഷണറിമാർ ദാനമായി നൽകിയ 170ഓളം വീടുകളും ഉൾപ്പെടുന്നു. വീടുകളിൽ ഭൂരിഭാഗത്തിന്റെയും മേൽകൂര ഓടുമേഞ്ഞതാണ്. വീടുകളുടെ നിലം മിക്കവാറും മണ്ണുകൊണ്ടുള്ളതും ചാണകം മെഴുകിയതുമാണ്. പഞ്ചായത്തിന്റെ



വിവിധഭാഗങ്ങളിലായി ഓലമേഞ്ഞവീടുകൾ ഏഴ് എണ്ണം മാത്രമാണ് ഉള്ളത്. ചേരി നിവാസികൾ തീരെയില്ലെന്ന് പറയാം. എട്ട് അംഗീകൃത ഹരിജൻ കോളനികൾ ഉണ്ട്. കോളനികളുടെ അടിസ്ഥാന സൗകര്യംതൊരുവിധം തൃപ്തികരമാണ്.ഗൾഫ് പണത്തിന്റെ വരവ് ഗൃഹ നിർമ്മാണത്തെ സ്വാധീനിക്കുന്നു. പഞ്ചായത്തിൽ ഒരു ഭവനനിർമ്മാണ സഹകരണസംഘം ഇല്ലെന്നുള്ളത് ഒരു പോരായ്മയാണ്.

വീടുകളുടെ തരം

കോൺക്രീറ്റ്	ഓട്	ഓല
405	3049	7

കെട്ടിടങ്ങളുടെ എണ്ണം പഴയവാർഡടിസ്ഥാനത്തിൽ

1	2	3	4	5	6	7	8
287	416	390	507	405	501	429	526

സർക്കാർ ഏജൻസികൾ മുഖാന്തിരം ഐ.ആർ.ഡി.പി. നിർമ്മിച്ച വീടുകളുടെ വിവരം

വാർഡ്	ബ്ലോക്ക്	പഞ്ചായത്ത്
1	1	1
2	4	4
3	3	2
4	5	5
5	3	–
6	2	2
7	–	–
8	2	1
ആകെ	20	15

ഭവനനിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ വില്കുന്ന കടകൾഒന്നുംതന്നെ പഞ്ചായത്തിലില്ല. കരാറ അടിസ്ഥാനത്തിലും ദിവസക്കൂലിക്കും വിദഗ്ധ-അവിദഗ്ധ തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്. 1974-75 വർഷങ്ങളിൽ വിദഗ്ധതൊഴിലാളികൾക്ക് ഏകദേശം എട്ട് രൂപയായിരുന്ന കൂലി 1995-96ൽ അത് ഏകദേശം 125 രൂപയായി വർദ്ധിച്ചു. 1988-89ൽ സിമൻറ് ചാക്കിന് 100 രൂപ യായിരുന്നത് 95-96ൽ 185 രൂപയിൽ എത്തി നിൽക്കുന്നു. '86ൽ 1000കല്ലിന് 1200/രൂപയായിരുന്നത് 95-96ൽ ഏകദേശം 8250ഓളം രൂപയായി ഉയർന്നു. ഇത്തരത്തിൽ സാധനസാമഗ്രികളുടെ വലയിലുണ്ടായ അനിയന്ത്രിതമായ കുതിച്ചുകയറ്റം സാധാരണ ജനങ്ങളുടെ ഭവനനിർമ്മാണത്തെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു.

പ്രശ്നങ്ങൾ

1. ഭവനനിർമ്മാണ വായ്പയുടെ ഉയർന്ന പലിശനിരക്ക്

2. വീട് നിർമ്മാണ സാമഗ്രികളുടെ വിലയിലുണ്ടായ അനിയന്ത്രിത വർദ്ധന

3. മറ്റു പഞ്ചായത്തിലെന്നപോലെ ഇവിടേയും വയലുകൾനികത്തി വീടുകൾനിർമ്മിക്കുന്ന പ്രവണത കണ്ടുവരുന്നു.

4. കെട്ടിടനിർമ്മാണത്തൊഴിലാളികളെ ആവശ്യത്തിന് കിട്ടുന്നില്ല.

5. പുതിയ വീടുകൾ ഉണ്ടാക്കാനാവശ്യമായ സ്ഥലലഭ്യതയില്ലായ്മ

6. സാധാരണക്കാരന് വായ്പ ലഭിക്കാനുള്ള പ്രശ്നം

7. വിവിധപദ്ധതികളിലൂടെ ഒരാൾതന്നെ ആനുകൂല്യങ്ങൾ അനർഹമായി നേടുന്ന പ്രവണത.

8. ആഡംബരപൂർണ്ണമായ ഭവനനിർമ്മാണം.

സാദ്ധ്യതകൾ

1. ഭവനനിർമ്മാണ വായ്പയുടെ പലിശനിരക്ക് കുറക്കുക.

2. പഞ്ചായത്തിൽ ഒരു ഭവനനിർമ്മാ സഹകരണ സംഘം സ്ഥാപിക്കുക.

3. സാധാരണക്കാർക്ക് വായ്പ ലഭിക്കാൻ വ്യവസ്ഥകൾ ഉദാരമാക്കുക.

4. ഭവനനിർമ്മാണ സഹായം ഇന്നത്തെ നിലവാരത്തിനനുസൃതമായി വർദ്ധിപ്പിക്കുക.

5. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് വീട് വെക്കാനുള്ള ഭൂമി നൽകുക.

6. വയൽ നികത്തി വീട് നിർമ്മിക്കുന്ന പ്രവണത കർശനമായി നേരിടുക.

7. നിർമ്മിതികേന്ദ്രത്തിന്റെ പ്രവർത്തനം ഊർജ്ജിപ്പെടുത്തുക.

8. പോട്ടറി സൊസൈറ്റി ഇഷ്ടിക നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കുക.

9. ആഡംബരപൂർണ്ണമായ വീടുകൾ നിരുത്സാഹപ്പെടുത്തുകും നികുതി വർദ്ധിപ്പിക്കുകയും ചെയ്യുക.

10. ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് ജനങ്ങള ബോധവല്കരിക്കുക.

സാമൂഹ്യക്ഷേമം

ജീവിതത്തിൽ മനുഷ്യന്റെ ഏറ്റവും പരിതാപകരമായ അവസ്ഥയാണ് ദാരിദ്ര്യം. തികച്ചും സാമൂഹ്യ നീതിയുടേതായ ഒരു പ്രശ്നമാണിത്. സാമ്പത്തിക പുനർവിഭജനത്തിലെ വീഴ്ച, അവശജനവിഭാഗങ്ങളുടെ ഉന്നമനത്തിനു വേണ്ടിയുള്ള പദ്ധതികൾ യഥാസമയം നടപ്പിലാക്കാത്തതിന്റെ പോരായ്മ, തൊഴിലില്ലായ്മ, ആരോഗ്യക്ഷയം, നമ്മുടെ സമൂഹത്തിൽ നിലനിന്നിരുന്ന ജാതിജന്മിത്വ വ്യവസ്ഥകൾ ഇങ്ങനെ പലതും ദാരിദ്ര്യത്തിനു കാരണമായി ചൂണ്ടിക്കാട്ടാം.

1952ഓടുകൂടി സാമ്പത്തിക പിന്നോക്കം നില്കുന്ന ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി സാമൂഹ്യക്ഷേമ പദ്ധതികൾ ആരംഭിച്ചു. എന്നാൽ 70കളുടെ അവസാനമായപ്പോഴേക്കും സാമൂഹ്യവികസന ബ്ലോക്കുകൾ മജ്ജയും മാംസവുമില്ലാതെ എല്ലിൻ കൂടങ്ങൾ മാത്രമായി അധ:പതിച്ചു. തുടക്കത്തിലുണ്ടായിരുന്ന ഉദ്ഗ്രഥിതവും സമഗ്രവുമായ സമീപനം നഷ്ടപ്പെട്ടു. ഡസൻകണക്കിന് പുത്തൻ ഏജൻസികൾ നിലവിൽവന്നു. ഇവയെല്ലാം തന്നെ ഗ്രാമങ്ങളിലെ ദരിദ്രനാരായണൻമാരെ ലക്ഷ്യമാക്കിയുള്ളവയാണ്. അതുപോലെ പലതും സമാന സ്വഭാവമുള്ളവയായിരുന്നു.

ദരിദ്രരുടെ ഉന്നമനത്തിനുവേണ്ടി ഗ്രാമവികസന വകുപ്പ്, സാമൂഹ്യക്ഷേവകുപ്പ്, കൃഷി ഭവൻ, ഗ്രാമ പഞ്ചായത്ത് എന്നിവയും പുറമെ പട്ടികജാതി വികസന വകുപ്പും കോർപറേഷനും പ്രവർത്തിച്ചു വരുന്നുണ്ട്. ഗ്രാമവികസന വകുപ്പിന്റെ ധനസഹായത്തോടെ ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് മുഖേനയാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കിവരുന്നത്. പദ്ധതികളുടെ പരിപൂർണ്ണ വിജയത്തിന് സമൂഹത്തിന്റെയും സർക്കാർ ഇതര സംഘടനകളുടേയും സജീവപങ്കാളിത്തം ഉണ്ടാവുകയും പദ്ധതികളുടെ വിജയകരമായ നടത്തിപ്പിനുവേണ്ടി സൗകര്യങ്ങൾ ചെയ്യാൻ സന്നദ്ധരാവുകയും ചെയ്താൽ മാത്രമേ ഇത്തരം പദ്ധതികൾ ഫലപ്രദമാവൂ എന്ന സാമൂഹ്യ പ്രേരണയാണ് സർക്കാർ പദ്ധതികളുടെ വിജയത്തിലേക്കുള്ള താക്കോൽ എന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

സാമൂഹ്യസേവനപ്രവർത്തനങ്ങളിൽ പട്ടുവം ദീനസേവന സഭയുടെ പ്രവർത്തനങ്ങൾ എടുത്ത് പറയത്തക്കതാണ്.

പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ക്ഷേമപദ്ധതികൾ

ഐ.ആർ.ഡി.പി. ധനസഹായം: കുടുംബ വാർഷികവരുമാനം 11,000രൂപയിൽ താഴയുള്ള കുടുംബങ്ങൾക്ക് ഈ സഹായം ലഭിക്കുന്നതിന് അർഹതയുണ്ട്. 5 വർഷം കൂടുമ്പോൾ ഐ.ആർ.ഡി.പി. സർവേ നടത്തി ലിസ്റ്റ് തയ്യാറാക്കിവരുന്നുണ്ട്. 92ലും 95ലും നടത്തിയ ഐ.ആർ.ഡി.പി. സർവേ പ്രകാരം പഞ്ചായത്തിൽ ആകെ 1037 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. എന്നാൽ ഇതിൽ 85 കുടുംബങ്ങൾമാത്രമാണ് ഈ പദ്ധതിപ്രകാരം ധനസഹായം ലഭിച്ചത്.

ഐ.ആർ.ഡി.പി. സഹായലഭ്യതാകണക്ക്

വർഷം	എണ്ണം	സബ്സിഡി.രൂ	ലോൺ
1993-94	32	80,100	1,12,600
1994-95	23	95,290	2,49,360
1995-96	30	1,23,000	4,27,421
ആകെ	85	2,98,390	7,89.381. രൂ

ഐ.ആർ.ഡി.പി. തന്നെ ഭാഗമായ കുടുംബവായ്പാ പദ്ധതി പ്രകാരം രണ്ടോമൂന്നോ കുടുംബങ്ങൾക്ക് വിവിധ പദ്ധതികളിൽ വായ്പയെടുക്കാവുന്നതാണ്.

ഡി.ഡബ്ല്യൂ.സി.ആർ.എ.: സ്ത്രീകളുടേയും, കുട്ടികളുടേയും ഉന്നമനത്തിനുവേണ്ടിയുള്ള ഐ.ആർ.ഡി.പി.യുടെ ഒരു ഘടക പദ്ധതിയാണിത്. ഈ പഞ്ചായത്തിൽ ഒരു ഡി.ഡബ്ല്യൂ.സി.ആർ.എ. യൂനിറ്റ് ഉണ്ട്.

യൂനിറ്റ് നല്കിയ ധനസഹായം

വർഷം	എണ്ണം	സബ്സിഡി	ലോൺ
1995-96	10	40.000	1,10,000.രൂ

ട്രൈസം:- ഐ.ആർ.ഡ.ഇപി. സർവേ ലിസ്റ്റിൽ ഉൾപെട്ട കുടുംബങ്ങളിലെ 18 വയസ്സിന് 35വയസ്സിനും ഇടയിലുള്ള യുവതീ-യുവാക്കൾക്ക് വിവിധ ട്രേഡുകളിൽ സ്റ്റൈപ്പൻറോടുകൂടി തൊഴിൽ പരിശീലനം നല്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിപ്രകാരം നമ്മുടെ പഞ്ചായത്തിൽ ആറ് പേർക്ക്മാത്രമാണ് തൊഴിൽ പരിശലനം നലകിയത്.

റൂറൽ ആർട്ടിസാൻസ് പ്രോഗ്രാം (ആർ.എ.പി.) ഈ പദ്ധതിയനുസരിച്ച് ഗ്രാമീണ കൈത്തൊഴിലുകൾക്ക് തൊഴിലുകരണങ്ങൾ ലഭ്യമാക്കുന്നു. സർവേ പ്രകാരം പഞ്ചായത്തിൽ ആകെ 83 കുടുംബങ്ങൾക്ക് അർഹത യുണ്ട്. 1993-94മുതൽ 95-96വരെ ആകെ 51 ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

' സി.ആർ.എസ്.പി. കക്കൂസ്: സർവേ പ്രകാരം ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിന് സഹായധനമായി 2000രൂപ വീതം നല്കിവരുന്നു. 1995-96 വരെ 15 കുടുംബങ്ങൾക്ക് പദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ചിട്ടുണ്ട്

വർഷം	പൂർത്തിയാക്കിയ കക്കൂസുകളുടെ എണ്ണം	തുക
1993-94	16	32,000. രൂ
1994-95	6	12,000
1995-96	9	18,000
1996-97	15എണ്ണം അനുവദിച്ചു	

സാമൂഹ്യവനവല്കരണ പരിപാടി: സാമൂഹ്യവന വൽകരണത്തിന്റെ ഭാഗമായി വർഷംതോറും പട്ടിക ജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സൗജന്യമായും മറ്റ് വിഭാഗക്കാർക്ക് 50% സബ്സിഡിനിരക്കിലും നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്ന പദ്ധതിയാണിത്.

ഈ പദ്ധതിപ്രകാരം നമ്മുടെ പഞ്ചായത്തിൽ വിതരണം ചെയ്യുന്ന തൈകളുടെ വിവരം

	1993	1994	1995
തെങ്ങിൻതൈ	200	500	150
മാവ്	150	50	65
സപ്പോട്ട	50	50	50
നാരകം	20	–	–
മാഞ്ചിയം	–	–	65
ചെറി	–	–	50
പ്ലാവ്	–	–	20

അംഗൻവാടികൾ: പഞ്ചായത്തിലാകെ എട്ട് അംഗൻവാടികൾ ഉണ്ട്. ഇതിൽ നാല് അംഗൻവാടികൾക്ക് മാത്രമേ സ്വന്തമായി കെട്ടിടമുള്ളൂ. അംഗൻവാടികൾ മുഖേന സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അംഗൻവാടിയുമായി ബന്ധപ്പെട്ട് നാല് മഹിളാ സമാജങ്ങളും പ്രവർത്തിക്കുന്നുണ്ട്.

പൊതുവിതരണം: നമ്മുടെ പഞ്ചായത്തിലാകെ ആറ് റേഷൻ ഷാപ്പുകൾ പ്രവർത്തിക്കുന്നു. ഇതിൽ 2239 കാർഡുടമകളാണ്ഉള്ളത്. പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ ഇല്ല എന്നത് പൊതുവിതരണ രംഗത്തെ ഒരു പോരായ്മയാണ്.

റേഷൻ ഷാപ്പുകൾവഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ പട്ടിക താഴെ കൊടുത്തിട്ടുണ്ട്.

പ്രശ്നങ്ങൾ

1. അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം വളരെ പരിമിതമാണ്.
2. മഹിളാ സമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.
3. പെൻഷൻ അനുവദിച്ചു കിട്ടുന്നതിന് കാലതാമസം നേരിടുന്നു.
4. പലപദ്ധതികൾക്കും സമാനസ്വഭാവമുള്ളതു കൊണ്ട് ഒരാൾക്കു തന്നെ ആനുകൂല്യങ്ങൾ അനർഹമായി ലഭിക്കുന്ന അവസ്ഥ
5. ലക്ഷംവീട് കോളനിയിൽ ഒരു വീട് രണ്ടുകുടുംബ ങ്ങൾക്ക് നല്കുന്നതുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ
6. ലക്ഷംവീടു കോളനിയിൽ അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്.


നിർദ്ദേശങ്ങൾ

1. സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുക
2. അംഗൻവാടിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക,
3. അംഗൻവാടിയില്ലാത്ത സ്ഥലങ്ങളിൽ അംഗൻവാടി സ്ഥാപിക്കുക.
4. അംഗൻവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുക.
5. അംഗൻവാടിയിലെ പോഷകാഹാര വിതരണം വർധിപ്പിക്കുക.
6. ഐ.ആർ.ഡി.പി. ലിസ്റ്റിൽനിന്ന് ഗുണഭോക്താ ക്കളെ നിശ്ചയിക്കുന്നതിന് കാര്യക്ഷമമായ പ്രവർത്തനം നടത്തുക.
7. ഐ.ആർ.ഡി.പി. ലിസ്റ്റിൽ അർഹതയുള്ള മുഴുവൻ പേരേയും ഉൾപെടുത്തുന്നതിന് ഐ.ആർ.ഡി.പി. ലിസ്റ്റ് പുനർ നിർണ്ണയിക്കുക.
8. പദ്ധതിയുടെ ലക്ഷ്യത്തെക്കുറിച്ചു ജനങ്ങളെ ബോധവല്കരിക്കുക.
9. യഥാർത്ഥ ഗുണഭോക്താവിന് പദ്ധതിയുടെ ഗുണം കിട്ടുന്നതിനുവേണ്ടി പദ്ധതിയുടെ നിടത്തിപ്പിനിട യിലെ ചോർച്ചകൾ പരമാവധി കുറക്കുക,
10. ലക്ഷംവീട് പദ്ധതി ഒരു കുടുംബത്തിന് ഒരു വീട് എന്ന നിലയിൽ പ്രാവർത്തികമാക്കുക
11. ലക്ഷംവീട് കോളനിയിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക.
12. പട്ടുവം ഗ്രാമപഞ്ചായത്തിൽ എല്ലാ സൗകര്യ ങ്ങളുമുള്ള കല്യാണ മണ്ഡപം സ്ഥാപിക്കുക.

വർഷം	എൻ.ഇ	ഇ	മേജർ	മൈനർ	അരി	ഗോതമ്പ്	റവ	മൈദ	പഞ്ചസാര	പാമോയിൽ	പെർമിറ്റുകളുടെ എണ്ണം	പെർമിറ്റു വഴി വിതരണം ചെയ്തത്	കാർഡ് വഴി വിതരണം ചെയ്തത്
1	2	3	4	5	6	7	8	9	10	11	12	13	14
91-92 170	106	309	1913	438	1077-36-200	4520	720	2250	112-11-100	-	39	4973	13359
174	293	237	2240	662	16620 X12	60X12	190X2	270X12	-	180	-	-	30300
171	51	317	1653	527	347-11-50	8-8-720	-	-	109	-	10	500	1961
207	291	9	1178	399	1520	68	-	-	-		31	3900	13929
173	290	212	2148	472	-	-	-	-	--	-	-		1864 X 12
	1031	1084											
92-93 170	106	309	1013	438	1077-36-200	4520	720	2250	112-11-100	-	39	4973	13359
174	313	243	2459	676	16620 X 12	60 X 12	90 X 12	270 X 12		360	25	300	2051
171	51	317	1653	527	1266-50-200	39-14-170	0-36-00	0-97-000	109	8-86-500	10	1500	5993
207	27	62	1365	379	1530	72	.2	.8	120	12.60	34	4246	15051
173	304	217	2185	492	-	-	-	-	-	-	26	339 1/2	1954 X 12
		1048											
93-94 170	106	309	1913	438	1077-36-200	4520	720	2250	112-11-100	-	39	4973	13359
174	304	262	2447	669	16620 X 12	66	90 X 12	270 X 12	-	-	37	450	2044
171	51	317	1653	527	1082-19-870	19.49-320	3.56-000	20-63-00	115	-	10	1500	6305
207	270	76	1380	391	1540	74	2	8	-	-	36	4029	15265
173	280	246	2167	491		-	-	-	-	-	40	475 1/2	1892 X 12
94 95 170	106	309	1913	438	1077-36-200	45-20	7.20	22.50	112 11 100	-	39	4973	13359
174	316	262	2438	671	2186 X 12	70	90 X 12	270 X 12		-	41	486	2104
171	51	317	1653	572	821 65 660	27-51 000	5-29 000	14-40 000		1-00-000	10	1500	9173
207	282	80	1387	400	1550	75	6	31	103	1	39	4996	16566
173	272	256	2144	482		-	-				47	550 1/2	1872 X 12
95 96 170	106	309	1913	438	1077-36 200	4520	720	2250	112-11-60	-	39	4973	13959
174	338	247	2438	671	22.188 X 12	75	90 X 12	270 X 12			52	286	2104
171	51	317	1653	527	980-37-000	19 41-000	3 50-000	5 44-000			10	1500	9173
207	288	82	1396	412	1556	79	5	23	119	-	45	5664	17284
173	177	341	2308	478	-	-	-	-			49	555 1/2	1507 1/2
	78	125									11	3680	3000

സംസ്കാരം

അനുസ്യൂതമായ കലാപ്രവാഹത്തിനിടയിൽ ഒട്ടേറെ സാംസ്കാരിക ബോധനത്തിനുടമകളായി തനതായ ഒരു സാംസ്കാരിക പൈതൃകമുൾക്കൊണ്ട് സാംസ്കാരിക നവോത്ഥാനത്തിനു വേദിയൊരുക്കിയ ഒരു ജനസമൂഹ



മായിരുന്നു പട്ടുവത്തിന്റേത്. രാജഭരണ ത്തിന്റെ ചെയ്തികളുംനാടുവാഴി ഭൂപ്രഭുത്വവർഗ്ഗത്തിന്റെ അധികാരസ്വരങ്ങളും ചെറുത്ത ചരിത്രസംഭവങ്ങളെ വളരെ ദൂരെനിന്നു മാത്രം വീക്ഷിച്ച ഒരു സമൂഹം കൂടിയായിരുന്നു നമ്മുടേത്. എങ്കിലും സമ്പന്നമായ ഒരു സാംസ്കാരിക പൈതൃകം ഈ പഞ്ചായത്തിനുണ്ട്. ഇന്ന് നിലവിലുള്ള നാല്പതോളം കലാ-സാംസ്കാരിക സംഘടനകളുടെ പ്രവർത്തനം ഈ പഞ്ചായത്തിന്റെ സാംസ്കാരക മണ്ഡലത്തെ സമ്പുഷ്ടമാക്കുന്നു. വിവിധമതവിഭാഗങ്ങളുടേയും സമുദായങ്ങളുടേയും ആരാധനാലയങ്ങൾ, ഇവിടങ്ങളിലെ ആചാരങ്ങൾ, ആഘോഷങ്ങൾ എന്നിവ ഈ സാംസ്കാരിക പൈതൃകത്തിന്റെ കണ്ണാടികളാണ്. ഈ പഞ്ചായത്തിൽ പ്രമുഖമായ ജാതികൾ നമ്പ്യാർ, തീയ്യർ(ഈഴവർ) മണിയാണി(കോലയാൻ), കുറുപ്പർ, പക്കാലനായർ, വെളുത്തേടത്ത് നായർ, മാരാർ, വളിഞ്ഞാൻ, കാവുതിയൻ.

നാതീയൻ, തട്ടാൻ, കൊല്ലൻ, ആശാരി, കണിശൻ വളളുവൻ, പുലയൻ, മലയൻ, വണ്ണാൻ, പുളളുവൻ തുടങ്ങിയവർ ആണ്. കൂടാതെ മുസ്ലിം മതവിഭാഗം ഗണ്യമായ തോതിൽതന്നെ വളരെ പണ്ടുതന്നെ ഇവിടെ ഉളളതായി കാണാം. എന്നാൽ ക്രിസ്ത്യാനികൾ അടുത്തകാലത്തായി മതപരിവർത്തനത്തിന്റെ ഭാഗമായി ഉണ്ടായതാണ്. നാലാംതടം, പേത്തടം എന്നിവിടങ്ങളിലാണ് ആദ്യകാലത്ത് ജനങ്ങൾ തിങ്ങിപ്പാർത്തിരുന്നത്. നാലാം മഠം എന്ന പ്രസിദ്ധക്ഷേത്രവും അനേകം കിണറുകളും ഇവിടെ ഉണ്ടായിരുന്നു. ഇവിടെനിന്നും ആളുകൾ വിട്ടുപോകാത്ത അവസ്ഥയുണ്ടായി. സമുദായിക കലഹം മൂലമായിരിക്കാം ഈ വിട്ടുപോക്ക് നടന്നിരുന്നത് എന്ന് ഊഹിക്കപ്പെടുന്നു. പക്ഷേ, ഇന്ന് ഈ ഭാഗത്ത് ധാരാളം ആളുകൾ അധിവസിക്കുന്നുണ്ട്.

രംഗകലകളുടെ ആവിർഭാവംതൊട്ടുതന്നെ അത്തരം കലകൾ ആഴത്തിൽ വേരോടുകയുണ്ടായിരുന്ന ഒരു പ്രദേശമായിരുന്ന നമ്മുടെത്. പ്രത്യേകിച്ച് നാടകം തുടങ്ങിയ കലകൾ അന്നേ പ്രചരിച്ചിരുന്നു. തമിഴിന്റെ ചുവയുളള ഗാനശീലുകളോടെ തയ്യാറാക്കപ്പെട്ട സംഗീത നൃത്ത നാടകങ്ങൾ അന്നുമുതൽക്ക് നമ്മുടെ സാംസ്കാരിക മണ്ഡലത്തിന്റെ ഭാഗമായിരുന്നു. നൂറിൽപരം വർഷങ്ങൾക്ക് മുമ്പ് ഇതിഹാസ നാടകങ്ങൾ, ഇവിടെ അരങ്ങേറിയിരുന്നുവെന്നത് ഇന്ന് കാണുന്ന കലാസമിതികൾ രൂപം കൊളളുന്നതിന് എത്രയോ മുമ്പ് തന്നെ ഇത്തരം കലാ പ്രകടനങ്ങൾ നടത്തുന്ന ചില സംഘങ്ങൾ ഇവിടെ ഉണ്ടായിരുന്നു എന്നതിന് തെളിവാണ്. പേരുകേട്ട പലരും ഇപ്പോൾ ജീവിച്ചിരിപ്പില്ല. എങ്കിലും ചുരുക്കം ചിലർ ഗതകാലസ്മരണകൾ അയവിറക്കിക്കൊണ്ട് ജീവിതത്തിന്റെ അന്ത്യയാമത്തിലെത്തിയിരിക്കുന്നു. രംഗകലകളിൽ പ്രാമുഖ്യമുളള കഥകളി, ഓട്ടൻതുളളൽ എന്നിവ മറ്റു പ്രദേശങ്ങളിൽ നിന്നും കൊണ്ടുവന്ന് പ്രദർശിപ്പികുന്ന പതിവും ഇവിടെ നിലനിന്നിരുന്നു. പിൽകാലത്ത്, ഏതാണ്ട് 50വർഷം മുമ്പ് സ്ത്രീകളുടെ നൃത്തസംഘങ്ങളും രൂപീകൃതമായി എന്നത് സമൂഹത്തിൽ സ്ത്രീകൾക്ക് ഉന്നത സ്ഥാനം ഉണ്ടായിരുനു എന്നതിനുളള തെളിവാണ്. തലത്തിന്റെ ഇരുവശവും കെട്ടിത്തൂക്കിയ മണ്ണെണ്ണവെളിച്ചത്തിൽ ചവിട്ട് ഹോർമോണിയവും, ഡോലക്കും ഉതിർക്കുന്ന സംഗീതമാധുരിയിൽ കണ്ണും കാതും മെയ്യും മനസ്സും പരസ്പര പൂരകങ്ങളായി വർത്തിക്കുന്നു. രംഗങ്ങൾ, നൈഷധം, രുഗ്മാംഗദചരിതം, കഥാദേവയാനി, ദുര്യോധനവധം, ഇങ്ങനെ നീളുന്നു ആ നൃത്ത സംഗീതരാവുകൾ.... രാവേറുവോളം ഒരു നിയോഗം പോലെ തിങ്ങിക്കൂടിയ ജനതതി. ആധുനികതയുടെ തളളിക്കയറ്റത്തിൽ ഇതൊക്കെ വെറും ഓർമ്മകൾ മാത്രമായി അവശേഷിക്കുന്നു.

കുറുന്തിനി, ഗന്ധർവൻപാട്ട്, തിരണ്ടുകല്യാണം, മന്ത്രിച്ചുകെട്ട്, ജപിച്ച് ഊതൽ, കണ്ണേറുപാട്ട്, വണ്ണാത്തിമാറ്റ്, പുലയർകളി, കേളീപാത്രം, വേടൻ തുടങ്ങിയവ നമ്മുടെ ആചാരങ്ങളിൽ പ്രഥമ ഗണനീയങ്ങളായിരുന്നു,പുല, ബാലായ്മ(വല്ലായ്മ) തുടങ്ങിയവ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട വ്യക്തികളും അവരുടെ കുടുംബങ്ങളും മാത്രം ആചരിക്കുന്നു. ബലി, ചാവ് (പുലകുളിയടിയന്തിരം) തുടങ്ങിയവയുടെ അനുഷ്ഠാനം കുറഞ്ഞുവരുന്നു. പുളളുവൻപാട്ട്, കോതാമൂരിപ്പാട്ട്, മക്കാനിപ്പാട്ട്, വേടൻ, ചവിട്ട്ഒപ്പന, തുടിപ്പാട്ട് തുടങ്ങിയ കലാരൂപങ്ങൾ നശിച്ചുകൊണ്ടിരിക്കുകയാണ്.

വടക്കെ മലബാറിൽമാത്രം കണ്ടുവരുന്ന (കോരപ്പുഴയ്ക്ക് വടക്ക്) ഒരനുഷ്ഠാന കലയായ തെയ്യം അതിന്റെ സ്ഥായീഭാവത്തിൽ ഈ പ്രദേശത്ത് നിലകൊളളുന്നു. ഈ അനുഷ്ഠാനകലയ്ക്ക് കോലത്തു രാജാവംശവും മറ്റുമായി അഭേദ്യമായ ബന്ധമുളളതായി കരുതുന്നു. തുലാവം പത്ത് മുതൽക്കാണ് യഥാർത്ഥത്തിൽനമ്മുടെ അനുഷ്ഠാന കലകളായ തെയ്യം, തിറ, കളിയാട്ടങ്ങൾ ആരംഭിക്കുന്നത്. ഗ്രാമത്തിന്റെ പടിഞ്ഞാറ് പഴയങ്ങാടിപ്പുഴയ്ക്കപ്പുറത്തുളള മാടായിക്കാവിലെ കളിയാട്ടത്തോടെ(കലശം) അവസാനിക്കുന്നു. മണ്ഡലകാലം എന്നറിയപ്പെടുന്ന വൃശ്ചികം ഒന്ന് മുതൽ ധനു പത്ത് വരെയുളള കാലത്ത് തെയ്യങ്ങൾ ഒന്നും തന്നെ കെട്ടിയാടിക്കാറില്ല എന്നത് ഒരു പ്രത്യേകതയാണ്. പ്രദേശത്തെ മിക്കവാറും എല്ലാ കാവുകളിലും തറവാടുകളിലും അവരുടെ വിശ്വാസ പ്രമാണങ്ങൾക്ക് അനുസൃതമായ വിധം ഈ അനുഷ്ഠാന കലാരൂപങ്ങളെ കെട്ടിയാടിക്കാറുണ്ട്. ഈ ഉത്സവാഘോഷങ്ങൾ മതമൈത്രിയും മനുഷ്യസ്നേഹവും സാഹോദര്യവും കുടുംബബന്ധങ്ങളും ഊട്ടിയുറപ്പിക്കുന്നതിന് പങ്കുവഹിക്കുന്നു.

പഞ്ചായത്തിലെ പ്രധാന ആരാധനാലയങ്ങൾ ചുവടെ ചേർക്കുന്നു

1. പുഞ്ചുരുളിക്കാവ്(വടക്കേകാവ്) പട്ടുവം
2. വലിയമതിലകംക്ഷേത്രം പട്ടുവം
3. ജുമാ മസ്ജിദ് പട്ടുവം കടവ്
4. പുമാലക്കാവ് വെളിച്ചാങ്കുൽ
5. കുഞ്ഞിമതിലകം ക്ഷേത്രം പട്ടുവം
6. ഇടമൂട്ട് മുസ്ലിം പളളി ഇടമൂട്ട്
7. വിശ്വകർമ്മഭഗവതിക്ഷേത്രം പട്ടുവം

8.	മുത്തക്കോട്ടം	പട്ടുവം
9.	കന്നിക്കൊരുമകൻക്ഷേത്രം	മുള്ളൂൽ
10.	പുതിയഭഗവതിക്ഷേത്രം	മുള്ളൂൽ
11.	തക്കൂൽ ക്ഷേത്രം	മുള്ളൂൽ
12.	മഠയിൽക്ഷേത്രം	മുള്ളൂൽ
13.	തായറ്റ്വളപ്പിൽക്ഷേത്രം	മുള്ളൂൽ
14.	അയ്യപ്പക്ഷേത്രം	മുള്ളൂൽ
15.	വേട്ടക്കൊരുമകൻക്ഷേത്രം	മുള്ളൂൽ
16.	കാവുങ്കൽ ഭഗവതിക്ഷേത്രം	കാവുങ്കൽ
17.	സറാമ്പി	കാവുങ്കൽ
18.	തിരുകുടുംബദേവാലയം	കാവുങ്കൽ
19.	മുതുകുട ശിവക്ഷേത്രം	മുതുകുട
20.	അയ്യപ്പക്ഷേത്രം	മുതുകുട
21.	ജുമാ മസ്ജിദ്	മുതുകുട
22.	ഭരണൂൽകോട്ടം	മുതുകുട
23.	നമ്പികുളത്ത്കാവ്	മംഗലശ്ശേരി
24.	കരിക്കാൽ അമ്പലം	മംഗലശ്ശേരി
25.	കയ്യത്ത് നാഗം	കയ്യം
27.	പറപ്പൂൽ മാഹാവിഷ്ണുക്ഷേത്രം	പറപ്പൂൽ
28.	പറപ്പൂൽ ഭഗവതിക്ഷേത്രം	പറപ്പൂൽ
29.	മടയിൽ കോട്ടം	കൂത്താട്ട്
30.	കക്കരക്കാവ്	വെള്ളിക്കീൽ
31.	വെള്ളിക്കീൽജുമാമസ്ജിദ്	വെള്ളിക്കീൽ
32.	അരിയിൽ ജുമാമസ്ജിദ്	അരിയിൽ
33.	മുഹ്യിദ്ധീൻ പള്ളി	കുതിരപ്പുറം
34.	നാട്ടക്കീൽ കോട്ടം	കുന്നരു
35.	കൂത്താട്ട് മുസ്ലിംപള്ളി	കൂത്താട്
36.	നരസിംഹമൂർത്തിക്ഷേത്രം	ചെറിയാറമ്പ്
37.	ബാലിക്ഷേത്രം	മുള്ളൂൽ

തുടങ്ങിയവും അനേകം കുടുംബങ്ങൾക്ക് കുടുംബദേവാലയങ്ങളും ഉണ്ട്.

പഞ്ചായത്തിലെ ആരാധനാലയങ്ങളിൽ കണ്ടുവരുന്ന പ്രധാന തെയ്യങ്ങൾ ശൈവ-വൈഷ്ണവ .ശാക്തേയ അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടതാണ്. കേരളത്തിലെ പ്രധാനപ്പെട്ട സർപ്പക്കാവുകളിൽ ഒന്നായ കയ്യത്ത് നാഗം ക്ഷേത്രത്തിലെ ആയില്യം മഹോത്സവം ഉത്തരകേരളത്തിലെ ഒരു പ്രധാനപ്പെട്ട ഉൽസവമാണ്. കൂടാതെ ഈ പ്രദേശം നിരവധി ഔഷധസസ്യങ്ങളുടെ കലവറ കൂടിയാണ്.

പൂരക്കളി, കോൽകളി, ദഫ്മുട്ട്, പുള്ളുവൻപാട്ട്, കളരിപ്പയറ്റ്, ചിമ്മാനക്കളി, ചവിട്ട് ഒപ്പന തുടങ്ങിയ നാടൻ കലകളും ആയോധനകലകളും കുട്ടിയുംകോലും, കബഡി തുടങ്ങിയ കായിക രൂപങ്ങളും ഇന്ന് നാമമാത്രമാണ്. അനുഷ്ഠാനകലകളിൽ ഈ പ്രദേശത്ത് വളരെ പഴക്ക മുള്ളതാണ് പൂരക്കളി. കോത്തില അപ്പ എഴുത്തശ്ശന്റെ നേതൃത്വത്തിൽ പൂരക്കളി നാടക സംഘം(ആടൽ)വളരെ പണ്ടുതന്നെ ഇവിടെ ഉണ്ടായിരുന്നു. കൂടാതെ പൂരക്കളി യുമായി ബന്ധപ്പെട്ട സംശയ നിവാരണത്തിന് അകലെനിന്നുപോലും ആളുകൾ എത്തുമായിരുന്നു. പ്രധാനമായും രണ്ട് തട്ടിലുള്ള പതിനാറ് വീതം മണിയാണി വിഭാഗക്കാർ നടത്തുന്ന പൂരക്കളി വലിയ മതിലകത്ത് കുംഭമാസം പതിനാറിന് നടത്തുന്ന 'അടിയിലൂണി'ന് ശേഷമാണ് പരിശീലനത്തിന് തുടക്കം കുറിക്കുന്നത്. തീയ്യ സമുദായത്തിൽപെട്ടവരുടെ പൂരക്കളിയാണ് ഇന്ന് പ്രസിദ്ധം. പുമാലക്കാവ്, മുള്ളൂൽ പുതിയഭഗവതി ക്ഷേത്രം, പറപ്പൂൽകാവ് എന്നിവിടങ്ങളിൽ പുരാഘോഷ വേളകളിൽ ഇന്നും പൂരക്കളി നടക്കുന്നുണ്ട്. ഒറ്റക്കളി പ്പണിക്കർമാരും, മാറത്ത്കളിപ്പണിക്കരും ഇവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു.

നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ അവിഭാജ്യഘടകമായി നിലനിൽക്കുന്ന ഒരു പ്രാചീന കലാരൂപമാണ് പുള്ളുവൻപാട്ട്. മന്നപാല മഹർഷി തന്റെ മക്കൾക്ക് തലയിൽകൈവെച്ച് അനുഗ്രഹിച്ച് നൽകിയതാണത്രെ ദേവമുരുടും(പുള്ളുവക്കുടം) മണിവീണയും.

ഓണം, വിഷു എന്നീ വിശേഷ ദിവസങ്ങളിൽ ആബാലവൃദ്ധം ജനങ്ങളും ആഘോഷത്തിമിർപ്പിൽ മതിമറന്നിരിക്കുമ്പോൾ, പുള്ളുവക്കുടവും ചുമലിലേന്തി വീടുകൾതോറും കയറിയിറങ്ങി പുള്ളുവൻ തന്റെ സർഗ്ഗവൈഭവം തെളിയിക്കുമ്പോൾ, നമുക്കനുഭവ പ്പെടുന്നത് സാംസ്കരികത്തനിമയും മലയാളിഭാവവു മാണ്. പാടത്തും വരമ്പത്തും നടുവൊടിയുവോളം പണിയെടുത്ത കർഷകൻ തന്റെ ഫലം കൊയ്യുന്ന നേരം വയലായ വയലൊക്കെ തിങ്ങിനിറഞ്ഞ നെൽ മണികൾ കൊയ്തെടുക്കുന്ന നേരം വയൽ വരമ്പിലൂടെ മഹാലക്ഷ്മിയെ സ്തുതിച്ചും കൊണ്ട് നൂറ്റൊന്ന് തരം നെൽവിത്തുകളെ വർണിച്ചുകൊണ്ടും 31തരം നെൽവിത്തു കളെ പേരെടുത്ത് പറഞ്ഞുകൊണ്ടും ചിട്ടപ്പെടുത്തിയ ശീലുകൾ പുള്ളുവന്റെ മണിവീണയിലൂടെ ഉതിർന്ന് വീഴുന്നത് വെറുമൊരു ഓർമ്മമാത്രമായി അവശേഷിച്ചേക്കാം.

മുളളൂൽ കേന്ദ്രമായി വർഷങ്ങൾക്ക് മുമ്പ് നാല്പതോളം വിദ്യാർത്ഥികൾ ഒന്നിച്ചുപഠിച്ചിരുന്ന ഒരു തച്ചുശാസ്ത്ര പാഠശാല ഉണ്ടായിരുന്നു. പല വിദൂര പ്രദേശങ്ങളിൽനിന്നുമായി ധാരാളം ആളുകൾ ഈ സ്ഥാപനത്തിലേക്ക് പഠനത്തിനായി എത്തുമായിരുന്നു. ശില്പകലയിലും, വാസ്തുശില്പത്തിലും ഈ പ്രദേശം പേരുകേട്ടതാണെന്നതിന് മകുടോദാഹരണങ്ങളാണ് തൃക്കുൽ ക്ഷേത്രത്തിലെ ചെങ്കൽ ചുവർ ശില്പങ്ങൾ. ആഭരണ നിർമ്മാണരംഗത്തും ഈ പ്രദേശം പ്രസിദ്ധമാണ്. ക്ഷേത്ര നിർമ്മാണ് കലകളിൽ വിദഗ്ധരായിരുന്ന പല ശില്പികളും ഇവിടെയുണ്ടാ യിരുന്നു. ഇവരിൽ വീരശൃംഖലാപട്ടംവരെ ലഭിച്ചവരു ണ്ടായിരുന്നു. കോത്തില ചെമ്മന്റെ നേതൃത്വത്തിൽ നടത്തിവന്ന കളരി സംഘം, സ്വാമി ശിവാനന്ദ പരമഹംസന്റെ സിദ്ധസമാജത്തിന്റെ പ്രവർതനമേഖല എന്നിവ കൂടിയായിരുന്നു പഴയകാല മുളളൂൽ.

വളരെക്കാലം മുമ്പു തന്നെ അനൗപചരികമായി സമ്മേളിച്ചുകൊണ്ട് ഏതാനും സാംസ്കാരിക കേന്ദ്രങ്ങൾ പട്ടുവം പഞ്ചായത്തിൽ ഉണ്ടായിരുന്നു. 1950-60കളിൽ 'നാട്ടുവായന' എന്ന പേരിൽ ഒത്തുചേർന്ന് വിദ്യാ ഭ്യാസ-സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തിയിരുന്നത് ഇന്നത്തെ സാംസ്കാരിക സംഘടനകളുടെ തുടക്കമായി കാണാവുന്നതാണ്. ഇതുപോലെ നമ്പൂതിരി ഇല്ലങ്ങൾ കേന്ദ്രീകരിച്ച് വിശിഷ്ട ഗ്രന്ഥങ്ങൾ പാരായണം ചെയ്യുമാ യിരുന്നു. 'പകർത്തിയെഴുത്ത്'എന്ന പേരിൽ വിശിഷ്ട ഗ്രന്ഥങ്ങൾ എഴുതിയിരുന്ന ഏർപ്പാടും ഉണ്ടായിരുന്നു. ഇവയിൽ ചിലത് ഏതാനും വീടുകളിൽ ഇന്നും നിലനിൽക്കുന്നുണ്ട്.

1050-കാലഘട്ടത്തിലാണ് പട്ടുവം പഞ്ചായത്തിൽ ആദ്യമായി ഒരു ഗ്രന്ഥശാല ആരംഭിച്ചത്. ഇത് "ദേശ പോഷണി വായനശാല, മുളളൂൽ" എന്നറിയപ്പെടുന്നു. അതിനുശേഷം 1956ൽ "ഗാന്ധിസ്മാരക വായനശാല" പട്ടുവതതും എ.വി.കൃഷ്ണൻ സ്മാരക വായനശാല പറപ്പൂലും സ്ഥാപിതമായി. ഇതിനെ തുടർന്നാണ് ഇന്ന് കാണുന്ന പല കലാ-സാംസ്കാരിക-സന്നദ്ധ സംഘ ങ്ങളുടെ ഉത്ഭവവും വളർച്ചയും നടന്നത്.

ഇന്ന് പട്ടുവം പഞ്ചായത്തിൻ എട്ട് ഗ്രന്ഥാലയങ്ങളും എട്ട് വായനശാലകളും 24 കലാകായി സാംസ്കാരിക സ്ഥാപനങളും ഉണ്ട്. ഈ സ്ഥാപനങ്ങളിൽ പലതും നാടകാഭിനയം, നൃത്തപരിശീലനം, ഉപകരണ സംഗീതം, ചിത്രരചനാഭ്യാസം, കോൽകളി, കളരി, ജിമനേഷ്യം എന്നിവയിൽ പരിശീലനം നടത്തുകയും, ചർച്ചാ ക്ലാസുകൾ, കലാകായിക മത്സരങ്ങൾ, വിനോദയാത്രകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്. ഗ്രന്ഥശാല കളുടെ പ്രവർത്തനം പൊതുവേ തൃപ്തികരമല്ല. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം മേൽപറഞ്ഞ പ്രവർത്തനങ്ങളെ അല്പമെങ്കിലും ദോഷകരമായി ബാധിക്കുന്നു എന്നു പറയട്ടെ. പഞ്ചായ ത്തിൽ ആകെ മൂന്ന് പൊതുടെലിവിഷൻ സെറ്റുകൾ ഇപ്പോൾ ഉണ്ട്. ഇവിടങ്ങളിൽ പൊതുവായനയേക്കാൾ പ്രാധാന്യം ജനങ്ങൾ ദൃശ്യമാധ്യമങ്ങൾക്ക് നൽകുന്നതായി കാണുന്നു. ഇത് പൊതുവായനാശീലം കുറഞ്ഞുവരുന്ന പ്രവണതയ്ക്ക് കാരണമാകുന്ന ഒരു ഘടകമാണ്.

തനതായ നാടൻ കലാ സങ്കേതങ്ങളിലൂടെ സാമൂഹ്യ പ്രശ്നങ്ങൾ അവതരിപ്പിക്കുകയും മറ്റു കലാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്ന നമ്മുടെ കലാസമിതികൾ ഇന്ന് ഈ പ്രവർത്തനങ്ങൾക്ക് പ്രൊഫഷണൽ ട്രൂപ്പുകളെ ആശ്രയിക്കേണ്ട അവസ്ഥ വന്നിരിക്കുന്നു. ഇതിനുകാരണം കലാസമിതികൾ ക്കുണ്ടാകുന്ന ഭൗതികവും സാമ്പത്തികവുമായ പരിമിതി യാണ്. ഇതുവഴി നമുക്ക് നഷ്ടപ്പെടുന്നത് നമ്മുടെ കൂട്ടായ്മയും സാംസ്കാരിക ബോധവുമാണ്. ഇത്തരത്തിലുളള പ്രവർതനങ്ങൾ സംഘടിപ്പിക്കുന്ന വേളയിൽ പഞ്ചായത്തിന്റെ ധനസഹായവും പ്രോത്സാ ഹനവും അത്യാവശ്യമാണ്. ഇരുപത്തിനാലിൽപരം ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവിയിൽ കൂടുതലും സാമ്പത്തിക-ഭൗതിക പരമിതികളാൽ നല്ല നിലയിൽ പ്രവർത്തിക്കാൻ കഴിയാതെ വിഷമിക്കുന്നവയാണ്. ചില സംഘടനകൾ വാർഷികാഘോഷങ്ങളിൽ മാത്രം ഒതുങ്ങുന്നു. മറ്റു ചിലവ നാടകങ്ങൾ, കാല-കായിക മത്സരങ്ങൾ എന്നിവ നടത്താറുണ്ട്.


പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ സാംസ്കാരിക നിലയവും ഗ്രന്ഥാലയവും ഇല്ല,
2. ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല, വായനക്കാർ കുറഞ്ഞുവരുന്നു,
3. സാക്ഷരതാ തുടർപ്രവർത്തനങ്ങൾ ഇല്ല.
4. അപൂർവമായ കലാരൂപങ്ങളും നാടൻപാട്ടുകളും നാമാവശേഷമായിക്കൊണ്ടിരിക്കുന്നു.
5. കലാ-സാംസ്കാരിക സംഘടനകൾക്ക് സാമ്പ ത്തിക ഭൗതിക സഹായങ്ങൾ പഞ്ചായത്ത് തലത്തിൽ ലഭിക്കുന്നില്ല.
6. കേരളോത്സവം പോലുളള പരിപാടികളിൽ വേണ്ടത്ര പങ്കാളിത്തം ഉറപ്പാക്കുന്നില്ല.

7. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം നിയന്ത്രിക്കാനുളള സംവിധാനം ഇല്ല
8. അംഗീകൃത കലാസമിതികൾക്ക് പ്രോത്സാഹനം ഇല്ല.
9. നാടൻ പാരമ്പര്യ കലാകാരൻമാർക്ക് സംരക്ഷണവും പ്രോത്സാഹനവും ലഭിക്കുന്നില്ല.
10. സ്കൂൾ ലൈബ്രറികളിൽ വേണ്ടത്ര പുസ്തക ശേഖരമില്ല, പ്രവർത്തനം ഫലപ്രദമല്ല.

സാദ്ധ്യതകൾ

1. പഞ്ചായത്ത് സാംസ്കാരിക നിലയവും ലൈബ്രറിയും സ്ഥാപിച്ച് കലാ-സാംസ്കാരിക സംഘടനകളുടെയും ഗ്രന്ഥശാലകളുടേയും പ്രവർത്തനം ഏകോപിപ്പിക്കുക.
2. ഗ്രാമീണ സാഹിത്യ സായാഹ്നങ്ങൾ സംഘടിപ്പിക്കുക.
3. കലാമൂല്യമുളള ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കുകയും ചർച്ചാക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുക,
4. ഇലക്ട്രോണിക് മാധ്യമസാധ്യതകളെ ഫലപ്രദമായി ഉപയോഗിക്കുവാൻ വീഡിയോ ക്ലബ്ബുകൾ രൂപീകരിക്കുക.
5. ഗ്രാമോത്സവങ്ങൾ സംഘടിപ്പിക്കുക.
6. നാടൻ കലാരൂപങ്ങൾ, നാടൻപാട്ടുകൾ, നാട്ടറിവുകൾ തുടങ്ങിയവയെ സംരക്ഷിക്കുക, കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക.
7. വായനാശീലം പരിപോഷിപ്പിക്കാൻ മൊബൈൽ ലൈബ്രറി സംവിധാനം ഏർപ്പെടുത്തുക,
8. ഗ്രന്ഥാലകൾക്കും കലാസമിതികൾക്കും കെട്ടിടനിർമ്മാണത്തിനാവശ്യമായ ധനസഹായം നൽകുക.
9. കേരളാ കലാമണ്ഡലത്തെ സർവകലാ ശാലയായി ഉയർത്തുക.



കായിക രംഗം

ലോക കായിക ഭൂപടത്തിൽ നമ്മുടെ രാജ്യത്തിന്റെ സ്ഥാനം വളരെ പരിതാപകരമായ നിലയിലാണല്ലോ! ദേശീയതലത്തിൽ കേരളത്തിന്റെയും സംസ്ഥാന തലത്തിൽ കണ്ണൂരിന്റെയും നില ആശാവഹമാണ്. നമ്മുടെ പഞ്ചായത്തിന് കായികരംഗത്ത് നേട്ടങ്ങളുടെ കഥകളൊന്നും എടുത്തുപറയാനില്ല എങ്കിലും ചില കായിക മത്സരങ്ങളുടെ കേന്ദ്രമായിരുന്ന ഇവിടം ഇന്ന് കളിസ്ഥലങ്ങളുടേയും പ്രോത്സാഹനത്തിന്റെയും കായികോപകരണങ്ങളുടേയും അപര്യാപ്തതമൂലം വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. 1970-80 ദശകങ്ങളിൽ ജില്ലാതലവോളിബോൾ മത്സരങ്ങളിൽ ശ്രദ്ധേയമായ പ്രകടനം കാഴ്ചവെച്ച ടീമുകൾ ഈ പ്രദേശത്ത് ഉണ്ടായിരുന്നുവെന്നത് നമ്മുടെ കായിക പാരമ്പര്യം വിളിച്ചോതുന്നു. വിവിധങ്ങളായ നാടൻ കളികൾ പ്രചുരപ്രചാരം നേടിയിരിക്കുന്ന ഇവിടം ഇന്ന് പാശ്ചാത്യ അനുകരണത്തിന്റെ ഫലമായും ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം മൂലവും നാടൻ തനിമയിൽ നിന്ന് അകന്നപോകുന്ന അവസ്ഥയാണ്. കായിക രംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രതിഭകളെ കണ്ടെത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിയാൽ മാത്രമേ നമുക്ക് കായിക രംഗത്ത് നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ആകെയുള്ള ഒരു പഞ്ചായത്ത് മൈതാനം ഉപയോഗപ്രദമല്ല.
2. പഞ്ചായത്തിലെ സ്കൂളുകളിലൊന്നും സൗകര്യപ്രദമായ കളിസ്ഥലങ്ങളില്ല.
3. ഗവ:ഹൈസ്കൂൾ മൈതാനം കായിക പരിശീലനത്തിന് അപര്യാപ്തമാണ്.
4. കായിക പുരോഗതിയെ സഹായിക്കത്തക്ക വിധത്തിലുള്ള ഇൻഫർമേഷൻ സെൻറർ ഇല്ല.
5. നാടൻ കളികൾ നശിച്ചുകൊണ്ടിരിക്കുന്നു.
6. പഞ്ചായത്ത് തല കായിക മേളയിൽ കുറഞ്ഞ പങ്കാളിത്തം.

സാദ്ധ്യതകൾ

1. പഞ്ചായത്തു മൈതാനം ഉപയോഗപ്രദമാക്കുകയും ആവശ്യമായ കായികോപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യണം
2. ഗവ:ഹൈസ്കൂൾ മൈതാനത്തിന്റെ വിസ്തൃതി കൂട്ടുക.
3. പഞ്ചായത്തിൽ കേന്ദ്രകായിക സമിതി രൂപീകരിച്ച് അവധിക്കാലങ്ങളിൽ വിവിധ കോച്ചിംഗ് ക്യാമ്പുകൾ നടത്തുക.
4. പ്രദേശത്തിനനുയോജ്യമായ കളി(നീന്തൽ, വളളംകളി)പരിശീലിപ്പിക്കാനുളള പദ്ധതികൾ ആവിഷ്കരിക്കുക.
5. പഞ്ചായത്തിൽ എല്ലാ വിദ്യാലയങ്ങൾക്കും കളിസ്ഥലം വേണം
6. പഞ്ചായത്തിൽ ഒരു ഇൻഫർമേഷൻ സെൻറർ സ്ഥാപിക്കുക.
7. പെൺകുട്ടികൾക്ക് കളരി, കരാട്ടെ എന്നിവ പരിശീലിക്കുവാനുളള സാഹചര്യം ഉണ്ടാക്കണം.
8. പെൺകുട്ടികൾക്ക് യു.പി.സ്കൂൾ തലത്തിൽ സൈക്കിൾ സവാരി പഠനത്തിന് സൗകര്യംഉണ്ടാക്കണം
9. ടെക്സ്റ്റ്ബുക്കുകളിൽ കായിക പാഠങ്ങൾ ഉൾകൊളളിക്കുക.
10. കുട്ടികളുടെ ഒളിമ്പിക്സ് സംഘടിപ്പിക്കുക.
11. പരമ്പരാഗത കളികൾക്ക് പ്രോത്സാഹനം നൽകുക.
12. തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട മത്സരങ്ങൾ(തെങ്ങ് കയറ്റം, ഓലമെടയൽ എന്നിവ)സംഘടിപ്പിക്കുക.

(പട്ടിക-1)

ഗ്രന്ഥശാലകളുടെ വിവരങ്ങൾ

ക്രമ നമ്പർ	വായനശാല/ഗ്രന്ഥശാല	സ്ഥാപിത വർഷം	കെട്ടിടം	ആകെ അംഗങ്ങൾ	ഏത് സ്ഥാപനത്തിന്റെ അഫിലിയേഷനാണ് ഉള്ളത്	വരുത്തുന്ന പത്രങ്ങൾ	ആനുകാലികങ്ങൾ	ആകെ പുസ്തകങ്ങൾ	റേഡിയോ/ടി.വി. ഉണ്ടോ?	നടത്തുന്ന പ്രവർത്തനങ്ങൾ
	1	2	3	4	5	6	7	8	9	10
1	നവോദയ വായനശാല & ഗ്രന്ഥാലയം, മുള്ളൂർക്കര	1-11-74	സ്വന്തം	378	കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ (കേരള ഗ്രന്ഥശാല സംഘം)	3	12	2500	ടി.വി. ഉണ്ട്	ലൈബ്രറി പ്രവർത്തനം, സാക്ഷരതാ-തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ, കല-സാംസ്കാരിക പ്രവർത്തനങ്ങൾ, വർഗ്ഗീയ ഫാസിസ്റ്റ്
2	പാട്ടുംഗോപാലൻ സ്മാരക വായനശാല & ഗ്രന്ഥാലയം, കുളംതോട്		സ്വന്തം	75	" "	3	10	1025	ടി.വി. ഉണ്ട്	ലൈബ്രറി പ്രവർത്തനം. സാക്ഷരതാ-സാംസ്കാരിക പ്രവർത്തനങ്ങൾ.
3	ദേശാഭിമാനി വായനശാല & ഗ്രന്ഥാലയം, മംഗലശ്ശേരി		സ്വന്തം	125	" "	2		892	ഇല്ല	സാക്ഷരതാപ്രവർത്തനങ്ങൾ, ആരോഗ്യ ക്ലാസ്സുകൾ.
4	യുവജന ഗ്രന്ഥാലയം, കുന്നുകുട		സ്വന്തം	390	" "	2	8	2700	ഇല്ല	കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ.
5	കാപ്പുകാട് ലൈബ്രറി, പട്ടിപ്പറമ്പ്		വാടകയ്ക്കു നടത്തുന്നു	60	ഇല്ല	2	2	400	ഇല്ല	കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ.
06	കൈപ്പറോണി ഗ്രാമീണ ഗ്രന്ഥാലയം കാവുങ്കൽ	1991	സ്വന്തം	30		1	5	500	ഇല്ല	ബാലസ്സാംസ്കാരിക പ്രവർത്തനങ്ങൾ

	1
7 6	ലോഹ്യ ലൈബ്രറി, പട്ടുവം
8	പഞ്ചായത്ത് വായനശാല, പട്ടുവം
8 9	വി.കുഞ്ഞാക്കരൻ സ്മാരക വായനശാല
9 10	അംബേദ്കർ സ്മാരക വായനശാല, അരിയിൽ
10 11	എ.വി.കൃഷ്ണൻ സ്മാരക വായനശാല, പാടിക്കുൽ.
11 12	പൊതുജന വായശാല, കുറിയാത്തോട്.

	1
13	റെഡ് സ്റ്റാർ വായന- ശാല, അരിയിൽ.
13 14	വി.എച്ച്. സ്മാരക വായനശാല, അരിയിൽ
14 15	പരണ്ടൽ വായനശാല, പരണ്ടൽ
16 15	വെള്ളിക്കീൽ വായനശാല, വെള്ളിക്കീൽ.

(പട്ടിക. 2)

കലാസമിതികളുടെ വിവരങ്ങൾ

	പേര്	സ്ഥാപിച്ച വർഷം 2	മെമ്പർമാരുടെ എണ്ണം 3	സംഗീത-നാടക അക്കാദമി/സ്പോർട്സ് കൗൺസിൽ എന്നിവയിൽ അഫിലിയേഷൻ ഉണ്ടോ). 4	സ്വന്തമായി കെട്ടിടം ഉണ്ടോ ? 5	റെഡിയോ/ടി.വി. ഉണ്ടോ 6	മുഖ്യപ്രവർത്തനങ്ങൾ 7
1	തുരുത്തിപ്പ് കലാസമിതി പടിഞ്ഞാറ്റുംമുറി	1959	60	ഉണ്ട് ഇല്ല KSNA	ഉണ്ട്	ഇല്ല.	കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ
2	ആനപ്പാറ കലാസമിതി.	1958	60	ഇല്ല	ഉണ്ട്	ഇല്ല	കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ, സാമൂഹിക വികസന പ്രവർത്തനങ്ങൾ.
3	യുവധാര ആർട്സ് & സ്പോർട്സ് ക്ലബ്, പടിഞ്ഞാറ്റുംമുറി	1991	23	ഇല്ല	ഇല്ല	ഇല്ല.	നാടകപ്രവർത്തനങ്ങൾ
4	പ്രതിഭ ആർട്സ് ക്ലബ്, പടിഞ്ഞാറ്റുംമുറി	1966	65	KSNA അഫിലിയേഷൻ	ഉണ്ട്	ഇല്ല	കലാ-സാംസ്കാരിക-സാമൂഹിക വികസന പ്രവർത്തനങ്ങൾ.
5	ജീവധാര പാലക്കുന്ന് പടിഞ്ഞാറ്റുംമുറി	1973	50	ഇല്ല	ഇല്ല	ഇല്ല.	സാമൂഹിക വികസന പ്രവർത്തനങ്ങൾ, കലാ-സാംസ്കാരിക പ്രവർത്തനം.
6	തരംഗം ആർട്സ് & സ്പോർട്സ് ക്ലബ്ബ് കാവുങ്കൽ	1982	215	ഉണ്ട്	ഉണ്ട്	ഇല്ല	കലാ-സാമൂഹിക-സാംസ്കാരിക പ്രവർത്തനങ്ങൾ, സാമൂഹ്യ വികസന പ്രവർത്തനങ്ങൾ

	1	2	3	4	5	6	7
7	സനാപൽഞ്ജിക മാതൃകൃതി ബ്ലഡ്ഡി ബർത്തിൽ, മുക്കുന്ന്						കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ.
8	ജൂഡ്പ്രിൻ അത്ലറ്റിക് ക്ലബ്, കാവുങ്കൽ.	1968	125	ഉണ്ട്	ഉണ്ട്	ഇല്ല	കലാ പ്രവർത്തനങ്ങൾ.
9	സാംസ്കാരിക വേദി, കാവുങ്കൽ.	1986	45	ഇല്ല	ഇല്ല	ഇല്ല	നാടകാഭിനയ പ്രവർത്തനം.
10	ടി.വി. രാമകൃഷ്ണൻ മെമ്മോറിയൽ അത്ലറ്റിക് & സ്പോർട്സ് ക്ലബ്, മുക്കുന്ന്	1981	200	ഉണ്ട്	ഇല്ല.	ഇല്ല.	കലാകായിക പ്രവർത്തനങ്ങൾ, വായനാവാര വിജ്ഞാന പ്രവർത്തനങ്ങൾ
11	സെ: ഫാദർ തെക്കയ്റോണി കലാസമിതി, കാവുങ്കൽ	1970	30	ഇല്ല.	ഉണ്ട്	ഇല്ല	കലാ പ്രവർത്തനങ്ങൾ
12	യുവധാര കലാസമിതി, കൂനാക്കു.	1990	30	ഇല്ല.	ഇല്ല.	ഇല്ല	കലാകായിക പ്രവർത്തനങ്ങൾ.
13	കുന്നാട് ഹരിജൻ സാംസ്കാരിക വേദി, കുന്നാട്.				ഇല്ല	ഇല്ല	കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ
14	ഗ്രോമൻസ് കുന്നാട്				ഇല്ല	ഇല്ല	കായിക പ്രവർത്തനങ്ങൾ

	1	2	3	4	5	6	7
15	യൂണിവേഴ്സൽ സ്റ്റഡി സർക്കിൾ, കാവുങ്കാൽ.	1987	39	ഇല്ല	ഉണ്ട്	ഇല്ല	പഠന ബോധവൽക്കരണ പ്രവർത്തനം കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ
16	ഉദയ അത്ലറ്റിക് സ്പോർട്സ് ക്ലബ്ബ്, മുതുകാട.	1990		ഇല്ല	ഉണ്ട്	ഇല്ല	നാടകം മറ്റും പ്രവർത്തിക്കുന്നു.
17	കണ്ണാമ്പ്, മുതുകാട. കലാ കായിക സാംസ്കാരിക കേന്ദ്രം		35	ഇല്ല	ഇല്ല	ഇല്ല.	കായിക പ്രവർത്തനങ്ങൾ
18	സൂപ്പർ സ്റ്റാർ അത്ലറ്റിക് & സ്പോർട്സ് ക്ലബ്ബ്, മുതുകാട	1994	20	ഇല്ല	ഇല്ല	ഇല്ല.	കലാ-കായിക പ്രവർത്തനങ്ങൾ
19	പ്രഭാത് കലാസമിതി, മുണ്ടിയംതോട്.	1987	80	ഉണ്ട്	ഉണ്ട്	ഇല്ല	കലാ-കായിക പ്രവർത്തനങ്ങൾ
20	പാലക്കുന്ന് ക്രിക്കറ്റ് ക്ലബ്ബ്, പാലക്കുന്ന്.	1975	50	CDCA. Affn.	ഇല്ല	ഇല്ല.	കായിക രംഗത്തെ പ്രവർത്തനങ്ങൾ
21	നവോദയ അത്ലറ്റിക് & സ്പോർട്സ് ക്ലബ്ബ്, മംഗലശ്ശേരി.	1983	40	ഇല്ല.	ഉണ്ട്	ഇല്ല.	ബോധവൽക്കരണ പ്രവർത്തനങ്ങൾ, കലാകായിക പ്രവർത്തനങ്ങൾ.

79


1		2	3	4	5	6	7
~~23~~	ഒഴിവാക്കി. →						
22 ~~23~~	കൈലിംഗ് സ്റ്റാർ അയർവ്വേദ സ്പോർട്സ് ക്ലബ്ബ്, ചട്ടുവം	1980	30	ഇല്ല, സ്വന്തമായി കോർട്ട് ഇല്ല.	ഇല്ല	ഇല്ല.	വാർഷിക വിനോദ പ്രവർത്തനങ്ങൾ, കായിക മത്സരങ്ങൾ,
23 ~~24~~	ഗ്രാമ വേദി, ചട്ടുവം	1995	112	ഇല്ല	ഇല്ല	ഇല്ല.	തെരുവ് നാടക പരിശീലനം നല്കുന്നു, സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങൾ

A 230

വനിതാക്ഷേമം

യത്ര നാര്യസ്തു പൂജ്യന്തേ
രമന്തേ തത്ര ദേവതാ:

സമുദായവും കുടുംബവും സ്ത്രീകൾക്ക് നൽകേണ്ടുന്ന പരിഗണനയിലേക്കു വിരൽ ചൂണ്ടുകയാണു മേൽ സ്മൃതിവാക്യം. വൈദിക കാലഘട്ടത്തിൽ തന്നെ സ്ത്രീകൾ വേദജ്ഞാനികളായിരുന്നുവെന്നും വൈദിക വിഷയങ്ങളിൽപോലും സ്ത്രീകൾ വാദപ്രതിവാദത്തിൽ ഏർപ്പെട്ടിരുന്നുവെന്നും ഗാർഗിയേയും മൈത്രേയിയേയും സാക്ഷ്യപ്പെടുത്തി നാം ഊറ്റം കൊള്ളാറുണ്ട്. കാലചക്രഭ്രമണത്തിൽ സ്ത്രീകൾക്കു സമൂഹത്തിൽ സംഭവിച്ച അപചയത്തിനു കാരണങ്ങൾ പലതും പറയാനുണ്ട്. അപചയം സംഭവിച്ചിരുന്നു എന്നതു വസ്തുതയാണ്. സ്ത്രീകൾക്ക് ഇന്നത്തെ സമൂഹത്തിൽ മാന്യമായ സ്ഥാനവും പരിഗണനയും ലഭിക്കുന്നുണ്ടെന്നതിനു തെളിവായി ബാഹ്യാകാശ സഞ്ചാരണി മുതൽ വനിതാ പ്രസിഡണ്ടുമാർ, പ്രധാനമന്ത്രിമാർ, മന്ത്രിമാർ, ഉദ്യോഗസ്ഥമേധാവികൾ തുടങ്ങിയവർ എടുത്തു കാട്ടപ്പെടാറുണ്ട്. എന്നാൽ ഇവരുടേയെല്ലാം എണ്ണം കേവലം അംഗുലീപരിമിതമാണ്. ബഹുഭൂരിപക്ഷം വരുന്ന സ്ത്രീകളും നമ്മുടെ കവി പാടിയതുപോലെ "അടുക്കള ക്കാരികളും, വീടാംകൂട്ടിൽ കുടുങ്ങും തത്തമ്മകളും, നരന്നു ഗർഭാധാനപാത്രങ്ങളു'മായി കഴിയുകയല്ലേ ഈ ആധുനിക യുഗത്തിലും? സ്ത്രീക്ക് സ്വന്തം കാലിൽ നിൽക്കാനുള്ള ആത്മവിശ്വാസവും കരുത്തും ശേഷിയും പ്രദാനം ചെയ്യുന്നതിനു നേരിയ കൈത്തിരി കാട്ടാനെങ്കിലും ഒമ്പതാം പഞ്ചവത്സരപദ്ധതിയിലെ വനിതാക്ഷേമ പദ്ധതികളിലൂടെ കഴിയുമെന്ന് പ്രത്യാശിക്കാം.



വനിതാപ്രസ്ഥാനങ്ങളുടേയോ, സംഘാടകരുടേയോ പൂർവ മഹിമകൾ എടുത്തുകാട്ടത്തക്ക വിധത്തിലുള്ള കാര്യങ്ങൾ പട്ടുവം പഞ്ചായത്തിൽ ഇല്ലെന്നുതന്നെ പറയാം. സ്വാതന്ത്ര്യ പൂർവകാലഘട്ടത്തിലോ, സ്വാതന്ത്ര്യസമരകാലഘട്ടത്തിലോ, സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലോ മഹിളാപ്രസ്ഥാനങ്ങളുടേയോ പ്രവർത്തകരുടേയോ പേരെടുത്തുപറയാൻ കഴിയില്ല.

എന്തിനേറെ., അമ്പത് വർഷങ്ങൾക്ക് മുമ്പ് ഒരദ്ധ്യാപികയെപോലും സംഭാവന ചെയ്യാൻ നമ്മുടെ പഞ്ചായത്തിന് സാധിച്ചില്ല എന്നത് നമ്മുടെ പിന്നോക്കാവസ്ഥയുടെ ആഴം വ്യക്തമാക്കുന്ന ഒന്നാണ്. വിദ്യാഭ്യാസ ത്തിന് സൗകര്യം തീരെ ഉണ്ടായിരുന്നില്ല എന്നുള്ളതും അകലെയുള്ള വിദ്യാലയങ്ങളിൽ പോകുവാനുള്ള യാത്രാ സൗകര്യം ഉണ്ടായിരുന്നില്ല എന്നതും പുരുഷന്മാർക്കു പോലും വിദ്യാഭ്യാസം നേടുന്നതിനുള്ള അസൗകര്യങ്ങളാ യിരുന്നു. എങ്കിൽ പിന്നെ സ്ത്രീകളുടെ കാര്യം പറയാനില്ലല്ലോ.

1991ലെ സെൻസസ് അനുസരിച്ച് 6598 പുരുഷന്മാരും 7510 സ്ത്രീകളും ആണ് ഉള്ളത്. 2423 വീടുകൾ ഉള്ളതിൽ കുറഞ്ഞ കുടുംബങ്ങളിൽ മാത്രമാണ് സ്ത്രീനായകത്വം ഉള്ളത്. കുടുംബ നായകത്വം ഏറ്റെടുക്കാനുള്ള ഇച്ഛാശക്തികൊണ്ടല്ലിത്. പല കാരണങ്ങളാലും നിർബന്ധിക്കപ്പെട്ട നിലയിലാണ്. രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക- സംഘടനകളുടെ നേതൃത്വം ഏറെറടുക്കുന്നതിന് സ്ത്രീകൾ സ്വമേധയാ മുന്നോട്ടുവരുന്ന സ്ഥിതി ഇല്ല. ചില വനിതാ സംഘടനകളുടെ മാത്രം നേതൃനിരയിലേ സ്ത്രീകളുള്ളൂ, വനിതാ സഹകരണസംഘം നിലവിലുണ്ടെങ്കിലും പ്രവർത്തന രഹിതമായ അതിന്റെ ഭരണം അഡ്മിനിസ്ട്രേറ്ററുടെ കയ്യിലാണ്. പേട്രാ വനിതാ വസ്ത്രനിർമ്മാണ വ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തനം സ്ത്രീകൾ തന്നെ നടത്തുന്നു എന്നത് മേൽപറഞ്ഞതിന് അപവാദമാണ്. മഹിളാ സമാജങ്ങൾ പേരിന് ചിലതുണ്ടെങ്കിലും ഉയർന്ന കാഴ്ചപ്പാടോടെ അവയൊന്നും പ്രവർത്തിക്കുന്നില്ല. ഭൂരിപക്ഷം വാർഡുകളിലും മഹിളാ സമാജങ്ങൾ രൂപീകരിച്ചിട്ടില്ല. കലാ-സാംസ്കാരിക സംഘടനകളിൽ മെമ്പർഷിപ്പ് പോലും സ്വമേധയാ എടുക്കുന്ന പതിവില്ല. വായനശാലകളും ഗ്രന്ഥശാലകളും സ്ത്രീകൾ വേണ്ടത്ര പ്രയോജനപ്പെടുത്താറില്ല. നിലവാരം കുറഞ്ഞ ആനുകാലികങ്ങൾ വായിക്കാനാണ് സ്ത്രീകൾ സമയം കണ്ടെത്തുന്നത്. ടി.വി.യും മറ്റും ചെലുത്തുന്ന അമിതമായ സ്വാധീനം സ്ത്രീകളുടെ വലിപ്പെട്ട സമയത്തെ കാര്യമായ തോതിൽ അപഹരിക്കുന്നു.

പട്ടുവം ഗ്രാമപഞ്ചായത്തിൽ സ്ത്രീകൾ പ്രധാനമായും എടുക്കുന്ന ജോലി കാർഷികമേഖലയിലാണ്. ചുമടെ ടുക്കൽ, നിർമ്മാണരംഗത്തെ ജോലി എന്നിവയിലും, ചെറിയതോതിൽ തയ്യൽരംഗത്തും പ്രവർത്തിക്കുന്നു. പട്ടികജാതി കളിമൺ സൊസൈറ്റിയിൽ പണിയെടു ക്കുന്ന തൊഴിലാളികളിൽ ആറു പേർ സ്ത്രീകളായുണ്ട്. ഖാദി നൂൽനൂൽപ് രംഗത്തും കുറച്ചു പേർ ജോലി ചെയ്യുന്നുണ്ട്. പേട്രാ വനിതാ വസ്ത്ര നിർമ്മാണ സൊസൈറ്റിയിൽ 15 സ്ത്രീകൾ ജോലിയെടുക്കുന്നു. നാലുപേർ ബുക്ക് ബൈൻറിംഗിലും 10പേർ ഹവായ് ചെരിപ്പ് നിർമ്മാണരത്തിലും ഒമ്പത്പേർ പെയിന്റിംഗ് യൂനിറ്റിലും കുറച്ചുപേർ പായമെടയൽ പോലുള്ള പാരമ്പര്യ തൊഴിലുകളിലും ഏർപെട്ടിട്ടുണ്ട്. ജനസംഖ്യയുമായി തട്ടിച്ചുനോക്കുമ്പോൾ സ്ത്രീകളുടെ തൊഴിലവസരങ്ങൾ വളരെ നിസ്സാരമാണെന്ന് കാണാം. കൂടുതൽ വേദികളിൽ സ്ത്രീ സംരംഭകത്വം ഉണ്ടാക്കുകയോ തൊഴിൽ സാധ്യത രൂപപ്പെടുത്തുകയോ ചെയ്യേണ്ടതായിട്ടുണ്ട്.

പട്ടുവം പഞ്ചായത്തിൽ പെൺകുട്ടികൾക്ക് മാത്രമായ, ഒരു തലത്തിലുമുള്ള വിദ്യാഭ്യസ സ്ഥാപനങ്ങളുമില്ല, വിദ്യാലയങ്ങളിൽ പൊതുവേ പെൺകുട്ടികളാണ് കൂടുതൽ എങ്കിലും കോളേജ് വിദ്യാഭ്യാസത്തിന് കൂടുതൽ ആൺകുട്ടികളാണ് പോകുന്നത്. പ്രാദേശിക മായി നടത്തുന്ന തയ്യൽ ക്ലാസുകളിലും ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടുകളിലും ചേർന്ന് പെൺകുട്ടികൾ പഠിക്കുന്നുണ്ട്.

തൊഴിൽരംഗത്ത് ട്രൈസം പരിപാടിയിൽ ട്രെയ്നിംഗ് കഴിഞ്ഞവർക്ക് ഇതിൽതന്നെ പുനരധിവാസ സൗകര്യമുണ്ടെന്ന് പറഞ്ഞുകൂടാ. പുതിയ തലമുറയിൽപെട്ട സ്ത്രീകൾ കാർഷികരംഗത്തോ നിർമ്മാണരംഗത്തോ പ്രവേശിക്കുന്ന സ്ഥിതി വന്നുകഴിഞ്ഞിട്ടില്ല. കാർഷിക പ്രദേശമായ പഞ്ചായത്തിൽ കാർഷികരംഗത്ത് പുതിയ തലമുറയിലെ സ്ത്രീകൾ താത്പര്യം കാണിക്കാതിരിക്കുന്നത് കാർഷികരംഗത്ത് ദൂരവ്യാപകമായ പ്രത്യാഘാതം സൃഷ്ടിക്കും. കാർഷികമേഖലയിലെ ജോലി ആകർഷകവും സുരക്ഷിതമുള്ളതുമാക്കിത്തീർക്കേണ്ടതുണ്ട്. പ്രായക്കൂടുതലുള്ള തൊഴിലാളികളെ വെച്ചു കൊണ്ട് കാർഷിക നുകം ഏഞ്ഞുവലിഞ്ഞാണ് നീങ്ങുന്നത്.

"തുല്യജോലിക്ക് തുല്യവേതനം" എന്ന തത്ത്വം ഏട്ടിലെ പശുവായി നിലനിൽക്കുന്നു. താഴെ പറയുന്ന മേഖലയിലെ കൂലിനിരക്ക് പരിശോധിച്ചാൽ സ്ത്രീ പുരുഷവിവേചനം എത്ര നിന്ദ്യമാണെന്ന് മനസ്സിലാക്കാം.

പട്ടിക 1

നമ്പർ	തൊഴിൽമേഖല	കൂലി	
		പു	സ്ത്രീ
1	കർഷകത്തൊഴിലാളി	80	35
2	നിർമാണത്തൊഴിലാളി	100	40
3	ഇഷ്ടിക നിർമ്മാണം	50	30

സ്ത്രീകൾ മാത്രമായി തൊഴിലെടുക്കുന്ന മേഖലകളിൽ കൂലിനിരക്ക് വളരെ കുറമാണെന്ന് കാണാം

താഴെ പറയുന്ന പട്ടിക കാണുക

നമ്പർ	തൊഴിൽ മേഖല	കൂലി(രൂപ)
1	നൂൽനൂൽപ്	15
2	നോട്ട്ബുക്ക് നിർമാണം	15
3.	ചെരിപ്പ് നിർമ്മാണം	15
4.	പെയിൻറിഗ്	15
6	വസ്ത്രനിർമ്മാണം	15

കുടുംബത്തിൽ പുരുഷനേക്കാൾ എത്രയോ മടങ്ങ് ജോലി സ്ത്രീ ചെയ്യുന്നുവെന്നത് സിവിദിതമാണ്. പാചകം, അലക്ക്കുട്ടികളെ പരിചരിക്കൽ, ശുചീകരണ പ്രവർത്തനങ്ങൾ, വളർത്തുമൃഗങ്ങളെ സംരക്ഷിക്കൽ എന്നിവയ്ക്ക് പുറമേ മാവേലി സ്റ്റോറുകൾ, റേഷൻ കടകൾ, കടകൾ എന്നിവിടങ്ങളിൽ സാധനങ്ങൾ വാങ്ങാൻ പോകുന്നതും നെല്ല് കുത്തുന്നതിനും പൊടിക്കുന്നതിനുമായി മില്ലുകളുകളിൽ പോകുന്നതും സ്ത്രീകൾ തന്നെയല്ലേ?

സാമൂഹ്യ പൊതു പ്രവർത്തനരംഗത്ത് സ്ത്രീകളുടെ പ്രാതിനിധ്യം വളരെ കുറവാണ്. ജനാധിപത്യ മഹിളാ അസോസിയേഷൻറെ വില്ലേജ് കമ്മിറ്റി, സംഘടനയെന്ന നിലയിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. അതിൻെ യൂനിറ്റുകളുംസജീവമല്ലെങ്കിലും പ്രവർത്തിക്കുന്നുണ്ട്. 1990-91ലെ സാക്ഷരതാ പ്രവർത്തനത്തിൽ ഇൻസ്ട്രക്ടർ മാരായി കുറച്ച് സ്ത്രീകൾ രംഗത്തുവന്നിട്ടുണ്ടായിരുന്നു. സ്ത്രീകൾ പൊതുവിൽ അനിഭവിക്കുന്ന ദുരിതങ്ങളും, സാമൂഹ്യ പ്രവർത്തകർക്ക് സമൂഹത്തിൽലഭിക്കുന്ന പ്രോത്സാഹനക്കുറവും പുരുഷന്മാരുടെ ഭാഗത്തുനിന്നുള്ള നിരുത്സാഹവും പൊതുരംഗത്ത് പ്രവർത്തിക്കാനുള്ള സ്ത്രീകളുടെ സന്നദ്ധത പിറകോട്ടടിപ്പിക്കുന്നു. സാമൂഹ്യ രംഗത്ത് വളരെക്കാലമായി പിന്നിൽ നിൽക്കുന്ന സ്ത്രീ കളെ, ബോധപൂർവമായ ഇടപെടലുകളിലൂടെ മുന്നോട്ടു കൊണ്ടുവന്നാൽ മാത്രമേ പൊതുജീവിതത്തിലും തൊഴിൽ മേഖലയിലയിലും മാന്യമായ പദവി ഉയർത്താനാവൂ. ഉത്തരവാദപ്പെടുത്തുന്ന ജോലികൾ മുൻകൈയായി നിർവഹിക്കുവാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും അത് ഏറ്റെടുക്കുവാനുള്ള സന്നദ്ധതയില്ലായ്മ സ്ത്രീകളുടെ ഭാഗത്തും ഉത്തരവാദിത്വം ഏൽപ്പിക്കുവാനുള്ള വിമുഖത പുരുഷന്മാരുടെ ഭാഗത്തും ഉണ്ടെന്നത് വസ്തുതയാണ്. ജനങ്ങളുടെ പങ്കുതിയിൽ കൂടുതൽ വരുന്ന സ്ത്രീകൾക്ക് അധികാരാവകാശങ്ങൾ തങ്ങൾക്കും ലഭിക്കണമെന്ന തോന്നലും അതുനേടിയെടു ക്കാനുള്ള ബോധപൂർവമായ പ്രവർത്തനങ്ങളും സ്ത്രീകളുടെ ഭാഗത്ത് നിന്നുതന്നെ വരേണ്ടിയിരിക്കുന്നു.

ആരോഗ്യരംഗത്തും കൂടുതൽ അവശത അനുഭവിക്കുന്ന വിഭാഗം സ്ത്രീകൾ തന്നെയാണ്. മിക്കപ്പോഴും നിവൃത്തിയില്ലാത്ത സന്ദർഭങ്ങളിൽ മാത്രമാണ് സ്ത്രീകൾ ആശുപത്രികളെ സമീപിക്കുന്നത്. സർക്കാർ ആശുപത്രി കളെ സമീപിക്കുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളാണ്.

ശുചിത്വം തുടങ്ങി ആരോഗ്യരംഗത്തെ നിരവധി പ്രശ്നങ്ങളിൽ, സ്ത്രീകളുടെ ഇടയിൽ ബോധവൽകരണം ആവശ്യമാണ്. വിദ്യാഭ്യാസരംഗത്ത് കുട്ടികളുടെ പഠന നിലവാരോന്നതിയിൽ സ്ത്രീകൾക്കാണ് കൂടുതൽ ഇടപെടാൻ സാധിക്കുക. എന്നാൽ ഇത് വേണ്ട അളവിൽ നടക്കുന്നില്ല.

പുരുഷന്മാരിൽ കാണുന്ന സാർവത്രികമായ മദ്യപാനാ സക്തിയുടെ ദുരിതം പേറുന്നത് സ്ത്രീകളാണ്. അതിനാൽ കുടുംബബഡ്ജറ്റിൻെറ ഉത്തരവാദിത്വം താങ്ങേണ്ടി വരുന്നത് സ്ത്രീകളാണ്. ചാരായ നിരോധന ത്തിൻെറ സത്ഫലങ്ങൾ കുടുംബത്തിൽ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. മദ്യപാനം മറ്റുമേഖലകളിലേക്ക് തിരിഞ്ഞിരി ക്കുന്നു എന്നതാണ് നേര്. നേരത്തെ ഉണ്ടായിരുന്ന തിനേക്കാൾ കൂടുതൽ ചെലവാണ് ഈ രംഗത്ത് അവർ ക്കുണ്ടായിട്ടുള്ളത്. വിദേശ മദ്യനിരോധം കൂടി അനിവാര്യമാണെന്നാണ് അഭിപ്രായം ഉയർന്നുവന്നിട്ടുള്ളത്. പ്രയോഗിച്ച് പരാജയപ്പെട്ട അനുഭവമാണ് നമുക്കുണ്ടായി ട്ടുള്ളതെങ്കിലും സമ്പൂർണ്ണ മദ്യനിരോധം ആരായുകയാണ് പൊതുവിൽ ഗ്രാമസഭ കളിൽ ചെയ്തിട്ടുള്ളത്.

സ്ത്രീധനസമ്പ്രദായം ചില വിഭാഗങ്ങളിൽ നിലനിൽ ക്കുന്നുണ്ടെങ്കിലും പീഡനത്തിൻെറ രീതിയിലോ വലിയ സാമൂഹ്യ പ്രശ്നമെന്ന നിലയിലോ കാര്യങ്ങൾ പഞ്ചായ ത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ശൈശവ വിവാഹ പ്രവണത വലിയതോതിൽ കുറഞ്ഞുവന്നിട്ടുണ്ട്.

സാമൂഹ്യബോധവത്കരണപരിപാടി ജനങ്ങളുടെ ഇടയിൽ സജീവമായി നടത്തി സാമൂഹ്യ തീരുമാന ത്തിൻെറ ഭാഗമായി ഈ രംഗത്തെ പ്രവണതകൾക്ക് മാറ്റം വരുത്തേണ്ടിയിരിക്കുന്നു, സ്ത്രീകൾക്കെതിരേയുള്ള അക്രമങ്ങൾ ഏതെങ്കിലും നിലവാരത്തിൽ നടക്കുന്ന തായി അറിയില്ല. അതുപോലെതന്നെ സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പ്രവണതയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ രൂക്ഷമാണ്. പരിഹരിക്കുന്നതിന് സ്ത്രീകളുടേതായ തൊഴിൽ യൂനിറ്റുകൾ ആരംഭിക്കേണ്ടിയിരുന്നു. പഞ്ചായ ത്തിൽ അതിനുള്ള സാധ്യത പ്രയോജനപ്പെടുത്തേ ണ്ടതാണ്.

സാധ്യതയുള്ളതൊഴിൽ യൂനിറ്റുകൾ

1. ചകിരി 2. ചെമ്മീൻ സംസ്കരണം 3.പ്പായ,കൂട്ട
4. കോഴിവളർത്തൽ 5. ഗാർമെൻറ്സ്
6. ചന്ദനത്തിരി 7. മെഴുകുതിരി 8. അച്ചാർ, ജാം

9. പപ്പടം, അപ്പം 10. ഇലക്ട്രോണിക് അസംബ്ലിംഗ്

പഞ്ചായത്തിലെ ഉൽപന്നങ്ങളായ നെല്ല്, നാളികേരം, കശുവണ്ടി, ചക്ക, മാങ്ങ തുടങ്ങിയവയുമായി ബന്ധപ്പെട്ട സംസ്കരണ യൂനിറ്റുകൾക്ക് രൂപം കൊടുക്കാവുന്നതാണ്. നല്ല ഡിസൈനുകളുള്ള റെഡിമെയ്ഡ് വസ്ത്ര നിർമ്മാണത്തിൽ സ്ത്രീകളെ വ്യാപരിപ്പിക്കാവുന്നതാണ്. അടുക്കളത്തോട്ടങ്ങൾ സ്ത്രീകളുടെ നേതൃത്വത്തിൽ നടത്താവുന്നതാണ്. കോഴിവളർത്തലും, ആട്, പശുപാലനവും സ്ത്രീകളുടെ തൊഴിൽ മേഖലയിൽ പരിഗണിക്കാവുന്നതാണ്.

പുരുഷന്മാർക്ക് ലഭിക്കുന്ന വരുമാനത്തിന്റെ അല്പഭാഗം മാത്രം കുടുംബച്ചെലവിന് ലഭിക്കുമ്പോൾ സ്ത്രീകളുടെ വരുമാനം പൂർണ്ണമായും കുടുംബത്തിന് ലഭിക്കുന്നു. സ്ത്രീകളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കേണ്ടതുണ്ട് എന്നാണ് ഇത് കാണിക്കുന്നത്.

വിവിധങ്ങളായ സഹായപദ്ധതികളും പെൻഷൻ ആനുകൂല്യവും പഞ്ചായത്തിലെ സ്ത്രീകൾക്ക് ലഭിക്കുന്നുണ്ട്. തൊഴിലില്ലായ്മാ വേതനം ലഭിക്കുന്ന സ്ത്രീകളുമുണ്ട്. വിധവകളുടെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള സഹായധനം വൈകിയാണെങ്കിലും ലഭിച്ചുവരുന്നുണ്ട്. 65വയസ്സ് കഴിഞ്ഞ വൃദ്ധജനങ്ങൾക്കുള്ള പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ ഇതുവരേയും ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല. ദേശീയ പ്രസവാനുകൂല്യ പദ്ധതി പ്രകാരമുള്ള അപേക്ഷകളുടേയും സ്ഥിതി ഇതുതന്നെയാണ്. സഹായ പദ്ധതികളും ആനുകൂല്യങ്ങളും വേഗം ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടിക്രമങ്ങളും ലഘൂകരിക്കേണ്ടതായിട്ടുണ്ട്.


പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഭൂരിപക്ഷം വാർഡുകളിലും മഹിളാ സമാജങ്ങൾ ഇല്ല
2. ഉള്ളവ പ്രവർത്തനക്ഷമമല്ല.
3. പൊതുപ്രവർത്തനങ്ങളിൽ സ്ത്രീകൾക്ക് നേതൃത്വപരമായ പങ്ക് കുറവാണ്.
4. സംഘടനകളുടെ നേതൃസ്ഥാനത്ത് സ്ത്രീകളുടെ എണ്ണം പരിമിതമാണ്.
5. വനിതാക്ഷേമപരിപാടികളെപ്പറ്റിയുള്ള അറിവ് യഥാസമയം ലഭിക്കുന്നില്ല.
6. ഒരേജോലിക്കുതന്നെ സേവനമേഖലയൊഴിച്ച് സ്ത്രിപുരുഷന്മാർക്ക് കൂലിയിൽ തുല്യതയില്ല
7. തൊഴിൽ മേഖലയിൽ സ്ത്രീകളുടെ തൊഴിലവസരം നിസ്സാരമാണ്. സ്ത്രീകൾക്കുള്ള തൊഴിൽ സംരംഭങ്ങൾ വളരെകുറവാണ്.
8. സ്ത്രീകളുടെ ആരോഗ്യസംരക്ഷണപരിപാടിക്ക് ഊന്നൽ നൽകുന്നില്ല
9. ചായനിരോധംകൊണ്ടുള്ള കുടുംബക്ഷേമ നേട്ടം ഇല്ല
11. ദാരിദ്ര്യ നിർമാർജന പരിപാടിയിൽ സ്ത്രീകളോടുള്ള അവഗണ
11. അനാചാരങ്ങളോടുള്ള ആഭിമുഖ്യം
12. പൊതുസ്ഥലങ്ങളിൽ പ്രാഥമിവാശ്യങ്ങൾക്കുള്ള സൗകര്യമില്ലായ്മ
13. തൊഴിൽനിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനമില്ല. പരിശീലനത്തിന് സൗകര്യങ്ങൾ ലഭിക്കുന്നില്ല.
14. അംഗൻവാടി ജീവനക്കാർക്ക് പരിമിതമായ വേതനം
15. നേതൃസ്ഥാനത്തേയ്ക്കു വരാനുള്ള സ്ത്രീകളുടെ ആത്മവിശ്വാസക്കുറവ്
16. സാമാന്യവിദ്യാഭ്യാസമുണ്ടായാലും ശാസ്ത്ര ബോധനിലവാരക്കുറവ്
17. സാമൂഹ്യപ്രവർത്തനങ്ങളിലേർപ്പെടുന്ന സ്ത്രീകളെ മോശമായ രീതിയിൽ കാണുന്ന പ്രവണത
18. തൊഴിൽ പരിശീലന കേന്ദ്രങ്ങളില്ല
19. പുരുഷന്മാരുടെ മദ്യപാനം മൂലം സ്ത്രീകൾക്കുള്ള ദുരിതം.
20. വായനശാലകളേയും ഗ്രന്ഥാശലകളേയും സ്ത്രീകൾ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല.
21. ടി.വി. തുടങ്ങിയ മാധ്യമങ്ങൾ സ്ത്രീകളുടെ സമയം അപഹരിക്കുന്നു.
22. സമ്പാദ്യശീലം വേണ്ടത്രയായിട്ടില്ല
23. സാങ്കേതിക വിദ്യാഭ്യാസമേഖലയിൽ സ്ത്രീകളെ പ്രവേശിപ്പിക്കുന്നതിൽ താല്പര്യം വേണ്ടത്രയില്ല
24. സ്ത്രീകളെ ഉയർന്ന വിദ്യാഭ്യാസത്തിനും തൊഴിലിനും അയക്കുന്നതിനുള്ള വീക്ഷണത്തിൽ പൂർണ്ണമായും മാറ്റം വന്നിട്ടില്ല
25. സ്ത്രീപുരുഷ തുല്യതയ്ക്ക് സമൂഹം സജ്ജമായിക്കഴിഞ്ഞിട്ടില്ല.
26. ഗ്രാമപ്രദേശത്തെ തൊഴിൽ രാഹിത്യത്തെ പട്ടണപ്രദേശത്തുകാർ ചൂഷണം ചെയ്യുന്ന അവസ്ഥ
27. അംഗൻവാടികളുമായി ബന്ധപ്പെട്ട മഹിളാ സമിതി സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

സാധ്യതകൾ

1. മഹിളാ സമാജങ്ങൾ ഇല്ലാത്ത വാർഡുകളിൽ സമാജങ്ങൾ സ്ഥാപിക്കുക
2. നിലിവലുള്ള സമാജങ്ങൾ കാര്യക്ഷമമാക്കുക
3. സ്ത്രീകൾക്കുള്ള പ്രത്യേക നേതൃത്വ പരിശീലനങ്ങൾ നടത്തുക
4. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെകുറിച്ചുള്ള ബോധവൽക്കരണം.
5. സ്ത്രീപുരുഷതൊഴിലാളികൾക്ക് സമാനമേഖലകളിൽ വേതനം സമീകരിക്കുക
6. സ്ത്രീകൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിന് തൊഴിൽ സംരംഭങ്ങൾ ഏർപ്പെടുത്തുക
7. വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കുക
8. സ്ത്രീകളുടെ ആരോഗ്യസംരക്ഷണത്തിന് പരിപാടികൾ ആവിഷ്കരിക്കുക
9. തയ്യൽ, നെയ്ത്ത്, ചകിരി സംസ്കരണം, നൂൽനൂൽപ്, ഗാർമെന്റ്സ്, കോഴിവളർത്തൽ, കസേരമടയൽ, എംബ്രോയ്ഡറി, പായ-കൊട്ട മടയൽ, അച്ചാർ, ചിപ്സ്, മെഴുതുതിരി, പാൽ എന്നിവയെ അടിസ്ഥാനമാക്കിയുള്ള സ്ഥാപനങ്ങൾ ആരംഭിക്കുക.
10. പുരയിടക്കൃഷിക്ക് നേതൃത്വം നൽകുക.
11. അനാചാരങ്ങൾക്കെതിരെ ബോധവൽകരണം
12. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക
13. പൊതുസ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.
14. സ്ത്രീകൾ നാഥകളായുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന
15. സ്ത്രീ സമാജങ്ങളിൽ ഊന്നിക്കൊണ്ടുള്ള ദാരിദ്രകുടുംബങ്ങളുടെ ദാരിദ്ര്യ നിർമ്മാർജന പരിപാടി
16. സ്ത്രീകളുടെ കായിക വിദ്യാഭ്യാസത്തിനുള്ള പ്രത്യേക പരിപാടി.
17. സ്ത്രീകളുടെ കലാഭിരുചികളെ പ്രോത്സാഹിപ്പിക്കുവാനുള്ള പരിപാടികൾ
18. ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട ബോധവൽകരണം
19. അതാതുപ്രദേശത്തെ വിഭവാധിഷ്ഠിത തൊഴിൽ പരിശീലനങ്ങൾ
20. ശാസ്ത്രീയ വീക്ഷണത്തിന് ബോധവല്കരണം
21. തൊഴിലവസരങ്ങളേയും നിയമങ്ങളേയും കുറിച്ച് ബോധവൽകരണം.
22. വായനശാല, ഗ്രന്ഥശാല ഇവ പ്രയോജനപ്പെടുത്താൻ പ്രത്യേക പരിപാടികൾ
23. അഗൻവാടി ജീവനകാരുടെ അവശത മാറ്റുക.
24. ഗർഭിണികൾക്കും കുട്ടികൾക്കും പോഷകാഹാര വിതരണം നടത്തുക.
25. പെൺകുട്ടുകൾക്കായി പ്രത്യേക കളിസ്ഥലം, ജിംനേഷ്യം ഏർപ്പെടുത്തുക
26. സ്ത്രീകൾക്ക് തൊഴിൽ യൂനിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സഹായങ്ങൾ ലഭ്യമാക്കുക
27. പെൻഷൻ സഹായങ്ങൾ എളുപ്പത്തിൽ ലഭിക്കാൻ നടപടിക്രമങ്ങൾ ലഘൂകരിക്കുക
28. ധനകാര്യസ്ഥാപനങ്ങളിൽനിന്നും കടംകൊടുക്കുന്നതിൽ സ്ത്രീകൾക്ക് പ്രാധാന്യം നൽകുക
29. സ്ത്രീകളിൽ മഹിളാ പ്രധാൻമാരെ കൂടുതലായി നിയമിക്കുക
30. സ്ത്രീധനസമ്പ്രദായത്തിനെതിരെ ബോധവല്കരണം
31. അംഗവൻവാടികളിൽ സ്ഥലസൗകര്യം വർദ്ധിപ്പിക്കണം.

സഹകരണം



ഋണബാധ്യതയിൽനിന്നും കർഷകസമൂഹത്തെ രക്ഷിക്കുക എന്ന ലക്ഷ്യവുമായി 1904ൽ രൂപീകൃതമായ സഹകരണനിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഭാരതത്തിൽ കാർഷികവായ്പാസംഘങ്ങളുടേയും സഹകരണപ്രസ്ഥാനങ്ങളുടെയും തുടക്കം കുറിച്ചത്. രണ്ടാംലോകമഹായുദ്ധത്തെ തുടർന്നുണ്ടായ ക്ഷാമവും കരിഞ്ചന്തയും പൂഴ്ത്തിവെപ്പും ഭാരതീയ ജനതയിലേൽപ്പിച്ച പട്ടിണിയും ദുരിതങ്ങളും സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് പ്രേരകമായിത്തീർന്നു.

പട്ടുവം പ്രദേശത്ത് ആദ്യകാലങ്ങളിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഉണ്ടായിരുന്നില്ല. ഈ പ്രദേശത്തെ ജനങ്ങൾക്ക് വേണ്ടുന്ന സഹായ സഹകരണങ്ങൾ നൽകിയിരുന്നത് തളിപ്പറമ്പ് കേന്ദ്രമായി പ്രവർത്തിച്ചിരുന്ന പി.സി.സി(പ്രൊഡ്യൂസേർസ് ആൻഡ് കൺസ്യൂമേർസ് സംഘം)ആണ്. പട്ടുവത്ത് കർഷകരെ സഹായിക്കുന്നതിന് ഒരു സംഘത്തിന്റെ ആവശ്യമുണ്ടെന്ന് മനസ്സിലാക്കിയ ഒരു കൂട്ടം വ്യക്തികളുടെ പ്രവർത്തനഫലമായി 1956ൽ ശ്രീ എടയ്ക്കാട് കുഞ്ഞിരാമൻ വൈദ്യർ ഒന്നാം അംഗമായി ചേർന്നുകൊണ്ട് ഒരു ഐക്യനാണയസംഘം രൂപീകൃതമായി. പിന്നീട് ഇത് 1960ൽ പ്രാഥമിക കാർഷിക സംഘമായും 31.3.1987ൽ സഹകരണ ബേങ്കായും രൂപാന്തരപ്പെട്ടു. സർവീസ് സൊസൈറ്റിയായിരുന്ന കാലഘട്ടത്തിനിടയിൽ ഈ സ്ഥാപനത്തിന് ഒട്ടേറെ പ്രതിസന്ധികൾ നേരിടേണ്ടി വന്നിട്ടുണ്ട്. കുഞ്ഞിരാമൻ വൈദ്യർതന്നെയാണ് ആദ്യത്തെ പ്രസിഡണ്ട്.

ഇപ്പോൾ പട്ടുവം പഞ്ചായത്തിൽ അഞ്ച് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മൂന്ന് സംഘങ്ങൾ പ്രവർത്തനരഹിതമായി കിടക്കുന്നു. ഇവ കൂടാതെ കച്ചേരി ആസ്ഥാനമായി ഒരു ചക്കര ഉത്പാദക സഹകരണസംഘവും പ്രവർത്തിച്ചിരുന്നു.

ക്രഡിറ്റ് സംഘം(പട്ടുവം സർവീസ് സഹകരണ ബാങ്ക്):

പട്ടുവം പഞ്ചായത്തിലെ ഏക ക്രഡിറ്റ് സംഘം പട്ടുവം സർവീസ് സഹകരണ ബേങ്കാണ്. നമ്മുടെ പഞ്ചായത്തിന്റെ മുഖച്ഛായ തന്നെ മാറ്റാൻ പര്യാപ്തമായ സ്ഥാപനമാണിത്. മുഖ്യമായും കാർഷിക വായ്പയാണ് 4409 മെമ്പർമാരുള്ള ഈ ബാങ്ക് നൽകുന്നത്. തെങ്ങു കൃഷിക്ക് വളം ചെയ്യാനും പമ്പ് സെറ്റ് വാങ്ങാനുമാണ് പ്രധാനമായും കാർഷികവായ്പകൊടുക്കുന്നത്. ഇവയ്ക്ക് പുറമേ ദുർബല വിഭാഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ സ്വയംതൊഴിൽകണ്ടെത്തുന്നതിനുള്ള വായ്പ, കക്കൂസ് നിർമ്മിക്കുന്നതിനുള്ള വായ്പ, വീട് നിർമ്മിക്കുന്നതിനും റിപ്പേർചെയ്യുന്നതിനുമുള്ള വായ്പ, കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യത്തിനുള്ള വായ്പ, കോഴി വളർത്തുന്നതിനും പശുവിനെ വാങ്ങുന്നതിനുമുള്ള വായ്പ എന്നിവയും ബാങ്ക് അനുവദിക്കുന്നുണ്ട് കൂടാതെ സ്വർണ്ണപ്പണയ വായ്പകളും, കൺസ്യൂമർ വായ്പകളും. വ്യക്തിഗതവായ്പകളും ബാങ്ക് നൽകിവരുന്നുണ്ട്. പ്രത്യേക നിക്ഷേപ സമാഹരണങ്ങളിലൂടെയും അല്ലാതെയും നിക്ഷേപങ്ങൾ സ്വീകരിക്കാൻ ബാങ്കിന് സാധിക്കുന്നുണ്ട്. ഓണക്കാലത്ത് ഓണച്ചന്ത, കശുവണ്ടി സംഭരണം തുടങ്ങിയ സീസണൽ പ്രവർത്തനവും ബാങ്കിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു.

വ്യവസായ മേഖല: നോൺക്രഡിറ്റ് സംഘങ്ങൾ

1. പട്ടുവം പോട്ടറി വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ.ഓപ്പ്. സൊസൈറ്റി ലിമിറ്റഡ്

1959ൽ സ്ഥാപിതമായ ഈ സഹകരണസ്ഥാപനത്തിന്റെ പ്രവർത്തന പരിധി പട്ടുവം പഞ്ചായത്താണ്. സംഘത്തിൽ 400അംഗങ്ങൾആണ് ഉള്ളത്. ഇഷ്ടിക നിർമ്മിച്ച് വില്പന നടത്തുക, മെമ്പർമാരിൽനിന്ന് കളിമൺപാത്രങ്ങൾ ശേഖരിച്ച് വില്പന നടത്തുക,

മെമ്പർമാർക്ക് പാത്രം ഉണ്ടാക്കുന്നതിനു അസംസ്കൃത സാധനങ്ങൾ ശേഖരിക്കുന്നതിനുള്ള സഹായങ്ങൾ ചെയ്തതുകൊടുക്കുക എന്നിവയാണ് ഈ സഹകരണ സ്ഥാപനത്തിന്റെ പ്രവർത്തന മേഖലകൾ. ഇതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ഇളംതലമുറ ഈ മേഖലയോട് ഇപ്പോൾ ആഭിമുഖ്യം കാണിക്കുന്നില്ല. അതിന് പ്രധാന കാരണം അദ്ധ്വാനകൂടുതലും അലൂമിനിയ പാത്രങ്ങളുടെ കടന്നുകയറ്റവുമാണ്. മൺപാത്രങ്ങൾക്ക് അദ്ധ്വാനത്തിനനുസരിച്ച് വിലകിട്ടുന്നില്ല. കളിമൺ വ്യവസായത്തിനാവശ്യമായ അസംസ്കൃതവസ്തുക്കൾ ശേഖരിക്കുന്നതിനും സൂക്ഷിക്കുന്നതിനുമുള്ള സൗകര്യം പരിമിതമാണ്. ആധുനിക രീതിയിൽ കളിമൺപാത്രങ്ങൾ വേവിച്ചെടുക്കുന്നതിനുള്ള ചൂളയില്ല.

2. തളിപ്പറമ്പ് പട്ടികജാതി കളിമൺ വ്യവസായ സഹകരണസംഘം

നമ്മുടെ പഞ്ചായത്തിലെ മറ്റൊരു നോൺക്രഡിറ്റ് സഹകരണ സ്ഥാപനമാണ് തളിപ്പറമ്പ് പട്ടികജാതി കളിമൺ വ്യവസായ സഹകരണ സംഘം. പട്ടികജാതിക്കാർക്ക് മാത്രമായി 1986ൽ സ്ഥാപിതമായ ഈ സംഘത്തിന്റെ പ്രവർത്തന പരിധി തളിപ്പറമ്പ് ബ്ലോക്കിൽപെട്ട തളിപ്പറമ്പ് മുനിസിപ്പാലിറ്റിയും പട്ടുവെ പഞ്ചായത്തുമാണ്. ഇവിടെ 77 അംഗങ്ങളാണുള്ളത്. ഇത് തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നു.

3. പേട്രാ വനിതാ വസ്ത്രനിർമ്മാണ വ്യവസായ സഹകരണ സംഘം:

1995ൽ ആരംഭിച്ച ഈ സ്ഥാപനത്തിൽ 15 സ്ത്രീകൾ ജോലിചെയ്യുന്നു. ഇതിന്റെ പ്രവർത്തന പരിധി പട്ടുവം പഞ്ചായത്താണ്. ഇവിടുത്തെ ഉല്പന്നങ്ങൾ വിപണിയിൽ വിൽക്കുന്നതിന് വൈഷമ്യങ്ങൾ നേരിടുന്നു. പട്ടുവം സ്നേഹനികേതൻ മേൽനോട്ടം വഹിക്കുന്നു.

4. കാവുങ്കൽ ക്ഷീരോത്പാദക സഹകരണ സംഘം:

നല്ലനിലയിൽ പ്രവർത്തിക്കുന്ന ഒരു ക്ഷീരോത്പാദക സഹകരണസംഘമാണ് പഞ്ചായത്തിലുള്ളത് ദിനംപ്രതി 143ലിറ്റർ പാൽശേഖരിക്കുകയും അതിൽ 83ലിറ്റർ പാൽ നാട്ടിൽതന്നെ വില്ക്കുകയും 60ലിറ്റർപാൽ പുറത്ത് വിൽക്കുകയും ചെയ്യുന്നു. ഈ സംഘത്തിന്റെ പ്രവർത്തനം വിപുലമാക്കാനുള്ള സാധ്യതകൾ ഇനിയും പൂർത്തിയായിട്ടില്ല. ഈ സംഘത്തിൽ 241 അംഗങ്ങളുണ്ട്.

5. സ്കൂൾ സഹകരണസംഘം

പഞ്ചായത്തിൽ ഒരു സ്കൂൾ സഹകരണസംഘം പ്രവർത്തിക്കുന്നു. അരിയിൽ യു.പി.സ്കൂൾ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇത് പുസ്തക വിതരണത്തിൽ മാത്രമാണ് പ്രവർത്തിക്കുന്നത് ഇവയ്ക്കെല്ലാം പുറമേ മുറിയാത്തോടു കേന്ദ്രമായി ഒരു സെറികൾച്ചർ സഹകരണ സംഘം നമ്മുടെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എങ്കിലും ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പൊതുവിതരണകേന്ദ്രം

പഞ്ചായത്തിൽ ആറ് പൊതുവിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. എങ്കിലും ഇവയുടെ പ്രവർത്തന പരിധി വളരെ വലുതാണ് എന്നത് ജനങ്ങളെ സാരമായി ബാധിക്കുന്നു.

പ്രവർത്തിക്കാത്ത നോൺക്രഡിറ്റ് സ്ഥാപനങ്ങൾ:

വനിതാ വ്യവസായ സഹകരണസംഘം, കൂത്താട്, കൺസ്യൂമർ കോ.ഓപ്പ്.സ്റ്റോർ എന്നിവയാണ് പ്രവർത്തിക്കാത്ത സഹകരണ സംഘങ്ങൾ.

സാദ്ധ്യതകൾ

1. സഹകരണപ്രസ്ഥാനവുമായി അർഹതയുള്ള എല്ലാവരുടേയും സഹകരണം ഉപയോഗപ്പെടുത്താത്ത അവസ്ഥയുണ്ട്.

2. പട്ടുവം പ്രദേശത്തുനിന്നും നിക്ഷേപങ്ങൾ മറ്റുഭാഗങ്ങളിലേക്ക് പോകുന്ന സ്ഥിതി നിലനിൽക്കുന്നു,

3. സ്ത്രീകൾക്ക് തൊഴിൽ സൃഷ്ടിക്കാൻ ഉതകുന്ന തരത്തിലുള്ള സഹകരണ മേഖലകൾ പഞ്ചായത്തിൽ ആവശ്യത്തിനില്ല.

4. മാനേജ്മെൻറിൻ കാര്യക്ഷമതയില്ലായ്മ ഒരു പ്രശ്നമാണ്.

5. ഉദ്യോഗസ്ഥന്മാർക്ക് ആവശ്യമായ ട്രെയ്നിംഗിന്റെ കുറവുണ്ട്.

6. സ്കീം ലോണുകൾക്ക് വേണ്ടത്ര പ്രതികരണം ജനങ്ങളിൽനിന്ന് ലഭിക്കുന്നില്ല.

7. പ്രദേശത്തിന് അനുഗുണമായ സ്കീമുകൾ തയ്യാറാക്കപ്പെടുന്നില്ല.

8. മറ്റ് ധനകാര്യസ്ഥാപനങ്ങളിൽനിന്ന് ബാങ്കിന് വേണ്ടത്ര പ്രോത്സാഹനം കിട്ടുന്നില്ല.

9. ലോൺ നിശ്ചിത സമയത്ത് തിരിച്ചടക്കാത്ത

അവസ്ഥയുണ്ട്.

10. അമിതമായ എസ്റ്റാബ്ലിഷ്മെൻറ് ചാർജ് ഒരു പ്രശ്നമാണ്

11. തൊഴിൽരഹിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പരിശീലനം നല്കുന്നതിനോ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനോ ആവശ്യമായ സംവിധാനം നിലവിലില്ല.

12. ചെറുകിട സംഘങ്ങൾക്ക് സർക്കാരിൽനിന്നും ജനങ്ങളിൽനിന്നും ആവശ്യമായ പ്രോത്സാഹനം ലഭിക്കുന്നില്ല.

13. പൊതുവിതരണ കേന്ദ്രങ്ങളുടെ എണ്ണം ജനസംഖ്യാനുപാതത്തിന് തുല്യമല്ലാത്ത സ്ഥിതിയുണ്ട്

14. മത്സ്യബന്ധനം, വ്യവസായം എന്നീ മേഖലകളിലെ സഹകരണസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെട്ടതല്ല.

15. പഞ്ചായത്തിൽ ആവശ്യത്തിന് സ്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ ആളുകളുടെ മുഴുവൻ നിക്ഷേപ സാധ്യതകളും പട്ടുവം സർവീസ് സഹകരണ ബാങ്കിൽതന്നെയാക്കാൻ ബോധവൽകരണം വഴി സംവിധാനം വേണം

2. വളവും വിത്തും മറ്റ് കാർഷിക ഉപകരണങ്ങളും വിതരണം ചെയ്യുവാനും കാർഷികോല്പന്നങ്ങൾ സംഭരിക്കുവാനും ഉള്ള സംവിധാനം പഞ്ചായത്തുമായി സഹകരിച്ച് ബാങ്കിൽ ഉണ്ടാവണം.

3. വാർഡിൽഒന്ന് എന്ന വിധത്തിൽ പൊതു വിതരണ കേന്ദ്രങ്ങൾ തുടങ്ങുകയും പഞ്ചായത്തിൽ ഒരു കൺസ്യൂമർ സ്റ്റോർ പുന:സ്ഥാപിക്കുകയും ചെയ്യണം

4. സഹകരണസ്ഥാപനങ്ങളിൽ 1/3സ്ത്രീ പ്രാതിനിധ്യം ഉണ്ടാക്കണം.

5. ജനറൽബോഡി പങ്കാളിത്തംകൊണ്ടും ചർച്ചകൊണ്ടും അർത്ഥപൂർണ്ണമാക്കുക,

6. സാദ്ധ്യതയുള്ള മേഖലകളിൽ സഹകരണസംഘങ്ങൾ സ്ഥാപിക്കുക.

പട്ടുവം ഗ്രാമപഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങള

നമ്പർ	സംഘത്തിന്റെ പേര്	തുടങ്ങിയ വർഷം	മെമ്പർ മാർ	ജീവന ക്കാർ	വായ്പാസംഖ്യ	പ്രവർത്തനങ്ങൾ
1	പട്ടുവം സർവീസ് സഹകരണബേങ്ക്	1956	4409	7+4	1,85,84,336രൂ	കാർഷികവും കാർഷികേതര വുമായ വായ്പകളും മറ്റ് പ്രവർത്തനങ്ങളും
2	പട്ടുവം പോട്ടറി സൊസൈറ്റി	1957	400	1(ദിവസ കൂലി)	-	മൺപാത്രനിർമ്മാണം, ഇഷ്ടിക നിർമ്മാണം
3	കാവുങ്കൽ ക്ഷീരോൽപാദക സഹകരണ സംഘം	1982	241	4	-	പാൽ ശേഖരണ വിതരണം ക്ഷിരോല്പന്ന നിർമാണം കാലിത്തീറ്റ വിതരണം
4.	തളിപ്പറമ്പ് പട്ടികജാതി കളിമൺ വ്യവസായ സഹകരണ സംഘം	1986	77	10	-	ഇഷ്ടിക നിർമ്മാണം
5	പട്ടുവം പേട്ര വനിതാവസ്ത്രനിർമ്മാണ സഹകരണസംഘം	1995	15	15	-	വസ്ത്രനിർമ്മാണം വിപണനം

കുറിപ്പ്: 1. കൺസ്യൂമർ സ്റ്റോർ, വനിതാ സൊസൈറ്റി, സെറികൾച്ചർ സൊസൈറ്റി എന്നിവ പ്രവർത്തന രഹിതമാണ്.

2. പട്ടുവം ഫിഷർമെൻ സൊസൈറ്റി എന്ന പേരിൽ ഒരു സംഘം ഏഴോം പഞ്ചായത്തിലെ കണ്ണോം ആസ്ഥാനമായി പ്രവർത്തിക്കുന്നു.

0
25
50
75
100
125
150
വട്ടിപ്പലിശ നിരക്കുകളുടെ ഘടന
സ്ഥിരനിക്ഷേപം
ഹ്രസ്വകാലനിക്ഷേപം
അംഗീകൃത കാഷെന്റ് മൂലധനം
ചിലവഴിച്ചു കിട്ടിയ മൂലധനം
ഹ്രസ്വകാല കാർഷികവായ്പ
മധ്യകാല ദീർഘകാല കാർഷികവായ്പ
കാർഷികേതരവായ്പ
ഹ്രസ്വകാലവായ്പ
ദീർഘ മധ്യകാല കാർഷികവായ്പ
കാർഷികേതരവായ്പ
ഡെപ്പോസിറ്റ്
ഡിബഞ്ചർ
കണ്ടിജൻസി

പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം



ചാതുർവർണ്യത്തിന്റെ പരിധിയിൽപോലും പെടാത്ത പഞ്ചമവർണക്കാരാണല്ലോ നമ്മുടെ പട്ടിക ജാതി വിഭാഗങ്ങൾ. നൂറ്റാണ്ടുകളായി തൊട്ടുകൂടായ്മയുടേയും തീണ്ടിക്കൂടായ്മയുടേയും ഭാണ്ഡം പേറി നടന്ന ഒരു വിഭാഗം, എല്ലാ രംഗങ്ങളിലും പരിത്യക്തരായ ജനത. "പാമരൻമാരുടെ ചിത്തം പുകഞ്ഞുപൊങ്ങുന്ന, ധൂമമാകുന്ന, ഈർഷ്യതന്നെയായ ജാതിപ്പിശാചിന്റെ ക്രൗര്യം ഏറ്റുവാങ്ങിയ വിഭാഗം. ജാതിയുടെ ക്രൂരമായ അവഗണയ്ക്ക് നൂറ്റാണ്ടുകളോളം വിധേയമായ ഈ വിഭാഗത്തെ "നെല്ലിൻചുവട്ടിൽ മുളയ്ക്കും കാട്ടുപുല്ലല്ല സാധുപുലയൻ' എന്ന് നവോത്ഥാനകവിയായ കുമാരനാശാന് പറയേണ്ടിവന്നു.

മൂന്ന് ഭാഗവും പുഴകളാൽ ചുറ്റപ്പെട്ട, ചതുപ്പ് നിലങ്ങൾ ഏറെയുള്ള പട്ടുവം ഗ്രാമപഞ്ചായത്തിൽ മേൽപറഞ്ഞ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾക്ക് ഇണങ്ങി ജീവിക്കാൻ വിധിക്കപ്പെട്ട പട്ടികജാതിക്കാർ 11.5%വരും. നിത്യവൃത്തിക്കുവേണ്ടി ചേറ്റിലും, പുഴയിലും മണിക്കൂറുകൾ ചെലവഴിച്ച് കാലയാപനം ചെയ്ത് ശീലിച്ച പട്ടികജാതിവിഭാഗങ്ങളിലെ പഴയതലമുറക്കാർ നയിച്ച അടിമതുല്യമായ ജീവിതം പഴമയുടെ ഭീതിദമായ ചിത്രങ്ങളാണ് കാഴ്ചവെക്കുന്നത്. ഉയർന്ന ജാതിക്കാരെ തീണ്ടാതിരിക്കുന്നതിന് അകറ്റിതാമസിപ്പിച്ച സ്ഥലങ്ങളാണ് പിന്നീട് പട്ടികജാതിക്കോളനികളായി പരിഗണിക്കപ്പെട്ടതെന്ന് തോന്നുന്നു. പട്ടികജാതിക്കാർക്ക് സഞ്ചരിക്കാനുള്ള വഴികൾതന്നെ വേറെയാണ്. ഉത്സവ കാലങ്ങളിൽ ഉത്സവസ്ഥലങ്ങളിൽനിന്ന് അകലെയായി "പുലയച്ചന്ത" തന്നെ പ്രത്യേകം ഏർപ്പെടുത്തിയിരുന്ന കഥകൾ വളരെ പൂർവികമല്ല. "ജന്തുക്കളെല്ലാം സഹജർ എന്നല്ല ചിന്തിച്ചാൽ ഒന്ന് തന്നെയാണ്" എന്ന ചിന്തക്ക് വിപരീതമായി പട്ടികജാതിക്കാരൻ തന്നെ കെട്ടുന്ന ദൈവക്കോലങ്ങൾ പ്രസാദം നേരിട്ട് കയ്യിൽ കൊടുക്കാത്ത വിധിവൈപരീത്യത്തിന്റെ കഥയും വളരെ പഴക്കമുള്ളതല്ല.

ഗാന്ധിജിയുടെ നേതൃത്വത്തിൽ കൈക്കൊണ്ട അയിത്തോച്ചാടന പരിപാടികളുടെ അലയൊലികൾ പട്ടുവം ഗ്രാമപഞ്ചായത്തിലും മുഴങ്ങിയിരുന്നു. പട്ടികജാതിക്കാരുടെ ഇടയിൽ വിദ്യാഭ്യാസം നൽകാനുള്ള പരിശ്രമം നടന്നതിന്റെ ഫലമെന്നോണം പഴയ തലമുറയിൽപെട്ട വിരലിൽ എണ്ണാവുന്ന അദ്ധ്യാപകർ ഈ വിഭാഗത്തിൽ നിന്ന് ഉയർന്നുവന്നിരുന്നു. മറ്റുള്ളവരുടെ മണ്ണിൽ പണിയെടുക്കുന്ന ഈ അടിസ്ഥാന വർഗ്ഗത്തിലെ മിക്ക പുരുഷന്മാരും ആണ്ടിൽ കുറെ മാസമെങ്കിലും കൂടകിൽ ജോലിക്കുപോവുക സാധാരണയായിരുന്നു. എന്നാൽ സ്വന്തം ഗ്രാമത്തിൽ തന്നെ ഈ വിഭാഗത്തെ കുടിയിരുത്തിയത് 1970ലെ ഭൂപരിഷ്കരണ നിയമമാണെന്ന് പറയാം. ഭൂപരിഷ്കരണ നിയമപ്രകാരം 10സെൻറ് ഭൂമിയുടെ ഉടമയായിത്തീർന്നപ്പോൾ സ്വന്തം

ഭൂമിയിൽ കുഴിക്കൂറുകൾ ഉണ്ടാക്കുവാനും, സ്വന്തം കുടിലിൽ ആത്മധൈര്യത്തോടെ ഉറച്ചുനിൽക്കുവാനും ഈ വിഭാഗത്തിന് കഴിഞ്ഞു. കേരളത്തിൽ നടപ്പിലാക്കിയ സമഗ്രഭൂപരിഷ്കരണത്തിന്റെ ഫലമായി സമ്പത്ത് വിതരണം ചെയ്യപ്പെട്ടതിന്റെ ഗുണഫലം അനുഭവിക്കാൻ പട്ടുവം ഗ്രാപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിന് സാധിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ പട്ടികജാതി വിഭാഗങ്ങളെ ഉദ്ധരിക്കുന്നതിനുവേണ്ടിയുള്ള പല പരിപാടികളും സർക്കാർ ആവിഷ്കരിച്ചുവെങ്കിലും അതിന്റെ സദ്ഗുണങ്ങൾഎത്തേണ്ടിടത്ത് എത്തിയില്ലെന്ന പരമാർത്ഥം ഇന്ന് തുറന്നുസമ്മതിക്കുന്നുണ്ടല്ലോ! പട്ടികജാതിക്കാർക്ക് സ്വന്തമായി ഒരിഞ്ച് ഭൂമിയോ, വീടോ അനുഭവങ്ങൾ ഉണ്ടാക്കി അനുഭവിക്കാനുള്ള ഭാഗ്യമോ ഇല്ലാത്തതിന്റെ പേരിൽ പട്ടുവം ഗ്രാമപഞ്ചായത്തിലെ നിരവധി പട്ടികജാതി കുടുംബങ്ങൾ സ്വമേധയാ മതപരിവർത്തനത്തിന് വിധേയമായിട്ടുണ്ട്. അവർഇന്ന് അവശക്രിസ്ത്യാനികളായി തുടരുകയാണ്.

പട്ടുവം ഗ്രാമപഞ്ചായത്തിലെ പട്ടികജാതിക്കാരുടെ തനതായ അഞ്ച് ക്ഷേത്രങ്ങൾ ഉണ്ട്. അവ താഴെ പറയുന്നു:

മുത്തക്കോട്ടം	–	പടിഞ്ഞാറെച്ചാൽ
ഭരണൂൽകോട്ടം	–	മുതുകുട
മടയിൽകോട്ടം	–	കുത്താട്
നാട്ടിക്കീൽകോട്ടം	–	നാട്ടിക്കീൽ(കുന്നരു)
കയ്യത്ത് കോട്ടം	–	കയ്യം

ഇവിടങ്ങളിലെ താന്ത്രിക കർമ്മമനുഷ്ഠിക്കുന്നവരും തെയ്യം കലാകാരന്മാരും തോറ്റം, തെയ്യം പാട്ടുകാരും പട്ടികജാതിയിൽ പെട്ടവർ തന്നെയാണ്. കർണ്ണാകർണ്ണികയാ ഹൃദിസ്ഥമാക്കിയ ഈ പാട്ടുകളെല്ലാം നിലവിലുള്ള തലമുറയോടെ നിന്നുപോകാൻ സാധ്യതയുണ്ട്.

മറ്റ് ജാതിക്കാരുടെ ക്ഷേത്രങ്ങളിലും, കോട്ടങ്ങളിലും, കാവുകളിലും, പള്ളിയറകളിലും തെയ്യംകെട്ടുന്ന പട്ടികജാതിക്കാരായ മലയൻ, വണ്ണാൻ തുടങ്ങിയവർ ധാരാളമുണ്ട്. ഇവരുടെയിടയിൽ മന്ത്രവാദം, ഉറുക്കെഴുത്ത് തുടങ്ങിയ പാരമ്പര്യ വിദ്യകൾ ഇന്നും നിലവിലുണ്ട്.

നമ്മുടെ രാജ്യം ആവിഷ്കരിച്ച പഞ്ചവത്സര പദ്ധതികളിലെല്ലാം പട്ടികജാതിക്ഷേമം നടപ്പിൽവരുത്തുന്നതിന് വേണ്ടി എല്ലാ വകുപ്പുകളിലും നിശ്ചിത ശതമാനം വകയിരുത്തുന്ന ഏർപ്പാടുണ്ടായിട്ടും ഫലപ്രാപ്തിയിലെത്താത്തതിന്റെ പേരിലാണല്ലോ പ്രത്യേകം ഘടകപദ്ധതി എന്ന പേരിൽ വികസന രംഗത്ത് തുകവകയിരുത്തുന്നത്. എന്നാൽ പല കാരണങ്ങൾകൊണ്ടും നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥ പല സ്ഥലങ്ങളിലും എന്ന പോലെ പട്ടുവം ഗ്രാമ പഞ്ചായത്തിലും ഉണ്ടായിട്ടുണ്ട്.

പട്ടുവം പഞ്ചായത്തിൽ ആകെ എട്ട് അംഗീകൃത പട്ടികജാതി കോളനികളാണ് ഉള്ളത്. ഇവ താഴെ കൊടുക്കുന്നു.

1കയ്യംതടം 2. അരിയിൽ

3. മുള്ളൂൽ–കുത്താട് 4. പടിഞ്ഞാറെച്ചാൽ

5. പോത്തോട 6. മുതുകുട

7. മംഗലശ്ശേരി 8. കിഴക്കേച്ചാൽ

അംഗീകാരത്തിനു വേണ്ട നിബന്ധനകളിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിൽ പാർക്കുന്ന പട്ടികജാതിക്കാരും ഉണ്ട്. ഇത്തരം പ്രദേശങ്ങളിൽ താമസിക്കുന്ന പിട്ടികജാതിക്കാർക്ക് കോളനികളിൽ ലഭിക്കുന്ന പരിമിതമായ സൗകര്യങ്ങൾപോലും ലഭിക്കുന്നില്ല. വൈദ്യുതിയും റോഡ്സൗകര്യങ്ങളും ഇല്ലാത്തതും കോളനികളിൽ അല്ലാത്തതുമായ പട്ടികജാതി വീടുകൾ പഞ്ചായത്തിലുണ്ട്. തൊഴിലുമായി ബന്ധപ്പെട്ട് പുഴയോരങ്ങളിലും വയലരികിലും പാർക്കുന്ന പട്ടികജാതിക്കാരുടെ കോളനികളിൽ മുഖ്യപ്രശ്നം ജലദൗർലഭ്യമാണ്. കുടിക്കുവാൻ മാത്രമല്ല, മറ്റാവശ്യങ്ങൾക്കും ശുദ്ധജലമില്ലകിണറുകൾ കുഴിച്ചാൽ ലഭ്യമാകുന്നത് ഉപ്പുവെള്ളമാണ്. വേനൽക്കാലങ്ങളിൽ വെള്ളമില്ലാത്തതിനാൽ വീടുകളിലെ കക്കൂസുകൾപോലും ഉപയോഗിക്കാൻ കഴിയാത്തെ അവസ്ഥയാണ്. അതുകൊണ്ട് തന്നെ മിക്കകോളനികളിലും വേനൽകാലങ്ങളിൽ പഴയതുപോലെ വെളിമ്പ്രദേശങ്ങളെ തന്നെ ആശ്രയിക്കുന്ന നിലതുടരുന്നു. വെള്ളത്തിന്റെ ദൗർലഭ്യം കാരണം വിവിധ സഹായ പദ്ധതികളിലൂടെ നിർമ്മിക്കുന്ന വീടുകളുടെ കൂടെ കക്കൂസ് ഉണ്ടാക്കാതെ ഇതിന് നീക്കിവെക്കുന്ന പണം വാങ്ങാതെ ലാപ്സാകുന്ന സ്ഥിതി ഉണ്ടാകാറുണ്ട്.

പട്ടികജാതി വിഭാഗത്തിൽപെട്ട കുട്ടികളെ വിദ്യാലയങ്ങളിൽ ചേർത്ത് പഠിപ്പിക്കുന്നുണ്ടെങ്കിലും പഠനനിലവാരത്തിലുള്ള പിന്നോക്കാവസ്ഥ തുടരുകയാണ്. പത്താംക്ലാസിൽ തോൽക്കുന്ന ഈ വിഭാഗം കുട്ടികൾക്ക് വീണ്ടും പരീക്ഷക്കിരിക്കുവാനുള്ള സൗകര്യങ്ങളും മറ്റും ഉണ്ടെങ്കിലും പൂർണ്ണമായി പ്രയോജനപ്പെടുത്തി വീണ്ടും പാസ്സാകുന്ന സ്ഥിതി ആശാവഹമല്ല.

സർക്കാർ ജോലിയുള്ള കുടുംബങ്ങളിൽ അതേകുടുംബത്തിലെ മറ്റുള്ളവർക്ക് തൊഴിൽ ലഭിക്കുന്ന കാര്യത്തിൽ ശ്രദ്ധവെക്കുന്ന അവസ്ഥയുള്ളതിനാൽ ചില കുടുംബത്തിൽ സർക്കാർ ജോലിക്കാർ കൂടുതലുള്ള സ്ഥിതിയുണ്ട്.

ഉയർന്ന വിദ്യാഭ്യാസ യോഗ്യതനേടിയ തൊഴിലില്ലാത്തവരുടെ എണ്ണം താരതമ്യേന കുറവാണ്. ഉയർന്ന വിദ്യാഭ്യാസയോഗ്യത നേടുനതിനും, സാങ്കേതിക വിദ്യാഭ്യാസം നേടുന്നതിനുമുള്ള ആകാംക്ഷപൊതുവിൽ കുറഞ്ഞ രീതിയിലാണ് കാണുന്നത്. പട്ടിജാതി വിഭാഗത്തിൽപെട്ട കുട്ടികൾക്ക് ലഭിക്കുന്ന ലംപ്സംഗ്രാൻറ് സ്കൂൾ തുറക്കുമ്പോൾതന്നെ ലഭിക്കാത്തത് രക്ഷിതാക്കൾക്ക് വിഷമത ഉണ്ടാക്കുന്നുണ്ട്. പുസ്തകങ്ങളും വസ്ത്രങ്ങളും വിദ്യാലയവർഷാരംഭത്തിൽതന്നെ വാങ്ങിക്കൊടുക്കുവാൻ രക്ഷിതാക്കൾക്ക് സഹായകരമാകും ലംപ്സംഗ്രാൻറ് ആദ്യമേ കിട്ടിയാൽ

പട്ടികജാതിയിൽപെട്ടവർ പ്രധാനമായും ജോലിചെയ്യുന്നത് കാർഷിക മേഖലയിലാണ്. ചുമടെടുക്കലിലും നിർമ്മാണപ്രവൃത്തി രംഗത്തുമുണ്ടെങ്കിലും പ്രധാനമായും കാർഷികമേഖലയിൽ തന്നെയാണ്. പട്ടികജാതി കളിമൺ വ്യവസായ സഹകരണസംഘം എന്ന സ്ഥാപനമുള്ളതിൽ മുഴുവൻ ജോലിക്കാരും പട്ടികജാതിക്കാരാണെങ്കിലും ആകെ പത്തുപേർക്ക് മാത്രമാണ് പ്രസ്തുത സ്ഥാപനത്തിൽ ജോലിയുള്ളത്. അവിടെത്തന്നെ പുരുഷന്മാർക്കും സ്ത്രീകൾക്കും മറ്റു മേഖലയിൽ ലഭിക്കുന്ന കൂലി ലഭിക്കുന്നില്ല. മാത്രമല്ല ആറുമാസം മാത്രമേ ജോലി നൽകാൻ സൊസൈറ്റിക്ക് കഴിയുന്നുള്ളൂ. മേൽപറഞ്ഞ രണ്ട് സ്ഥിതിക്കും മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. പുരുഷന്മാരിൽ പലരും കാർഷിക മേഖലവിട്ട് മത്സ്യബന്ധനത്തിലേർപ്പെട്ടുവരുന്നുണ്ട്. അല്പം ചിലർ പ്രത്യേകിച്ചും സ്ത്രീകൾ നിരക്ഷരരായിരുന്നത് 1990-91ലെ സാക്ഷരതാ പ്രവർത്തനത്തിൻറ ഫലമായി നിശ്ചിത വയ: പരിധിയിൽപെട്ടവർക്ക് വിദ്യാഭ്യാസം നൽകുന്നതിന് സാധിച്ചിരുന്നുവെങ്കിലും തുടർ വിദ്യാഭ്യാസത്തിൻറ അലംഭാവം നിമിത്തം അത്തരക്കാർ നിരക്ഷരരായിരിക്കാനാണ് സാധ്യത. അത്തരക്കാർക്ക് തുടർ വിദ്യാഭ്യാസം നൽകുന്ന സംരംഭങ്ങൾ തുടങ്ങേണ്ടതുണ്ട്.

പട്ടികജാതിക്കാർക്ക് സ്വന്തം വീടില്ലാത്ത സ്ഥിതിയില്ല. സ്വന്തം കുടുംബമായി ഉരുത്തിരിയുന്നവർക്ക് വീട് വേണ്ടിവരും. സർക്കാർ ധനസഹായത്തോടെ നൽകുന്ന വീടുകൾക്ക് അല്പകാലത്തെ ആയുസ്സേ ഉണ്ടാവുന്നുള്ളൂ എന്നതാണ് അവസ്ഥ. നൽകുന്ന സാമ്പത്തിക സഹായം ഭവനനിർമ്മാണത്തിന് തീരെ തികയാത്തതിനാൽമൺകട്ടകൊണ്ടുള്ള ചുവരും മുപ്പില്ലാത്ത തെങ്ങിൻറ കഴുക്കോലും തത്കാലത്തേക്ക് ഉപയോഗിക്കുന്നതിനാൽ വീടിൻറ ഭദ്രതയ്ക്ക് ഭീഷണിയാവുന്നുണ്ട്. ഭവനനിർമാണത്തിന് കല്ലും മരവും ഉപയോഗിക്കത്തക്ക വിധത്തിൽ തുക വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽ നിന്ന് സാമൂഹ്യ-രാഷ്ട്രീയ-സാസ്കാരിക സംഘടനകളുടെ നേതൃസ്ഥാനത്തേക്ക് ആളുകൾ വരുന്നത് പൊതുവിൽ കുറവാണ്. രാഷ്ട്രീയപ്പാർട്ടികളിൽ മെമ്പർഷിപ്പ് എടുക്കുകയും പ്രവർത്തകരായി വളരുകയും നേതൃതല രംഗത്തേക്ക് ഉയരുകയും ചെയ്യുന്നതിന് താത്പര്യവും ശേഷിയും വളർത്തിയെടുക്കേണ്ടതായിട്ടുണ്ട്. ഏതെങ്കിലും സംഘടനാ നേതൃത്വം ഏറ്റെടുക്കുന്നതിന് അപകർഷതാ ബോധത്തിൻറ പ്രശ്നമില്ല. അംഗീകരിത്തിൻറ പ്രശ്നവുമില്ല. കലാ-സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുകയും കലാകാരന്മാരായി വളരുകയും ചെയ്യുന്ന രീതിയിലേക്ക് വളർന്നുകഴിഞ്ഞിട്ടില്ല.

വായനശാല ഗ്രന്ഥാലയം എന്നിവ നേരിട്ട് നടത്തുകയോ വായനാശീലം വളർത്തിയെടുക്കുന്നതിനുള്ള ശ്രമമോ പ്രസ്ഥാനമോ വളരെ കുറവാണ്. ഇത് പരിഹരിച്ചെടുക്കുന്നതിനാവശ്യമായ ഒരു സാംസ്കാരിക വിപ്ലവംതന്നെ അനിവാര്യമാണ്. ജാതിപരമായ ഉച്ചനീചത്വം ഈ പഞ്ചായത്തിൽ ഇല്ല. സാമ്പത്തിക മേഖലയിൽ ഉയർച്ച കൈവരിക്കേണ്ടതായിട്ടുണ്ട്. ജാതീയത കൈവെടിഞ്ഞ് സമൂഹം ഉയർന്ന നിലവാരത്തിലേക്കു നീങ്ങി എന്ന് പറഞ്ഞുകൂട. വിവാഹ ചടങ്ങുകൾക്ക് മറ്റുവിഭാഗക്കാർ എങ്കെടുക്കാറുണ്ടെങ്കിലും എല്ലാവരും തുറന്ന മനസ്സോടെ സമീപിക്കുന്നു എന്ന് പറയാൻ കഴിയില്ല. ഭക്ഷണം കഴിക്കുന്ന കാര്യത്തിൽ ഇതര സമുദായത്തിലെ സ്ത്രീകൾ പൂർണ്ണമായും പങ്കെടുക്കുന്ന അവസ്ഥ വന്നുകഴിഞ്ഞിട്ടില്ല. അവഹേളനാരൂപത്തിൽ ജാതിപറഞ്ഞ് പേർ വിളിക്കുന്ന രീതി പഞ്ചായത്തിലില്ലെന്ന് തന്നെ പറയാം.

സർക്കാരിൽനിന്നും ലഭിക്കുന്ന ചില സഹായങ്ങൾ- മിക്കപ്പോഴും അവ ഉല്പാദനപര മല്ല-പൂർണ്ണമായും ഉപയോഗിക്കപ്പെടുന്ന അവസ്ഥയില്ല. കാർഷികോപകരണങ്ങൾ നൽകൽ പാരമ്പര്യകുടിൽ വ്യവസായങ്ങൾക്കുള്ള ധനസഹായം നൽകൽ, ഗൃഹോപകരണങ്ങൾ നൽകൽ തുടങ്ങിയവ ഇവയിൽപെടുന്നു. പശു, ആട് ഇവ വളർത്താൻ സഹായം നൽകിയിട്ടുണ്ടെങ്കിലും അവയൊന്നും നിലനിന്നിട്ടില്ല. സഹായങ്ങൾകൊണ്ട് ദീർഘകാല നേട്ടങ്ങൾ കൈവരിക്കണമെന്ന ബോധവൽക്കരണം ആവശ്യമാണ്

പട്ടുവം പഞ്ചായത്തിൽ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം വാർഡടിസ്ഥാനത്തിൽ താഴെ കൊടുക്കുന്നു.

വാർഡ്(പഴയത്)	ആകെ വീടുകൾ
1	14
2	48
3	6
4	57
5	21
6	35
7	14
8	48

പഞ്ചായത്തിലെ വിവധവിദ്യാലയങ്ങളിൽ പഠനം നിർത്തിയ വിദ്യാർത്ഥികളുടെ എണ്ണം താരതമ്യേന കുറവാണ്.

സ്വാതന്ത്ര്യത്തിന്റെ കനകജൂബിലി ആഘോഷിക്കാൻപോവുന്ന ഈ വേളയിലെങ്കിലും പട്ടികജാതി വിഭാഗങ്ങളിൽ പ്രതീക്ഷിച്ച ഉയർച്ച വന്നിട്ടില്ല. പല വിഭാഗങ്ങളേയും പട്ടികയിൽനിന്ന് നീക്കം ചെയ്യേണ്ടതിന് പകരം പിന്നോക്ക ജാതിയിലെ ചിലരെ പട്ടിക വിഭാഗത്തിൽ ഉൾപ്പെടുത്തുകയും ഓ.ഇ.സി.യിൽ ഉൾപ്പെടുത്തുകയുമാണല്ലോ ചെയ്തിട്ടുള്ളത്.. പട്ടികജാതി കുടുംബങ്ങളിൽ ഒരാൾക്കെങ്കിലും സ്ഥിരമായി ജോലിയുണ്ടാക്കിക്കൊടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

പ്രശ്നങ്ങൾ

1. കോളനികളിലെ അടിസ്ഥാനസൗകര്യങ്ങളിലുള്ള അപര്യാപ്തത
2. പഞ്ചമാസങ്ങളിൽ പോഷകാഹാരക്കുറവ്
3. ആരോഗ്യശുചീകരണകാര്യത്തിൽ ബോധവല്കരണം ഇല്ലായ്മ
4. തൊഴിൽപരമായ പിന്നോക്കാവസ്ഥ.
5. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ
6. വിദ്യാർത്ഥികൾക്ക് വീടുകളിൽ പഠിക്കാനുള്ള ഭൗതിക സാഹചര്യമില്ലായ്മ
7. സ്ഥിരമായ തൊഴിലില്ലായ്മ
8. അന്ധവിശ്വാസങ്ങൾ
9. അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള തടസ്സങ്ങൾ
10. ആനുകൂല്യങ്ങൾ നേടിയെടുക്കാനുള്ള ജാഗ്രതക്കുറവ്
11. ഗ്രാമങ്ങളിൽ സർവേ നടത്തി പട്ടികജാതിക്കാരുടെ തൊഴിലില്ലായ്മയുടെ യഥാർത്ഥ സ്ഥിതി മനസ്സിലാക്കിയിട്ടില്ല.
12. തരിശ്ശിടുകയും, പാട്ടത്തിന് നൽകുകയും ചെയ്യുന്ന കൃഷിയിടത്തിന്റെ സർവേ നടത്തി ചുരുങ്ങിയ പ്രതിഫലത്തിന് കൃഷിചെയ്യാൻ നൽകുന്ന വ്യവസ്ഥയില്ല.
13. പാരമ്പര്യതൊഴിലെടുക്കുന്നതിനുള്ള അസംസ്കൃത പദാർത്ഥങ്ങൾക്ക് ഭാരിച്ച ചെലവ്
14. സൗജന്യവീടുകൾക്ക് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത
15. വീടുകൾതോറും ശുദ്ധജലമെത്താത്ത സ്ഥിതി
16. വൈദ്യുതിലൈനും,കണക്ഷനും നൽകുന്നതിനുള്ള തടസ്സം
17. മത്സ്യത്തൊഴിലാളികളായ പട്ടികജാതിക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ സ്വന്തമായില്ല.
18. കർഷകത്തൊഴിലാളികളായ പട്ടികജാതി ക്കാർക്ക് തൊഴിലുപകരണങ്ങൾ എല്ലാവർക്കും സൗജന്യമായി ലഭിക്കുന്നില്ല.
19. വീടുകളുടെ അനുബന്ധസൗകര്യങ്ങൾ പൂർത്തീകരിക്കാത്ത അവസ്ഥ.
20. അനുവദിക്കപ്പെടുന്ന സഹായങ്ങൾ നിർദ്ദിഷ്ട ആവശ്യത്തിനുതന്നെ ഉപയോഗിക്കുന്ന എന്ന് ഉറപ്പ്വരുത്തുന്നില്ല
21. എല്ലാ മേഖലകളിലും പട്ടികജാതിക്കാർക്ക് തൊഴിൽ ചെയ്യുവാനുള്ള സാധ്യതയില്ല.
22. വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ് സ്കൂൾ തുറക്കുന്ന ആഴ്ചയിൽതന്നെ ലഭിക്കുവാനുള്ള സൗകര്യമില്ല
23. ഗൃഹനിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്ന നിർമ്മിതി കേന്ദ്രം പഞ്ചായത്തിലില്ല.

24. രാഷ്ട്രീയ-സാമൂഹ്യ-സാസ്കാരികരംഗങ്ങളിൽ പ്രവർത്തകരും നേതാക്കളുമാകുന്നതിനുള്ള പരിശീലന സൗകര്യം ഇല്ല.

25. പട്ടികജാതിക്കാരുടെ നാടൻ കലകൾ, പാട്ടുകൾ എന്നിവ സംരക്ഷിക്കുവാൻ പദ്ധതികളില്ല.

26. പട്ടികജാതി കുടുംബവിഭജനം വരുമ്പോൾ വീടുവെക്കാൻ സ്ഥലം ഇല്ല

27. ദരിദ്ര കുടുംബങ്ങളുടെ ചികിത്സക്കും, വിവാഹത്തിനും ധനസഹായത്തിനുള്ള ഏർപ്പാടില്ല.

28. പട്ടികജാതി വികസന കോർപ്പറേഷനും ക്ഷേമവകുപ്പും അഭ്യസ്തവിദ്യർക്ക് നല്കുന്ന വായ്പകളും ധനസഹായവും ഫലപ്രാപ്തിയിലെത്തുന്നില്ല..

29. കുഞ്ഞിമുറ്റം ലക്ഷംവീട്കോളനി, കയ്യംകോളനി എന്നിവിടങ്ങളിൽ വൈദ്യുതിയില്ല.

30. എല്ലാ കോളനികളും അംഗീകരിക്കപ്പെട്ടിട്ടില്ല.

31. എല്ലാ പട്ടികജാതി കോളനികളിലും വായനശാലകളില്ല.

സാദ്ധ്യതകൾ

1. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കുക.

2. വരുമാന വർദ്ധനവിനായി കുടുംബാടിസ്ഥാനത്തിൽ സ്കീമുകൾ തയ്യാറാക്കുക.

3. പഞ്ചമാസങ്ങളിൽ പോഷകാഹാരലഭ്യതയ്ക്ക് പരിപാടി ആവിഷ്കരിക്കുക.

4. ആരോഗ്യശുചീകരണ കാര്യങ്ങളിൽ ബോധവല്കരണം കാര്യക്ഷമമാക്കുക

5. ഒരു കുടുംബത്തിൽ ഒരാൾക്കെങ്കിലും ജോലി ഉറപ്പാക്കുന്ന പദ്ധതി ആവിഷ്കരിക്കുക.

6. വിദ്യാഭ്യാസ പിന്നോക്കാവസ്ഥ ഇല്ലാതാക്കാൻ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽകോളനിതലത്തിൽ ട്യൂഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

7. വിദ്യാർത്ഥികൾക്ക് വീടുകളിൽ പഠിക്കാനുള്ള ഭൗതിക സാഹചര്യം ഒരുക്കുക(മേശ, കസേര, വെളിച്ചം)

8. അന്ധവിശ്വാസത്തിനെതിരേയും മിതവ്യയം ശീലിക്കുന്നിനും വേണ്ട ബോധവല്കരണം

9. അർഹമായ ആനുകൂല്യം ലഭിക്കുന്നതിന് സാങ്കേതിക തടസങ്ങൾ നീക്കം ചെയ്യുക.

10. ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കുവാനും നേടിയെടുക്കുവാനുമുള്ള സഹായ സന്നദ്ധ സംഘങ്ങൾ രൂപീകരിക്കുക, അവർക്ക് പരിശീലനം നൽകുക.

11. പട്ടിജാതിക്കാരുടെ തൊഴിലില്ലായ്മയുടെ സർവേനടത്തി പഞ്ചായത്തിലെ സ്ഥാപനങ്ങളിൽ ലഭ്യമാകുന്ന തൊഴിൽ സംവണം ഏർപ്പെടുത്തുക.

12. പാരമ്പര്യ കുടിൽ വ്യവസായങ്ങൾക്കുള്ള അസംസ്കൃത സാധനങ്ങൾ എത്തിച്ചു കൊടുക്കാനുള്ള നടപടി സ്വീകരിക്കുക.

13. വിവിധ ഏജൻസികൾ നടപ്പിലാക്കുന്ന വീടുകളുടെ പദ്ധതി ഏകീകരിപ്പിക്കുകയും സംഖ്യ ഏകീകരിപ്പിക്കുയും ചെയ്യുക.

14. ഗൃഹ നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്നതിനുള്ള നിർമിതി കേന്ദ്രങ്ങൾ സ്ഥാപിക്കുക.

15. വൈദ്യുതി ലൈനുകൾ എടുക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കുക.

16. മത്സ്യത്തൊഴിലാളികളായ പട്ടികജാതിക്കാർക്ക് വളളം, വല തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സൗജന്യമായ നല്കുക.

17. മത്സ്യത്തൊഴിലാളികളായ പട്ടികജാതിക്കാർക് മറ്റാനുകൂല്യങ്ങൾ ലഭിക്കാനുള്ള നിബന്ധന ലഘൂകരിക്കുക.

18. വീടുകളുടെ അനുബന്ധസൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നവെന്ന് ഉറപ്പ്വരുത്തുക.

19. കർഷകത്തൊഴിലാളികളായ പട്ടികജാതിക്കാർക്ക് കാർഷികോപകരണങ്ങൾ സൗജന്യമായി നൽകുക.

20. അനുവദിക്കപ്പെടുന്ന സഹായങ്ങൾ നിർദ്ദിഷ്ട ആവശ്യങ്ങൾക്ക് തന്നെ ഉപയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.

21. വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ലംപ്സംഗ്രാന്റ് നിർബ്ബന്ധമായും സ്കൂൾ തുറക്കുന്ന ആദ്യവാരത്തിൽ തന്നെ ലഭ്യമാക്കുക

22. എല്ലാ മേഖലകളിലും തൊഴിൽചെയ്യുന്നതിന് പരിശീലന പരിപാടികൾഏർപ്പെടുത്തുക.

23. രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക സംഘടനാ നേതൃത്വത്തിലേക്ക് ഉയർന്നുവരാനുള്ള പരിശീലനപരിപാടിക്ക് രൂപം നൽകുക

24. പട്ടികജാതിക്കാരുടെ നാടൻപാട്ടുകൾ, കലകൾ ഇവ സംരക്ഷിക്കുന്നതിന് നടപടികൾ കൈക്കൊള്ളുക

25. അഭ്യസ്തവിദ്യർക്ക് സർക്കാർ ഏജൻസികൾ നൽകുന്ന വായ്പകളും സഹായധനങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന സ്കീമുകൾ തയ്യാറാക്കി ദീർഘകാലാടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുക

26. പട്ടികജാതി തൊഴിൽ സംരംഭകർക്ക് പരിശീലനത്തിന് പരിപാടികൾ തയ്യാറാക്കുക.

27. പട്ടികജാതി സർവീസ് സഹകരണ സംഘം സ്ഥാപിക്കുക

28. പായനെയ്ത് തുടങ്ങിയവയ്ക്കുള്ള മുണ്ടോല ചതുപ്പ് നിലങ്ങളിലും പറമ്പതിർത്തിയിലും വെച്ചു പിടിപ്പിക്കുക- യന്ത്രവല്കരണവും വൈവിദ്ധ്യ വൽകരണവും നടത്തുക.

29. വൈദ്യുതിയില്ലാത്ത കോളനികളിൽ വൈദ്യുതി എത്തിക്കുക

30. വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് സാമ്പത്തിക സഹായം ചെയ്യുക

31. കോളനികളുടെ അംഗീകരാത്തിനുള്ള നിബന്ധനകൾ ലഘൂകരിക്കുക.

32. എല്ലാ കോളനികളിലും വായനശാലകളും മറ്റും സ്ഥാപിക്കുക.

വിഭവസമാഹരണം

തികച്ചും കാർഷികപ്രാധാന്യമുള്ള ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. ഈ പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം കൃഷിയാണ്. കൃഷിക്കുപുറമേ കേന്ദ്ര-സംസ്ഥാന സർവീസുകളിലും പൊതുമേഖല കളിലും ജോലിചെയ്തു ഉപജീവനം കഴിക്കുന്നവർ ഈ പഞ്ചായത്തിൽ ധാരാളമുണ്ട്. നിർമ്മാണത്തൊഴിൽ രംഗത്തും ധാരാളം പേർ ജോലിനോക്കുന്നുണ്ട്. വിദേശ രാജ്യങ്ങളിൽ ജോലിചെയ്യുന്നവരും ഒരു ഗണ്യമായ വിഭാഗമുണ്ട്.

ഒരു രാജ്യത്തിന്റെ നിലനിൽപിനു തന്നെ അടി സ്ഥാനം അതാത് പ്രദേശത്തെ വിഭവങ്ങളും അവയുടെ ആസൂത്രിതമായ വിനിയോഗവുമാണ്. നമ്മുടെ ഗ്രാമം ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ഇവിടുത്തെ വിഭവങ്ങൾ ഇവിടെത്തന്നെ ഉപയോഗപ്രദമാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നില്ല എന്നതാണ്. ഈ ഗ്രാമത്തിലെ ജനങ്ങളുടെ മനുഷ്യാദ്ധ്വാനവും വിദേശ രാജ്യങ്ങളിൽ ജോലിചെയ്യുന്ന നമ്മുടെ സഹോദരന്മാരുടെ സമ്പാദ്യവും സമാഹരിച്ച് ആസൂത്രിതമായി ഉപയോഗപ്പെടുത്തുയാൽ നമ്മുടെ ഗ്രാമത്തിൽ അത് വലിയ മുതൽക്കൂട്ടാകും. ഗ്രാമസഭയിൽനിന്നു കിട്ടിയ കണക്കനുസരിച്ച് ഈ പഞ്ചായത്തിലെ 1050പേർ വിദേശങ്ങളിൽ ജോലി ചെയ്തുവരുന്നുണ്ട്. വാർഡടിസ്ഥാന ത്തിലുള്ള ലിസ്റ്റ് താഴെ കൊടുക്കുന്നു.

വാർഡ്	ആളുകൾ
1-ാംവാർഡ്	340
2 ,,	130
3 ,,	160
4 ,,	150
5 ,,	25
6 ,,	80
7 ,,	100
8 ,,	65
ആകെ	1050

പഞ്ചായത്തിന്റെ നിലവിലുള്ള വരുമാനം വിപുലമായ തോതിൽ വർദ്ധിപ്പിക്കേണ്ടതുണ്ട്. എന്നാൽ മാത്രമേ പഞ്ചായത്തിന് ഒരു പ്രാദേശിക ഗവൺമെൻറ് എന്ന നിലയിലുള്ള കടമ നിർവഹിക്കാനാവൂ, ശക്തമായ സാമ്പത്തിക അടിത്തറയില്ലെങ്കിൽ പഞ്ചായത്തിന് ശരി യായ വിധത്തിൽ വികസനപ്രവർത്തനങ്ങൾ നടത്താൻ ആവുകയില്ല. നിലവിലുള്ള കാർഷികവ്യാവസായിക രംഗങ്ങളിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെക്കാൻ കഴിയണ. അതോടൊപ്പം പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുകയും വേണം.

നമ്മുടെ പഞ്ചായത്തിന്റെ അധികാര പരിധിയിൽ 435.50 ഏക്ര പുഴപ്പുറമ്പോക്കുണ്ട്. മത്സ്യം, പ്രത്യേകിച്ച് ചെമ്മീൻ വളർത്തുന്നിനുള്ള വിപുലമായ സാധ്യതയാണ് ഇവിടെയുള്ളത്. അതുവഴി പഞ്ചായത്തിന്റെ വരുമാനം ഇന്നുള്ളതിന്റെ എത്രയോ ഇരട്ടി വർദ്ധിപ്പിക്കാൻ കഴിയും. അതിന് അടിയന്തിരമായും ചെയ്യേണ്ടത് ഈ പുറമ്പോക്ക് ഭൂമികൾ സർവേ ചെയ്ത്

List of Poramboke Land verted to Pattuvam Panchayat(LDIS 29831/62 dt 1.12.62 of the District Collector, Kannur)

Amsam	Desam	Rs No.	Extension	Classification
		30	19 - 95	River
		31/1	39 - 71	,,
		55/3B	002	Well
		75/4	0.18	River
		96	7.30	,,
P		98	3.75	,,
A		1/1	194.67	River
T		25/11B	0.02	Well
T		28/4A	0.10	River
U		28/5	0.12	,,
V		62/2	0.31	Stream
A		63/3	0.13	,,
M		64	0.97	,,
		66/1	3.27	River
A		68/2	0.13	,,
M		68/3	0.13	,,
S		69/4	1.95	,,
A		70/3A	2.88	,,
M		77/1	134.60	,,
		187/5B2	0.02	,,
		237/4	0.23	,,
		245	10.35	,,
		250	1.71	,,
		258	12.98	,,
		263/4B	0.02	,,
	Total		435.50	

ഇപ്പോൾ തുളളവൻവളളി ചെമ്മീൻ കണ്ടിപ്രദേശത്തുളള 27ലധികം ഏക്രസ്ഥലത്ത് മാത്രമാണ്. പഞ്ചായത്ത് ലേലം ചെയ്ത് വരുമാനം ഉണ്ടാക്കുന്നത്. ഇതുപോലുളള ഏതാനും ചെമ്മീൻകണ്ടികൾ ഉണ്ടാക്കി ലേലം ചെയ്യുന്നതിന് കൃഷിക്കാർക്ക് ലീസിന് കൊടുത്താൽ ചെയ്താൽ ചുരുങ്ങിയത് വർ,തോറും അമ്പത് ലക്ഷം രൂപയുടെ വരുമാനം ഉണ്ടാക്കാമെന്ന് വ്യക്തമാക്കിക്കൊണ്ട് 17.10.95ന് പട്ടുവം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സംസ്ഥാന ധനകാര്യകമ്മീഷന് കണ്ണൂരിൽവെച്ച് നിവേദനം സമർപ്പിച്ചിരുന്നതാണ്.

വർഷം	വരുമാനം	ചെലവ്
1991-92	1111197.11	846586.31
1992-93	1109675.25	1297121.55
1993-94	1071924.90	14017331.25
1994-95	1435120.00	1808404.65

മേലെ കാണിച്ച കണക്കനുസരിച്ച് പഞ്ചായത്തിന്റെ വരുമാനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ലെന്ന് കാണാം. അതേ അവസരം ചെലവിന്റെ കാര്യത്തിൽ



ഉല്പാദന മേഖലയിൽ അല്ലാത്ത പൊതുമരാമത്ത് പ്രവൃത്തിക്കും എസ്റ്റാബ്ലിഷ്മെൻറിനും ആണ് വരുമാനത്തിൽ ഭൂരിഭാഗവും ചെലവഴിക്കുന്നതെന്ന് താഴെകൊടുത്ത പട്ടികയിൽനിന്ന് മനസ്സിലാക്കാൻ കഴിയും.

1990-91ലെ ചെലവ്

എസ്റ്റാബ്ലിഷ്മെൻറ്	3,11,881.00
പൊതുമരാമത്ത്	2,48,465.00
വിദ്യാഭ്യാസം	21,144.30
തെരുവ്വിളക്ക്	17.928.00
മറ്റുളളവ	2,19,961.00

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടുപിടിക്കുക മാത്രമാണ് പോംവഴി. പറയത്തക്ക വ്യവസായങ്ങൾ ഇവിടെയില്ല. പാരമ്പര്യ കുടിൽ വ്യവസായങ്ങൾ ഉളളവ വളർച്ചമുട്ടി നിൽക്കുന്നു. ഈ രംഗത്ത് പുതിയ സരണികൾ വെട്ടിത്തുറക്കേണ്ടിയിരിക്കുന്നു. വിദേശങ്ങളിൽനിന്നും വരുന്ന സമ്പത്ത് ഈ പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് ഉതകുന്ന രീതിയിൽ പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യണം. സർക്കാർ ഗ്രാൻറുകൾ യഥാസമയം പഞ്ചായത്തുകൾക്ക് കിട്ടുമാറാക്കണം. ജനസംഖ്യ, പിന്നോക്കാവസ്ഥ, പട്ടികജാതിക്കാരുടെ എണ്ണം, ദരിദ്ര്യരേഖയ്ക്ക് താഴെയുളളവരുടെ എണ്ണം, ഭൂപ്രകൃതി എന്നിവ കണക്കാക്കി ഗ്രാൻറ് വിതരണം നടത്തേണ്ടതാണ്. പഞ്ചായത്തിന്റെ വരുമാനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാക്കാൻ ആവശ്യമായ

വരുമാനസ്രോതസുകൾ കണ്ടെത്തേണ്ടതാണ്.

പഞ്ചായത്തിന്റെ വരുമാനങ്ങൾ

	1986-87	1995-96
കെട്ടിടനികുതി	31735.00	86076.80
തൊഴിൽനികുതി	15550.00	44115.00
ചെമ്മീൻകണ്ടിവരുമാനം	65000.00	2,34200.00
ലൈസൻസ് ഫീസ്	5882.00	8488.75
പഞ്ചായത്ത് ഭൂമി യിൽനിന്നുള്ളവരുമാനം	5151.00	9195.00
ഉപാധിരഹിതഫണ്ട്		3,25450.00
ഗവ:ഗ്രാൻറുകൾ	1,86,229.00	3,52186.00
ജെ.ആർ.വൈ.		2,35001.00

മേൽകൊടുത്ത പട്ടികയിൽനിന്ന് പഞ്ചായത്തിന്റെ വരുമാനത്തിൽ വർദ്ധനവ് കാണാമെങ്കിലും നമ്മുടെ സാധ്യതയ്ക്ക് അനുസരിച്ച് എല്ലാ മേഖലകളിലും വർദ്ധനവ് ഉണ്ടായെന്ന് പറഞ്ഞുകൂടാ. തൽസംബന്ധമായ വിവരങ്ങൾ താഴെകൊടുക്കുന്നു.

കെട്ടിടനികുതി:- ഇപ്പോൾ നികുതി കണക്കാക്കുന്ന അശാസ്ത്രീയമായ രീതി മാറ്റണം. നികുതി ചുമത്തുമ്പോൾ ആഢംബരവും വിലക്കൂടുതലുള്ള സാധനങ്ങളുടെ ഉപയോഗവും കണക്കാക്കിയാൽ ഇന്നുള്ള വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കും. നികുതി ചുമത്തുന്നതിന്റെ മാനദണ്ഡം വീട്ടുടമസ്ഥനെ ബോധ്യപ്പെടുത്താൻ കഴിയണം.

തൊഴിൽനികുതി:-നിലവിൽ മാസശമ്പള നിരക്കിൽനിന്നും കച്ചവടസ്ഥാപനങ്ങൾ നടത്തിപ്പുകാരിൽനിന്നും മാത്രം തൊഴിൽനികുതി പരിക്കുന്ന സമ്പ്രദായം മാറ്റി മറ്റുതൊഴിലാളികളിൽനിന്നും വാഹന ഉടമകളിൽനിന്നും തൊഴിൽനികുതി ഈടാക്കുവാൻ സംവിധാനം ഉണ്ടാക്കണം.

പുഴിശേഖരിക്കൽ:- പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴപ്പുറമ്പോക്കിൽനിന്ന് പുഴിലേലം ചെയ്ത് കൂടുതൽ വരുമാനം ഉണ്ടാക്കാൻ കഴിയണം. പുഴിവാരി സ്റ്റോക്ക് ചെയ്യുന്നതിന് സൗകര്യം ഉണ്ടാക്കിയാൽ ഇതിൽനിന്ന് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

പുഴപ്പുറമ്പോക്ക് ഭൂമി: പഞ്ചായത്തിന്റെ അധീനതിയലുള്ള പുറമ്പോക്ക് ഭൂമിയുടെ ലിസ്റ്റ് പ്രത്യേക പട്ടികയായി കൊടുത്തുട്ടുണ്ട്. ഇപ്പോൾ ഏതാനും പുറമ്പോക്ക് ഭൂമിമാത്രമാണ് തുച്ഛമായ സംഖ്യക്ക് നെൽക്കൃഷി ചെയ്യുവാൻ ലീസിന് കൊടുക്കുന്നത്. കുറച്ചുഭൂമി ചെമ്മീൻകൃഷി ചെയ്യുന്നതിനും ലീസിന് നൽകിവരുന്നു. പുഴപ്പുറമ്പോക്ക് ഭൂമി ആകെ അളന്ന് തിട്ടപ്പെടുത്തി പഞ്ചായത്തിന്റെ നേതൃത്വത്തിൽ പുതിയ ചെമ്മീൻകണ്ടികൾ നിർമിക്കുകയും വേണം. ഇപ്പോൾ ഈടാക്കിവരുന്ന ലീസ് വർദ്ധിപ്പിക്കുന്നതിനെകുറിച്ച് ആലോചിക്കണം. ഭൂമി തരിശിടുന്നവരിൽനിന്ന് പിഴ ഈടാക്കിയാൽ തരിശിടുന്ന സമ്പ്രദായം ഒഴിവാക്കാനും പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാനും സാധിക്കും.

മറ്റുവരുമാന മാർഗങ്ങൾ:- നമ്മുടെ പഞ്ചായത്തിൽ നിന്നും വിദേശത്ത് ജോലിചെയ്യുന്നവരുടെ പട്ടിക പ്രത്യേകം കൊടുത്തിട്ടുണ്ട് അവരുടെ വരുമാനത്തിന്റെ ഭൂരിഭാഗവും പ്രത്യുല്പാദനമേഖലക്കല്ല ചെലവഴിക്കുന്നത്. അവരുടെ സമ്പത്ത് ഉല്പാദനപരമായ മേഖലയിലേക്ക് വഴിതിരിച്ചുവിട്ടാൽ നാടിന്റെ പുരോഗതിക്കും അവരുടെ തന്നെ ക്ഷേമത്തിനും ഉപയോഗപ്പെടുത്താം.

ഗ്രാമച്ചന്ത:-ഇവിടെ ഒരു ഗ്രമച്ചന്ത ഉണ്ടാക്കിയാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

ദേശീയ സമ്പാദ്യ പദ്ധതി:- ഓരോപഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാവികാസ് പത്രയുടെ 20%കമ്മീഷൻ പഞ്ചായത്തിന് തന്നെ കിട്ടുന്ന വ്യവസ്ഥയുണ്ട് അതുകൊണ്ട് പഞ്ചായത്തിൽനിന്നും പരമാവധിസംഖ്യ അതിനുവേണ്ടി നിശ്ചയിക്കപ്പെട്ട കാലഘട്ടത്തിൽ പിരിച്ചെടുക്കാൻ സംവിധാനം ഏർപ്പെടുത്തണം

മനുഷ്യാദ്ധ്വാനം:-മനുഷ്യാദ്ധ്വാനം ഏറ്റവും പ്രധാനപ്പെട്ട വിഭവമാണ്. എല്ലാ ഗ്രാമസഭകളിൽനിന്നും നിർലോഭം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. അതാത് പ്രദേശത്തെ സന്നദ്ധസംഘടനകളും, നാട്ടുകൂട്ടങ്ങളും സംഘടിപ്പിച്ച് പഞ്ചായത്ത് മെമ്പർമാരുടെ നേതൃത്വത്തിൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ തയ്യാറാകണം.

നിലവിലുള്ള റോഡുകളുടെ സംരക്ഷണം, പുതിയ റോഡുകളുടെ നിർമ്മാണം, ജലസേചനസൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, ശുചീകരണപ്രവർത്തനം, ജലസേചന ബണ്ട് നിർമ്മാണം, വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തൽ, കളിസ്ഥലം നിർമ്മിക്കൽ മുതലായ മേഖലകളിൽ മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്തിയാൽ നമുക്ക് വമ്പിച്ച നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിക്കും.

ധനകാര്യ സ്ഥാപനങ്ങൾ:- നമ്മുടെ പഞ്ചായത്തിൽ പട്ടുവം സർവീസ് സഹകരണബേങ്ക് മാത്രമാണ് ഒരേയൊരു ധനകാര്യസ്ഥാപനം. വിദേശത്ത്

ജോലിചെയ്യുന്ന നമ്മുടെ സഹോദരന്മാരിൽ ഭൂരിഭാഗവും ഡിപ്പോസിറ്റ് ചെയ്യുന്നത് പഞ്ചായത്തിന് പുറത്തുള്ള വിവിധ ബാങ്കുകളിലാണ്. അത്തരക്കാർ പട്ടുവം സർവീസ് സഹകരണ ബാങ്കിൽ അവരുടെ സാമ്പാദ്യം നിക്ഷേപിക്കുന്നതിനാവശ്യമായ ബോധവല്കരണം നടത്തേണ്ടതുണ്ട്. ഈ സഹകരണബാങ്കിന്റെ വളർച്ച നമ്മുടെ പഞ്ചായത്തിന്റെ സർവതോമുഖമായ പുരോഗതിയുടെ അവിഭാജ്യഘടകമാണ്. അടുത്ത കാലത്ത് ഈ ബാങ്കിന് പറപ്പൂൽ പ്രദേശത്ത് ഒരു ശാഖയും ആരംഭിച്ചു. ബേങ്കിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും വാങ്ങുന്ന വായ്പകൾ അതതു മേഖലയിൽത്തന്നെ ചെലവഴിക്കുന്നതിനും കൂട്ടായ യത്നം ആവശ്യമാണ്. കാർഷികമേഖലയിൽ കൂടുതൽ വായ്പ അനുവദിക്കുന്നതോടൊപ്പം ചെറുകിട വ്യവസായ രംഗത്തും കൂടുതൽ വായ്പ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്.

ചെലവുകൾ:- നമ്മുടെ പഞ്ചായത്തിന്റെ വരുമാനത്തിൽ ഭൂരിഭാഗവും ചെലവഴിക്കുന്നത് പാതുമരാമത്ത് റോഡുകൾക്കാണ്. പുതിയ റോഡുകൾ നിർമിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കുമാണ് ഇത് ഉപയോഗിക്കുന്നത്. പല ജോലികളും കോൺട്രാക്ട് അടിസ്ഥാനത്തിൽ നടത്തിവരുന്നു. അതിനാൽ പദ്ധതിച്ചെലവിന്റെ നല്ലൊരുഭാഗം കരാറുകാരിലെത്തുന്നു. ജനകീയ കമ്മറ്റികളെകൊണ്ട് ഏറ്റെടുത്ത് ചെയ്യിച്ചാൽ ഒരളവോളം ചെലവുകൾ അതതു പദ്ധതികൾക്ക് തന്നെ ഉപയോഗപ്പെടുത്താൻ കഴിയും.

ജനകീയ കമ്മിറ്റികൾ അതതുപ്രദേശത്തെ റോഡുകളുടെ സംരക്ഷണം ഏറ്റെടുക്കണം. സന്നദ്ധ പ്രവർത്തകരെക്കൊണ്ട് മഴക്കാലം തുടങ്ങുന്നതിന് മുമ്പ് റോഡിന്റെ വശങ്ങളിൽ ഓവുചാലുകൾ കീറിക്കണം. റോഡ് പെട്ടെന്ന് നശിച്ചുപോകുന്നത് തടയാൻ ഇതുവഴി സാധിക്കും. ഒരു റോഡിനുതന്നെ പല അവസരങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുന്ന സമ്പ്രദായം ഒഴിവാക്കണം.

പ്രശ്നങ്ങൾ

1. തൊഴിൽനികുതിയിൽ എല്ലാവിഭാഗം ജനങ്ങളേയും ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

2. കെട്ടിടനികുതി പിരിവ് ശാസ്ത്രീയമല്ല

3. പുഴപ്പുറമ്പോക്കുഭൂമി സർവേ ചെയ്യപ്പെട്ടിട്ടില്ല

4. കോൺട്രാക്ടർമാരും ഇടത്തട്ടുകാരും അമിതലാഭം തട്ടിയെടുക്കുന്നു.

5. സന്നദ്ധപ്രവർത്തന സാദ്ധ്യതകളെ വേണ്ടരീതിയിൽ വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

6. ഔഷധച്ചെടികൾ വിഭവസമാഹരണത്തിന് ഉപയോഗപ്പെടുത്തുന്നില്ല.

സാദ്ധ്യതകൾ

1. ആഢംബരമുള്ള കെട്ടിടങ്ങൾക്ക് പ്രത്യേക നികുതി ഏർപ്പെടുത്തുക.

2. തൊഴിൽനികുതി ഈടാക്കാത്ത തൊഴിലാളികളിൽനിന്ന് തൊഴിൽനികുതി ഈടാക്കുക

3. പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി നെൽകൃഷിക്കും മത്സ്യകൃഷിക്കും ലീസിന് കൊടുക്കുക. ലീസ്തുക വർദ്ധിപ്പിക്കുക.

4. നിലവിലുള്ള ചെമ്മീൻകണ്ടിക്ക് കോൺക്രീറ്റ് ബണ്ട് നിർമ്മിക്കുകയും പുതിയ ചെമ്മീൻ കണ്ടികൾ നിർമ്മിക്കുകയും ചെയ്യുക

5. ഔഷധച്ചെടികൾ നട്ടുവളർത്തി വിഭവസമാഹരണം കണ്ടെത്തുക

6. വിദേശങ്ങളിൽ ജോലിചെയ്യുന്ന നമ്മുടെ നാട്ടുകാരുടെ സാമ്പാദ്യം വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുക.

7. പഞ്ചായത്തിൽ ആഴ്ചച്ചന്ത സ്ഥാപിക്കുക.


8. പട്ടുവം സർവീസ് സഹകരണബാങ്കിലെ നിക്ഷേപം വർദ്ധിപ്പിക്കുക. അതുപയോഗിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുക.

പട്ടുവം ഗ്രാമപഞ്ചായത്ത് ദിരണ സമിതിയുടെ
22-11-'96 ന്റെ ഉത്തരവിന്റെ പ്രകാരം പ്രസിദ്ധീകരിക്കുന്നത്.

കവർ ഡിസൈൻ: കെ. കെ. ഖാലിദ് ഫസ്റ്റ്.
ഛായാഗ്രഹണം: കെ.വി. സുരേഷ്, പി.പി. ശശികുമാർ

Printed at Time Offset Printers,
Taliparamba. Kannur. Ph:0498-202225




കണ്ണൂർ
പട്ടണം
കർണ്ണാടക
ലക്ഷദ്വീപ്
കടൽ
തമിഴ് നാട്
കേരളം